വേദപ്രചാര


# മദ്ധ്യസ്ഥൻ

വാല്യം 95 ലക്കം 01 2022 ജൂലൈ




The official organ of the Archeparchy of Changanacherry

ജൂലൈ 5 ന് ജന്മദിനം ആഘോഷിക്കുന്ന
അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്
അതിരൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ



HAPPY
BIRTHDAY



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

വാല്യം 95 ● ലക്കം 01 ● ജൂലൈ 2022

വേദപ്രചാര
# മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

Archbishop House, P.B. No. 20, Changanacherry, Kottayam 686 101
Tel: 0481 2420040, 2420379, 2420614, Mob: 90374 40040
E-mail: chancellorchry@gmail.com
Website: www.archdiocesechanganacherry.org

## ഉള്ളടക്കം

ഇടയലേഖനം (കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി - സഭാദിനം)..... 05
ഇടയലേഖനം (22 PL. 37-341) .................................................... 09
സംയുക്ത സർക്കുലർ (22 Ch. 271-352) ......................................18
പിതാവിന്റെ കത്ത് (C.22/GL 201) ............................................... 22
സർക്കുലർ (കെ.സി.ബി.സി - യുവജനദിനം) ............................ 24
കച്ചേരിക്കാര്യം........................................................................ 28
അനുസ്മരണം.......................................................................... 37
MAAC (Media Apostolate Archeparchy of Changanacherry) ....................... 49
സന്ദേശനിലയം......................................................................... 50
ചെറുപുഷ്പ മിഷൻലീഗ്............................................................. 52
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ ...................... 55
ഫാമിലി അപ്പോസ്തലേറ്റ്........................................................... 59
യുവദീപ്തി - എസ്.എം.വൈ.എം.............................................63
KCSL ..........................................................................................66
CARP ......................................................................................... 67
CHASS..........................................................................................68
ജീവകാരുണ്യനിധി ട്രസ്റ്റ്.......................................................... 75
DFC............................................................................................. 76
ആതുരശുശ്രൂഷാ മേഖല.......................................................... 78
പ്രവാസി അപ്പോസ്തലേറ്റ് ........................................................ 80
KLM .......................................................................................... 81
ആത്മതാകേന്ദ്രം ........................................................................83
DCMS ........................................................................................ 85
SFO............................................................................................. 87
വിൻസെൻഷ്യൻ വേദി...............................................................88
കരിസ്മാറ്റിക് നവീകരണം........................................................ 90
പൗരോഹിത്യ ആദ്ധ്യാത്മികത.................................................... 91
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ............................................96
Engagements ............................................................................105

Annual Subscription: Rs. 300/-

Prot. No. 0594/2022

## ഇടയലേഖനം

**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്**
**കർദിനാൾ ജോർജ് ആലഞ്ചേരി**
**തന്റെ സഹശുശ്രൂഷകരായ**
**മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും**
**സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.**

# സഭാദിനം - 3 ജൂലൈ 2022

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

മാർതോമാശ്ലീഹായുടെ ഓർമദിനമായ ജൂലൈ 3-ാം തീയതിയോടനുബന്ധിച്ചു നിങ്ങളോടു സംസാരിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ദുക്റാനതിരുനാൾ സീറോമലബാർസഭാദിനമായും നാം ആചരിച്ചുവരികയാണല്ലോ. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്നുപറഞ്ഞ് ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസം ഉച്ചൈസ്തരം ഉദ്ഘോഷിച്ച തോമാശ്ലീഹായുടെ മക്കളായ നമ്മിൽ അതേ വിശ്വാസം ഉജ്ജ്വലിപ്പിക്കുക എന്നതാണ് ഈ സഭാദിനാചരണത്തിന്റെ ലക്ഷ്യം. അതിനുപകരിക്കുന്ന കർമപരിപാടികളാണ് ഇടവകാ-രൂപതാ-സഭാതലങ്ങളിൽ നാം സംഘടിപ്പിച്ചുപോരുന്നത്.

ഈ വർഷത്തെ സഭാദിനാചരണത്തിന് ഒരു പ്രത്യേകതയുണ്ട്. മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം ഈ വർഷം നാം ആചരിക്കുന്നു. ഉത്ഥിതനായ മിശിഹായെ കണ്ടുമുട്ടിയ ശിഷ്യന്മാരാണ് അവിടന്നിലുള്ള തങ്ങളുടെ വിശ്വാസത്തിൽ സ്ഥിരീകരി

ക്കപ്പെട്ടതും പിന്നീട് അതിന്റെ പ്രഘോഷകരും പ്രചാരകരുമായി മാറിയതും. മൂന്നാം സഹസ്രാബ്ദത്തിലെ ആദ്യദശകങ്ങളിൽ ജീവിക്കുന്നവരായ നമ്മൾ ഈ കാലഘട്ടത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ചു നമ്മുടെ വിശ്വാസത്തിന് സാക്ഷ്യംവഹിക്കേണ്ടിയിരിക്കുന്നു. മിശിഹായിലുള്ള വിശ്വാസം ഒരുവനിൽ വരുത്തുന്ന മാറ്റം ആഴമേറിയതും പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവയും ആയിരിക്കും. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരേ വിപ്ലവകരമായ മാറ്റങ്ങൾ മിശിഹായിൽ വിശ്വസിക്കുന്നവരിലൂടെ സമൂഹത്തിൽ സംഭവിക്കുമെന്നുള്ളതാണു സഭാചരിത്രം നമുക്കുനൽകുന്ന വലിയൊരു പാഠം. ഭാരതത്തിലെ ക്രൈസ്തവമിഷനറിമാരിലൂടെ സമൂഹത്തിൽ സംഭവിച്ച പരിവർത്തനങ്ങൾ ഏവർക്കും അറിവുള്ളതാണല്ലോ. സുവിശേഷത്തിന് വീരോചിതമായ സാക്ഷ്യംവഹിച്ച ക്രൈസ്തവമിഷനറിമാർ ഭാരതത്തിൽ അനേകരാണ്. ഏറ്റവും അടുത്തകാലത്തു വിശുദ്ധനെന്ന് നാമകരണം ചെയ്യപ്പെട്ട രക്തസാക്ഷി ദേവസഹായവും അന്നത്തെ സാമൂഹ്യതിന്മകൾക്കെതിരെ അടരാടിയാണല്ലോ വീരചരമം പ്രാപിച്ചത്. ഇന്ന് നാമും ദരിദ്രവിഭാഗങ്ങൾക്കും കഷ്ടതകൾ സഹിക്കുന്ന എല്ലാവർക്കും ജാതിമത ഭേദമെന്യേ സേവനംചെയ്ത് മിശിഹായുടെ സ്നേഹത്തിനും കാരുണ്യത്തിനും സാക്ഷ്യംവഹിക്കാൻ തീക്ഷ്ണതയുള്ളവരാകണം. വിവിധ മതങ്ങൾ തമ്മിലും സാംസ്കാരിക സമൂഹങ്ങൾ തമ്മിലും ഐക്യവും സൗഹാർദവും നിലനിർത്തിക്കൊണ്ട് എല്ലാവരെയും ഒരേ സ്നേഹത്തോടും കാരുണ്യത്തോടുംകൂടി കാണാനും എല്ലാവരോടും ഒന്നുചേർന്നു ജീവിക്കാനും നമുക്കുപരിശ്രമിക്കാം.

മിശിഹായിലുള്ള വിശ്വാസത്തിന്റെപേരിൽ ക്രൈസ്തവർ പീഡിപ്പിക്കപ്പെടുന്ന രാജ്യങ്ങൾ ഇന്ന് ലോകത്തിലുണ്ട്. ഭാരതത്തിലാകട്ടെ മതത്തിന്റെ പേരിലുള്ള പീഡനങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ കരുതലുകൾ ഭരണകർത്താക്കൾ എടുത്തുവരുന്നു. അത് എക്കാലവും തുടരുന്നതിനുവേണ്ടി നമുക്കുപ്രാർത്ഥിക്കാം. സങ്കുചിതമായ വീക്ഷണങ്ങളോടെ പ്രവൃത്തിക്കുന്ന വ്യക്തികളെയും സമൂഹങ്ങളെയും മതസൗഹാർദത്തിനു വിഘാതമാകുന്ന പ്രവർത്തനങ്ങളിൽനിന്നു പിന്തിരിപ്പിക്കാനും നമുക്കുപരിശ്രമിക്കാം. അതോടൊപ്പം രാഷ്ട്രനിർമാണപ്രക്രിയയിൽ പങ്കുചേർന്ന് ഉത്തമപൗരന്മാരായി ജീവിക്കാനും നമുക്കു സാധിക്കണം.

സീറോമലബാർസഭയെ സംബന്ധിച്ചിടത്തോളം ഈ സഭയുടെ കേരളത്തിലുള്ള രൂപതകളെ മാതൃസഭയായിട്ടാണു പരിഗണിക്കുന്നത്. ഈ മാതൃസഭ കേരളത്തിനുപുറത്ത് ഇന്ത്യയിലും ഇന്ത്യയ്ക്കുപുറത്തു മറ്റു രാജ്യങ്ങളിലുമുള്ള സഭാസമൂഹങ്ങളുടെ പ്രേഷിതപ്രവർത്തനങ്ങൾക്ക്

സഹകരണം നൽകുവാൻ സർവാത്മനാ പരിശ്രമിക്കേണ്ടതാണ്. മിശിഹായുടെ സ്നേഹവും കാരുണ്യവും അറിയിക്കുകയും അതിനു സാക്ഷ്യം വഹിക്കുകയുമാണ് യഥാർഥമായ പ്രേഷിതത്വം. അതിനുപകരിക്കുന്ന എല്ലാ നല്ല പ്രവർത്തനങ്ങളിലും ഏർപ്പെടാൻ നാം പരിശ്രമിക്കണം. സുവിശേഷപ്രവർത്തനങ്ങൾക്ക് ആളും അർഥവും നൽകി പരസ്പരം സഹായിക്കാൻ നാമേവരും തയ്യാറാകണം. ഇപ്രകാരം പ്രവൃത്തിക്കുമ്പോൾ എല്ലാ മനുഷ്യരോടും മിശിഹായുടെ സാർവത്രികസ്നേഹം പങ്കുവയ്ക്കാൻ നമുക്കു സാധിക്കേണ്ടതാണ്.

കാർഷികമേഖലയിലുള്ള നമ്മുടെ ജനങ്ങൾ കടന്നുപോകുന്ന കഷ്ടതകൾക്കു പരിഹാരം കാണേണ്ടതുണ്ട്. കർഷകരും അസംഘടിത തൊഴിൽവിഭാഗങ്ങളും ഉപജീവനത്തിനുവേണ്ടി കഷ്ടപ്പെടുകയാണ് എന്നതു യാഥാർത്ഥ്യമാണ്. സംഘടിതവിഭാഗങ്ങൾ തങ്ങളുടെ സുരക്ഷിതത്വം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സമ്മർദ്ദംചെലുത്തുമ്പോൾ സർക്കാരും ഉദ്യോഗസ്ഥരും അവഗണിക്കുന്നത് കർഷകരെയും അസംഘടിതവിഭാഗങ്ങളെയുമാണ്. പ്രകൃതിക്ഷോഭം, വന്യമൃഗശല്യം എന്നിവയാൽ കർഷകരുടെ ജീവിതം ദുരിതപൂർണമായിരിക്കുന്നു. കർഷകരുടെ ഉൽപ്പന്നങ്ങൾക്കു ന്യായവില ഉറപ്പാക്കാനും അതുവഴി ഒരു നിശ്ചിതവരുമാനം കർഷകകുടുംബങ്ങൾക്കു ഉറപ്പാക്കാനും ഇതുവരെ ഫലപ്രദമായ ഒരു നടപടിയും മാറിവരുന്ന സർക്കാരുകൾ സ്വീകരിച്ചിട്ടില്ല എന്നത് വസ്തുതയാണ്. ഭാരതത്തിന്റെ പരമോന്നത നീതിപീഠം ബഫർസോൺ സംബന്ധിച്ചു നൽകിയിരിക്കുന്ന പുതിയ ഉത്തരവ് ആയിരക്കണക്കിനു കർഷകകുടുംബങ്ങളെ വഴിയാധാരമാക്കാൻ ഇടയാക്കുമെന്ന ആശങ്ക നിലനിൽക്കുന്നു. ഈ വിഷയത്തിൽ സംസ്ഥാനസർക്കാർ ജാഗ്രതയോടെ സത്വരമായി ഇടപെടുകയും കർഷകരുടെ പ്രത്യേകസാഹചര്യം ബഹു. കോടതിയെ അറിയിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. കർഷകരെപ്പോലെ മറ്റ് അസംഘടിതവിഭാഗങ്ങളിലെ മനുഷ്യർക്കും നീതിയും തുല്യതയും ഉറപ്പാക്കാനും മാന്യമായരീതിയിൽ അധ്വാനിച്ചുജീവിക്കാൻ അനുകൂലമായ സാഹചര്യങ്ങൾ ജനാധിപത്യ സംവിധാനത്തിൽ ഒരുക്കുകയും ചെയ്യേണ്ടതു സർക്കാരിന്റെ കടമയാണ്.

2023-ൽ റോമിൽ നടക്കുന്ന സിനഡിന്റെ ഭാഗമായി എല്ലാ രാജ്യങ്ങളുടെയും ഭൂഖണ്ഡങ്ങളുടെയും തലങ്ങളിൽ ചർച്ചകളും അഭിപ്രായ രൂപീകരണങ്ങളും നടക്കുന്ന സമയമാണല്ലോ ഇത്. നമ്മുടെ സഭയിലെ എല്ലാ രൂപതകളിലും വിവിധതലങ്ങളിൽ സിനഡിന്റെ ചിന്താവിഷയം ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ രൂപതകളിൽനിന്നും സമർപ്പിതസമൂഹങ്ങളിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ ക്രോഡീക

രിച്ച് 2022 ആഗസ്റ്റ് മാസത്തിൽ നടക്കുന്ന നമ്മുടെ മെത്രാൻസിനഡിൽ ചർച്ചചെയ്യുകയും സഭയുടേതായ ഒരു റിപ്പോർട്ട് അടുത്തതലത്തിലെ ചർച്ചകൾക്കായി നൽകുകയും ചെയ്യുന്നതാണ്. കൂട്ടായ്മയും പങ്കാളിത്തവും ദൗത്യബോധവുമുള്ള ഒരു സഭാസമൂഹമായി ഇനിയും വളരാൻ ഈ ചർച്ചകൾ ഉപകരിക്കട്ടെ.

നമ്മുടെ സഭ ഘടനാപരമായി സിനഡൽ ആണ്. അതോടൊപ്പം സാർവത്രികസഭ വിഭാവനംചെയ്യുന്ന സിനഡാത്മകത നമ്മുടെ സഭയുടെ പ്രേഷിതപരവും അജപാലനപരവുമായ എല്ലാ മേഖലകളിലും കൂടുതൽ ഉൾച്ചേർക്കാൻ നാമെല്ലാവരും ശ്രദ്ധചെലുത്തണം. സഭ അടിസ്ഥാനപരമായി ഒരു കൂട്ടായ്മയാണ്. ഈ കൂട്ടായ്മ പങ്കാളിത്തത്തിലൂടെയാണു പ്രകാശിതമാകുന്നത്. സഭയുടെ എല്ലാ പ്രവർത്തനതലങ്ങളിലും പങ്കാളിത്തം സജീവമാക്കണം. എല്ലാറ്റിന്റെയും ലക്ഷ്യം പ്രേഷിതദൗത്യം ആയിരിക്കുകയും വേണം. ഇപ്രകാരം കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്ന ത്രിവിധപ്രമേയങ്ങളെ സമന്വയിപ്പിച്ചുകൊണ്ടാണു സിനഡാത്മകസഭയെ വിഭാവനംചെയ്യാനും നവീകരിക്കുവാനും ഫ്രാൻസിസ് മാർപാപ്പാ ആഹ്വാനം ചെയ്തിരിക്കുന്നത്.

ഈ സഭാദിനത്തിൽ സഭാമക്കളായ മെത്രാന്മാർ, വൈദികർ, സമർപ്പിതർ, അല്മായ സഹോദരീസഹോദരന്മാർ എന്നിങ്ങനെ എല്ലാവർക്കും മാർതോമാശ്ലീഹായുടെ ദുക്റാനത്തിരുനാളിന്റെ മംഗളങ്ങളും സഭാകൂട്ടായ്മയുടേതായ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ആശംസകളും നേരുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള
മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന്
2022-ാം ആണ്ട് ജൂൺ മാസം 14-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

NB: *ഈ ഇടയലേഖനം 2022 ജൂൺ 26-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കാനായി നല്കപ്പെട്ടത്.*

22 PL. 37-341

# ഇടയലേഖനം

**കർത്താവിന്റെ ദാസനും ദൈവനിശ്ചയത്താൽ**
**ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ**
**ജോസഫ് പെരുന്തോട്ടം**
**തന്റെ അതിരൂപതയിലെ വൈദികർക്കും**
**സമർപ്പിത സമൂഹങ്ങൾക്കും**
**ദൈവജനം മുഴുവനുമായി എഴുതുന്നത്**

## തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വ ജൂബിലിയാചരണത്തിലൂടെ വിശ്വാസജീവിതനവീകരണത്തിലേക്ക്

വന്ദ്യവൈദികരേ, ബഹുമാനപ്പെട്ട സമർപ്പിതരേ, പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

നമ്മുടെ പിതാവ് മാർ തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950 വർഷം പൂർത്തിയാക്കുന്ന പുണ്യദിനമാണ് ദുക്റാന ത്തിരുനാളായ ഇന്ന് (ജൂലൈ 3). എ.ഡി. 72-ൽ വിശ്വാസത്തെപ്രതി ജീവിനർപ്പിച്ച തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 39-ാമത് ജൂബിലിവർഷാചരണത്തിന് (39×50=1950) സമാപനം കുറിക്കയാണന്ന്. ഇനി ഇപ്രകാരമൊരു ജൂബിലിയാചരണത്തിന് 2072 വരെ കാത്തിരിക്കേണ്ടതുണ്ട്. ഇന്ന് ജീവിച്ചിരിക്കുന്നവരിൽ ഭൂരിപക്ഷംപേർക്കും അതിനു ഭാഗ്യമുണ്ടായെന്നുവരില്ല.

ദൈവാനുഗ്രഹങ്ങളുടെയും ജീവിതനവീകരണത്തിന്റെയും അവസരമായിട്ടാണ് ബൈബിൾ ജൂബിലിവർഷത്തെ (50-ാം വർഷം) അവതരിപ്പിക്കുന്നത്. വിശ്വാസത്തെപ്രതിയുള്ള തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ജൂബിലിവർഷാചരണം, തോമ്മാശ്ലീഹായിൽ

നിന്ന് വിശ്വാസം സ്വീകരിച്ച മാർത്തോമ്മാനസ്രാണികളായ നമുക്ക് വളരെ പ്രാധാന്യമുള്ളതാണ്. എന്നാൽ, കോവിഡും മറ്റുംമൂലം വേണ്ടരീതിയിൽ അതാചരിക്കാൻ നമുക്കു കഴിഞ്ഞില്ല. അതിനാൽ, ജൂബിലിവർഷം ഈ ജൂലൈ 3-ന് ഔദ്യോഗികമായി സമാപിക്കുമെങ്കിലും നമ്മുടെ അതിരൂപതയിൽ ജൂബിലിയാചരണം അടുത്ത പുതുഞായർവരെ (ഏപ്രിൽ 16, 2023) തുടരാനും അന്ന് ആഘോഷമായ വിശ്വാസപ്രഖ്യാപനത്തോടെ സമാപിപ്പിക്കാനും ആഗ്രഹിക്കുന്നു. വിശ്വാസത്തിൽ ആഴപ്പെട്ടും സഭാത്മകമായ ജീവിതനവീകരണം ലക്ഷ്യംവച്ചും സീറോ മലബാർസഭയിലും കേരളസഭാതലത്തിലും ആഗോളസഭാതലത്തിലും ആസൂത്രണം ചെയ്തിരിക്കുന്ന സഭാനവീകരണപ്രവർത്തനങ്ങളുടെ ചൈതന്യം ഉൾക്കൊള്ളാനുള്ള ആത്മാർത്ഥമായ പരിശ്രമമായിരിക്കണം ഈ ആചരണം. അതനുസരിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ ഈ ആചരണത്തിന്റെ ഭാഗമായിരിക്കും.

## 1. പഞ്ചവത്സര അജപാലനപദ്ധതി സമാപനം

അതിരൂപതയിൽ നമ്മൾ ആചരിച്ചുവരുന്ന പഞ്ചവത്സര അജപാലനപദ്ധതിയുടെ സമാപനവർഷമാണിത്. 'വിശ്വാസജീവിതവും ക്രിസ്തീയ ധാർമ്മികതയും' എന്നതാണല്ലോ ഈ സമാപനവർഷത്തിലെ മുഖ്യപ്രമേയം. വിശ്വാസജീവിതത്തിൽ ആഴപ്പെട്ടും ക്രിസ്തീയധാർമ്മികതയിൽ അടിയുറച്ചും വളരുന്ന ഒരു സഭാത്മകകൂട്ടായ്മയായി അതിരൂപത നവീകരിക്കപ്പെടുക എന്നതാണ് ലക്ഷ്യം. കത്തോലിക്കാവിശ്വാസവും ധാർമ്മികതയും ഇന്ന് ഏറെ വെല്ലുവിളികൾ നേരിടുന്നു. അവയെ അതിജീവിക്കാനുള്ള കരുത്ത് ഓരോ വ്യക്തിക്കുമുണ്ടാകണം. വിശ്വാസത്തിലും ധാർമ്മികതയിലും അധിഷ്ഠിതമായ കുടുംബജീവിതനവീകരണം സർവ്വപ്രധാനമാണ്. സ്നേഹത്തിലും പ്രാർത്ഥനാചൈതന്യത്തിലും കൗദാശികജീവിതത്തിലും അടിയുറച്ച് ഓരോ കുടുംബവും വളരണം. സ്വന്തം ഇടവകയോടുള്ള സജീവബന്ധത്തിലും പങ്കാളിത്തത്തിലും ഓരോ കുടുംബവും ജീവിക്കണം. അത്തരത്തിൽ കുടുംബങ്ങളെ ചേർത്തുനിർത്താൻ സഹായകരമായിരിക്കണം ഇടവകകളിലെ അജപാലനപ്രവർത്തനങ്ങൾ.

ആദിമക്രൈസ്തവസമൂഹങ്ങളെപ്പോലെ ശ്ലീഹന്മാരുടെ പ്രബോധനത്തിലും പരിശുദ്ധ കുർബാനയിലും പ്രാർത്ഥനയിലും പങ്കുവയ്ക്കലിലും കൂട്ടായ്മയിലും താല്പര്യപൂർവ്വം പങ്കുചേരുന്ന സമൂഹങ്ങളായി ഇടവകകളെ രൂപപ്പെടുത്താൻ അജപാലകർ നിതാന്തജാഗ്രത പുലർത്തണം. സഭാമാതാവിന്റെ മാതൃസഹജമായ വാത്സല്യത്തോടും കരുതലോടുംകൂടി ഓരോ കുടുംബത്തിലേക്കും വ്യക്തികളിലേക്കും കടന്നുചെല്ലാനും ആവശ്യമായ സഭാത്മകശുശ്രൂഷകൾ ചെയ്തുകൊ

ടുക്കാനും അജപാലകർക്ക് ഉത്സാഹമുണ്ടാകണം. നന്നായി ഒരുങ്ങിയും ഒരുക്കിയും എല്ലാ ഇടവകകളിലും ഹോംമിഷൻ നടത്തണം. അജഗണങ്ങളുടെ ജീവിതാവസ്ഥയും ആവശ്യങ്ങളും ആകുലതകളും അറിഞ്ഞ് ഉചിതമായ സേവനങ്ങൾ ചെയ്തുകൊടുക്കാൻ അജപാലകർ തയ്യാറാകണം. അതിരൂപതയിലെ ഒരംഗവും അവഗണിക്കപ്പെട്ടോ അനാഥാവസ്ഥയിലോ കഴിയാൻ ഇടയാവാത്തവിധത്തിലുള്ള അജപാലനശ്രദ്ധ ഉണ്ടാകണം.

'അതിരൂപതയിൽ നാമൊരു കുടുംബം' എന്നത് ഓരോരുത്തർക്കും അനുഭവമാകുന്നവിധത്തിലുള്ള പരസ്പരബന്ധവും സഹായസഹകരണങ്ങളും കുടുംബാരൂപിയും അതിരൂപതയിലുടനീളം എല്ലാ തലങ്ങളിലും സംജാതമാകണം. കുടുംബങ്ങളിലും കുടുംബങ്ങൾ തമ്മിലും കുടുംബകൂട്ടായ്മകളിലും ഇടവകകളിലും ഇടവകകൾ തമ്മിലും ഇടവകകളും അതിരൂപതയും തമ്മിലും ഏകശരീരത്തിലെ വിവിധ അവയവങ്ങൾ എന്നവിധത്തിലുള്ള ഗാഢബന്ധം പുലരണം. അപ്പോഴാണ് സഭ മിശിഹായുടെ ശരീരം എന്ന പവിത്രകൂട്ടായ്മയായി അതിരൂപത നവീകരിക്കപ്പെടുന്നത്. അതിരൂപതയിലെ എല്ലാ അജപാലനസംവിധാനങ്ങളും സമിതികൾ, സംഘടനകൾ, പ്രസ്ഥാനങ്ങൾ, സ്ഥാപനങ്ങൾ എല്ലാം മേൽപറഞ്ഞ ലക്ഷ്യത്തോടെ പരസ്പരപൂരകമായി പ്രവർത്തിക്കണം. വൈദികരും സമർപ്പിതരും അല്മായരും പരസ്പരവിശ്വാസത്തിലും കൂട്ടുത്തരവാദിത്വത്തിലും ഈ ലക്ഷ്യത്തോടെ സഹകരിച്ചു പ്രവർത്തിക്കണം.

## 2. കേരളസഭാനവീകരണം

കേരളകത്തോലിക്കാസഭയിൽ ഒരു നവീകരണം ആവശ്യമാണെന്നുള്ള ആശയം കഴിഞ്ഞ കേരളകത്തോലിക്കാ മെത്രാൻസമിതിയിൽ ഉരുത്തിരിയുകയും അതനുസരിച്ച് 2022-ലെ പന്തക്കുസ്താത്തിരുനാൾ (ജൂൺ 5) മുതൽ 2025-ലെ പന്തക്കുസ്താത്തിരുനാൾവരെ (ജൂൺ 8) ത്രിവത്സരസഭാനവീകരണകാലഘട്ടമായി പ്രഖ്യാപിക്കയും ചെയ്തിരിക്കുന്നു. സഭാനവീകരണത്തിന് ആപ്തവാക്യമായി സ്വീകരിച്ചിരിക്കുന്നത് **സഭ മിശിഹായിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം** എന്നതാണ്. കേരളസഭയിൽ എല്ലാമേഖലകളിലും സമഗ്രമായൊരു നവീകരണമാണ് ലക്ഷ്യമാക്കുന്നത്. അതുസംബന്ധിച്ച മാർഗ്ഗരേഖ KCBC തയ്യാറാക്കി നൽകുന്നതാണ്. അതും കണക്കിലെടുത്തായിരിക്കും നമ്മൾ ഓരോ ആരാധനവത്സരത്തിലെയും അജപാലനപദ്ധതി തയ്യാറാക്കുന്നത്. തോമ്മാശ്ലീഹായെപ്പോലെ ഈശോമിശിഹാ 'എന്റെ കർത്താവും എന്റെ ദൈവവു'മാണെന്ന് സധൈര്യം ഏറ്റുപറയാനും അതിന് എവിടെയും സാക്ഷ്യംവഹിക്കാനും കരുത്താർജ്ജിക്കുക

എന്നത് ഈ സഭാനവീകരണയജ്ഞത്തിന്റെ ലക്ഷ്യമാണ്. അത് സാധ്യമാക്കത്തക്കവിധം സഭയുടെ അജപാലനശുശ്രൂഷ സജീവമാകണം. സഭ എന്റെ ഭവനമെന്ന് വ്യക്തിപരമായും നമ്മുടെ ഭവനമെന്ന് ഒരുമിച്ചും അഭിമാനത്തോടെ പറയാൻ എല്ലാവർക്കും കഴിയണം.

ത്രിവത്സര കേരളസഭാനവീകരണകാലഘട്ടം ഇക്കഴിഞ്ഞ ജൂൺ 7ന് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. ഈ വരുന്ന ദുക്റാന ത്തിരുന്നാളിൽ (ജൂലൈ 3) അതിരൂപതാതലത്തിൽ നവീകരണ കാല ഘട്ടത്തിന് നമുക്ക് ആരംഭംകുറിക്കാം. തോമാശ്ലീഹായിൽനിന്ന് വിശ്വാസ വെളിച്ചം ഏറ്റുവാങ്ങിയ നമുക്ക് ആ വെളിച്ചം കത്തിജ്ജ്വലിപ്പിച്ച് എല്ലാ യിടത്തും നന്മയുടെ വെളിച്ചം പകരാൻ പരിശ്രമിക്കാം; തോമാശ്ലീഹാ യുടെ മദ്ധ്യസ്ഥത പ്രാർത്ഥിക്കുകയും ചെയ്യാം.

## 3. സിനഡാത്മക സഭയ്ക്കുവേണ്ടിയുള്ള റോമൻസിനഡ്

സഭയെ കൂടുതൽ സിനഡാത്മകമാക്കുക എന്ന ലക്ഷ്യത്തോടെ 2023 ഒക്ടോബറിൽ റോമിൽ നടക്കാൻ പോകുന്ന സിനഡിനുവേണ്ടി യുള്ള ഒരുക്കങ്ങൾ വിവിധതലങ്ങളിൽ നടന്നുവരികയാണ്. അതിരൂപ താതലത്തിലുള്ള ഒരുക്കം പൂർത്തിയായിക്കഴിഞ്ഞു. സിനഡാത്മകസഭ എന്നതുകൊണ്ട് പ്രധാനമായും അർത്ഥമാക്കുന്നത് എല്ലാവരും ഒരു മിച്ച് നടക്കുന്ന ഒരു കൂട്ടായ്മയാകണം സഭ എന്നാണ്. ശരീരത്തിൽ വിവിധ അവയവങ്ങളും അവയ്ക്ക് വിവിധദൗത്യങ്ങളും ഉണ്ടെങ്കിലും അവ ഒരുമിച്ചു പ്രവൃത്തിക്കുന്നതുപോലെ, അല്ലെങ്കിൽ ഒരു വൃക്ഷ ത്തിലെ വേരിനും തായ്ത്തടിക്കും ശിഖരങ്ങൾക്കും ഇലയ്ക്കും വ്യത്യ സ്ത ധർമ്മങ്ങളുണ്ടെങ്കിലും വൃക്ഷം ഒരുമിച്ചു വളരുന്നതുപോലെ, സഭാംഗങ്ങൾ പദവികളിലും ദൗത്യങ്ങളിലും വ്യത്യസ്തരാണെങ്കിലും ഒരുമിച്ച് ഏകലക്ഷ്യത്തോടെ യാത്രചെയ്യുന്ന ഒരു കൂട്ടായ്മയായി അവർ നിലകൊള്ളണം എന്നതാണ് സഭ സിനഡാത്മകമാണെന്ന തിന്റെ അർത്ഥം. വൈദികരും സമർപ്പിതരും അല്മായരും പരസ്പരം ശ്രവിച്ചും സഹകരിച്ചും ആദരിച്ചും സഭയുടെ പ്രേഷിതദൗത്യത്തിൽ തങ്ങളുടെ ദൈവവിളിക്കനുസരിച്ച് പങ്കാളികളാകണം. സഭയിൽ എല്ലാവരും ദൈവത്തിന് പ്രിയപ്പെട്ടവരും വിലപ്പെട്ടവരുമാണ്. അതേ മനോഭാവം എല്ലാ സഭാംഗങ്ങൾക്കുമുണ്ടാകണം. എളിയവരോടും ക്ലേശിതരോടും പ്രത്യേകപരിഗണന കാണിക്കണം. നല്ല അയൽക്കാ രന്റെ ജീവിതമാതൃക മനുഷ്യബന്ധങ്ങളിൽ നമ്മൾ പുലർത്തണമെ ന്നാണ് ഈശോ നമ്മെ പഠിപ്പിച്ചത്. ക്രിസ്തീയസ്നേഹത്തിന്റെയും പ്രേഷിതസാക്ഷ്യത്തിന്റെയും ഉത്തമമാതൃകയാണത്. സഭയുടെ പ്രേഷിതദൗത്യനിർവ്വഹണത്തിൽ ആരും തഴയപ്പെടാതെ, എല്ലാവരും ഉത്സാഹത്തോടെ പങ്കാളികളാകുന്ന, എല്ലാവരെയും പങ്കാളികളാ

ക്കുന്ന സജീവകൂട്ടായ്മയാകണം സഭ. സഭയെ പടുത്തുയർത്താനും ദൈവരാജ്യം പ്രഘോഷിക്കാനും വിശ്വാസികൾക്ക് ശക്തിപകരുന്ന റൂഹാദ്ക്കുദ്ശായുടെ പ്രചോദനം കൂടുതൽ പൂർണ്ണമായി വിവേചിച്ച റിയാൻ സഹായകമായവിധം പരസ്പരം ശ്രവിക്കാനുള്ള സന്നദ്ധത യും വിനയവും എല്ലാവർക്കും വേണം. അങ്ങനെ, സിനഡാത്മകസഭ യുടെ മുഖമുദ്രകളായി ഫ്രാൻസിസ് മാർപാപ്പ പറയുന്ന കൂട്ടായ്മയും പങ്കാളിത്തവും പ്രേഷിതദൗത്യബോധവും സഭയിൽ എല്ലായിടത്തും എല്ലാവരിലും പ്രകടമാകണം. അത്തരത്തിലുള്ള അജപാലനശൈലി ക്കാണ് നമ്മൾ പ്രാധാന്യംകൊടുക്കേണ്ടത്.

## 4. അതിരൂപതാഅസംബ്ളിയും ഇതരസംഭവങ്ങളും

കോവിഡ് മൂലം മാറ്റിവയ്ക്കേണ്ടിവന്ന അഞ്ചാമത് ചങ്ങനാശേരി അതിരൂപതാ അസംബ്ളി ഈ വർഷം നടക്കേണ്ടതുണ്ട്. അതിനുവേ ണ്ടിയുള്ള ഒരുക്കങ്ങൾ ഏറെക്കുറെ പൂർത്തീകരിച്ചിട്ടുള്ളതാണ്. ഒക്ടോ ബർമാസത്തിൽ നടത്താനുദ്ദേശിക്കുന്ന അസംബ്ളി സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ഉടനെ അറിയിക്കുന്നതാണ്.

2023-ൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ളിയും നടക്കു ന്നതാണ്. അതിനുള്ള ഒരുക്കംകൂടിയായിരിക്കും അതിരൂപതാ അസംബ്ലി.

വരാൻപോകുന്ന മറ്റൊരു പ്രധാനസംഭവമാണ് **2025- ജൂബിലി വർഷം. പ്രത്യാശയുടെ തീർത്ഥാടകർ** എന്ന ആപ്തവാക്യ ത്തോടെ 2025-ജൂബിലിവർഷത്തിനായി ഒരുങ്ങാൻ പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തിരിക്കുന്നു. മറ്റൊരു മഹാസംഭവം **2033-ലെ രക്ഷ യുടെ മഹാജൂബിലിയാണ്**. ഈശോമിശിഹായിൽ രക്ഷാസംഭവം അഥവാ പെസഹാരഹസ്യം പൂർത്തീകരിക്കപ്പെട്ടിട്ട് 2000 വർഷം പൂർത്തിയാവുകയാണ് 2033- ൽ. വീഴ്ചകൾ കണ്ടെത്തി പരിഹരിക്കു ന്നതിനും ജീവിതനവീകരണത്തിനുമുള്ള സുവർണാവസരങ്ങളായി ഇവയെല്ലാം നമുക്ക് പ്രയോജനപ്പെടുത്താം.

## ഉപസംഹാരം

പ്രിയപ്പെട്ട വൈദികരേ, മേൽപ്പറഞ്ഞ കാര്യങ്ങൾ ഫലപ്രദമായി നടക്കുന്നതിന് നിങ്ങളോരോരുത്തരുടെയും ആത്മാർത്ഥവും ശക്തവും ഉത്സാഹപൂർണവുമായ നേതൃത്വം അനിവാര്യമാണ്. നിങ്ങൾ ഓരോ രുത്തർക്കും ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ശുശ്രൂഷകളുടെ സ്വഭാവമ നുസരിച്ച് അതാതുസ്ഥലങ്ങളിൽ എല്ലാവരെയും ഉൾക്കൊള്ളിച്ചും സഹകരിപ്പിച്ചും അതിരൂപതയിലാകമാനം നവോന്മേഷം ഉളവാക്കത്ത ക്കവിധം സമർപ്പണമനോഭാവത്തോടെ നേതൃത്വം കൊടുക്കണമെന്ന്

നിങ്ങളോടു ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. അജപാലന ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ വൈദികരെയും ഫൊറോനാ തലത്തിൽ നേരിൽകണ്ട് എല്ലാകാര്യങ്ങളും ചർച്ച ചെയ്യാനും ആഗ്രഹിക്കുന്നു.

പ്രിയപ്പെട്ട സമർപ്പിതരേ, ആദിമ ക്രൈസ്തവസമൂഹത്തിന്റെ ചൈതന്യവും ജീവിതശൈലിയും ആഴത്തിൽ ഉൾക്കൊണ്ട് എക്കാലത്തുമുള്ള വിശ്വാസികൾക്ക് കൂട്ടായ്മജീവിതത്തിന്റെയും സ്നേഹത്തിന്റെയും ആത്മീയജീവിതത്തിന്റെയും ഉത്തമമാതൃകയും പ്രചോദനവുമാകാൻ സമർപ്പിതജീവിതത്തിലേക്കുള്ള നിങ്ങളുടെ ദൈവവിളി നിങ്ങളെ ചുമതലപ്പെടുത്തുന്നു. സഭാത്മകജീവിതനവീകരണം ലക്ഷ്യംവച്ചുള്ള അതിരൂപതയുടെ പരിശ്രമങ്ങളിൽ സമർപ്പിതരായ നിങ്ങളുടെ സജീവപങ്കാളിത്തം ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. പ്രത്യേകിച്ച് ഹോംമിഷൻ ശുശ്രൂഷയിൽ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ സഹകരണം പരമാവധി ഉണ്ടാകണമെന്നാഗ്രഹിക്കുന്നു.

അല്മായരായ പ്രിയപ്പെട്ട സഭാമക്കളേ, നിങ്ങളുടെ സഹകരണവും സജീവപങ്കാളിത്തവുമില്ലാതെ സഭയ്ക്ക് ഒരുമിച്ച് യാത്രചെയ്യാനോ സഭാത്മക ജീവിതനവീകരണം ഉളവാക്കാനോ സാധിക്കില്ല. കുടുംബങ്ങളിലും ലോകത്തിലെവിടെയും സഭയുടെ സാന്നിദ്ധ്യവും സാക്ഷ്യവും ആയിരിക്കുന്നവരാണ് നിങ്ങൾ. ഗാർഹികസഭകളായ കുടുംബങ്ങളിലെ വിശ്വാസജീവിതവും ഇടവകയുമായും അതിരൂപതയുമായുള്ള നല്ല ബന്ധങ്ങളുമാണ് സഭാത്മകജീവിതത്തെ രൂപപ്പെടുത്തുന്നതും സിനഡാത്മകസഭയായി ഒരുമിച്ച് ഒരേലക്ഷ്യത്തോടെ യാത്രചെയ്യാൻ ഇടയാക്കുന്നതും. അത്തരത്തിൽ നിങ്ങളുടെ ക്രിയാത്മകമായ പങ്കാളിത്തം ഉണ്ടാകണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

തോമാശ്ലീഹായുടെ രക്തസാക്ഷിത്വജൂബിലിയാചരണവും സഭാജീവിതനവീകരണവും സംബന്ധിച്ച് കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ താഴെകൊടുത്തിരിക്കുന്നത് എല്ലാവരും ശ്രദ്ധിക്കുമല്ലോ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

NB : *ഈ ഇടയലേഖനം ജൂലൈ 3-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.*

# മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം - കേരളസഭാ നവീകരണകാലം 2022-2025 അജപാലന കർമ്മപദ്ധതികൾ

**ലക്ഷ്യം: മാർതോമാക്രിസ്ത്യാനി എന്നതിൽ അഭിമാനബോധവും സഭാ-സമുദായ സ്നേഹവും വർദ്ധിതമാക്കി സഭയിൽ ഈശോയുടെ ഉത്തമ പ്രേഷിതരാവുക.**

**വർഷാരംഭം**

**ജൂലൈ 3 ദുക്റാന തിരുനാളിൽ**

a. അതിരൂപതാതല ഉദ്ഘാടനം: നിരണം തീർത്ഥാടനകേന്ദ്രത്തിൽ
b. ഇടവകതല ഉദ്ഘാടനം: വിശുദ്ധ കുർബാനയോടനുബന്ധിച്ച്
c. കുടുംബതല ഉദ്ഘാടനം: കുടുംബപ്രാർത്ഥനയിൽ

**കൂട്ടായ്മതല ഉദ്ഘാടനം:** ജൂലൈ മാസത്തെ കുടുംബകൂട്ടായ്മകളിൽ

(തോമാശ്ലീഹായുടെ ഐക്കൺ അലങ്കരിച്ച് - വർഷാചരണപ്രാർത്ഥന നടത്തി, തോമാശ്ലീഹായുടെ ഗാനം ആലപിച്ച് തിരിതെളിക്കുക)

**1. മാർതോമാ തീർത്ഥാടനങ്ങൾ**

1. മൈലാപ്പൂർ തീർത്ഥാടനം: പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ

2. മാർ തോമാശ്ലീഹായാൽ സ്ഥാപിതമായ ഏഴര പള്ളികളിൽപ്പെട്ട നമ്മുടെ അതിരൂപതയിലെ നിരണം, കൊല്ലം തീർത്ഥാടനകേന്ദ്രങ്ങൾ സന്ദർശിച്ച് പരിശുദ്ധ കുർബാന അർപ്പിക്കുക.

3. മാർ തോമാശ്ലീഹായാൽ സ്ഥാപിതമായ ഏഴരപ്പള്ളികൾ സന്ദർശിക്കുക.

**2. ഹോം മിഷൻ**

ഓഗസ്റ്റ് 1 മുതൽ 15 വരെ **'ഗാർഹിക പന്തക്കുസ്തയ്ക്കായി'** പ്രാർത്ഥിച്ച് ഒരുങ്ങാം.

കുടുംബങ്ങളിൽ, സഭയിൽ **'സൗഖ്യദായകമായ കേൾവിയുടെയും ഊഷ്മളമായ ബന്ധത്തിന്റെയും'** (Therapeutic Listening & Rapport Building) അജപാലനശൈലി' വളരാൻ പ്രാർത്ഥിക്കാം.

**ഓഗസ്റ്റ് 15 മുതൽ ഹോം മിഷൻ** (ബഹു. സിസ്റ്റേഴ്സിന്റെ സഹകരണത്തോടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും ഈ വർഷം നടത്തണം).

**3. മാർതോമാ മിശിഹാനുഭവ കൺവൻഷൻ**

അതിരൂപതാ റിസോഴ്സ് ടീമിന്റെയോ - വൈദിക വിദ്യാർത്ഥികളുടെയോ നേതൃത്വത്തിൽ തിരുബാലസഖ്യംമുതൽ സീനിയർ സിറ്റിസൺവരെ മീഡിയാ വില്ലേജ് തയ്യാറാക്കുന്ന ഡോക്യുമെന്ററിയുടെ സഹായത്തോടെ എല്ലാ ഇടവകകളിലും മാർതോമാ നസ്രാണി പൈതൃക-മാർതോമാമാർഗ്ഗ മിശിഹാനുഭവ കൺവൻഷൻ നടത്തുക.

**4. കലാ-സാഹിത്യമത്സരങ്ങൾ**

ഈ വർഷത്തെ കലാ-സാഹിത്യമത്സരങ്ങൾ മാർ തോമാശ്ലീഹായുടെ ചരിത്രവുമായി ബന്ധപ്പെടുത്തി ക്രമീകരിക്കുക. മാർതോമാക്രിസ്ത്യാനികളുടെ തനതുകലകളായ മാർഗ്ഗംകളി, പരിചമുട്ടുകളി, വീരടിയാൻ പാട്ട്, റമ്പാൻ പാട്ട്, തോമാപർവ്വം എന്നീ മത്സരങ്ങൾ പ്രോത്സാഹിപ്പിക്കുക.

**5. ബേത്തോമാ ഫാമിലി ക്വിസ്**

സത്യദർശനം, കുടുംബജ്യോതി എന്നിവയിലെ പഠനവിഷയങ്ങളെയും പ്രത്യേകമായി തയ്യാറാക്കുന്ന ചോദ്യോത്തര ചരിത്രപുസ്തകത്തെയും

അടിസ്ഥാനമാക്കി കുടുംബകൂട്ടായ്മ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ബേത്തോമാ ഫാമിലി ക്വിസ് നടത്തപ്പെടുന്നതാണ്.

6. **ഭവന സന്ദർശനം – വീട് വെഞ്ചരിപ്പ്**

ഹോം മിഷന്റെ ഫോളോ അപ്പ് ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ

7. **മാർതോമാനസ്രാണിസംഗമം ഇടവകകളിൽ**

ഇടവകദിനാഘോഷം 'മാർതോമാ നസ്രാണി സംഗമം' എന്ന പേരിൽ നടത്തുക. ഓൺലൈനായി വിദേശത്തുള്ളവരുടെയും സാന്നിദ്ധ്യം ഉറപ്പാക്കാൻ ശ്രദ്ധിക്കുക.

8. **മാർതോമാ വിശ്വാസാഗ്നി കൺവൻഷനുകൾ**

വലിയനോമ്പുകാലത്ത് അതിരൂപതയിലെ എല്ലാ ഇടവകകളിലും കുരിശുപള്ളികളിലും അതിരൂപതയിലെ വൈദിക-സന്യസ്ത-അൽമായ വചനപ്രഘോഷകരുടെ കൂട്ടായനേതൃത്വത്തിൽ ഫൊറോനാടിസ്ഥാനത്തിൽ പഞ്ചവത്സര അജപാലനപദ്ധതി വിഷയത്തെ അടിസ്ഥാനമാക്കി 'മാർതോമാ വിശ്വാസാഗ്നി കൺവൻഷനുകൾ' നടത്തുക.

9. നമ്മുടെ സമുദായത്തിന്റെ ജിഹ്വയായ ദീപികയെ ശക്തിപ്പെടുത്തുക. എല്ലാ ഭവനങ്ങളിലും ദീപിക എത്തിക്കാനായി ഒക്ടോബർ-നവംബർ മാസങ്ങളിൽ നടത്തപ്പെടുന്ന **ദീപിക പ്രചാരണം** വൻവിജയമാക്കുക.

10. മാർതോമാ ക്രിസ്ത്യാനികൾക്ക് സാമൂഹ്യ-ധാർമ്മിക-രാഷ്ട്രീയ-ഉദ്യോഗ-കാർഷിക-ബിസിനസ്സ് മേഖലകളിലുള്ള നേതൃത്വം ഏറ്റെടുക്കാനും പരിപോഷിപ്പിക്കാനും പുതിയ തലമുറയെ പ്രാപ്തരാക്കുക.

– ചാസ്, ടാസ്ക്, കെ.എൽ.എം. എന്നിവയുടെ നേതൃത്വത്തിൽ മല്ലപ്പള്ളിയിലെ ഖാദി വിദ്യാലയവുമായും മറ്റും സഹകരിച്ച് എല്ലാ ഇടവകകളിലും **സംരംഭകത്വ പരിശീലന പരിപാടികൾ** (EAP) ക്രമീകരിക്കുക. പ്രാദേശികവിപണികൾ പ്രോത്സാഹിപ്പിക്കുക. ഇടവകതലങ്ങളിൽ സംരംഭകരുടെയും ബിസിനസ്, കാർഷികമേഖലയിലുള്ളവരുടെയും കൂട്ടായ്മ രൂപീകരിച്ച് സംരംഭങ്ങളെ പിന്തുണയ്ക്കുക.

11. **വചനവായനയിലൂടെ – പഠനത്തിലൂടെ കുടുംബനവീകരണം**

ലോഗോസ് ബൈബിൾ ക്വിസിന്റെ ഒരുക്കം ജൂലൈ-ഓഗസ്റ്റ്-സെപ്റ്റംബർ മാസത്തിലെ കുടുംബകൂട്ടായ്മകളിൽ നടത്താം. സംഘടനകൾ, സൺഡേ സ്കൂളുകൾ, കുടുംബകൂട്ടായ്മകൾ എന്നിവവഴി പരമാവധിപേരെ ജൂലൈ 31ന് മുമ്പ് രജിസ്റ്റർ ചെയ്യിക്കുക. പരീക്ഷ സെപ്റ്റംബർ 25 ന് നടത്തപ്പെടും.

12. ഈ വർഷം സ്ഥാപിക്കുന്ന ദൈവാലയങ്ങൾക്കും സ്ഥാപനങ്ങൾക്കും മാർതോമാശ്ലീഹായുടെ നാമം നൽകുക. ഈ വർഷം ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് തോമാശ്ലീഹായുടെ പേര് നല്കുവാൻ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

13. മാർതോമാ വിദ്യാനികേതന്റെ നേതൃത്വത്തിൽ മാർതോമാ സിമ്പോസിയം ക്രമീകരിക്കുന്നു.

14. **മാർതോമാ പേടകപ്രയാണം**

പേടകപ്രയാണം ഒരു ദിവസം ഒരു ഭവനത്തിൽ പ്രാർത്ഥിക്കുന്ന രീതിയിൽ – സെപ്റ്റംബർ 8 മുതൽ ഫെബ്രുവരി 19 പേത്തുർത്തായ്ക്ക് മുമ്പുവരെ ഇടവകയിൽ നടത്തുക.

15. മാർ തോമാശ്ലീഹാ വർഷാചരണത്തിന്റെ ഓർമയ്ക്കായി എല്ലാ ഭവനങ്ങളിലും മാർ തോമാശ്ലീഹായുടെ ഐക്കൺ, മാർതോമാസ്ലീവാ പ്രതിഷ്ഠിക്കുക.

**മാർതോമാശ്ലീഹാ വർഷാചരണം, പഞ്ചവത്സര അജപാലനപദ്ധതി സമാപനം**

***ഇടവകതലം:*** പുതുഞ്ഞായർ.

***അതിരൂപതാതലം:*** അതിരൂപതാദിനത്തിൽ 'മാർതോമാ നസ്രാണി മഹാസംഗമം'.

*NB: അജപാലന കർമ്മപദ്ധതികൾ എല്ലാം കാര്യക്ഷമമായി നടപ്പാക്കുന്നതിൽ ഏവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു. 1 മുതൽ 9 വരെയുള്ള പദ്ധതികൾ എല്ലാ ഇടവകകളിലും ഉറപ്പായും നടപ്പിലാക്കണമെന്ന് ആഗ്രഹിക്കുന്നു.*

## മാർ തോമാശ്ലീഹാ വർഷാചരണത്തിന്റെ ഉദ്ഘാടനദിനം ജൂലൈ 3 ന് ദൈവാലയത്തിൽ കുർബാനാനന്തരം തിരിതെളിച്ച് ചൊല്ലുന്നതിനുള്ള പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവമേ, പരിശുദ്ധ സഭയിലൂടെ അങ്ങു തുടരുന്ന രക്ഷണീയപ്രവൃത്തിയെ ഓർത്തു ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന് ഏറ്റുപറഞ്ഞ് ഈശോ മിശിഹായ്ക്കു പൂർണമായി സമർപ്പിച്ച മാർതോമാശ്ലീഹായെ വിശ്വാസത്തിൽ ഞങ്ങൾക്കു പിതാവായി നൽകിയതിനു ഞങ്ങൾ അങ്ങയെ പുകഴ്ത്തുന്നു. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ദൈവമേ, മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ജൂബിലിവർഷാചരണം ഞങ്ങളുടെ ജീവിതനവീകരണത്തിനു വഴിയൊരുക്കട്ടെ. സഭാ - സമുദായബോധത്താൽ ജ്വലിച്ച് ലോകത്തിനു വെളിച്ചവും രക്ഷയുടെ കൂദാശയുമാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

പരിശുദ്ധാത്മാവായ ദൈവമേ, ഞങ്ങളുടെ കുഞ്ഞുങ്ങളെയും യുവജനങ്ങളെയും വിശുദ്ധിയിലും ദൈവസ്നേഹത്തിലും വളർത്തണമേ. ഞങ്ങളുടെ കുടുംബങ്ങളെ നിരന്തരം വിശുദ്ധീകരിക്കണമേ. ഞങ്ങളുടെ പിതാക്കന്മാരെയും വൈദികരെയും സമർപ്പിതരെയും കൃപയാൽ നിറയ്ക്കണമേ. അങ്ങയുടെ സഭയിൽ മാനസാന്തരത്തിന്റെ കൃപ വർദ്ധമാനമാക്കണമേ. വിശ്വാസത്തിനുവേണ്ടി പീഡനമേല്ക്കുകയും രക്തസാക്ഷിത്വംവരിക്കുകയും ചെയ്യുന്നവർക്ക് നിത്യജീവൻ പ്രദാനംചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും, ആമ്മേൻ.

| | |
|---|---|
| ഞങ്ങളുടെ അമ്മയായ പരി. കന്യകാമറിയമേ | ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ. |
| മാർ യൗസേപ്പ് പിതാവേ | ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ. |
| ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായേ | ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ. |

## കാറോസൂസ

**(പരി. കുർബാനയുടെ കാറോസൂസയോടു ചേർത്ത് ജൂബിലി സമാപനംവരെ എല്ലാദിവസവും ചൊല്ലാനുള്ളത്)**

'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന് ഏറ്റുപറഞ്ഞ് ഈശോ മിശിഹായ്ക്കു പൂർണമായി സമർപ്പിച്ച മാർതോമാശ്ലീഹായെ വിശ്വാസത്തിൽ ഞങ്ങൾക്കു പിതാവായി നൽകിയതിനു ഞങ്ങൾ അങ്ങയെ പുകഴ്ത്തുന്നു. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ദൈവമേ, മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ജൂബിലിവർഷാചരണം ഞങ്ങളുടെ ജീവിതനവീകരണത്തിനു വഴിയൊരുക്കട്ടെ. സഭാ - സമുദായബോധത്താൽ ജ്വലിച്ച് ലോകത്തിനു വെളിച്ചവും രക്ഷയുടെ കൂദാശയുമാകുവാൻ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സംയുക്ത സർക്കുലർ

22 Ch.271-352

# രാഷ്ട്രനിർമ്മിതിയിൽ പങ്കുചേരുക ക്രൈസ്തവദൗത്യം

സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട്, പാലാ

മിശിഹായിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

കുട്ടികളുടെയും യുവതലമുറയുടെയും അഭിരുചിയും കഴിവുകളും പ്രതീക്ഷകളും മനസിലാക്കി തൊഴിൽസമ്പാദനം, സാമൂഹികജീവിതം, സമുദായശക്തീകരണം എന്നിവയ്ക്ക് ഊന്നൽനൽകുവാനും നീതിനിഷ്ഠമായ രാഷ്ട്രനിർമ്മിതിക്കായി പുതുതലമുറയെ ഒരുക്കുവാനും നയിക്കുവാനും സഭയ്ക്ക് ഉത്തരവാദിത്വമുണ്ട്. ക്രൈസ്തവ ആദ്ധ്യാത്മികതയുടെ അവിഭാജ്യഘടകങ്ങളിൽ രാജ്യസ്നേഹം, മാതൃരാജ്യത്തിന്റെ സുരക്ഷ, പുരോഗതി ഇവ ഉറപ്പാക്കുകയെന്നതും ഏതൊരു ക്രൈസ്തവന്റെയും ദൗത്യമാണ്. ഭാരതത്തിന്റെ പുരോഗതിയിൽ ക്രൈസ്തവസമൂഹത്തിന്റെ സംഭാവന നമുക്ക് അഭിമാനം നൽകുന്നതാണ്. വിദ്യാഭ്യാസ - ആതുരസേവന രംഗങ്ങളിലും ഭക്ഷണം, പാർപ്പിടം, കൃഷി മുതലായ അടിസ്ഥാനസൗകര്യമേഖലകളിലും നാം നൽകിയിട്ടുള്ള നേതൃത്വവും അദ്ധ്വാനവും സംഭാവനയും ഏവരുടെയും പ്രശംസ നേടിയിട്ടുള്ളതുമാണ്. സഭാനേതൃത്വത്തോടൊപ്പം അല്മായസമൂഹത്തിന്റെയും കൂട്ടായപരിശ്രമമാണ് ഈ രംഗത്ത് കിടയറ്റ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ നമുക്ക് ശക്തിപകർന്നത്.

മാറുന്നസാഹചര്യങ്ങൾക്കും ആവശ്യങ്ങൾക്കുമനുസൃതമായി വിവിധ പ്രവർത്തനമണ്ഡലങ്ങളിൽ അനിവാര്യമായ മാറ്റങ്ങൾക്ക് വിധേയമായി സഭ ഇന്നും നമ്മുടെ രാജ്യത്തിന്റെയും സമൂഹത്തി

ന്റെയും പുരോഗതിക്കായി യത്നിക്കുന്നു. തൊഴിൽമേഖലയിലെ മാറ്റങ്ങൾ ഉൾക്കൊണ്ടു നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ സാധ്യമായ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിവരുന്നു. കേരളത്തിന് അകത്തും പുറത്തും ഉന്നതവിദ്യാഭ്യാസരംഗത്ത് ക്രൈസ്തവസ്ഥാപനങ്ങൾ ഇന്നും മുൻപന്തിയിൽ തന്നെയാണ്. ആതുരശുശ്രൂഷാരംഗത്തും ഏറ്റവും മികച്ച സൗകര്യങ്ങളാണ് നാം ഒരുക്കിയിരിക്കുന്നത്. ഇവ ഉപയോഗപ്പെടുത്തുവാനും ഈ മേഖലയിൽ സംജാതമാകുന്ന തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുവാനും നമ്മുടെ സമൂഹം ശ്രദ്ധാലുക്കളായിരിക്കണം. മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുകയും തൊഴിൽ അന്വേഷിക്കുകയും പരിശീലിക്കുകയും ചെയ്യുന്ന ഓരോ വ്യക്തിയും തങ്ങളുടെ അറിവും പ്രാവീണ്യവും നമ്മുടെ രാഷ്ട്രത്തിന്റെയും സമുദായത്തിന്റെയും പുരോഗതിക്കുതകുന്നവിധത്തിൽ വിനിയോഗിക്കുന്നതിന് പ്രാമുഖ്യം നൽകണം. ഭാരതം നേരിടുന്ന സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക വെല്ലുവിളികളും അസന്തുലിതാവസ്ഥയും ഫലപ്രദമായി തരണം ചെയ്യുന്നതിന് യുവജനങ്ങൾ തങ്ങളുടെ അറിവും മികവും വേണ്ടവിധം വിനിയോഗിക്കണം. വിദ്യാസമ്പന്നരായ യുവതലമുറയുടെ വിദേശത്തേക്കുള്ള ഒഴുക്ക് ഇത്തരുണത്തിൽ മാതൃരാജ്യത്തിനും നമ്മുടെ സമൂഹത്തിനും സമുദായത്തിനും ഒരു തീരാനഷ്ടമാണ്. ഈ ഒരു തിരിച്ചറിവോടുകൂടി തങ്ങളുടെ ഉന്നതവിദ്യാഭ്യാസം ക്രമീകരിക്കുന്നതിനും കരിയർ തിരഞ്ഞെടുക്കുന്നതിനും ആവശ്യമായ ഒരു ഉൾക്കാഴ്ച നമ്മുടെ യുവജനങ്ങൾക്ക് നല്കുന്നതിന് അല്മായനേതൃത്വത്തിനും സംഘടനകൾക്കും സാധിക്കണം. മെച്ചപ്പെട്ട സ്കോളർഷിപ്പോടുകൂടി ഉന്നതവിദ്യാഭ്യാസം നടത്തുന്നതിന് രാജ്യത്തെ ഉന്നതനിലവാരത്തിലുള്ള സർവ്വകലാശാലകളിലും സ്ഥാപനങ്ങളിലും അവസരമുണ്ട്. നമ്മുടെ യുവജനസംഘടനകൾ ഈ രംഗത്തെ വിവരങ്ങൾ പങ്കുവയ്ക്കുന്ന പഠനശിബിരങ്ങൾ സംഘടിപ്പിക്കണം. വിദേശത്തുള്ളതുപോലുള്ള തൊഴിൽ സാധ്യതകൾ ഇന്ന് നമ്മുടെ രാജ്യത്തുമുണ്ടെന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്. ഈ മേഖലകളിലേക്ക് നമ്മുടെ യുവതലമുറയെ നയിക്കുന്നതിനാവശ്യമായ കരിയർ ഗൈഡൻസ് സൗകര്യം ഒരുക്കുന്നതിൽ നമ്മുടെ സംഘടനകളും സമുദായനേതാക്കളും ശ്രദ്ധവയ്ക്കണം. രാജ്യത്ത് നടത്തുന്ന മത്സരപരീക്ഷകൾക്ക് നമ്മുടെ സ്ഥാപനങ്ങളിലെ എല്ലാ വിഭാഗത്തിലുമുള്ള വിദ്യാർത്ഥികളെയും സജ്ജരാക്കണം. ഇതിനാവശ്യമായ വായനശീലവും പരിശീലനവും ഇന്റർ ഡിസിപ്ലിനറി പഠന

രീതികളും പ്രോത്സാഹിപ്പിക്കണം. വിദ്യാർത്ഥികളിൽ ഗവേഷണാഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനും ഇത് ഇടവരുത്തും. സിവിൽ സർവീസ്, കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് എന്നീ പരീക്ഷകൾക്കും കേന്ദ്ര സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, കേരള പബ്ലിക് സർവീസ് കമ്മീഷൻ മുതലായ സ്ഥാപനങ്ങൾ നടത്തുന്ന വിവിധങ്ങളായ മത്സരപരീക്ഷകൾക്കും ഒരുങ്ങുന്നതിനുവേണ്ട സാഹചര്യം നമ്മുടെ വിദ്യാലയങ്ങളിൽ ഒരുക്കണം. പ്രാഥമിക ക്ലാസുകൾ മുതൽതന്നെ ഇതിനുവേണ്ട പരിശീലനം നൽകിത്തുടങ്ങണം.

ചങ്ങനാശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ പാലായിൽ പ്രവൃത്തിക്കുന്ന സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ സ്കൂൾതലം മുതൽ മത്സരപരീക്ഷകളെക്കുറിച്ചും രാജ്യത്തെ ഉന്നതവിദ്യാഭ്യാസ സാധ്യതകളെക്കുറിച്ചും അറിവു നൽകുന്ന പദ്ധതികളും സിവിൽ സർവീസ് ഉൾപ്പെടെയുള്ള പരീക്ഷകൾക്ക് പരിശീലനം നൽകുന്ന കോഴ്സുകളും നൽകിവരുന്നു. 1998 ൽ അഭിവന്ദ്യ പിതാക്കന്മാരുടെ നേതൃത്വത്തിൽ സ്ഥാപിതമായ ഇൻസ്റ്റിറ്റ്യൂട്ട് നാളിതുവരെ 338 പേരെ സിവിൽ സർവീസിലും മറ്റനേകരെ വിവിധ സർക്കാർ, അർദ്ധസർക്കാർ സർവീസിലും എത്തിച്ചുവെന്നതിൽ നമുക്ക് അഭിമാനിക്കാം. പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിശീലനമികവും അദ്ധ്യാപകരുടെ മേന്മയും ശ്രേഷ്ഠതയും ധാർമ്മികപാഠങ്ങളും സ്ഥാപനത്തിലെ മികച്ചസൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തുവാൻ നാം ശ്രദ്ധിക്കണം. അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും ഫീസിളവുകളും നൽകിവരുന്ന ഈ സ്ഥാപനത്തിലെ പഠന, പരിശീലന പരിപാടികൾ നമ്മുടെ കുട്ടികൾ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് ഉത്തരവാദിത്വപ്പെട്ടവർ ഉറപ്പാക്കണം.

ഐ.എ.എസ്, ഐ.പി.എസ്, ഐ.എഫ്.എസ് തുടങ്ങി 24 സിവിൽ സർവീസുകളിലേക്ക് 2023-ൽ നടക്കുന്ന പരീക്ഷകൾക്കുള്ള കോച്ചിംഗ് ക്ലാസുകളുടെ ജൂലൈ- ആഗസ്റ്റ് ബാച്ച് അഡ്മിഷൻ പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിച്ചിരിക്കുന്നു. ഡിഗ്രിയോ ഉപരിയോഗ്യതകളോ ഉള്ള ഉദ്യോഗാർത്ഥികൾക്ക് ഒരു വർഷം ദീർഘിക്കുന്ന ഈ കോഴ്സിന്റെ ഭാഗമായി പ്രിലിമിനറി, മെയിൻസ്, ഇന്റർവ്യൂ എന്നീ മൂന്നുഘട്ട പരീക്ഷകൾക്കുള്ള പരിശീലനമാണ് നൽകുന്നത്. ഡിഗ്രിയോടൊപ്പം ഐ.എ.എസ്. പഠിക്കുന്നതിനുള്ള ആഡ് ഓൺ കോഴ്സിലേക്കും പ്ലസ്ടു വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഫൗണ്ടേഷൻ കോഴ്സിലേക്കും ജോലിയോടൊപ്പമുള്ള വാരാന്ത്യ ഓൺലൈൻ

ബാച്ചിലേക്കുമുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. താൽപര്യമുള്ള വിദ്യാർത്ഥികളെ ഈ കോഴ്സുകളിലേക്ക് പറഞ്ഞുവിടുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. (Contact-: 9539381100, 9539371100)

രാജ്യത്തിന്റെ ഭരണഘടന, നിയമവ്യവസ്ഥകൾ, രാജ്യത്തുള്ള പ്രധാന സർവ്വകലാശാലകൾ, ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ, പ്രധാന തൊഴിൽമേഖലകൾ, തൊഴിൽ സാധ്യതകൾ മുതലായവ മനസ്സിലാക്കി നമ്മുടെ കുട്ടികൾ വളരണം. രാജ്യസ്നേഹവും ധാർമ്മികതയും സാമൂഹ്യബോധവുമുള്ള ഉത്തമപൗരന്മാരായി അവർ രൂപപ്പെടുന്നതിന് ഇത് അത്യന്താപേക്ഷിതമാണ്. തൊഴിൽമേഖലയിൽ ഒരു പുത്തനുണർവ് അനിവാര്യമായിരിക്കുന്നു. ലഭ്യമായ സൗകര്യങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തി സഭയോടൊപ്പം ഒറ്റക്കെട്ടായി പ്രവൃത്തിക്കുന്നതിനും ആത്മീയ ഉണർവ്വ് നേടുന്നതിനും ബോധ്യങ്ങൾ രൂപീകരിക്കുന്നതിനും നമ്മുടെ കുട്ടികളെ പ്രോത്സാഹിപ്പിക്കുവാൻ എല്ലാവരും പരിശ്രമിക്കണം. ഉത്തമവിശ്വാസികളും ഉത്തമപൗരന്മാരുമായിത്തീരാൻ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളരുകയും പരിശീലിക്കുകയും ചെയ്ത ഈശോ ഏവർക്കും മാതൃകയാകട്ടെന്നാശംസിക്കുകയും എല്ലാവിധ ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
(ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്ത)

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
(പാലാ രൂപത മെത്രാൻ)

**ബിഷപ് ജോസ് പുളിക്കൽ**
(കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ)

NB: *ഈ സർക്കുലർ ജൂലൈ 10-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.*

# പിതാവിന്റെ കത്ത്

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ,

നമ്മുടെ അതിരൂപതയുടെ ഉടമസ്ഥതയിലും നേതൃത്വത്തിലും കഴിഞ്ഞ 3 വർഷമായി ഉന്നതനിലവാരത്തിൽ പ്രവൃത്തിക്കുന്ന ലൂർദ്ദ് മാതാ എഞ്ചിനീയറിംഗ് കോളേജിലും ലൂർദ്ദ് മാതാ ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി കോളേജിലും ഈ വർഷത്തെ അഡ്മിഷൻ പുരോഗമിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കട്ടെ.

സാങ്കേതിക വിദ്യാഭ്യാസരംഗത്ത് 19 വർഷത്തെ സേവനപാരമ്പര്യമുള്ള ലൂർദ്ദ് മാതാ എഞ്ചിനീയറിംഗ് കോളേജിൽ ബി. ടെക്കിന് 5 ബ്രാഞ്ചുകളും (കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, സിവിൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്) എം.ടെക്കിന് 3 ബ്രാഞ്ചുകളും (കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ്, അപ്ലൈഡ് ഇലക്ട്രോണിക്സ് ആൻഡ് ഇൻസ്ട്രുമെന്റേഷൻ, കൺട്രോൾ സിസ്റ്റംസ്) അതോടൊപ്പം MBA യും MCA യും ഉണ്ട്. AICTE യുടെയും കേരളാ ടെക്നോളോജിക്കൽ യൂണിവേഴ്സിറ്റിയുടെയും അംഗീകാരം ഉള്ളതും ISO 9001:2015 certified ആയിട്ടുള്ളതുമായ കോഴ്സുകളാണ് ഇവ. MBA കോഴ്സിൽ ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ്, ഓപ്പറേഷൻസ് മാനേജ്മെന്റ് എന്നീ സ്പെഷ്യലൈസേഷൻസ് ഉണ്ട്. നമ്മുടെ രാജ്യത്തെ പ്രമുഖ മാനേജ്മെന്റ് വിദ്യാഭ്യാസസ്ഥാപനമായ സേവിയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് എന്റർപ്രെണർഷിപ്പ് (XIME) ഉം ആയിട്ടുള്ള അക്കാഡമിക് സഹകരണവും ഉണ്ട്. B.Techന് എല്ലാ ബ്രാഞ്ചുകളിലും ആയി 330 സീറ്റുകളും MBA യ്ക്കും MCA യ്ക്കും 60 വീതം സീറ്റുകളുമാണുള്ളത്. B.Tech ഓണേഴ്സ് ഡിഗ്രി എടുക്കുവാനുള്ള അവസരവും ലഭ്യമാണ്.

25 ഏക്കറോളം വരുന്ന പ്രശാന്തസുന്ദരമായ ഇതേ ക്യാമ്പസ്സിൽ ത്തന്നെ ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി

കോളേജും സ്തുത്യർഹമായി പ്രവൃത്തിക്കുന്നുണ്ട്. അവിടെ BHM (120 Seats), B.Voc (30 Seats) എന്നീ കോഴ്സുകളാണുള്ളത്. AICTEയുടെയും കേരളാസർവ്വകലാശാലയുടെയും അംഗീകാരമുള്ള പ്രസ്തുത കോഴ്സുകൾ ഒരുപോലെ ജോലി സാധ്യതയുള്ളതും ജോലിയിൽ മികവ് പുലർത്താൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതുമാണ്.

നമ്മുടെ കോളേജിലെ അവസരങ്ങളും സൗകര്യങ്ങളും പ്രയോജനപ്പെടുത്തുന്നതിന് നമ്മുടെ രൂപതയിലുള്ള വിദ്യാർഥികളെ ഈ വിവരങ്ങൾ അറിയിക്കുവാൻ എല്ലാവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. ഇടവകകളിലെ വിവിധ മാധ്യമങ്ങൾ, സംഘടനകൾ, കൂട്ടായ്മകൾ എന്നിവവഴി ഇക്കാര്യങ്ങൾ ഏവരുടെയും ശ്രദ്ധയിൽപ്പെടുത്തുമല്ലോ. അതിരൂപതയുടെ കീഴിലുള്ള ഈ സ്ഥാപനങ്ങളുടെ ഉന്നതപദത്തിലേക്കുള്ള യാത്രയിൽ നിങ്ങളുടെ പ്രാർത്ഥനയും സഹായവും പ്രതീക്ഷിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

Ref: 3719/K5/KCBC/OL/DS 24.06.2022

# യുവജനദിനം 2022 ജൂലൈ 10 ഞായർ

## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കേരള കത്തോലിക്കാസഭ ജൂലൈ 10 ഞായറാഴ്ച യുവജനദിനമായി ആചരിക്കുന്നു. ഏവർക്കും കെസിബിസി യുവജനകമ്മീഷനിൽനിന്നും യുവജനദിനത്തിന്റെ പ്രാർത്ഥനാശംസകൾ.

കോവിഡ്-19 മഹാമാരിയുടെ പിടിയിൽനിന്നും ലോകം മെല്ലെ മുക്തി പ്രാപിച്ചുകൊണ്ടിരിക്കുന്ന വേളയാണിത്. സഭയും സമൂഹവും ദേവാലയങ്ങളിലേക്കും പൊതുവിടങ്ങളിലേക്കും തിരികെയെത്തുവാൻ പരിശ്രമിക്കുന്ന നേരം. ഈശോ നായിനിലെ വിധവയുടെ മകനോടും ജായ്റോസിന്റെ മകളോടും പറഞ്ഞത് ഇപ്പോൾ കേരളസഭയിലെ യുവജനങ്ങളോടും ആവർത്തിക്കുന്നു. ''യുവാവേ എഴുന്നേൽക്കുക'' (ലൂക്കാ 17:14) ''ബാലികേ എഴുന്നേൽക്കുക'' (മർക്കോ 5:41). ഈ വ്യാധിയുടെ നാളുകളിൽ സഭയുടെ ജീവനാഡിയായി നിലകൊണ്ട യുവജനങ്ങളേയും അവരെ നയിച്ച വൈദികരേയും സന്ന്യസ്തരേയും അല്മായ സഹോദരങ്ങളേയും നന്ദിയോടെ ഓർക്കുന്നു. അഭിവാദനങ്ങൾ അർപ്പിക്കുന്നു.

### യുവജനങ്ങൾ ഐക്യത്തിന്റെ പ്രേഷിതർ

ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ച ആഗോള സിനഡിന്റെ പശ്ചാത്തലത്തിൽ കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നീ ആദർശങ്ങളിൽ അടിസ്ഥാനപ്പെടുത്തി 'സഹയാനം ചെയ്യുന്ന സഭ' എന്ന ആശയം യുവത്വം ഏറ്റെടുക്കുന്നു. ഈ വർഷം ആപ്തവാക്യമായി തെരഞ്ഞെടുത്തിരിക്കുന്നത് 'ക്രൈസ്തവയുവത്വം ഐക്യത്തിന്റെ പ്രേഷിതത്വം' എന്നതാണ്. കേരളസഭ 2022-25 വർഷങ്ങളെ സഭാനവീകരണ കാലഘട്ടമായി പ്രഖ്യാപിച്ചിരിക്കുന്നു. കേരളസഭാ നവീകരണത്തിന്റെ ആദ്യവർഷമായ 2022 ശ്രവണകാലഘട്ടമാണ്. കേരളത്തിലെ വിവിധ കത്തോലിക്കാ സംഘടനകളുമായി ഒരുമിച്ചിരുന്നുകൊണ്ട് അവരെ ശ്രവിക്കുവാനായി സഭ പരിശ്രമിക്കുന്നു. അത്തരം ശ്രവണം രൂപത, ഇടവക, കുടുംബയൂണിറ്റ് തലങ്ങളിൽ ഉണ്ടാകാൻ സഭ ആഗ്രഹിക്കുന്നു. യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ വിശ്വാസപരമായ സന്ദേഹങ്ങൾ ആത്മീയവും ഭൗതികവുമായ സംഘർഷങ്ങൾ തുടങ്ങിയവ പൊതുവിടങ്ങളിൽ ചർച്ചയാകേണ്ടതുണ്ട്.

വിഭജിക്കപ്പെട്ട സഭ പാഷണ്ഡതയാണ്. സഭയുടെ ഐക്യം ഊട്ടി ഉറപ്പിക്കാൻ വിളിക്കപ്പെട്ടവരാണ് യുവജനങ്ങൾ. ആഗോള കത്തോലിക്കാ സഭയിലെ 24 സഭകളുടെ കൂട്ടായ്മ പ്രതിഫലിക്കുന്ന ഇടമാണ് ഭാരത സഭ. പ്രത്യേകിച്ച് മൂന്നു വ്യക്തിഗതസഭകൾ ഒരേസ്ഥലത്തായിരിക്കുന്ന കേരളസഭ. മൂന്നു റീത്തുകളിലുമുള്ള യുവാക്കൾക്ക് ഒത്തുചേരുവാനും സഭയുടെയും സമൂഹത്തിന്റെയും പ്രശ്നങ്ങളിൽ ഇടപെടാനുള്ള അന്തരീക്ഷമാണ് നമുക്കുള്ളത്. അതിന്റെ സാധ്യതകളെ കണ്ടെത്തി ദൗത്യത്തിന്റെ കനൽ ഏറ്റുവാങ്ങാൻ യുവജനങ്ങൾ ബാധ്യസ്ഥരാണ്. ഐക്യത്തിന്റെ ആത്മാവിനെയാണ് നാം സ്വീകരിച്ചിരിക്കുന്നത്. മൂന്നു റീത്തുകളിലെയും യുവജനങ്ങൾ ഒത്തുചേർന്ന് നവീകരണത്തിന്റെ കാറ്റലിസ്റ്റുകൾ ആകാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ സഭയ്ക്കും അതിന്റേതായ സ്വത്വവും പാരമ്പര്യവും ആരാധനക്രമവും ചരിത്രവും ഒക്കെയുമുള്ളപ്പോഴും അതിനെ അതിലംഘിക്കുന്ന ഐക്യത്തിന്റെ പ്രതീകമാണ് കേരളസഭയിലെ യുവജനശുശ്രൂഷ.

## ഹെനോസിസ് എന്ന മന്ത്രം

Henosis എന്ന ഗ്രീക്കുപദം അർത്ഥമാക്കുന്നത് ആന്തരികമായ ഐക്യം അഥവാ രഹസ്യാത്മകമായ ഐക്യം എന്നൊക്കെയാണ്. ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടെങ്കിലും ശരീരം ഒന്നായിരിക്കുന്ന പോലെ (എഫേ 4:1-13) എന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകളുടെ സാരാംശമാണ് ഹെനോസിസ്. ഈ പദം ഒരുമന്ത്രം പോലെ ഉരുവിടേണ്ട പ്രേഷിതരാണ് യുവജനങ്ങൾ. ഈ കാലഘട്ടം അത് അവരിൽനിന്ന് ആവശ്യപ്പെടുന്നു. കേരളസഭയും സമൂഹവും അത് അവരിൽനിന്ന് പ്രതീക്ഷിക്കുന്നു.

## യൗവനം എന്ന ലഹരി

യുവാവായ ഈശോയിലേക്ക് ആകർഷിക്കപ്പെടുന്ന യുവത്വം സഭയുടെ ജീവനാണ്. സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സമ്പത്താണ്. ഭാവാത്മകമായി പറഞ്ഞാൽ യൗവനം ഒരു ലഹരിയാണ്. വിശുദ്ധ പ്രണയത്തിന്റെ കാലം. ജീവിതാന്തസ്സ് തെരഞ്ഞെടുക്കുന്ന കാലം. ഉത്തമപൗരന്മാരും ക്രിസ്തുദർശനത്തിന്റെ കാവലാളുകളും ആകാൻ പരിശ്രമിക്കുന്ന കാലം. എന്നാൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം യൗവനത്തിന്റെ ലഹരിയെ നശിപ്പിക്കുന്നു. അത്തരം ലഹരിക്കടിമപ്പെടുന്ന യൗവനം ഒരു ബാധ്യതയാണ്. തീവ്രവാദത്തിന്റെ ഫണ്ടിങ്ങിനായി മാരകമായ ലഹരിവസ്തുക്കൾ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നു എന്ന സത്യം വാർത്തകളിൽ നിറയുന്നു. യൗവനത്തിന്റെ തീക്ഷ്ണതയെ കയറൂരിവിടുന്ന ലൈംഗിക അരാജകത്വം, സ്വവർഗവിവാഹം പോലുള്ള തിന്മകൾ, വിവാഹപൂർവലൈംഗികത, വിവാഹേതരലൈംഗികത, ഒത്തുവസിക്കലുകൾ, അതേത്തുടർന്നുണ്ടാകുന്ന ഗർഭഛിദ്രങ്ങൾ, പ്രണയത്തിന്റെ

മറവിലെ തീവ്രവാദങ്ങൾ, 'കല്യാണയുദ്ധങ്ങൾ' അങ്ങനെ വെല്ലുവിളികൾ ധാരാളമുണ്ട്. സാങ്കേതികവിദ്യയുടെ അതിപ്രസരംമൂലം ഗെയിം അഡിക്ഷൻ, സ്ക്രീൻ അഡിക്ഷൻ തുടങ്ങിയവ കോവിഡാനന്തരകാലത്ത് വർധിച്ചിട്ടുണ്ട്. അക്കാര്യത്തിൽ യുവത്വം ജാഗ്രത പുലർത്തുകയും അതിജീവിക്കുവാൻവേണ്ട പരിശീലനം നേടുകയും വേണം.

## കുടുംബം, തൊഴിൽ, പ്രവാസം

സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റായ കുടുംബരൂപീകരണം ഏറെ പ്രാധാന്യമർഹിക്കുന്നു. വിവാഹപ്രായം കഴിഞ്ഞിട്ടും വിവാഹം നടക്കാത്ത അവസ്ഥകൾ ആശങ്കയുണർത്തുന്നു. വിവാഹത്തിന്റെ സമ്പൂർണമായ സമർപ്പണത്തിന് വിമുഖത കാട്ടുന്ന യുവജനങ്ങളുടെ എണ്ണം വർധിക്കുന്നു. പൗരോഹിത്യ സന്ന്യസ്ത ദൈവവിളികൾ കുറയുന്നു. കുട്ടികളുടെ ജനനനിരക്ക് അപകടകരമാംവിധം താഴുന്നു. തൊഴിൽ തേടിയുള്ള പ്രവാസം കുടുംബങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അതേസമയം പ്രവാസികളിൽ നിന്നുള്ള വരുമാനം കേരളത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് വലിയ താങ്ങാണ് എന്നതാണ് സത്യം. തൊഴിലില്ലായ്മ, സംരംഭകർക്ക് അനുകൂലമല്ലാത്ത അന്തരീക്ഷം സൃഷ്ടിക്കുന്ന സർക്കാർ-രാഷ്ട്രീയ സംവിധാനങ്ങൾ തുടങ്ങിയവ നിമിത്തം വിദേശരാജ്യങ്ങളിലേക്ക് നമ്മുടെ യൗവനം ഒഴുകുന്നു. ഇതുമൂലം ഉണ്ടാകുന്ന വിശ്വാസപരവും സാംസ്കാരികപരവുമായ വിടവുകൾ സഭ ഏറെ ശ്രദ്ധയോടെ വീക്ഷിക്കുന്നു. അതോടൊപ്പം അന്യസംസ്ഥാനങ്ങളിൽനിന്നും പ്രവാസികളായി വന്നുചേർന്നിരിക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ, അവരുടെ ഐഡന്റിറ്റി, അതിന്റെ പ്രത്യാഘാതങ്ങൾ ഇവയൊക്കെ ഗൗരവമായ പരിഗണന അർഹിക്കുന്ന വിഷയങ്ങൾതന്നെ. ഇവയ്ക്ക് പരിഹാരം കണ്ടെത്തുവാൻ സാധിക്കുംവിധമുള്ള യുവജനശുശ്രൂഷാ മോഡലുകൾ രൂപം കൊള്ളാൻ സഭ ആഗ്രഹിക്കുന്നു. ഈ നാടിന്റെ സംരംഭകരായി മാറാൻ, സർക്കാർ തൊഴിൽ നേടാൻ ഒക്കെ യുവജനങ്ങളെ പ്രേരിപ്പിക്കുക എന്നതാണ് അതിനുള്ള മാർഗം.

## മാധ്യമങ്ങൾ, മതേതരത്വം, മതതീവ്രവാദം

മാധ്യമങ്ങളുടെ അതിപ്രസരമുള്ള ഈ കാലത്ത് മാധ്യമവിചാരണയിൽ സഭയും സഭാസ്ഥാപനങ്ങളും സംഘടനകളും നേതാക്കളും തേജോവധം ചെയ്യപ്പെടുന്ന ഈ നേരത്ത് മാധ്യമങ്ങളെ കൈകാര്യം ചെയ്യാൻ പറ്റുന്ന ഒരു ടീം സജ്ജമാകേണ്ടതുണ്ട്. അന്തിചർച്ചകളിലും സീരിയലുകളിലും സിനിമകളിലുമൊക്കെ ക്രൈസ്തവദർശനങ്ങളെ വികലമാക്കി ചിത്രീകരിക്കുന്ന പ്രവണത ശക്തമാണ്. സാഹിത്യരംഗത്തും പുസ്തക പ്രസിദ്ധീകരണരംഗത്തും അജണ്ടകൾവച്ച് വ്യാപാരം ചെയ്യുന്നത് ജാഗരൂകതയോടെ കണ്ട് ഈ വിഷയങ്ങൾ സഭയുടെ യുവജന പ്രസ്ഥാനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. ഭാരതത്തിന്റെ മതേതരത്വത്തെ കാക്കാൻ പ്രതിജ്ഞാബദ്ധരാണ് ക്രൈസ്തവയുവത്വം. സ്വന്തം മതത്തെ

പ്രഘോഷിക്കുമ്പോഴും മറ്റ് മതങ്ങളെ ബഹുമാനത്തോടെ കാണാൻ കഴിയുന്ന കണ്ണാണ് യുവജനങ്ങൾക്കുണ്ടാകേണ്ടത് അല്ലെങ്കിൽ അത് വർഗ്ഗീയ തീവ്രവാദത്തിന്റെ കനലുകളെ ഊതികത്തിക്കുമെന്ന് ചരിത്രം സാക്ഷി. വിഭജനത്തിന്റെ നാൾ മുതൽ ഭാരതം കണ്ടുകൊണ്ടിരിക്കുന്ന ഭീകര സംഭവങ്ങൾ നമ്മുടെ ഓർമയിലുണ്ട്. ആഗോളഭീകരതയുടെ വേരുകൾ കേരളത്തിലെത്തി നിൽക്കുന്നു. കേരളം തീവ്രവാദത്തിന്റെ ഹബ്ബായി മാറിക്കൊണ്ടിരിക്കുന്നു. ഇവിടെ വേറിട്ടൊരു നിലപാടുമായി മതേതരത്വത്തിന്റെ കാവലായി ക്രൈസ്തവയുവത്വം മാറേണ്ടതുണ്ട്. തീവ്രവാദത്തിന്റെ ഫണ്ടിങ്ങിനായി സ്വർണ്ണക്കടത്ത്, മയക്കുമരുന്ന് വ്യാപാരം, ഹവാല പണത്തിന്റെ സമാന്തര സമ്പദ്ക്രമം, എന്നിവ പരസ്യമായ രഹസ്യങ്ങളായി വാഴുന്ന കാലത്ത് സുതാര്യമായ ജീവിതക്രമവും രാഷ്ട്രീയവും മുന്നോട്ട് വയ്ക്കാൻ യുവാക്കൾക്ക് കഴിയണം. തീവ്രവാദ വർഗീയ ആക്രമണങ്ങളെ അപലപിക്കാനും അതിനെതിരെ പ്രതിഷേധിക്കാനും അതേസമയംതന്നെ ഫ്രാൻസിസ് അസീസിയുടെ പ്രാർത്ഥനപോലെ 'സമാധാനത്തിന്റെ ഉപകരണങ്ങൾ' ആകാനും യുവജനങ്ങൾക്ക് സാധിക്കണം.

കേരള കത്തോലിക്കാ സഭയിലെ യുവജനം സഭയുടെ ചങ്കാണ്; ചങ്കിടിപ്പാണ്. ലൈവാണ്; ലൈഫാണ്. ഈശോയെന്ന യൗവനയുക്തൻ പകരുന്ന ആദർശമാണ് അതിന്റെ അടിത്തറ. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെസിവൈഎം, ജീസസ്‌യൂത്ത്, സിഎൽസി, മിജാർക്ക്, ഐക്കഫ്, യൂക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും അല്ലാതെയുമായി ഈശോയ്ക്ക് സാക്ഷ്യം നല്കുന്ന എല്ലാ യുവജനങ്ങൾക്കും യുവജനദിനത്തിന്റെ ആശംസകൾ. യൗവനയുക്തനായ ഈശോ ഏവരെയും അനുഗ്രഹിക്കട്ടെ


**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. യൂഹാനോൻ മാർ തിയഡോഷ്യസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോൺ നെല്ലിക്കുന്നേൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

N.B: *2022 ജൂലൈ 10-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*




# I
# TRANSFERS & APPOINTMENTS

| Very Rev Fr./Rev. Fr. | Relieved from | Appointed Vicar/ Director |
|---|---|---|
| Anchil Mathew | Vaipur Old | Kollam-Ayoor F, Cheriavelinelloor |
| Anchupankil Jacob | Nedumkunnam F | Villoonni |
| Arackal Varghese | Punnapra | Director, LMCST Kuttichal |
| Aruparayil Joseph | Arunoottampadam, Kuttamangalam | Kumaranalloor |
| Athikalam Jacob | Aruvikuzhy | Asso. Director STH Group of Institutions, Chethipuzha |
| Chalackal Joseph | Manackachira, DCMS | Vettickalpurayidam (addl) |
| Champakulathil Joseph | Thiruvananthapuram L | Jaipur Mission |
| Chekonthayil Thomas | Kavalam St Joseph | Cheeramattam f church |
| Chempilakam Joseph | Vavode | Venchempu, Narikkallu |
| Chethipuzha Mathew | Yudapuram | Madappally |
| Choorapuzha Scaria | Peroorkada | Cheruvandoor |
| Chorettuchamakala Joseph | | Acting Vicar, Peroorkada (addl) |
| Chundakattil James | Perumkavu | Kavalam St. Joseph |
| Elamthuruthiyil Joseph | | Legion of Mary (addl) |
| Eruppakkattu Joseph | | Asst. Family Apo. (addl) |
| Kaithaparampil Varghese | Ithithanam | Nedumkunnam F |
| Kakkuzhy Cherian | Karuvatta | Veliyanadu Kesarea, St. Joseph, Asst Manager St Joseph Press & Book Stall |
| Kanchickal Philip | Ponga, MGC Punnapra | Puzhavath f Church, Asst Profes- sor, Assumption College |
| Karippingapuram Abraham | Ayoor F, Cheriavelinalloor | Punnapra, Bursar MGC Punnapra |
| Karukaparampil Cherian | Charamangalam | Kurumpanadam F |
| Kattady Jacob | Veliyanadu Kesarea, St Joseph | Punnathura |
| Kattooppara Antony | Kumaranalloor | Arpookara LF |

| | | |
|---|---|---|
| Kayamkulathusserry Thomas | Kudumbakoottayma, Bible Apo., Mahendrapuram, Vedaprachara Madhyasthan | M Th Vadavathoor, Eravinalloor, Bursar MOC |
| Kayithara Varghese | Philgiri (addl) | Relieved |
| Kezhaplackal Philipose | Thiruvallam | Kannammoola |
| Kinganamchira Michael | Eravinalloor | Charamangalam |
| Kizhakkemury Joseph | | Documentation & Auditing |
| Kizhakkeveedu Jacob | Kurichy Minor Seminary | Professor, Satna Major Seminary |
| Kochelechemkalam Thomas | Nazareth | Kudamaloor Abhaya Bhavan |
| Kochuparambil George | Manimala F | Koothrappally |
| Koippally Jacob | | Director, CANA |
| Kollara Joseph | | Viruppala f Church (addl) |
| Kossackal Varghese | Punalur, Cherukadav, Chenkulam | Relieved |
| Kottathil Mathew | Adoor | Pandy |
| Kunnath James | STH College of Nursing, Chethipuzha | Director, STH Group of Health Care & Medical Education Insti., Chethipuzha |
| Kuzhuppil Thomas | | Mundathanam (addl) |
| Madathiparampil John | | Chenkulam (addl) |
| Malyeckal Mathew | | Exe. Editor Vedaprachara Madhyasthan (addl) |
| Mangalathu Thomas | Chethipuzha Hospital | Arattuvazhy |
| Manthuruthil George | CHASS, Khadi | Kudumbakkoottayma, Bible Apo., Bible Convention |
| Mattathil Varghese | | Dean of Studies, MOC |
| Mavelil John MCBS | Pandy | Relieved |
| Mullakkariyil Jose | SBC Hostel | Manackachira (addl) |
| Mundunadackal Isaac | Thirumala | Muttar New |
| Muthalakavil Antony | Kelamangalam | Thadiyoor, Ezhumattoor |
| Nadackal Mathew | Anchal, Pazhayeroor | Philgiri |
| Nalpathamkalam Joseph | Puthukary | Nazareth |
| Nelluvely Emmanuel | Cheruvandoor | Veliyanadu St Xavier |
| Nilavanthara Jose | Thottackadu, Charity World | Kodinattumkunnu |
| Nuzhaithadam George | Kurumpanadam F | Kunnamthanam |
| Oozhikattu Mathew | Kunnamthanam | Arumanoor |
| Padinjareveettil Thomas | LMCST, Kuttichal | Local Manager, MGC Punnapra |
| Palackassery Chacko | | Punalur, Cherukadav |
| Palamattam Alexander | Arumanoor | Yudapuram |
| Panakezham George | | Khadi (addl) |
| Panakezham Joseph | | Sp. Advisor, St Vincent De Paul Society (addl) |

| | | |
|---|---|---|
| Parappally Scaria | SBC Hostel | Kilimala SH Hostel (addl) |
| Parathottal Thomas | Thadiyoor, Ezhumattoor | Pallikoottumma |
| Pazhayamadam Varghese | Kannammoola | Thottuvathala, Carmel Academy Alappuzha |
| Peringalloor Ajith MCBS | Pulincunnoo F | Arunoottampadam, Kuttamangalam |
| Perumpalathussery Abraham | Muttar New | Relieved |
| Plathanam John | | Vice Postulator, Mar Kavukatt cause (addl) |
| Porookara Antony | Punnathura | Ithithanam |
| Powanchira Mathew | Arattuvazhy | Kelamangalam |
| Pulickaparampil Joseph | Jaipur | Thiruvallam |
| Pullukattu Francis | Australia | Pandalam, Adoor |
| Purackal Joseph | Legion of Mary | Relieved |
| Puthenparampil Thomas (Tijo) | Veliyanadu St Xavier, Family Apostolate | Pastoral Ministry, Australia |
| Puthenpurackal Thomas | Aryankavu | Vavode |
| Puthenpurackal Thomas (Aji) | Kudamaloor Abhaya Abhavan | Relieved |
| Puthiaparampil Chacko | Madappally | Retirement |
| Puthiaparampil Joseph (Jr) | Arpookara LF | Perumkavu |
| Puthumanamoozhiyil George | | Mahendrapuram (addl) |
| Puthuveettilkalam Joseph (Sr) | | Acting Vicar, Chennamkary LM |
| Puthuvelil Varghese | Venchempu, Narikkallu | Acting Vicar, Thirumala |
| Srambickal Thomas | Nalukodi | Vice Rector, Kurichy Seminary |
| Srampickal Scaria | Puzhavath f | SBC Hostel |
| Thanniath Mathew | Villoonni | Manimala F |
| Thattasserry Antony | MOC | Professor, Aluva Major Seminary |
| Thayil Philip | Alappuzha F | Aryankavu |
| Thekkemuriyil Jose CMI | | Anchal, Pazhayeroor |
| Thekkumuriyil Thomas | Thazhathuvadakara | Aruvikuzhy |
| Thevary Antony | Thottuvathala, Carmel Academy | Karuvatta |
| Thoompunkal Joseph (Sr) | Mundathanam | Retirement |
| Thundiyil Johnson | Cheeramattam f | Thazhathuvadakara |
| Thycheril George | Chennamkary LM | Asst Director, CHASS |
| Thyparampil Martin | Padaharam | Puthukary |
| Vadakekalam John | Jesus Fraternity | Director, DCMS (addl) |
| Vadakkeparambil Jomon O.Carm. | Vettickalpurayidam | Vaipur Old |
| Vaikathukaranveettil Philip | Kodinattumkunnu | Padaharam |
| Vallayil George | MOC | Doctorate, Vadavathoor, Punnathura Sat-Sunday Ministry |

| | | |
|---|---|---|
| Velangattusserry Joseph | Veroor | Perunna East, Director, Jesus Fraternity (addl) |
| Vellanickal George | SH Hostel, Perunna East | Ponga, Asst Prof., MGC Punnapra |
| Vengasserry Joseph | Pallikoottumma | Relieved |
| Vettuvayalil Abraham | Koothrappally | Alappuzha F |
| Wadakekalam Philips | CANA | Retired/Ministry in Kanjirappally Eparchy |

**Assistants**

| Name | From | To |
|---|---|---|
| Ambalathattil James CMI | | Pacha-Chekkidikadu |
| Ariyamannil Jijo CSSR | Mundupalam | Relieved |
| Elackadunaluparayil Martin MCBS | | Manimala F |
| Ezhuplackal Sebastian MCBS | | Vadakkekara |
| Kaithakalam Thomas MCBS | | Pulincunnoo F |
| Kanniyakonil Thomas | Koothrappally | Poonthope, Denahalaya |
| Kizhakkethalakkal Antony | | Asst Dir., Jesus Fraternity (Addl) |
| Kochuparambil Varghese | Edathua F | Kudamaloor F |
| Kodikulam Gervasis MST | Muttar Old | Relieved |
| Kuttanal Jibin CMI | Meenkulam | Relieved |
| Mampallithadathil Antony CRM | Poonthope | Relieved |
| Mampara Sebastian | Punnathura | Ayarkunnam |
| Naduparampil Leo CRM | Pacha-Chekkidikadu | Relieved |
| Narithuruthel Joseph | Villoonni | Sec Aux. Bishop, Abp Emeritus |
| Panachinkal Varghese | Ayarkunnam | Koothrappally |
| Plakuzhiyil Thomas CRM | | Villoonni |
| Plathanam Joseph | Sec Aux. Bishop, Abp Emeri | Language Studies |
| Puthuparampu Devasia | | Asst Vicar Chengannur (addl) |
| Thadathil Mathew | Manimala F | TVM Lourdes F |
| Tharakunnel Antony | Kudamaloor F | Nalukody, MBA |
| Thundiyil Devasia | Athirampuzha F | Relieved, Study |
| Vadakkeenthottathil Thomas (Idukki) | | Mundupalam |

## II
## ഗ്രാന്റ് പേരന്റ്സ് ഡേ

വിശുദ്ധ യോവാക്കിം-വിശുദ്ധ അന്ന ദമ്പതികളുടെ തിരുനാളിനോടനുബന്ധിച്ച് ജൂലൈ 24 ഗ്രാന്റ് പേരന്റ്സ് ഡേ ആയി ആചരിക്കാൻ പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തിരിക്കുന്നു. '*വാർദ്ധക്യത്തിലും അവർ ഫലം പുറപ്പെടുവിക്കും*' (സങ്കീ. 92:14) എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം.

## III
## പ്രത്യേക പിരിവുകൾ

**1. സീറോ മലബാർ സഭാദിന ഫണ്ട്**

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ (ജൂലൈ 3) സഭാദിനമായി ആചരിക്കപ്പെടുന്നു. ജൂലൈ 3-ലെ സ്തോത്ര കാഴ്ച - ഒരാൾക്ക് രണ്ട് രൂപാവീതം - സീറോ മലബാർ സഭാ കാര്യാലയത്തിന്റെ പ്രവർത്തനച്ചെലവുകൾക്കായി നൽകുവാനുള്ളതാണ്.

**2. ജൂലൈ 10 ഞായർ**

യുവജനദിനമാകയാൽ ഈ ദിവസത്തെ സ്തോത്രക്കാഴ്ച യുവജനങ്ങളുടെ വിശ്വാസപരിശീലനത്തിനുവേണ്ടിയുള്ളതാണ്.

ടി പിരിവുകൾ 2022 ജൂലൈ 18 നു മുമ്പ് അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

## IV
## ബഹു. വൈദികരുടെ വാർഷികധ്യാനം

നമ്മുടെ അതിരൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം മൂന്നു ബാച്ചുകളിലായി കുന്നന്താനം സെഹിയോൻ ധ്യാനഭവനത്തിൽ ക്രമീകരിച്ചിരിക്കുന്നു. ഓരോ ധ്യാനവും ആദ്യദിവസം (ഞായർ) വൈകുന്നേരം 6 മണിക്ക് റംശായോടുകൂടി ആരംഭിച്ച് സമാപനദിവസം (വെള്ളി) ഉച്ചഭക്ഷണത്തോടുകൂടി അവസാനിക്കുന്നു.

**<u>ധ്യാനങ്ങളുടെ തീയതികൾ</u>**

ബാച്ച് 1 : 2022 ജൂലൈ 17 മുതൽ 22 വരെ

**ധ്യാനഗുരു : ബിഷപ് ആന്റണി പ്രിൻസ് പാണേങ്ങാടൻ**
(അദിലാബാദ് രൂപത)

ബാച്ച് 2 : 2022 ആഗസ്റ്റ് 07 മുതൽ 12 വരെ

**ധ്യാനഗുരു : റവ. ഫാ. ബോബി ജോസ് കട്ടിക്കാട് OFM Cap.**

ബാച്ച് 3 : 2022 സെപ്റ്റംബർ 18 മുതൽ 23 വരെ

**ധ്യാനഗുരു : റവ. ഡോ. ജോസഫ് കടുപ്പിൽ**

അതിരൂപതയ്ക്ക് പുറത്ത് സേവനത്തിലോ പഠനത്തിലോ ഏർപ്പെട്ടിരിക്കുന്ന വൈദികർക്കും അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്ന്യാസവൈദികർക്കും വിശ്രമജീവിതം നയിക്കുന്ന വൈദികർക്കും ധ്യാനത്തിൽ സംബന്ധിക്കാൻ താല്പര്യമുള്ള പക്ഷം ഇഷ്ടമുള്ള ഏതെങ്കിലും ബാച്ചിൽ ധ്യാനിക്കാവുന്നതാണ്. അങ്ങനെയുള്ളവർ ഏതു ബാച്ചിലാണ് ധ്യാനിക്കുന്നതെന്ന് അതിരൂപതാ ചാൻസലറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

ധ്യാനാവസരത്തിൽ ബഹു. വൈദികർ അവരവരുടെ കുർബാന കണക്കുപുസ്തകം പരിശോധനയ്ക്കായും അനുരഞ്ജനകൂദാശ പത്തേന്തി പുതുക്കാനായും കൊണ്ടുവരാൻ ശ്രദ്ധിക്കണം.

# LIST OF ANNUAL RETREAT OF PRIESTS

**2022 July 17- 22**

Aiyamkary Joseph
Alumkal Joseph
Ampalathinkal Jacob
Ampalathumparampil Francis
Anchil Mathew (Sr)
Aranjaniyil Geevarghese
Aruvanparampil Varghese
Aryankala Thomas
Athikalam Jacob
Athikalam James
Avannoor George
Chackathara Jacob
Chakupurackal Kurian
Chalackal Joseph
Chalackal Sebastian
Champakulathil Joseph
Chavara John J
Checkonthayil Thomas
Chempilakam Joseph
Cheppila Scaria
Chethipuzha Mathew
Chooravady Antony
Chooravady Mathew (Jr)
Chooravady Mathew (Sr)
Chorattuchamakala Joseph
Chundakattil James
Edachethra Varghese
Elamthuruthiyil Joseph
Elanjiparampil Varghese
Erupathil Zacharia
Ettackakunnel Thomas
Ettolil Joseph
Kadaprakunnil Joseph
Kadathukalam Abraham
Kainikara Thomas
Kaithaparampil Joseph (Morly)
Kaithaparampil Varghese
Kakkuzhy Cherian
Kalapura Toms
Kalarickal Joseph
Kalathil Joseph (Jithin)
Kalathil Mathew
Kalayamkandam James
Kalayil Varghese
Kamicherry Scaria
Kampiyil Thomas
Kamukumpallil Antony
Kanicherril Varghese
Kanikunnel James
Kanjiravelil Thomas
Kanjooparampil Thomas
Kannadipara Sebastian
Karakkadu Thomas
Karikompil Cherian
Karukayil Joseph (Manoj)
Karuvelil Francis
Kayamkulathusserry Joseph
Kinganamchira Michael
Kizhakkeveettil Antony
Kuthukallumkal Thomas
Maliakel Thomas (Rajesh)
Manavath Varkey
Manthuruthil George
Mathilakathukuzhy Varghese
Mulavana Joseph
Mullanpara John
Mundakathil Joseph
Nadamukath Mathew
Naduthundathil Sebastian
Naduvilekkalam Jacob
Nambisserykalam Varghese
Nelluvely Emmanuel
Nelpurackal Alexander
Nerayath Antony
Nuzhaithadam George
Padinjarekuttu Mathew
Pakalomattam Joseph
Pallichirayil Joseph (Sony)
Parackal Jacob
Parappuram Alex
Pathil Joseph
Pazhayamadam Varghese
Plaparampil Thomas
Poovathusserry Joseph
Puthenangady Mathew
Puthenparampil Thomas
Puthenpura Varghese (Sr)
Puthenpurackal Thomas (Joshy)

Puthiaparampil Jose (Josey)
Puthuvelil Varghese
Souriamakil Sebastian
Thadathil Mathew (Lince)
Thanniath Thomas
Tharakunnel Antony
Thayil Philip
Thekkedath Kuriakose
Thoompunkal Joseph (Roy)
Thundiyil Johnson
Thyparampil Martin
Vadakkekalam John
Vallathara Aloysius
Vattackatt Jacob
Veliyath George
Vellamathara Sebastian
Vellanickal Louis
Vengasserry Thomas
Vettithanam Xavier
Vettuvelikalam Luka

**2022 August 07-12**

Aerathedam Philip
Anakkallunkal Antony
Chamakala Sebastian
Changankary Mathew
Changankary Abraham
Chethipuzha Jacob
Choolaparampil Joseph
Choorapuzha Scaria
Edamuriyil Chacko
Elanjimattam Joseph
Eruppakattu Joseph
Ethackad Antony
Kaithaparampil Joseph (Mijo)
Kanchickal Philip
Kanniyaconil Thomas
Karikandam Mathew
Karikandathil Elias
Karivelil Zacharias
Karukakalam Thomas
Karukaparampil Cherian
Kattady Jacob
Kattapuram Joseph
Kattooppara Antony
Kattoor Thomas
Kavithazhe Philip
Kayithara Varghese
Kezhaplackal Philipose
Kiliyattusseril Varghese
Kizhakemury Joseph
Kizhakkethalackal Antony
Kocheethra Joseph
Kochelechemkalam Thomas
Kochuchirayil Joseph
Kochumalayil John
Kochuparampil George
Kochuparampil Sebastian
Kochuparampil Varghese (Josin)
Koippally Jacob
Kokkavayalil James
Kollaparampil Augustine
Kollara Joseph
Kooliparampil Isaac
Kooroth Jacob
Koottummel George
Koottummel Sebastian
Kossackal Varghese
Kottayil Cyriac
Kulathumkal Thomas
Kunnackattuthara Zacharias
Kunnathu James
Kunnil James
Kunnumpuram Thomas
Kunnuparampil Joseph
Kuriannurparampil Joseph
Kurinjiparampil Sebastian
Kuzhiyadiyil Joseph
Kuzhuppil Thomas
Madathiparampil John
Madathiparampil Mathew
Maleckal James
Malyeckal Matthew
Mammoottil Joseph
Manakalam Joseph
Manakunnel John
Mancherikalam Sebastian (Jr)
Mangalathu Thomas
Manianchira Thomas
Mannamthuruthil Sebastian
Mattathil Varghese
Moolayil Antony

Moonnattinmugham Mathew
Mudanthangelil Martin
Mukalel Jose
Mulackal James
Mullakkariyil Joseph
Mullankuzhy George
Mundakathil Joseph
Mundunadackal Isaac
Muthalakkavil Antony
Muttathil Antony
Muttel Thomas
Nalpathamkalam Cyril
Nalpathamkalam Joseph
Nambimadam Varghese
Narithuruthel Joseph
Nedumparampil Joseph
Neriamparampil Emmanuel
Nilavanthara Joseph
Oozhikattu Mathew
Padinjareveettil Joseph
Padiyath Thomas
Paikkattumattathil Thomas
Palackasserry Chacko
Panachinkal Varghese
Panamparambil Andrews
Parappally Jose
PazhayamadamCyriac
Perumpalathussery Abraham
Perumpallithara Antony
Plathottathil Thomas
Ponganamthadathil Augustine
Puthenparampil Joseph (Libin)
Puthenpura Kurian
Puthenpurachirathykalam Xavier
Puthenpurackal Thomas (Tomy)
Puthiyidom Joseph
Puthumanamoozhiyil George
Puthuparampil Joseph
Srambickal Thomas
Thanniath Mathew
Thattaradiyil Varghese
Thondikkakuzhiyil Abraham
Thundiyil Devasia
Varavukalayil Varghese
Vettuvayalil Abraham

**2022 September 18-23**

Alencherry Isaac
Anchil Mathew (Jr)
Anchupankil Jacob
Anchupankil Thomas
Arackal Varghese
Aruparayil Joseph
Bangalavuparampil Joseph
Cheeramvelil Jacob
Elamkulam Kurian
Kachamkode Antony
Kakkaparampil Antony
Kappammuttil George
Karattu Mathew
Karinganamattam Joseph
Karippingapuram Abraham
Karukayil Jacob
Kocherry Damianose
Kochuparampil Jose
Kottathil Mathew
Kunnath Andrews
Kuzhippallil Jacob
Marattukalam Mathew
Mattathil Joseph (Prakash)
Meppuram Gregory
Moolamkunnam George
Moonnuparayil Varghese
Muppathilchira Martin
Nadackal Mathew
Nelpuraparampil Philip
Odalany Mathew
Onamkulam Gregory
Palamattam Alexander
Panakezham George
Panakezham Joseph
Parackal Joseph
Parackal Thoma Paulose
Parappallil Scaria
Parasseril Jose
Parathanam Joseph
Parathanam Thomas
Parathara Thomas
Parathottal Thomas
Paruvaparampil John
Pathalil John

Pattathanam Stephen
Pazhayamadam James
Pazhayapura George
Peediakal Kuriakose
Plamparampil Varghese
Plathanam John
Plathanam Joseph
Plathottam Joseph
Ponnattil Joseph
Poovatholil Thomas
Porookkara Antony
Powanchira Mathew
Pulichamackal Mathew
Pulickaparampil Joseph
Pulickassery Devasia
Pullukattu Francis
Punnasserry Sebastian
Punnasserry Xavier (Joyal)
Purackal Joseph
Puthenkalam Tom
Puthenkalam Xavier
Puthenparampil Joseph (Shijo)
Puthenpurackal Thomas (Aji)
Puthenpurackal Thomas (Sr)
Puthiaparampil Joseph (Jr)
Puthiyaparampil Thomas (Aby)
Puthiyidom Mani
Puthuparampil Sebastian
Puthuparampu Devasia
Puthusseril Sebastian
Puthuveettil Joseph (Tomy)
Puthuveettilkalam Joseph (Teji)
Srampickal Scaria
Thadathil John V
Thaikkattusseril Thomas
Thanamavunkal Varghese
Tharmasserry Abraham
Thayyilnedumparampil Abraham
Thekkedathu Mathew
Thekkepurath Joseph
Thekkummuriyil Thomas
Thevary Antony
Thottackattukalayil Joseph
Thumpechirayil Mathew
Thundukalam Antony
Thycheril George
Thyparampil Augustine
Thyparampil Joseph (Jobin)
Vadakkettam Francis
Vaikathukaranveettil Philip
Vallayil Job
Vaniapurackal Joseph
Varikkappallil Joseph
Varikkattu Jacob
Vathyakary George
Vazhaparampil Thomas
Velangattussery Joseph
Vellanickal George
Vengasseery Jison Paul
Vengasserry Joseph
Vettukuzhiyil Varghese

## പ്രാർത്ഥനാശംസകൾ

**ചങ്ങനാശേരി അതിരൂപത വേദപ്രചാരമദ്ധ്യസ്ഥന്റെ**
**എക്സിക്യൂട്ടീവ് എഡിറ്ററായി സ്തുത്യർഹമായ**
**സേവനത്തിനുശേഷം നവ കർമ്മമേഖലകളിൽ**
**നിയോഗിതനായിരിക്കുന്ന**

**കായംകുളത്തുശ്ശേരി ബഹുമാനപ്പെട്ട തോമസ് (ജെന്നി) അച്ചന്**
അതിരൂപതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ



# മനുഷ്യനെയും മണ്ണിനെയും സ്നേഹിച്ച കർമ്മയോഗി
# എരുതനാട്ട് ബഹു. ജോസഫ് അച്ചൻ

എരുതനാട്ട് ബഹു. ജോസഫ് അച്ചൻ ജനഹൃദയങ്ങളെ കീഴടക്കിയ ശാന്തനായ അജപാലകൻ ആയിരുന്നു. മണ്ണിനെ സ്നേഹിച്ച മനുഷ്യസ്നേഹിയായ കർമ്മയോഗി, പ്രാർത്ഥനയിൽ ആശ്രയിച്ച് കാര്യങ്ങൾ നേടിയെടുക്കുന്ന ഉത്തമനായ വൈദികശ്രേഷ്ഠൻ, ബന്ധങ്ങളെ നിലനിർത്തുന്ന ഉത്തമസുഹൃത്ത് എന്നീ നിലകളിലെല്ലാം തന്റെ അജപാലന നിർവഹണത്തിൽ മികവ് തെളിയിച്ച കർമ്മയോഗിയായ എരുതനാട്ട് ബഹു. ജോസഫച്ചൻ 1936 നവംബർ 28ന് ചങ്ങനാശേരി അതിരൂപതയിലെ ചക്കാലക്കുന്ന് ഇടവകയിൽ എരുതനാട്ട് കുടുംബത്തിൽ ചാക്കോ – മറിയം ദമ്പതികളുടെ മകനായി ജനിച്ചു.

പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം നെടുംകുന്നം സെന്റ് ജോൺസ് വിദ്യാലയത്തിൽനിന്ന് ഹൈസ്കൂൾ പഠനം പൂർത്തിയാക്കി പുണ്യശ്ലോകനായ കാവുകാട്ട് പിതാവിന്റെ കാലത്ത്, പാറേൽ മൈനർ സെമിനാരിയിൽ വൈദികപരിശീലനം ആരംഭിച്ചു. തുടർന്ന് ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് വൈദികപരിശീലനം പൂർത്തീകരിച്ച് ബോംബെയിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസ്സിനോടനുബന്ധിച്ചുനടന്ന സമൂഹതിരുപ്പട്ടസ്വീകരണ ചടങ്ങിൽ പോൾ ആറാമൻ മാർപാപ്പായുടെ സാന്നിദ്ധ്യത്തിൽ, അഭിവന്ദ്യ വള്ളോപ്പള്ളി പിതാവിൽനിന്ന് 1964 ഡിസംബർ ഒന്നിന് പൗരോഹിത്യം സ്വീകരിച്ചു. അഭി. മാത്യു കാവുകാട്ട് പിതാവ്, അഭി. ആന്റണി പടിയറ പിതാവ്, അഭി. ജോസഫ് പവ്വത്തിൽ പിതാവ്, അഭി. ജോസഫ് പെരുന്തോട്ടം പിതാവ് എന്നിവരുടെ കാലഘട്ടങ്ങളിലെല്ലാം ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി രൂപതകളിലെ വിവിധ ഇടവകകളിൽ സമർപ്പിതമനോഭാവത്തോടെ വൈദികശുശ്രൂഷ നിർവഹിച്ച നലംതികഞ്ഞ ഒരു പുരോഹിതാചാര്യനായിരുന്നു ബഹു. എരുതനാട്ടച്ചൻ.

ഉപ്പുതറ ഫൊറോനാപള്ളിയിൽ അജപാലനശുശ്രൂഷയ്ക്ക് തുടക്കംകുറിച്ച് പതിനിപ്പാറ, പൊടിമറ്റം, നസ്രാണിപുരം, മുണ്ടത്താനം, ചേപ്പുംപാറ, മാടപ്പള്ളി, പള്ളിക്കുന്ന് എന്നീ ഇടവകകളിൽ വികാരിയായി ശുശ്രൂഷ നിർവഹിച്ച് അനേകായിരങ്ങൾക്ക് ഈശോയെ പകരുകയും ജനഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ

നേടുകയും ചെയ്ത നല്ലോരജപാലകനായിരുന്നു എരുതനാട്ടച്ചൻ. സഭയോടുള്ള വിശ്വസ്തതയും ദൈവജനത്തെ മനസ്സിലാക്കിയുള്ള പെരുമാറ്റവും വലിയ സംരംഭങ്ങൾക്ക് അച്ചനെ ദൈവം ഉപകരണങ്ങളാക്കുകയായിരുന്നു. മാടപ്പള്ളിയിലെ പുതിയ ദൈവാലയം അതിനുദാഹരണമാണ്. മാടപ്പള്ളിയിൽ ബഹു. എരുതനാട്ടച്ചനോടൊപ്പം ശുശ്രൂഷചെയ്യുമ്പോൾ അച്ചനെ കൂടുതൽ അടുത്തറിയുവാൻ എനിക്കിടയായി. പ്രാർത്ഥനയിലാശ്രയിച്ച് കാര്യനിർവഹണത്തിൽ വ്യാപൃതനായിരുന്ന ശാന്തപ്രകൃതക്കാരനായിരുന്നു ജോസഫച്ചൻ. ഏത് പ്രതികൂല സാഹചര്യങ്ങളെയും തന്റെ ചിട്ടയായ പ്രാർത്ഥനാചര്യയിൽ അതിജീവിക്കാൻ സാധിക്കും എന്ന് വിശ്വസിക്കുകയും അവ നേരിട്ടു വിജയം കൈവരിച്ച സംഭവങ്ങൾ അദ്ദേഹത്തെ അടുത്തറിയുന്നവർക്ക് സുപരിചിതമാണ്.


പ്രതിപക്ഷ ബഹുമാനത്തോടെ ഇടപെടുകയും മനസ്സിൽ വെറുപ്പും വിദ്വേഷവും സൂക്ഷിക്കുകയും ചെയ്യാതെ ആരെയും കേൾക്കുകയും കൂടെ ചേർത്തു നിർത്തുകയും ചേർന്നുനിൽക്കുകയും ചെയ്യുന്ന ബന്ധങ്ങളുടെ ഉടമയായിരുന്നു ജോസഫച്ചൻ. തന്റെ കൂടെയുള്ളവരെ കരുതുന്നതിനും സഹായിക്കുന്നതിനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അങ്ങനെ നിലനില്ക്കുന്ന ആത്മബന്ധത്തിന്റെ ഉടമയായിരുന്നു എരുതനാട്ടച്ചൻ.

ഏറ്റവും ലളിതമായി എങ്ങനെ ജീവിക്കാമെന്നും മണ്ണിനെ സ്നേഹിച്ച് മനുഷ്യബന്ധങ്ങൾ എപ്രകാരം വളർത്തിക്കൊണ്ടുവരാമെന്നും തന്റെ ജീവിതത്തിലൂടെ പഠിപ്പിച്ച കർമ്മയോഗിയായിരുന്നു ജോസച്ചൻ. കുടുംബത്തെ സ്നേഹിക്കുകയും ബന്ധങ്ങളെ നിലനിർത്തുകയും ചെയ്തതിന്റെ ഉദാത്തമായ ഉദാഹരണമാണ് പത്തുവർഷം നീണ്ടുനിന്ന സ്വഭവനത്തിലെ വിശ്രമജീവിതം. സ്വന്തം വാഹനത്തിൽ യാത്രചെയ്തിരുന്ന മനുഷ്യനായതിനാൽ അവസാന യാത്രവരെയും സ്വന്തം യാത്രാവാഹനത്തിൽ സ്വയം യാത്രചെയ്ത് പെട്ടെന്ന് നിത്യസമ്മാനത്തിനായി ബഹു. അച്ചൻ യാത്രയായി. തലേ ബുധനാഴ്ച സ്വന്തം ഇടവകയിലെ ഒരു ഇടവകക്കാരന്റെ ശവസംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികനായി മുഴുവൻ ശുശ്രൂഷയും നിർവഹിച്ചപ്പോൾ ആരും നിനച്ചില്ല അടുത്ത ബുധനാഴ്ച അച്ചന്റെ ശവസംസ്കാരമെന്ന്.

അതിരൂപതയും വൈദികകൂട്ടായ്മയും അച്ചന്റെ ഹൃദയത്തിന്റെ ഭാഗമായിരുന്നു. സാദ്ധ്യമാകുന്നിടത്തോളം വൈദികകൂട്ടായ്മകളിൽ പങ്കെടുക്കുവാൻ അച്ചൻ ശ്രദ്ധിച്ചിരുന്നു. സ്വന്തം അദ്ധ്വാനഫലമായി വിളയിക്കുന്ന ഉൽപ്പന്നങ്ങളും പഴവർഗങ്ങളും അതിരൂപതാകേന്ദ്രത്തിലെത്തിച്ച് അഭി. പിതാക്കന്മാർക്കും സഹവൈദികർക്കും നൽകുന്നത് ബഹു. അച്ചന്റെ ഒരു പതിവായിരുന്നു. തന്റെ വിൽപത്രത്തിൽ അതിരൂപതയിലെ വിശ്രമജീവിതം നയിക്കുന്ന വൈദികർക്കായി തന്റെ സ്വത്തിൽ ഒരോഹരി അദ്ദേഹം മാറ്റിവച്ചിരുന്നു.

കർമ്മയോഗിയും മനുഷ്യസ്നേഹിയും മണ്ണിന്റെ സ്നേഹിതനും ബന്ധങ്ങളുടെ കണ്ണിയും ശാന്തനുമായ അജപാലകനായ ബഹു. ഏരുതനാട്ടച്ചൻ 2022 മെയ് 28 ന് സ്വർഗ്ഗീയ സമ്മാനത്തിനായി വിളിക്കപ്പെട്ടു. അച്ചന്റെ മൃതസംസ്കാര ശുശ്രൂഷ 2022 ജൂൺ 1, ബുധനാഴ്ച വായ്പൂർ സെന്റ് ജോസഫ് പള്ളിയിൽ അഭി. ജോസഫ് പെരുന്തോട്ടം പിതാവിന്റെയും അഭി. തോമസ് തറയിൽ പിതാവിന്റെയും കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. അച്ചന് ചങ്ങനാശേരി അതിരൂപതയിലെ വൈദികകൂട്ടായ്മയുടെ പ്രാർത്ഥനാപൂർവകമായ യാത്രാമംഗളങ്ങൾ.

ഫാ. ജേക്കബ് കാട്ടടി



# ഹൃദയത്തിൽ നിഷ്കളങ്കനായ വൈദികൻ കാഞ്ഞിക്കൽ കല്ലുപുര ബഹു. സക്കറിയാസച്ചൻ

പുളിങ്കുന്ന് സെന്റ് മേരീസ് ഇടവകയിൽ കാഞ്ഞിക്കൽ കല്ലുപുര പരേതരായ ഔസേപ്പച്ചന്റെയും ഏലിക്കുട്ടിയുടെയും നാലു മക്കളിൽ മൂത്തപുത്രനായി 1936 ഒക്ടോബർ 3-ാം തീയതി ജനിച്ചു. പരേതരായ തൊമ്മച്ചൻ, ഡോറമ്മ, റോസമ്മ എന്നിവരാണ് സഹോദരങ്ങൾ. പുളിങ്കുന്നിലെ വിദ്യാഭ്യാസത്തിനു ശേഷം സന്യാസസഭയിൽ ചേരണമെന്ന ആഗ്രഹത്തോടെ ട്രിച്ചിയിൽ ഈശോസഭയിൽ ചേർന്നു. എന്നാൽ പരിശീലനത്തിന്റെ അവസാനഭാഗമായപ്പോൾ സന്യാസജീവിതം തുടരാനാവില്ലെന്നു തീരുമാനിച്ചു ഈശോസഭയിൽനിന്നും വിടുതൽ നേടി. ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്തയായിരുന്ന അഭി. മാത്യു കാവുകാട്ടുപിതാവിനെ സമീപിച്ചു അതിരൂപതാവൈദികനാകുവാനുള്ള അപേക്ഷ സമർപ്പിച്ചു. കാവുകാട്ടുപിതാവ് ശെമ്മാശ്ശനെ അതിരൂപതയിലേയ്ക്കു സ്വീകരിക്കുകയും വൈദികപരിശീലനത്തിന്റെ അവസാനഭാഗം വടവാതൂർ സെമിനാരിയിൽ തുടരുവാൻ അനുവദിക്കുകയും ചെയ്തു.

1969-ൽ ഡിസംബർ 20-ാം വടവാതൂർ സെമിനാരിയിൽ തലശ്ശേരി രൂപതാദ്ധ്യക്ഷ്യൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവും പാലാ രൂപതാദ്ധ്യക്ഷ്യൻ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവും ചേർന്ന് പത്ത് ശെമ്മാശന്മാർക്ക് വൈദികപട്ടം നൽകിയവരിൽ സക്കറിയാസച്ചനും ഉണ്ടായിരുന്നു.

എലിക്കുളം ഉണ്ണിമിശിഹാ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായി 1970 -ൽ സക്കറിയാസച്ചൻ അജപാലനശുശ്രൂഷ ആരംഭിച്ചു. പിന്നീട് പുളിങ്കുന്ന്, കുടമാളൂർ എന്നീ പള്ളികളിൽ അസിസ്റ്റന്റ് വികാരിയായി സേവനം ചെയ്തു. തുടർന്ന് 1980-ൽ കൊണ്ടാക്കൽ സെന്റ് ജോസഫ് കുരിശുപള്ളി വികാരിയായി അദ്ദേഹം നിയമിതനായി. പിന്നീട് ചങ്ങങ്കരി, കണ്ടങ്കരി, മണലാടി, ആയൂർ, ചെറിയവെളിയനല്ലൂർ, പാലോട്, കണ്ണാടി, മാക്കന്നൂർ, ചെങ്കുളം, പുല്ലങ്ങടി പള്ളികളിലും, 2003-2005 വരെ കൊല്ലം - JPM സെന്ററിലും ശുശ്രൂഷചെയ്തു. 2011-ൽ പുല്ലങ്ങടി പള്ളിയിൽനിന്നും ഇത്തിത്താനത്തെ വൈദികമന്ദിരത്തിൽ


വിശ്രമജീവിതത്തിനായി എത്തിയ സക്കറിയാസച്ചൻ 2022 ജൂൺ 12-ന് തന്റെ സ്വർഗീയയാത്രവരെ അവിടെ ശാന്തമായി വിശ്രമിച്ചു.

കൊണ്ടാക്കൽ, ചങ്ങങ്കരി പള്ളികളിൽ ബഹു. സക്കറിയാസച്ചൻ ശുശ്രൂഷ ചെയ്തിരുന്ന കാലത്ത് ഞാൻ ചമ്പക്കുളത്തും എടത്വായിലും അസിസ്റ്റന്റ് വികാരിയായി സേവനം ചെയ്തിരുന്നു. ചമ്പക്കുളത്തും എടത്വായിലും തിരക്കുള്ള സമയങ്ങളിൽ സഹായം ചോദിച്ചാൽ സന്മനസ്സോടെവന്നു അദ്ദേഹം സഹായിക്കുമായിരുന്നു. വളരെ വിനീതമായ ഒരു ജീവിതശൈലിയായിരുന്നു അച്ചന്റേത്. ആരുടെയും കുറ്റം പറയുവാൻ അദ്ദേഹം ശ്രമിച്ചിരുന്നില്ല. സെമിനാരിക്കാലത്തിന്റെ അവസാനഘട്ടത്തിൽ ചങ്ങനാശേരിയിൽ വന്നുചേർന്നതുകൊണ്ട് സെമിനാരിക്കാല സുഹൃത്തുക്കൾ വളരെ കുറച്ചേ സക്കറിയാസച്ചന് ഉണ്ടായിരുന്നൊള്ളൂവെങ്കിലും ഉള്ളവരോടു നല്ല സൗഹൃദവുമായിരുന്നു.

പഠനത്തോട് കല്ലുപുരയച്ചന് വലിയ താത്പര്യമായിരുന്നു. അഭി. പടിയറപിതാവിനോട് പ്രത്യേക അനുവാദം വാങ്ങി സാഗർ യൂണിവേഴ്സിറ്റിയിൽ നിന്നും MA English ഒന്നാം റാങ്കോടെ അദ്ദേഹം പാസ്സായി. അച്ചൻ ധാരാളം പുസ്തകങ്ങൾ വാങ്ങി വായിക്കുകയും വായനയിൽ താത്പര്യമുള്ളവർക്ക് അവ നൽകുകയും ചെയ്തിരുന്നു. സക്കറിയാസച്ചന്റെ വായനകൾ അദ്ദേഹത്തിന്റെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. അതിന്റെ പ്രതിഫലനം ചിന്തകളിലും ജീവിതശൈലികളിലും കടന്നുവന്നിട്ടുണ്ട്. ഹൃദയത്തിൽ നിഷ്കളങ്കനായ ഒരു വൈദികനായിരുന്നു സക്കറിയാസച്ചൻ. ഏൽപ്പിക്കപ്പെട്ട അജപാലന ഉത്തരവാദിത്വങ്ങളെല്ലാം നന്നായി നിർവ്വഹിച്ച് സ്വർഗത്തിലേയ്ക്ക് യാത്രയായ ബഹു. സക്കറിയാസച്ചന് ഹൃദയപൂർവ്വം നിത്യശാന്തി നേരുന്നു.

കല്ലുപുര ബഹു. സക്കറിയാസച്ചന്റെ മൃതസംസ്കാര ശുശ്രൂഷ 2022 ജൂൺ 14-ാം തീയതി ചൊവ്വാഴ്ച്ച പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ അഭി. മാർ തോമസ് തറയിൽ പിതാവിന്റെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. ബഹു. സക്കറിയാസച്ചന് അതിരൂപതാ വൈദികകൂട്ടായ്മയുടെ പ്രാർത്ഥനാ പൂർവകമായ യാത്രാമംഗളങ്ങൾ.

ഫാ. ജോൺ വി. തടത്തിൽ



## സെന്റ് ജോസഫ് പ്രീസ്റ്റ് പ്രൊവിഡന്റ് ഫണ്ട് അസോസിയേഷൻ അറിയിപ്പ്

2022 മെയ്, ജൂൺ മാസങ്ങളിൽ PPFA കുടുംബത്തിൽനിന്നും നിത്യസമ്മാനത്തിന് യാത്രയായ റവ. ഫാ. ജോസഫ് എരുതനാട്ട്, റവ. ഫാ. സക്കറിയാസ് കല്ലുപുര എന്നിവരെ നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം. എല്ലാ അംഗങ്ങളും ബഹു. അച്ചന്മാരുടെ നിയോഗത്തിൽ ഓരോ വി. കുർബാന വീതം അർപ്പിക്കേണ്ടതാണ്.

സ്നേഹപൂർവ്വം,

**ഫാ. റ്റോം ആര്യങ്കാല**
(സെക്രട്ടറി)

# കരുതൽ 2022

| | FORANES | Families | Amount | Average | Completed Churches |
|---|---|---|---|---|---|
| **AMBOORI** | | | | | |
| 1 | Amboori | 560 | 234261 | 418 | |
| 2 | Dalumugham | 115 | 20450 | 177.82 | |
| 3 | Kuchapuram (CMI) | 175 | | | |
| 4 | Mayam | 228 | 106000 | 464.91 | |
| 5 | Rajagiri | 78 | 21000 | 269.23 | |
| 6 | Thekkupara | 87 | 21550 | 247.7 | |
| 7 | Vavode | 96 | 45700 | 476 | |
| 8 | Pachakkadu | 38 | | | |
| | | 1377 | **448961** | | 6 |
| **ALAPPUZHA** | | | | | |
| 1 | Alappuzha | 987 | 200150 | 202 | |
| 2 | Arattuvazhy | 310 | | | |
| 3 | Arunoottampadam | 295 | 57880 | 196 | |
| 4 | Aryad | 237 | 67400 | 284.38 | |
| 5 | Chathanadu | 180 | 51450 | 285.83 | |
| 6 | Kainakary | 320 | 60050 | 187.65 | |
| 7 | Kaithavana | 380 | | | |
| 8 | Kuttamangalam | 96 | | | |
| 9 | Pallathuruthy | | 61450 | 339.5 | |
| 10 | Poonthope | 982 | | | |
| 11 | Punnamada | 310 | | | |
| 12 | Punnapra | 396 | 108650 | 274 | |
| 13 | Purakkadu | 320 | 130330 | 407.28 | |
| 14 | Puthenangady | 430 | 115800 | 269 | |
| 15 | Thathampally | 1500 | 450000 | 300 | |
| | | 6743 | **1303160** | | 10 |
| **ATHIRAMPUZHA** | | | | | |
| 1 | Athirampuzha | 2485 | | | |
| 2 | Arumanoor | 167 | 131150 | 785 | |
| 3 | Athirampuzha Lissieux | 215 | | | |
| 4 | Cheruvandoor | 480 | 254490 | 530.18 | |
| 5 | Ettumanoor | 820 | 330150 | 402.62 | |
| 6 | Kattachira | 185 | 82000 | 443.24 | |
| 7 | Kottackupuram | 740 | | | |
| 8 | Mannanam XII Apostle | 432 | 50400 | 116 | |
| 9 | Mannarkunnu | 510 | 123990 | 243.11 | |
| 10 | Nalpathimala | 394 | 100500 | 255.07 | |
| 11 | Pallikkunnu | 135 | | | |
| 12 | Punnathura | 466 | 150000 | 321.88 | |

| | | | | | |
|---|---|---|---|---|---|
| 13 | Thellakom (Pushpagiri) | 580 | 500000 | 862 | |
| 14 | Vettimukal | 840 | 165000 | 196 | |
| | | 8449 | **1887680** | | 10 |
| **CHAMPAKULAM** | | | | | |
| 1 | Champakulam Basilica | 1249 | 377020 | 301 | |
| 2 | Chennamkary - W | 393 | | | |
| 3 | Chennamkary (Koolippura) | 127 | 50750 | 399.6 | |
| 4 | Kandankary | 153 | 21620 | 141.3 | |
| 5 | Kondakkal | 270 | 222222 | 823 | |
| 6 | Narbonapuram | 210 | 95805 | 456.21 | |
| 7 | Nazareth | 229 | 48750 | 212.88 | |
| 8 | Padaharam | 137 | 30000 | 218.97 | |
| 9 | Ponga | 194 | 59830 | 308.4 | |
| 10 | Pullangady | 150 | 60950 | 406.33 | |
| 11 | Thekkekara | 333 | 87250 | 262 | |
| 12 | Thekkekara St. Sebastian | 56 | 56050 | 1037.96 | |
| 13 | Thottuvathala | 115 | 26970 | 234.52 | |
| 14 | Vadakkeamichakary | 183 | 115200 | 629.5 | |
| 15 | Vaisyambhagam | 251 | 101375 | 403.88 | |
| | | 4050 | **1353792** | | 14 |
| **CHANGANACHERRY** | | | | | |
| 1 | Changanacherry Metropoli. | 2483 | 1000161 | 402.8 | |
| 2 | Cheeramchira | 360 | 200000 | 555.55 | |
| 3 | Chethipuzha | 1800 | 469801 | 261 | |
| 4 | Kidangara | 170 | 90000 | 529.41 | |
| 5 | Kumaramkary | 126 | 12660 | 100.47 | |
| 6 | Laikkadu | 319 | 80765 | 253.18 | |
| 7 | Mahendrapuram | 42 | 18200 | 433.33 | |
| 8 | Manackachira | 168 | 45790 | 275.55 | |
| 9 | Paral | 201 | 53750 | 267.41 | |
| 10 | Parel | 960 | 525421 | 547.31 | |
| 11 | Perunna East | 120 | 75400 | 628.33 | |
| 12 | Pulimugham | 46 | 26450 | 575 | |
| 13 | Puzhavathu | 182 | 91580 | 503.18 | |
| 14 | Vazhappally WEST | 85 | 42170 | 496.11 | |
| 15 | Veroor | 1195 | | | |
| 16 | Vettithuruth | 137 | 38400 | 280.29 | |
| | | 8394 | **2770548** | | 15 |
| **CHENGANNUR** | | | | | |
| 1 | Chengannur | 89 | 45450 | 510 | |
| 2 | Adoor | 55 | | | |
| 3 | Ayroor | 56 | 31700 | 566.07 | |
| 4 | Ezhumattoor | 54 | 6200 | 114 | |
| 5 | Kallooppara | 41 | 26000 | 634 | |
| 6 | Mavelikara | 59 | 22000 | 372.88 | |
| 7 | Nedumon | 30 | | | |
| 8 | Pandalam | 24 | 10000 | 416.66 | |

| | | | | | |
|---|---|---|---|---|---|
| 9 | Thadiyoor | 49 | 14500 | 295.91 | |
| | | 457 | **155850** | | 7 |
| **EDATHUA** | | | | | |
| 1 | Edathua | 2142 | 600000 | 280.11 | |
| 2 | Karumady | 170 | 89050 | 523.82 | |
| 3 | Karuvatta | 170 | 25000 | 147.05 | |
| 4 | Kelamangalam | 99 | | | |
| 5 | Kizhake Mithrakary | 210 | 66800 | 318.09 | |
| 6 | Koduppunna | 160 | | | |
| 7 | Muttar CMI | 72 | 27200 | 377.77 | |
| 8 | Muttar OLD | 420 | 113600 | 270.47 | |
| 9 | Muttar NEW | 230 | 88600 | 385.21 | |
| 10 | Niranam Pilgrim Centre | 30 | 18100 | 603.33 | |
| 11 | Pacha Chekkidikadu | 680 | 197025 | 289.74 | |
| 12 | Pandy | 137 | 20000 | 145.98 | |
| 13 | Puthukary | 335 | 45000 | 134 | |
| 14 | Thakazhy, Thennady | 331 | 104750 | 316.46 | |
| 15 | Thayankary | 200 | 52200 | 261.5 | |
| 16 | Ambalapuzha | 125 | 27400 | 219.2 | |
| 17 | Changamkary | 234 | 64810 | 276.96 | |
| 18 | Kariyil | 72 | 23450 | 325.69 | |
| 19 | Mariyapuram | 320 | 122450 | 382.65 | |
| 20 | Pandamkary, Edathua | 210 | 52125 | 248 | |
| 21 | Koilmukku, Edathuva | 212 | 41650 | 196.46 | |
| 22 | Kumarapuram, Karuvatta | 36 | 6260 | 173.88 | |
| | | 6595 | **1785470** | | 20 |
| **KOLLAM-AYOOR** | | | | | |
| 1 | Ayoor | 100 | 175500 | 1755 | |
| 2 | Anakulam | 52 | 22950 | 441 | |
| 3 | Anchal | 80 | 76500 | 956.25 | |
| 4 | Aryankavu | 270 | 106760 | 395.4 | |
| 5 | Chenkulam | 25 | 4300 | 172 | |
| 6 | Cherukadavu | 19 | 10750 | 565.78 | |
| 7 | Cheriyavelinalloor | 60 | 60000 | 1000 | |
| 8 | Edappalayam | 118 | 85000 | 720.33 | |
| 9 | Karavaloor | 47 | 31250 | 664.89 | |
| 10 | Kollam, Kadappakada | 144 | 202700 | 1407.63 | |
| 11 | Kottarakara, Pulamon | 40 | 18250 | 456.25 | |
| 12 | Kulathupuzha | 12 | 11500 | 958.33 | |
| 13 | Kuttikonam (Makkannoor) | 116 | 13000 | 112 | |
| 14 | Meenkulam | 110 | 100200 | 910.9 | |
| 15 | Narikkallu | 60 | 40040 | 667.33 | |
| 16 | Pazhayeroor | 34 | 27500 | 808.82 | |
| 17 | Philgiri | 152 | 56650 | 369 | |
| 18 | Punaloor | 135 | 139811 | 1035.63 | |
| 19 | Venchempu | 90 | 39500 | 438.88 | |

| | | | | | |
|---|---|---|---|---|---|
| 20 | Pathanapuram | 32 | | | |
| | | 1696 | **1222161** | | 19 |
| **KOTTAYAM** | | | | | |
| 1 | Kottayam | 1321 | 435070 | 329 | |
| 2 | Aruvikuzhy | 425 | 117575 | 276.64 | |
| 3 | Ayarkunnam | 950 | 411950 | 433.63 | |
| 4 | Cheppumpara | 290 | 127430 | 439.41 | |
| 5 | Eravinalloor | 65 | 10600 | 163.67 | |
| 6 | Kaduvakulam (Kollad) | 415 | 92750 | 223 | |
| 7 | Kooroppada | 300 | 73150 | 243.83 | |
| 8 | Pampady | 110 | 67650 | 615 | |
| 9 | Pangada | 137 | 36000 | 262 | |
| 10 | Puthupally (CMI) | 400 | | | |
| 11 | Thazhathangady | 189 | 44750 | 236 | |
| 12 | Vadavathoor | 310 | 140630 | 453.64 | |
| | | 4912 | **1557555** | | 11 |
| **KUDAMALOOR** | | | | | |
| 1 | Kudamaloor Major Archi. | 1500 | | | |
| 2 | Aickarachira | 441 | 42000 | 95 | |
| 3 | Arppookkara, Villoonni | 873 | 200000 | 229.09 | |
| 4 | Arppookkara Little Flower | 306 | 110000 | 359 | |
| 5 | Cheeppunkal | 67 | | | |
| 6 | Chengalam | 76 | 16500 | 217 | |
| 7 | Kiliroor | 144 | 65050 | 451.73 | |
| 8 | Kumarakam Vadakkumkara | 170 | 52700 | 310 | |
| 9 | Kumarakom Nava Nazareth | 240 | 76875 | 320 | |
| 10 | Kumaranalloor | 190 | 81500 | 428.94 | |
| 11 | Mannanam (CMI) | 370 | | | |
| 12 | Mudiyoorkara | 670 | | | |
| 13 | Parampuzha | 878 | | | |
| | | 7411 | **644625** | | 8 |
| **KURUMPANADAM** | | | | | |
| 1 | Kurumpanadam | 1375 | 337170 | 245.21 | |
| 2 | Eravuchira | 370 | 100000 | 270.27 | |
| 3 | Kurumpanadam Assumption | 580 | 126920 | 218.82 | |
| 4 | Madappally | 824 | | | |
| 5 | Mammoodu | 1350 | | | |
| 6 | Mannila | 230 | 75000 | 326 | |
| 7 | Rajamattam | 280 | 31750 | 113 | |
| 8 | Thottackad | 600 | 212000 | 353.33 | |
| | | 5609 | **882840** | | 6 |
| **MANIMALA** | | | | | |
| 1 | Manimala | 633 | 141890 | 224.15 | |
| 2 | Chunkappara | 179 | | | |
| 3 | Kadayanickadu | 300 | 91181 | 303.93 | |
| 4 | Karikkattoor | 403 | 71290 | 176.89 | |

| | | | | | |
|---|---|---|---|---|---|
| 5 | Karimpanakulam | 463 | 115050 | 248.48 | |
| 6 | Kottangal | 188 | 45900 | 504.78 | |
| 7 | Kulathoor | 265 | 100000 | 377.35 | |
| 8 | Manimala (NEW) | 328 | 52600 | 160.36 | |
| 9 | Nirmalapuram | 35 | 15800 | 451 | |
| 10 | Perumkavu | 90 | | | |
| 11 | Vallamchira | 141 | 7450 | 52.83 | |
| | | 3025 | **641161** | | 9 |
| **MUHAMMA** | | | | | |
| 1 | Muhamma | 549 | 100000 | 182.14 | |
| 2 | Charamangalam | 126 | 30100 | 238.88 | |
| 3 | Kalavoor | 120 | 24950 | 207.91 | |
| 4 | SL Puram | 52 | 14700 | 282.69 | |
| 5 | Paduvapuram | 91 | 14150 | 155 | |
| 6 | Mannancherry | 175 | 33300 | 190.28 | |
| | | 1113 | **217200** | | 6 |
| **NEDUMKUNNAM** | | | | | |
| 1 | Nedumkunnam | 1257 | 440800 | 350.67 | |
| 2 | Anickad | 39 | 10800 | 276.92 | |
| 3 | Champakara | 719 | 119410 | 166 | |
| 4 | Koothrappally | 1217 | 302560 | 248.61 | |
| 5 | Mallappally | 189 | 30000 | | |
| 6 | Mundathanam | 205 | 63500 | 309.75 | |
| 7 | Nedumanny | 351 | 102760 | 292.76 | |
| 8 | Panayampala | 160 | 70150 | 438 | |
| 9 | Pulickalkavala | 387 | 100390 | 259.4 | |
| 10 | Punnaveli | 179 | 60210 | 336 | |
| 11 | Thazhathuvadakara | 190 | 76400 | 402.1 | |
| 12 | Vaipur NEW | 288 | 42330 | 146.97 | |
| 13 | Vaipur OLD | 284 | 75531 | 265.95 | |
| 14 | Vettickalpurayidam | 70 | 10300 | 147.14 | |
| | | 5535 | **1505141** | | 14 |
| **PULINCUNNOO** | | | | | |
| 1 | Pulincunnoo | 968 | 238310 | 246 | |
| 2 | Kannady St. Ritas | 173 | 33600 | 194.21 | |
| 3 | Kannady St. Joseph | 128 | 38881 | 303.75 | |
| 4 | Kavalam St Therasa's | 486 | 164150 | 337.75 | |
| 5 | Kavalam (Lisieux) | 281 | 45960 | 163.55 | |
| 6 | Kayalpuram St. Antonys | 133 | 29750 | 223.68 | |
| 7 | Kayalpuram | 430 | 250450 | 582 | |
| 8 | Mampuzhakary | 210 | 45330 | 215.85 | |
| 9 | Manalady | 130 | 59550 | 458.07 | |
| 10 | Mithrakary St. Xaviers | 210 | 76450 | 364.04 | |
| 11 | Moncompu | 175 | 62000 | 354.28 | |
| 12 | Pallikkoottumma | 182 | 36125 | 198.48 | |
| 13 | Punnakunnathusserry | 246 | | | |

| | | | | | |
|---|---|---|---|---|---|
| 14 | Ramankary | 203 | 60000 | 295.56 | |
| 15 | Veliyanadu South St. Xaviers | 305 | 75920 | 248.91 | |
| 16 | Veliyanadu North St. Joseph | 30 | 9610 | 320.33 | |
| 17 | Veliyanadu North (Kesaria) | 128 | 59430 | 401.79 | |
| 18 | Vezhapra | 252 | 26130 | 103.69 | |
| | | 4670 | **1311646** | | 17 |
| **THIRUVANANTHAPURAM** | | | | | |
| 1 | Thiruvananthapuram | 761 | 878402 | 1154 | |
| 2 | Kannammoola | 190 | 135700 | 714 | |
| 3 | Karyavattam | 180 | 127600 | 708.88 | |
| 4 | Mannanthala | 344 | 135500 | 393.31 | |
| 5 | Palode | 30 | 4110 | 137 | |
| 6 | Peroorkada | 244 | 450050 | 1844.46 | |
| 7 | Pongummoodu | 177 | 450600 | 2545 | |
| 8 | Sreekaryam | 265 | 236602 | 892.83 | |
| 9 | Thirumala | 183 | 132900 | 726.22 | |
| 10 | Thiruvallam | 76 | 26500 | 348.68 | |
| 11 | Vattiyoorkavu | 175 | 154900 | 885.14 | |
| 12 | Vithura | 35 | 7000 | 200 | |
| 13 | Vizhinjam | 40 | | | |
| 14 | Attingal | 25 | 14500 | 580 | |
| 15 | Killy | 20 | 38800 | 1940 | |
| 16 | Nedumangadu | | 9000 | | |
| 17 | Uchakada (Vizhinjam) | | | | |
| 18 | Vellayani | 62 | 21151 | 352.51 | |
| 19 | Kesavadasapuram | 252 | 160700 | 637 | |
| | | 2957 | **2984015** | | 17 |
| **THRICKODITHANAM** | | | | | |
| 1 | Thrickodithanam | 1735 | 544254 | 313.69 | |
| 2 | Chanjody | 680 | 113420 | 166 | |
| 3 | Fathimapuram | 600 | 315720 | 526 | |
| 4 | Kodinattumkunnu | 576 | 217315 | 377.28 | |
| 5 | Kunnamthanam | 309 | 71015 | 229 | |
| 6 | Mundupalam | 523 | 103470 | 197.89 | |
| 7 | Paippadu - Nalukody | 1200 | | | |
| 8 | Paippadu Lourdes Matha | 649 | 100000 | 154 | |
| 9 | Thiruvalla | 170 | 50000 | 294.11 | |
| | | 6442 | **1515194** | | 8 |
| **THURUTHY** | | | | | |
| 1 | Thuruthy | 700 | 266100 | 380.14 | |
| 2 | Eara | 84 | 22230 | 264.64 | |
| 3 | Ithithanam | 1010 | 262900 | 260 | |
| 4 | Kainady | 263 | | | |
| 5 | Kavalam (North) St. Joseph | 107 | 11150 | 104.2 | |
| 6 | Kurichy | 348 | 180000 | 517.24 | |
| 7 | Payattupakka | 51 | 24850 | 487.25 | |

| | | | | | |
|---|---|---|---|---|---|
| 8 | Podippara | 510 | 200000 | 392.15 | |
| 9 | Vadakkekara | 497 | 241600 | 486.11 | |
| 10 | Yudapuram | 155 | 20925 | 135 | |
| | | 3725 | **1229755** | | 9 |
| **INSTITUTIONS** | | | | | |
| 1 | St. Joseph Orphanage Press | | 25000 | | |
| 2 | S.H. Hostel Kilimala | | 50000 | 75000 | 2 |
| | **TOTAL** | | **23491754** | | **208** |
| | Churches - 206/240 | | | | |
| | Institutions -2 | | | | |

## ചങ്ങനാശേരി അതിരൂപത
## കോർപ്പറേറ്റ് മാനേജ്മെന്റ്

## Teachers Selection Test

ചങ്ങനാശേരി അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിൽ ഹൈസ്കൂൾ വരെയുള്ള നിയമനങ്ങൾക്കായി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള എഴുത്തുപരീക്ഷ 2023 ഏപ്രിൽ 22 (ശനി) രാവിലെ 9.30 ന് ചങ്ങനാശേരി എസ്.ബി. ഹയർ സെക്കൻഡറി സ്കൂളിൽ നടത്തുന്നതായിരിക്കും.

**വിഷയങ്ങൾ:** ടി.ടി.സി, മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, നാച്ചുറൽ സയൻസ്, സോഷ്യൽ സയൻസ്, ഇംഗ്ലീഷ്, മലയാളം, എച്ച്. എസ്.റ്റി. ഹിന്ദി, എൽ. ജി. ഹിന്ദി, സംസ്കൃതം, ഡ്രോയിങ്, ഫിസിക്കൽ എജ്യുക്കേഷൻ, തയ്യൽ, മ്യൂസിക്.

അധ്യാപക നിയമനങ്ങൾക്ക് ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയും ബന്ധപ്പെട്ട കാറ്റഗറിയിലുള്ള കെ. റ്റെറ്റ്. യോഗ്യതയും അല്ലെങ്കിൽ കെ. റ്റെറ്റിന് പകരമായി അംഗീകരിച്ചിരിക്കുന്ന പി.എച്ച്.ഡി., എം.ഫിൽ, നെറ്റ്, സെറ്റ്, സി. റ്റെറ്റ്, എം.എഡ്. ഇവയിൽ ഏതെങ്കിലുമുള്ള ചങ്ങനാശേരി അതിരൂപതാംഗങ്ങളായ ഉദ്യോഗാർത്ഥികൾക്ക് ഇടവക തെളിയിക്കുന്ന ബഹു. വികാരിയച്ചന്റെ കത്തുമായി വന്നു കോർപ്പറേറ്റ് മാനേജ്മെൻറ് ഓഫീസിൽനിന്ന് നിശ്ചിത ഫീസ് അടച്ച് ഇപ്പോൾ അപേക്ഷ ഫോം വാങ്ങാവുന്നതാണ്.

അപേക്ഷ പൂരിപ്പിച്ച് സമർപ്പിക്കേണ്ട അവസാന തീയതി 2023 മാർച്ച് 15.

**ഫാ. മനോജ് കറുകയിൽ**
(കോർപ്പറേറ്റ് മാനേജർ)

പോങ്ങുമ്മൂട് സെന്റ് അൽഫോൻസാ തീർഥാടന കേന്ദ്രത്തിൽ

# അഖില കേരള അൽഫോൻസിയൻ ഫെസ്റ്റിവൽ മെഗാ ക്വിസ് 2022

**പ്രാഥമിക റൗണ്ട്: ഓൺലൈൻ മത്സരം**

**2022 ജൂലൈ 24 രാത്രി 8 മണിക്ക്**

## ഫെസ്റ്റിവൽ മെഗാ ഫൈനൽ മത്സരം

**2022 ആഗസ്റ്റ് 07 ഞായർ രാവിലെ 10.30 ന്**

(പോങ്ങുമ്മൂട് അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽവച്ച്)

### പഠനവിഷയങ്ങൾ

1. വി. അൽഫോൻസാമ്മ അഥവാ സ്നേഹബലി എന്ന പുസ്തകം 50%
2. 2022 ലെ ലോഗോസ് മത്സര വിഷയങ്ങൾ 30%
3. സീറോ മലബാർ സഭയുടെ കുർബാന പുസ്തകം, നവീകരിച്ചത് (ജനങ്ങൾ ഉപയോഗിക്കുന്നത്) 10%
4. സഭാപരമായ പൊതു ചോദ്യങ്ങൾ 10%

**രജിസ്ട്രേഷൻ ഫീസ്**

- ❖ പ്രാഥമിക റൗണ്ടിൽ പങ്കെടുക്കുന്നവർ ജി പേ, +91 9495064249 എന്ന നമ്പറിലോ +91 9446119036 എന്ന നമ്പറിലോ 2022 ജൂലൈ 18 ന് വൈകുന്നേരം 5 മണിക്ക് മുമ്പ് 10 രൂപാ ചെയ്യേണ്ടതാണ്. ജി പേ ചെയ്യുമ്പോൾ കുട്ടിയുടെ പേരും സ്ഥലവും (നോട്ട് സെക്ഷനിൽ) ചേർക്കേണ്ടതാണ്.
- ❖ രജിസ്ട്രേഷൻ നടത്തുന്നവരുടെ വാട്സാപ്പ് ഗ്രൂപ്പ് ക്രിയേറ്റ് ചെയ്ത് ജൂലൈ 24 ഞായർ വൈകിട്ട് 8 മണിക്ക് ഓൺലൈൻ ചോദ്യപേപ്പർ (ഗൂഗിൾ ഫോം) നൽകുന്നതാണ്.
- ❖ രജിസ്ട്രേഷൻ നടത്തുന്ന വിദ്യാർഥികളുടെ വാട്സാപ്പ് നമ്പറിലേയ്ക്ക് ജൂലൈ 19 രാവിലെ 10 മണിക്ക് 10 ചോദ്യങ്ങളടങ്ങിയ ട്രയൽ ക്വിസ് ചോദ്യാവലി അയച്ചു തരുന്നതാണ്.
- ❖ ഫൈനൽ റൗണ്ടിൽ പങ്കെടുക്കുന്നവർക്ക് ഒരു ടീമിന് 100 രൂപ രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്.
- ❖ മത്സരാർഥികൾക്ക് ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്.

### നിബന്ധനകൾ

- ❖ സ്കൂളിലും സൺഡേ സ്കൂളിലും 5 മുതൽ 12 വരെ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കാണ് മത്സരം നടത്തുന്നത്.
- ❖ പ്രാഥമിക റൗണ്ട് വ്യക്തിഗത മത്സരമായിരിക്കും. ഓൺലൈനായിട്ടാണ് നടത്തപ്പെടുന്നത്.
- ❖ വ്യക്തിഗത മത്സരത്തിൽ ഒരിടവകയിൽനിന്ന്/സ്കൂളിൽനിന്ന് എത്ര കുട്ടികൾക്കു വേണമെങ്കിലും പങ്കെടുക്കാവുന്നതാണ്.
- ❖ പ്രാഥമിക റൗണ്ടിൽ ഓരോ ഇടവകയിൽനിന്ന് / സ്കൂളിൽനിന്ന് ഏറ്റവും കൂടുതൽ മാർക്കുവാങ്ങുന്ന 2 കുട്ടികൾ വീതമടങ്ങിയ 2 ടീമിനായിരിക്കും ഫൈനൽ റൗണ്ടിലേയ്ക്ക് പ്രവേശനം ലഭിക്കുന്നത്. ഇപ്രകാരം ഒരിടവകയിൽനിന്ന് / സ്കൂളിൽനിന്ന് പരമാവധി 4 കുട്ടികൾക്കായിരിക്കും ഫൈനലിന് യോഗ്യത ലഭിക്കുന്നത്. പ്രസ്തുത ടീം അംഗങ്ങൾ പ്രാഥമിക റൗണ്ടിൽ മത്സരിച്ചു വിജയികളായവർ ആയിരിക്കണം.
- ❖ പങ്കെടുക്കുന്നവർ ഇടവകവികാരി/സ്കൂൾ പ്രിൻസിപ്പാൾ/സ്കൂൾ ഹെഡ്മാസ്റ്ററിന്റെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
- ❖ മത്സരം മലയാളത്തിലായിരിക്കും നടത്തപ്പെടുന്നത്.
- ❖ പ്രാഥമിക റൗണ്ട് മത്സരം 100 ചോദ്യങ്ങളടങ്ങിയ ഒബ്ജക്ടീവ് ടൈപ്പ് ആയിരിക്കും.
- ❖ പ്രാഥമിക റൗണ്ട് മത്സര സമയം ഒന്നര മണിക്കൂർ ആയിരിക്കും. ഈ റൗണ്ടിൽ ആവശ്യമെങ്കിൽ പഠന സഹായികൾ ഉപയോഗിക്കാവുന്നതാണ്.

### അൽഫോൻസിയൻ ഫെസ്റ്റിവൽ മെഗാഫൈനൽ ക്വിസ്

- ❖ ഫൈനൽ റൗണ്ട് മൂന്നു ഘട്ടങ്ങളായിട്ടാണ് നടത്തപ്പെടുന്നത്. ആദ്യ രണ്ടു ഘട്ടങ്ങളിലും വിജയികളാകുന്ന 5 ടീമുകൾക്കായിരിക്കും മെഗാ ഫൈനൽ മത്സരത്തിനു യോഗ്യത ലഭിക്കുന്നത്.
- ❖ മെഗാഫൈനൽ മത്സരം ഓഗസ്റ്റ് 07 ഞായർ ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തപ്പെടുന്നതാണ്.
- ❖ മെഗാഫൈനൽ മത്സരം വിവിധ റൗണ്ടുകളായി ദൃശ്യ – ശ്രാവ്യ മാധ്യമങ്ങളുടെ സഹായത്തോടെ നടത്തപ്പെടുന്നതാണ്.

**കൂടുതൽ വിവരങ്ങൾക്ക്**

ഫാ. മോബൻ ചൂരവടി (ഡയറക്ടർ)
കെ. യു. ജോണി കൊല്ലിയിൽ
(ഹെഡ്മാസ്റ്റർ) 9605036624
ജോസ് ഹോർമിസ് പരുത്തിക്കൽ
(ജനറൽ കൺവീനർ) 9495064249

മിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

ഇടവകയിലും ഫൊറോനയിലും അതിരൂപതയിലുമൊക്കെയായി MAACന് ഓരോരുത്തരും നൽകികൊണ്ടിരിക്കുന്ന സേവനങ്ങൾക്കും പ്രോത്സാഹനത്തിനും നന്ദി. MAAC TV, MAAC RADIO അതിരൂപതയുടെ ഔദ്യോഗിക FB page എന്നിവയിലൂടെ ലഭ്യമാകുന്ന MAAC TEAMന്റെ ശുശ്രൂഷകൾ എല്ലാവർക്കും ഉപകാരപ്പെടുന്നുണ്ടെന്ന് വിശ്വസിക്കുന്നു. നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## MAAC TEAM ഇടവകളിലും ഫൊറോനയിലും

മാധ്യമപ്രേക്ഷിതത്വം എന്നും ഒരു കൂട്ടായ പ്രവൃത്തിയാണ്. ആയതിനാൽ അതിന്റെ Pre production, Production, Post production തലങ്ങളിൽ പലവിധത്തിൽ ഒരോരുത്തർക്കും നമ്മുടെ ഈ ടീമിന്റെ ഒപ്പം നിൽക്കാം. മുമ്പ് അറിയിച്ചിരുന്നതുപോലെ വികാരിയച്ചന്മാർ അതാത് ഇടവകകളിൽ മാധ്യമരംഗത്ത് കഴിവുള്ളതും സഭാപരമായ കാര്യങ്ങളിൽ കൂടുതൽ താത്പര്യമുള്ളവരുമായ 5 പേരെ കണ്ടെത്തിയിട്ടുണ്ടാവുമല്ലോ. ഫൊറോനാ ഡയറക്ടറച്ചന്മാർ ആവശ്യപ്പെടുന്നതനുസരിച്ച് അതിരൂപതാ ടീം ഇവർക്ക് ആവശ്യമായ നിർദ്ദേശങ്ങളും പരിശീലനവും നൽകുന്നതുമാണ്.

**ഫൊറോനാ ഡയറക്ടേഴ്സ്**

01. ആലപ്പുഴ - ഫാ. തോമസ് കമ്പിയിൽ
02. അമ്പൂരി - ഫാ. സെബാസ്റ്റ്യൻ ശൗര്യമാക്കൽ
03. അതിരമ്പുഴ - ഫാ. ചാക്കോ ഇടമുറിയിൽ
04. ചമ്പക്കുളം - ഫാ. വർഗീസ് നമ്പിശേരിക്കളം
05. ചങ്ങനാശേരി - ഫാ. മാത്യു കരിക്കണ്ടം
06. എടത്വാ - ഫാ. തോമസ് പൂവത്തോലിൽ
07. കൊല്ലം-ആയൂർ - ഫാ. ആന്റണി കാച്ചാംകോട്
08. കോട്ടയം - ഫാ. ആന്റണി കിഴക്കേതലയ്ക്കൽ
09. കുടമാളൂർ - ഫാ. ഗീവർഗീസ് അരഞ്ഞാണിയിൽ
10. കുറുമ്പനാടം - ഫാ. വർഗീസ് മൂന്നുപറയിൽ
11. മണിമല - ഫാ. ജേക്കബ് നടുവിലേക്കളം
12. നെടുങ്കുന്നം - ഫാ. സെബാസ്റ്റ്യൻ ചാലയ്ക്കൽ
13. പുളിങ്കുന്ന് - ഫാ. ബ്ലെസ് കരിങ്ങണാമറ്റം
14. തിരുവനന്തപുരം - ഫാ. മാത്യു കുന്നുമ്പറത്ത് എം.സി.ബി.എസ്
15. തൃക്കൊടിത്താനം - ഫാ. ജയിംസ് പുളിച്ചമാക്കൽ
16. തുരുത്തി - ഫാ. എബി ഈട്ടിക്കൽ എം.സി.ബി.എസ്
17. ചെങ്ങന്നൂർ - ഫാ. ജോഫി പുതുപ്പറമ്പ്
18. മുഹമ്മ - ഫാ. മെൽവിൻ പുതിയിടം

ഫൊറോനാ ഡയറക്ടമാരായി ശുശ്രൂഷ ചെയ്തശേഷം മറ്റു ഫൊറോനകളിലേയ്ക്ക് സ്ഥലം മാറിപ്പോയ പ്രിയപ്പെട്ട അച്ചന്മാർക്കും പുതിയ ഡയറ്കടന്മാരായി ശുശ്രൂഷ ഏറ്റെടുത്തവർക്കും MAAC TEAM ന്റെ എല്ലാ ആശംകളും അറിയിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോഫി പുതുപ്പറമ്പ്** (9496935651)
**ഫാ. ലൈജു കണിച്ചേരിൽ** (9496802254)
**ഫാ. ആന്റണി ഏത്തയ്ക്കാട്**

മിശിഹായിൽ പ്രിയമുള്ളവരേ,

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികമാണ് ജൂലൈ 3ന് ദുക്റാന തിരുനാളിൽ നാം ആചരിക്കുന്നത്. മിശിഹായിലുള്ള വിശ്വാസവും അവിടുത്തോടുള്ള ആഴമായ സ്നേഹബന്ധ വുമാണല്ലോ കർത്താവും ദൈവവുമായി അവിടുത്തെ ഏറ്റു പറയുവാൻ മാർ തോമാശ്ലീഹായെ പ്രേരിപ്പിച്ചത്. ശ്ലീഹായുടെ മാതൃക ഉൾക്കൊണ്ട് മിശിഹാ അനുഭ വവും വിശ്വാസത്തിലുള്ള ആഴവും സ്വന്തമാക്കാൻ വിശ്വാസപരിശീലന ക്ലാസു കളിലൂടെ നമുക്കും പരിശ്രമിക്കാം. 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്നുള്ള ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം നമ്മുടെയും പ്രാർത്ഥനയാക്കി മാറ്റാം. ദുക്റാന തിരുനാൾ ദിനം മതാധ്യാപകദിനമായും നാം ആചരിക്കുകയാണ്. എല്ലാ വിശ്വാസപരിശീലകർക്കും ആശംസകളും പ്രാർത്ഥനകളും നേരുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

**ജൂലൈ 2022**

| | | |
|---|---|---|
| 2 ശനി | : | CLT, MCC കോഴ്സുകളുടെ ആപ്ലിക്കേഷൻ സമർപ്പിക്കേണ്ട അവ സാന തീയതി |
| 3 ഞായർ | : | **ദുക്റാനത്തിരുനാൾ**, ക്ലാസ്സ് - 5<br>അതിരൂപതാ മതാധ്യാപക ദിനം, സഭാദിനം |
| 9 ശനി | : | **CLT, MCC കോഴ്സുകളുടെ ഉദ്ഘാടനം, CRT ജനറൽബോഡി** |
| 10 ഞായർ | : | ശ്ലീഹാ ആറാം ഞായർ, ക്ലാസ്സ് - 6 |
| 16 ശനി | : | ചരമദിനം: റവ. ഫാ. മാത്യു നടയ്ക്കൽ, CLT Class-1 |
| 17 ഞായർ | : | ശ്ലീഹാ ഏഴാം ഞായർ, ക്ലാസ്സ്-7 |
| 23 ശനി | : | CLT Class-2 |
| 24 ഞായർ | : | കൈത്താക്കാലം ഒന്നാം ഞായർ, ക്ലാസ്സ്-8 |
| 28 വ്യാഴം | : | മർത്ത് അൽഫോൻസാ |
| 31 ഞായർ | : | കൈത്താക്കാലം രണ്ടാം ഞായർ, ക്ലാസ്സ്-9 |

**ആഗസ്റ്റ് 2022**

| | | |
|---|---|---|
| 1 തിങ്കൾ | : | പതിനഞ്ചുനോമ്പാരംഭം |
| 4 വ്യാഴം | : | വി. ജോൺ മരിയ വിയാനി |
| 6 ശനി | : | **അൽഫോൻസാ തീർത്ഥാടനം** (ഓഫീസ് അവധി)<br>നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം |

### CLT & MCC കോഴ്സുകളുടെ ഉദ്ഘാടനം

CLT 41-ാം ബാച്ച്, MCC 13-ാം ബാച്ച് എന്നിവയുടെ ഉദ്ഘാടനം ജൂലൈ 9-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് സന്ദേശനിലയം ഹാളിൽ നടക്കും.

പങ്കെടുക്കാൻ താല്പര്യമുള്ളവർ ജൂലൈ 2നു മുൻപ് ആപ്ലിക്കേഷൻ google form വഴി സമർപ്പിക്കേണ്ടതാണ്. ഓരോ കോഴ്സിനും വേണ്ടത്ര ആപ്ലിക്കേഷൻ ലഭിക്കാതെ വന്നാൽ ആ കോഴ്സ് ഈ വർഷം ഉണ്ടാവില്ല. കോഴ്സുകളിൽ പങ്കെടുക്കുവാൻ അർഹരായവർ ജൂലൈ 9 ശനിയാഴ്ച നടക്കുന്ന ഉദ്ഘാടന പരിപാടിയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## CRT ജനറൽബോഡി

2022–23 അധ്യയനവർഷത്തിലെ കാറ്റകെറ്റിക്കൽ റിസോഴ്സ് ടീം (CRT) അംഗങ്ങളുടെ ഒരു സമ്മേളനം ജൂലൈ 9–ാം തീയതി (ശനി) ഉച്ചകഴിഞ്ഞ് 2.30ന് സന്ദേശനിലയത്തിൽ കൂടുന്നതാണ്. എല്ലാ ഫൊറോനയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## നന്ദി

കഴിഞ്ഞ ഒരു വർഷക്കാലം സന്ദേശനിലയം മിഷൻലീഗിന്റെ അസി. ഡയറക്ടറായി (തെക്കൻ മേഖല) സേവനം ചെയ്ത ബഹു. ഫാ. വർഗ്ഗീസ് (നിബിൻ) പഴയമഠത്തിന് സന്ദേശനിലയം മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദിയും പ്രാർത്ഥനാശംസകളും.

സൺഡേസ്കൂൾ മണിമല ഫൊറോനാ ഓർഗനൈസറായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ബഹു. ഫാ. മാത്യു തടത്തിലിന് അതിരൂപതാ സന്ദേശനിലയം കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.

## സ്വാഗതം

സന്ദേശനിലയം മിഷൻലീഗിന്റെ അസി. ഡയറക്ടറായി (തെക്കൻ മേഖല) നിയമിതനായിരിക്കുന്ന ബഹു. ഫാ. ജോസഫ് (ജോംസി) പുളിക്കപ്പറമ്പിലിന് സന്ദേശനിലയം മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയംനിറഞ്ഞ സ്വാഗതവും പ്രാർത്ഥനാനിർഭരമായ ആശംസകളും.

സൺഡേസ്കൂൾ ഫൊറോനാ ഓർഗനൈസർമാരായി നിയമിതരായിരിക്കുന്ന ഫാ. ജേക്കബ് നടുവിലേക്കളം (മണിമല), ഫാ. ലൈജു കണിച്ചേരിൽ (ചെങ്ങന്നൂർ), ഫാ. മിഖായേൽ കിങ്ങണംചിറ (മുഹമ്മ) എന്നിവർക്കും അതിരൂപതാ സന്ദേശനിലയം കുടുംബത്തിന്റെ ഹൃദയംനിറഞ്ഞ സ്വാഗതം.

## ആദരാഞ്ജലികൾ

ഫാത്തിമാപുരം ഫാത്തിമാമാതാ സൺഡേസ്കൂൾ അധ്യാപികയായ മോളി ജോസിന്റെ മകളുടെയും ചെത്തിപ്പുഴ ഡോൺ ബോസ്ക്കോ സൺഡേസ്കൂൾ ഹെഡ്മാസ്റ്ററായ തോമസുകുട്ടിയുടെ മാതാവിന്റെയും പുന്നക്കുന്നം സൺഡേസ്കൂൾ അധ്യാപകനായ ഷാജി കൊച്ചിത്രയുടെ പിതാവ് കെ.ജെ. തോമസിന്റെയും (മുൻ ഹെഡ്മാസ്റ്ററും സി.ആർ.റ്റി അംഗവും) നാലുകോടി സൺഡേസ്കൂൾ മുൻ ഹെഡ്മാസ്റ്റർ കെ.റ്റി. ജോസഫിന്റെയും കുറുമ്പനാടം സെന്റ് ആന്റണീസ് ഹെഡ്മിസ്ട്രസ് റോസമ്മയുടെ മാതാവിന്റെയും പുഴവാത് സെന്റ് തോമസ് സൺഡേസ്കൂൾ അധ്യാപികയായ ബിൻസിയുടെ മകന്റെയും ചങ്ങനാശേരി അസംപ്ഷൻ സൺഡേസ്കൂൾ അധ്യാപികയായ സി. റാണി എഫ്.സി.സിയുടെ പിതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം–മിഷൻ ലീഗ് കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

സ്നേഹംനിറഞ്ഞ കുഞ്ഞുമിഷനറിമാരേ,

എല്ലാ മേഖലകളിലും യൂണിറ്റുകളിലും പ്രവർത്തനവർഷ ഉദ്ഘാടനം വളരെ ഭംഗിയായി നടത്തി എന്ന് വിശ്വസിക്കുന്നു. ജൂലൈ മാസം നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. മിഷൻ ലീഗിന്റെ ഉപമധ്യസ്ഥരായ മാർ തോമാശ്ലീഹായുടെയും വിശുദ്ധ അൽഫോൻസാമ്മയുടെയും തിരുനാൾ ഈ മാസത്തിലാണ് നാം കൊണ്ടാടുന്നത്. അതുപോലെ ഈ വർഷം മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം ജൂബിലിവർഷവും കൂടിയാണ്. നമ്മുടെ പിതാവായ മാർ തോമാശ്ലീഹായെയും വിശുദ്ധ അൽഫോൻസാമ്മയെയും കൂടുതൽ അറിയുവാനും ഈ രണ്ട് വിശുദ്ധരും പകർന്നുതന്ന വിശ്വാസ തീക്ഷ്ണത കൂടുതൽ ഉജ്ജ്വലിപ്പിക്കാനും നമുക്ക് പരിശ്രമിക്കാം.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

## അറിയിപ്പുകൾ

**ജൂലൈ 2022**

| | | |
|---|---|---|
| 2 ശനി | : | **അംഗത്വസ്വീകരണം അതിരൂപതാതല ഉദ്ഘാടനം** |
| 3 ഞായർ | : | ദുക്റാനതിരുനാൾ, കടമുള്ള ദിവസം (അംഗത്വസ്വീകരണം നടത്തുക), മാർ തോമസ് തറയിൽ പിതാവിന്റെ നാമഹേതുക തിരുനാൾ, തോമസ് നാമധാരികൾക്ക് ആശംസകൾ നേരാം |
| 9 ശനി | : | ബത്‌ലഹേം മീറ്റ്, പഠനഗ്രന്ഥ ചർച്ച |
| 16 ശനി | : | 'സ്നേഹ വീടുകളിലേയ്ക്ക്' ശാഖയിൽ |
| 24 ഞായർ | : | 12 ശ്ലീഹന്മാരുടെ തിരുനാൾ |
| 28 വ്യാഴം | : | **വി. അൽഫോൻസാമ്മയുടെ തിരുനാൾ**, അൽഫോൻസാ നാമധാരികൾക്ക് ആശംസകൾ നേരാം (പ്രത്യേക സമ്മേളനം ശാഖകളിൽ) |
| 31 ഞായർ | : | അൽഫോൻസാ തീർത്ഥാടനത്തിന് ഒരുക്കമായുള്ള അതിരൂപതാ ഭാരവാഹികളുടെ പ്രാർത്ഥന കുടമാളൂർ ജന്മഗൃഹത്തിൽ. |

**ആഗസ്റ്റ് 2022**

| | | |
|---|---|---|
| 1 തിങ്കൾ | : | പതിനഞ്ച് നോമ്പാരംഭം |
| 4 വ്യാഴം | : | വി. ജോൺ മരിയ വിയാനി, ഇടവക വൈദികദിനം. ഇടവക വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാം, ആശംസകൾ നേരാം. |
| 6 ശനി | : | **34-ാമത് അൽഫോൻസാ തീർത്ഥാടനം,** നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം (ഓഫീസ് അവധി) |
| 7 ഞായർ | : | **'ഇടയനോടൊപ്പം' ശാഖകളിൽ** |

## ദുക്റാന തിരുനാൾ

മഹാ മിഷണറിയായ മാർ തോമാശ്ലീഹായെ കൂടുതൽ അറിയുവാനും അദ്ദേഹത്തിന്റെ ജീവിതം ഉൾക്കൊള്ളുവാനുമായി ഒരു സെമിനാർ സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും.

## വിശുദ്ധ അൽഫോൻസാ പ്രസംഗമത്സരം (ഓൺലൈൻ)

വിഷയം : അൽഫോൻസാമ്മയും ചെറുപുഷ്പ മിഷൻലീഗും.

സമയം : മൂന്നു മിനിറ്റ്

'വിശുദ്ധ അൽഫോൻസാമ്മയും ചെറുപുഷ്പ മിഷൻലീഗും' എന്ന വിഷയത്തിൽ 5 മുതൽ 7 വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്കായി പ്രസംഗമത്സരം നടത്തപ്പെടുന്നു. ശാഖയിൽ പ്രസംഗമത്സരം നടത്തി ഏറ്റവും മികച്ച രണ്ടു പ്രസംഗങ്ങളുടെ വീഡിയോകൾ (ഒരു ആൺകുട്ടി, ഒരു പെൺകുട്ടി) മേഖലാതല മത്സരത്തിലേക്കും മേഖലാതലത്തിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും മികച്ച രണ്ടു പ്രസംഗങ്ങളുടെ വീഡിയോകൾ (ഒരു ആൺകുട്ടി, ഒരു പെൺകുട്ടി) അതിരൂപതാതല മത്സരത്തിനായും 9496191104 എന്ന വാട്സ് ആപ്പ് നമ്പറിൽ അയച്ചുതരേണ്ടതാണ്. മേഖലയിൽനിന്നും വിജയികളായവരുടെ ലിസ്റ്റ് കിട്ടേണ്ട അവസാന തീയതി ആഗസ്റ്റ് 31 ആയിരിക്കും.

## 34-ാമത് അൽഫോൻസാ തീർത്ഥാടനം ആഗസ്റ്റ് - 6 ന്

ജൂലൈ 1 മുതൽ 23 വരെ അൽഫോൻസാ തീർത്ഥാടനത്തിന് ഒരുക്കമായുള്ള കുടുംബനവീകരണ പ്രാർത്ഥനയും ഭവനസന്ദർശനവും കാര്യക്ഷമമായി നടത്തുക. പ്രേഷിതപ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഈ ഭവന സന്ദർശനവും പ്രാർത്ഥനയും ഏറ്റം മനോഹരമായി ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ജൂലൈ 21 മുതൽ 31 വരെ തീർത്ഥാടനത്തിന് ഒരുക്കമായുള്ള നോമ്പ് നടത്തുക. ആഗസ്റ്റ് 6 - ന് അൽഫോൻസാ തീർത്ഥാടനത്തിൽ പങ്കുചേരുക. 'വിശ്വാസത്തിൻ സാക്ഷികളായ് കുഞ്ഞുമിഷനറിമാർ' എന്നതാണ് ഈ വർഷത്തെ തീർത്ഥാടനത്തിന്റെ ആപ്തവാക്യം.

## ഭൂമിയിലെ മാലാഖ

അൽഫോൻസാ തീർത്ഥാടനത്തിന് ഒരുക്കമായി ജൂലൈ 1 മുതൽ അതിരൂപതയിൽനിന്നും അൽഫോൻസാമ്മയുടെ ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളും ചെറിയ സുകൃതങ്ങളും പോസ്റ്റർ രൂപത്തിൽ വാട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെ നൽകുന്നതാണ്. ഈ പോസ്റ്ററുകൾ ഈ വർഷത്തെ എക്ലേസിയ ക്വിസിന്റെ വിഷയങ്ങളിൽ ഒന്നായിരിക്കും. വി. അൽഫോൻസാമ്മയുടെ ജീവിതത്തെ കേന്ദ്രീകരിച്ച് മേഖലാതലത്തിൽ short videos, status videos എന്നിവ നിർമ്മിക്കാവുന്നതാണ്.

## അൽഫോൻസ സെമിനാർ, അൽഫോൻസാ ക്വിസ്

വി. അൽഫോൻസാമ്മയുടെ ജീവിതത്തെ ആസ്പദമാക്കി അൽഫോൻസാ സെമിനാർ, ക്വിസ് എന്നിവ ശാഖാതലത്തിലും മേഖല അടിസ്ഥാനത്തിലും സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും. അൽഫോൻസാതീർത്ഥാടന ആലോചനായോഗങ്ങൾ മേഖലാസമിതികൾ വിളിച്ചുകൂട്ടുകയും എല്ലാ ശാഖകളുടേയും പ്രാതിനിധ്യം ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

## കബറിട സന്ദർശനം

അൽഫോൻസാതീർത്ഥാടനത്തോടനുബന്ധിച്ച് മിഷൻലീഗ് സ്ഥാപക ഡയറക്ടർ ബഹു. മാലിപ്പറമ്പിലച്ചന്റെ കബറിടം സ്ഥിതിചെയ്യുന്ന ആർപ്പൂക്കര ചെറുപുഷ്പ ദൈവാലയം സന്ദർശിച്ച് പ്രാർത്ഥിക്കുവാൻ കുഞ്ഞുമിഷനറിമാർക്ക് അവസരം നല്കുന്ന രീതിയിൽ അൽഫോൻസാ തീർത്ഥാടനം ക്രമീകരിക്കാവുന്നതാണ്.

## നന്ദി

അതിരൂപതാ ചെറുപുഷ്പ മിഷൻലീഗ് അസി. ഡയറക്ടർ (തെക്കൻ മേഖല) തിരുവനന്തപുരം മേഖലാ ഡയറക്ടർ എന്നീനിലകളിൽ ഒരു വർഷക്കാലം സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ബഹു. ഫാ. വർഗീസ് (നിബിൻ) പഴയമഠത്തിനും മണിമല മേഖലാ ഡയറക്ടറായി സേവനം അനുഷ്ഠിച്ച ബഹു. ഫാ. മാത്യു തടത്തിലിനും ചെറുപുഷ്പ മിഷൻലീഗ് മേഖലാ ജോയിന്റ് ഡയറക്ടർമാരായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച സി. ലിൻസ് മരിയ എഫ്.സി.സി (അമ്പൂരി), സി. ടെസ്സി ചൂരപ്പുഴ എസ്.എ.ബി.എസ് (ചങ്ങനാശേരി), സി. റോസിൻ തെള്ളിയിൽ എസ്.എ.ബി.എസ് (കൊല്ലം – ആയൂർ), സി. ജോയൽ എഫ്.സി.സി (കുറുമ്പനാടം), സി. ജെയ്മി സി.എം.സി (മണിമല), സി.റോസ് ടോം എസ്.എ.ബി.എസ് (തിരുവനന്തപുരം), സി.റിയ സി.എം.സി (തൃക്കൊടിത്താനം), സി. ഡെയ്സ് മരിയ എസ്.എ.ബി.എസ് (തുരുത്തി) അതിരൂപതാ ചെറുപുഷ്പ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.

## സ്വാഗതം

അതിരൂപതാ ചെറുപുഷ്പ മിഷൻലീഗ് അസി. ഡയറക്ടർ (തെക്കൻ മേഖല) തിരുവനന്തപുരം മേഖലാ ഡയറക്ടർ എന്നീ നിലകളിൽ നിയമിതനായിരിക്കുന്ന ബഹു. ഫാ. ജോസഫ് (ജോംസി) പുളിക്കപ്പറമ്പിലിനും മേഖലാ ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന ഫാ. ജേക്കബ് നടുവിലേക്കളം (മണിമല), ഫാ. ലൈജു കണിച്ചേരിൽ (ചെങ്ങന്നൂർ), ഫാ. മിഖായേൽ കിങ്ങണംചിറ (മുഹമ്മ), ചെറുപുഷ്പ മിഷൻലീഗ് മേഖലാ ജോയിന്റ് ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന സി. എലൈസ് എസ്.എച്ച്. (അമ്പൂരി), സി. ലിൻസാ കരിമാളൂർ എസ്.എ.ബി.എസ്. (ചങ്ങനാശേരി), സി. റോസ്ന സി.എം.സി. (തൃക്കൊടിത്താനം), സി. ലിസ്സെറ്റ് എസ്.എ.ബി.എസ് (തുരുത്തി) എന്നിവർക്കും ചെറുപുഷ്പ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദ്യമായ സ്വാഗതം.

## പ്രത്യേക ശ്രദ്ധയ്ക്ക്

ഈ വർഷത്തെ മാർഗരേഖയും (30 രൂപാ), മാനുവൽ ബുക്കും (10 രൂപാ) മിഷൻലീഗ് ഓഫീസിൽനിന്ന് വാങ്ങാവുന്നതാണ്.

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ ഏറ്റം സ്നേഹം നിറഞ്ഞവരെ,

വിശ്വാസത്തിൽ നമുക്ക് ജന്മംനൽകിയ മാർത്തോമ്മാശ്ലീഹായുടെ 1950–ാം രക്തസാക്ഷിത്വജൂബിലി ഈവർഷം നമ്മൾ ആഘോഷിക്കുകയാണല്ലോ. ഈ ജൂബിലിയാഘോഷം നമുക്ക് വലിയ വിശ്വാസ ഉണർവുണ്ടാക്കട്ടെ. ദുക്റാന ത്തിരുനാൾ ആശംസകൾ ഏവർക്കും സ്നേഹപൂർവം നേരുന്നു.

ഈ ജൂലൈ 3 ഞായറാഴ്ച തോമ്മാശ്ലീഹാവർഷാചരണത്തിന്റെയും K.C.B.C ആഹ്വാനംചെയ്തിരിക്കുന്ന കേരളസഭാ നവീകരണകാലം 2022 – 2025 ന്റെയും ഉദ്ഘാടനം അതിരൂപതാതലത്തിലും ഇടവകതലങ്ങളിലും കുടുംബതലത്തിലും നിർവഹിക്കപ്പെടുന്നു. ജൂലൈമാസത്തെ കുടുംബകൂട്ടായ്മകളിൽ ഇതിന്റെ കൂട്ടായ്മാതല ഉദ്ഘാടനം നടത്തുമല്ലോ?

കഴിഞ്ഞ നാലരവർഷക്കാലം കുടുംബക്കൂട്ടായ്മ – ബൈബിൾ അപ്പോ സ്തലേറ്റ് വിഭാഗങ്ങളുടെ ഡയറക്ടർ എന്നനിലയിൽ സ്തുത്യർഹമായ സേവ നത്തിനുശേഷം പുതിയ കർമ്മരംഗത്തേയ്ക്ക് പ്രവേശിച്ചിരിക്കുന്ന ബഹു. ജെന്നി കായംകുളത്തുശ്ശേരിയച്ചനെ നന്ദിയോടെ ഓർക്കുകയും എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുകയും ചെയ്യുന്നു. അഭിവന്ദ്യ പിതാവ് ഡയറക്ടർ എന്നനിലയിൽ ഏൽപ്പിച്ചിരിക്കുന്ന പുതിയ ഉത്തരവാദിത്വം ഭംഗിയായി മുന്നോ ട്ടുകൊണ്ടുപോകുന്നതിനായി നിങ്ങളെല്ലാവരുടെയും പ്രാർത്ഥനയും സഹാ യവും സഹകരണങ്ങളും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

കുടുംബക്കൂട്ടായ്മ ഫൊറോനസംഗമങ്ങൾ നടന്നുവരികയാണ്. ജൂൺ 18ന് കുറുമ്പനാടം ഫൊറോനയിൽ നടന്ന ഫൊറോനസംഗമം 'കെരിഗ്മ 2022'–ൽ നല്ലപങ്കാളിത്തം നൽകി പ്രസ്തുത കൺവൻഷൻ വിജയകരമാക്കി ത്തീർത്ത എല്ലാ ബഹു. അച്ചന്മാരെയും കൂട്ടായ്മാലീഡേഴ്സിനേയും നന്ദി യോടെ ഓർക്കുന്നു. തുടർന്നും എല്ലാ സഹകരണങ്ങളും നൽകണമെ.

ലോഗോസ് ക്വിസ് രജിസ്ട്രേഷൻ ആരംഭിച്ചുകഴിഞ്ഞു. സൺഡേസ്കൂൾ അദ്ധ്യാപകരുടെയും കൂട്ടായ്മാലീഡേഴ്സിന്റെയും സംഘടനാഭാരവാഹികളു ടെയും നേതൃത്വത്തിൽ ബഹു. അച്ചന്മാരുടെ സഹകരണത്തോടെ നല്ലപങ്കാ ളിത്തം നൽകണമെന്നഭ്യർത്ഥിക്കുന്നു.

തോമാശ്ലീഹാ വർഷാചരണവും കേരളസഭാ നവീകരണകാലവും ആരംഭി ക്കുമ്പോൾ കൂടുതൽ തീക്ഷ്ണതയോടെ നമ്മുടെ പ്രവർത്തനങ്ങളിൽ നമുക്കു വ്യാപരിക്കാം. സഭ മുഴുവൻ പരിശുദ്ധാത്മാവ് നിറയാൻ ഈ ശ്ലീഹാക്കാലത്ത് പ്രാർത്ഥിക്കാം. ഇനിയും കുടുംബക്കൂട്ടായ്മകൾ ആരംഭിക്കാത്ത ഇടവകകളിൽ ഈ മാസംതന്നെ ആരംഭിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

നമുക്കൊന്നിച്ച് ദൈവമഹത്വത്തിനായി യത്നിക്കാം.

പ്രാർത്ഥനയോടെ,

**ഫാ. ജോർജ് മാന്തുരുത്തിൽ**
(ഡയറക്ടർ)

## വാർത്തകൾ - പ്രവർത്തനങ്ങൾ

### 1. കെ.എൽ.റ്റി കോഴ്സ്

2022 മെയ് 28, ജൂൺ 11 ദിവസങ്ങളിൽ 'ദൈവാരാധന' എന്ന വിഷയത്തെക്കുറിച്ച് റവ. ഡോ. ജേക്കബ് കിഴക്കേവീട് ക്ലാസുകൾ നയിച്ചു. ബഹു. അച്ചനെ നന്ദിയോടെ ഓർക്കുന്നു.

### 2. ബൈബിൾ കയ്യെഴുത്ത്

ബൈബിൾ കയ്യെഴുത്തിൽ വർദ്ധിച്ച തീക്ഷ്ണതയോടെ പങ്കെടുത്തു കാണുന്നതിൽ ഏറെ സന്തോഷം. ജീവിതത്തിൽ ദൈവാനുഗ്രഹം നിറയുവാൻ ഈ ഉദ്യമം കാരണമാകട്ടെയെന്ന് ആശംസിക്കുന്നു.

### 3. ബൈബിൾ കോഴ്സ്

ജൂൺ 07, 14 ദിവസങ്ങളിൽ 'വെളിപാടുപുസ്തകത്തിനൊരാമുഖം' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നയിച്ച റവ. ഡോ. ജോസഫ് നാല്പതിൽചിറ അച്ചനും ജൂൺ 21 ന് 'പഞ്ചഗ്രന്ഥം' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് എടുത്ത റവ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ അച്ചനും ഹൃദയപൂർവ്വം നന്ദിനേരുന്നു.

### 4. കെരിഗ്മ

ജൂൺ 18 കുറുമ്പനാടം ഫൊറോനയിലെ കൂട്ടായ്മാലീഡേഴ്സിന്റെ ഫൊറോനാതലസംഗമം 'കെരിഗ്മ 2022' നടത്തുകയുണ്ടായി. ഗാനശുശ്രൂഷയോടെ പരിപാടിക്കു തുടക്കംകുറിച്ചു. ഫൊറോന ഡയറക്ടർ ബഹു. തോമസ് പുത്തൻപുരയ്ക്കലച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഫൊറോനാവികാരി വെരി റവ. ഡോ. ചെറിയാൻ കറുകപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. തുടർന്ന് റവ. ഡോ. സോണി തെക്കുംമുറി ക്ലാസ് നയിച്ചു. പ്രവർത്തന വർഷ പരിപാടികൾ ഡയറക്ടർ റവ. ഫാ. ജോർജ് മാന്തുരുത്തിൽ അവതരിപ്പിക്കുകയും ഫൊറോനാസമിതി തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു. ശ്രീ. ജോബ് ആന്റണി പവ്വത്തിൽ സ്വാഗതം ആശംസിക്കുകയും ശ്രീ. ഇ.ജെ. ജോസഫ് ഇളപ്പുങ്കൽ നന്ദിനേരുകയും ചെയ്തു. വിവിധ ഇടവകകളിൽ നിന്നായി 138 പേർ പങ്കെടുത്തു. പരിപാടികൾക്ക് റവ.സി. ചെറുപുഷ്പം, ശ്രീ. റ്റോമി ആന്റണി കൈതക്കളം എന്നിവർ നേതൃത്വം വഹിച്ചു.

### 5. ആത്മീയസംഗമം പ്രാർത്ഥനാകൂട്ടായ്മ

ജൂൺ 23ന് കുടുംബക്കൂട്ടായ്മാപ്രവർത്തകരുടെ പ്രാർത്ഥനാകൂട്ടായ്മ ശ്രീ. ജോസഫ് റ്റിറ്റോ നേര്യംപറമ്പിലിന്റെ ഭവനത്തിൽകൂടി അതിരൂപതാപ്രവർത്തനങ്ങളെയും പ്രവർത്തകരെയും സമർപ്പിച്ചു പ്രാർത്ഥനനടത്തി. ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിൽ നേതൃത്വം നൽകി.

### 6. പഞ്ചവത്സരപഠനവിഷയ സെമിനാർ

ഈ വർഷത്തെ പഞ്ചവത്സരപഠനവിഷയമായ 'വിശ്വാസവും ക്രിസ്തീയ ധാർമ്മികതയും' എന്ന പുസ്തകത്തെ ആസ്പദമാക്കി വിശ്വാസജീവിതത്തിലെ അപഭ്രംശങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് സന്ദേശനിലയം അസി. ഡയറക്ടർ റവ. ഫാ. ജോസ് ഈറ്റോലിൽ ക്ലാസ് നയിച്ചു. ബഹു. അച്ചനെ നന്ദിയോടെ ഓർക്കുന്നു.

## 7. ലോഗോസ് ക്വിസ് 2022

ലോഗോസ് 2022 രജിസ്ട്രേഷൻ ജൂൺ 1 ന് ഓൺലൈനായി ആരംഭിച്ച് ജൂലൈ 31 ന് സമാപിക്കുന്നു. നിങ്ങൾക്കു ലഭിച്ചിരിക്കുന്ന യൂസർനെയ്മും പാസ്‌വേഡും ഉപയോഗിച്ച് രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

**പഠനഭാഗം**

ജോഷ്വാ 1-12, പ്രഭാഷകൻ 23 - 26, മർക്കോസ് 9 - 16, 1 കോറി. 9 - 16

**രൂപതാതല പരീക്ഷാതീയതി** - സെപ്. 25 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ

**പ്രായവിഭാഗങ്ങൾ**

A വിഭാഗം - 1-1-2011 നും അതിനുശേഷവും ജനിച്ചവർ

B വിഭാഗം - 1-1-2006 നും 31-12-2010 നും ഇടയ്ക്ക് ജനിച്ചവർ

C വിഭാഗം - 1-1-1991 നും 31-12-2005 നും ഇടയ്ക്ക് ജനിച്ചവർ

D വിഭാഗം - 1-1-1971 നും 31-12-1990 നും ഇടയ്ക്ക് ജനിച്ചവർ

E വിഭാഗം - 1-1-1958 നും 31-12-1970 നും ഇടയ്ക്ക് ജനിച്ചവർ

F വിഭാഗം - 31-12-1957 നും അതിനുമുൻപും ജനിച്ചവർ

**വിശദവിവരങ്ങൾക്ക്**

9961369380, 7306208356

**പഠനസഹായി തയ്യാറായിരിക്കുന്നു**

ലോഗോസ് 2022 പഠനസഹായി തയ്യാറായിട്ടുണ്ട്. കൂട്ടായ്മാ ഓഫീസിൽ ലഭ്യമാണ്; വില 70 രൂപ.

### നന്ദി... നന്ദി... നന്ദി...

കഴിഞ്ഞ നാലരവർഷക്കാലം കുടുംബക്കൂട്ടായ്മ - ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗങ്ങളിൽ ഡയറക്ടറായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച റവ. ഫാ. ജെന്നി കായംകുളത്തുശേരിയ്ക്ക് അതിരൂപതാപ്രവർത്തകരുടെ പേരിലുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. വടവാതൂർ സെന്റ് തോമസ് സെമിനാരിയിൽ MTh പഠനം ആരംഭിച്ചിരിക്കുന്ന അച്ചന് എല്ലാ വിജയങ്ങളും പ്രാർത്ഥനകളും നേരുകയും ചെയ്യുന്നു.

### സ്വാഗതം

കുടുംബകൂട്ടായ്മ-ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗങ്ങളിൽ ഡയറക്ടറായി ചുമതലയേറ്റിരിക്കുന്ന ബഹു. ജോർജ് മാന്തുരുത്തിലച്ചന് കർമ്മരംഗത്തേയ്ക്ക് ഹാർദ്ദമായ സ്വാഗതം. കൂടാതെ, ദീപിക ഫ്രണ്ട്സ് ക്ലബ് (DFC) ന്റെ ഡയറക്ടറുമാണ്. നമ്മുടെ എല്ലാ സഹകരണവും പ്രാർത്ഥനയും ആശംസിക്കുന്നു.

# ഇതൾ വിരിയുന്ന യാഥാർത്ഥ്യങ്ങൾ

ശ്ലീഹാക്കാലവും കൈത്താക്കാലവും സഭയുടെ ഉത്ഭവത്തെയും വളർച്ചയെയുംപറ്റി പരിചിന്തിക്കുന്ന കാലങ്ങൾ.
1887-ൽ ഒരു വികാരിയാത്തായി ചരിത്രത്തിലൂടെ പ്രയാണം ആരംഭിച്ച ചങ്ങനാശേരി അതിരൂപത ഒരു മഹാനദിയായി ഒഴുകി പുത്തൻകാലഘട്ടത്തിൽ എത്തുമ്പോൾ ഈ പ്രാദേശികസഭാസമൂഹത്തിന്റെ ഉത്ഭവവും വളർച്ചയും അപഗ്രഥിക്കുക ന്യായയുക്തമാണ്.

നദീതടങ്ങളെ നദി ഫലഭൂയിഷ്ഠമാക്കുന്നതുപോലെ സഭയിലും സമൂഹത്തിലും അതിരൂപത സത്ഫലങ്ങൾ ഏറെ ഉളവാക്കി.

ഇത് എടുത്തുകാട്ടുന്നതിനുവേണ്ടി അതിരൂപതാചരിത്ര കമ്മീഷൻ പ്രസിദ്ധീകരിച്ച 'കേരളവികസനത്തിൽ സഭയുടെ സംഭാവനകൾ' എന്ന ഗ്രന്ഥത്തെത്തുടർന്ന് **'സഭയുടെ വളർച്ചയിൽ അതിരൂപതയുടെ പങ്കാളിത്തം'** എന്ന അന്വേഷണാത്മകഗ്രന്ഥം പ്രസിദ്ധീകരിക്കുന്നു.
ചരിത്രയാഥാർത്ഥ്യങ്ങൾ വിസ്മൃതിയിലാകാതിരിക്കാൻ അതിരൂപതയുടെ സഭാസംബന്ധമായ സംഭാവനകളെ എണ്ണിപ്പറയുന്ന ഈ ഗ്രന്ഥം ഉടൻ പ്രസിദ്ധീകരിക്കുന്നു.

**ചങ്ങനാശേരി അതിരൂപത ഇന്നലെ, ഇന്ന്**
**Vol III, ഭാഗം II**

പ്രിയരേ,

മെയ്, ജൂൺ മാസങ്ങളിലായി മാതൃദിനവും പിതൃദിനവും നാം സമുചിതമായി ആചരിച്ചു. മാതൃത്വവും പിതൃത്വവും ഉന്നതമായ ഉത്തരവാദിത്തങ്ങളാണെന്ന ബോധ്യത്തിൽ ആഴപ്പെടുവാൻ മാതാപിതാക്കൾക്കും തങ്ങളുടെ ജീവിതത്തിനു താങ്ങും തണലുമായി ദൈവം നൽകിയവരാണ് മാതാപിതാക്കളെന്നും അവരെ മാനിക്കുന്നതും അനുസരിക്കുന്നതും ശുശ്രൂഷിക്കുന്നതും തങ്ങളുടെ കടമയാണെന്നും തിരിച്ചറിയുവാൻ മക്കൾക്കും ഈ ആചരണങ്ങൾ സഹായകമായെന്നു കരുതണം.

ഏറ്റവും ഗാഢമായതും പ്രിയതരമായതുമായ ബന്ധങ്ങൾപോലും അവഗണിക്കപ്പെടുകയും വിച്ഛേദിക്കപ്പെടുകയും ചെയ്യുന്ന കാലമാണിത്. ബന്ധങ്ങളുടെ ഇഴയടുപ്പത്തിന്റെ വാണിജ്യസാധ്യതയെ മുതലെടുക്കുവാൻ കച്ചവടതാൽപര്യങ്ങൾ മത്സരിക്കുന്ന ലോകത്തിൽ ബന്ധങ്ങൾ പലതും പരസ്യവാചകങ്ങൾ മാത്രമായി മരവിച്ചു നിൽക്കുന്നു. ഇണയും തുണയുമാകുവാൻ ദൈവതിരുസന്നിധിയിൽ പ്രതിജ്ഞാബദ്ധരാകുന്ന ദമ്പതികളുടെ സ്നേഹത്തിൽനിന്നും ഉയിർകൊള്ളുന്ന ബന്ധങ്ങൾ അവയുടെ പാവനതയിൽ സംരക്ഷിക്കപ്പെടുകയും വിലമതിക്കപ്പെടുകയും ചെയ്യുന്നുണ്ടെന്ന് കുടുംബങ്ങൾ ഉറപ്പുവരുത്തണം; അതിനായി പ്രാർത്ഥിക്കണം.

സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
(ഡയറക്ടർ)

**ഫാ. റ്റിജോ പുത്തൻപറമ്പിൽ**
**ഫാ. ബിജോ ഇരുപ്പക്കാട്ട്**
(അസി. ഡയറക്ടർമാർ)

## റിപ്പോർട്ട്

### 1. മെമ്പർഷിപ്പ് മാസാചരണം (ജൂൺ 2022)

പുതിയ അംഗങ്ങളെ സംഘടനകളിലേയ്ക്കു സ്വീകരിക്കുന്നതിനായി മാതൃവേദി-പിതൃവേദി 2022 ജൂൺമാസം അംഗത്വമാസാചരണം നടത്തി.

### 2. ലോകപരിസ്ഥിതി ദിനം (ജൂൺ 5)

ലോകപരിസ്ഥിതിദിനം സമുചിതമായി ആചരിക്കുന്നതിന്റെ ഭാഗമായി വിവിധ യൂണിറ്റുകളിൽ വ്യത്യസ്തങ്ങളായ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു ഫലവൃക്ഷത്തൈകൾ നടുക, പരിസരശുചീകരണം, വിവിധ ബോധവത്കരണപരിപാടികൾ എന്നിവ വിവിധ യൂണിറ്റുകളിൽ നടന്നു. പ്ലാസ്റ്റിക് വിരുദ്ധ സന്ദേശം കൈമാറുന്നതിന്റെ ഭാഗമായി വിവിധ യൂണിറ്റുകൾ തങ്ങൾക്കു ലഭ്യമായ സാധ്യതകൾ പ്രയോജനപ്പെടുത്തി തുണിസഞ്ചികൾ തയ്യാറാക്കി വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കംകുറിച്ചു.

### 3. രക്തദാനം മഹാദാനം (ജൂൺ 14)

രക്തദാനത്തിന്റെ പ്രാധാന്യം പ്രഖ്യാപിച്ചുകൊണ്ട് യൂണിറ്റുകൾ വിവിധ സംഘടനകളുടെയും ആശുപത്രികളുടെയും സഹകരണത്തോടെ രക്തഗ്രൂപ്പ് നിർണയ ക്യാമ്പുകൾ സംഘടിപ്പിക്കുകയും രക്തദാനസേന രൂപീകരിക്കുകയും ചെയ്തു.

### 4. ലോകപിതൃദിനം (ജൂൺ 19)

അതിരൂപതാതലത്തിൽ ലോകപിതൃദിനാചരണം പ്രതീകാത്മകമായി നടത്തപ്പെട്ടു. 18-നു രാവിലെ പിതൃവേദി പ്രസിഡന്റ് ശ്രീ. എ.പി. തോമസ് പതാക ഉയർത്തി പരിപാടികൾക്കു തുടക്കംകുറിച്ചു. തുടർന്ന് ഭാരവാഹികൾ ഡയറക്ടറച്ചനൊപ്പം അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിനെ സന്ദർശിച്ച് പിതൃവാത്സല്യങ്ങൾ ഏറ്റുവാങ്ങുകയും ആശീർവാദം സ്വീകരിക്കുകയും ചെയ്തു; തുടർന്ന് പിതൃവേദിയുടെ മുൻ അതിരൂപതാ പ്രസിഡണ്ട് ശ്രീ. ജോസ് കൈലാത്തിന്റെ ഓർമ്മയ്ക്കായി അദ്ദേഹത്തിന്റെ അന്ത്യവിശ്രമസ്ഥാനമായ മാമ്പുഴക്കരി ലൂർദ്ദ് മാതാ സെമിത്തേരിയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. യൂണിറ്റ്-ഫൊറോനാ-അതിരൂപതാതല ഭാരവാഹികൾ ശുശ്രൂഷയിൽ പങ്കുചേർന്നു.

വിവിധ യൂണിറ്റുകളിൽ പതാക ഉയർത്തൽ, മുതിർന്ന മുൻകാല പിതൃവേദി പ്രവർത്തകരെ ആദരിക്കൽ, വിവിധ മേഖലകളിൽ മികവുപുലർത്തിയ പിതാക്കന്മാരെ അനുമോദിക്കൽ, സായാഹ്ന സംഗമം, കുടുംബസമ്മേളനം, സ്നേഹവിരുന്ന് എന്നിങ്ങനെ വിവിധ പരിപാടികൾ നടത്തപ്പെട്ടു. രക്തദാനം, അവയവദാന ബോധവത്കരണം, ഫാമിലി ഫോട്ടോ പങ്കുവയ്ക്കൽ എന്നിവ പിതൃദിനാഘോഷങ്ങൾക്കു മാറ്റുകൂട്ടി. ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിപാടികളിൽ ആത്മീയശുശ്രൂഷകൾ, രോഗീസന്ദർശനം, വിവിധ സേവനപ്രവർത്തനങ്ങൾ, ആതുരാലയ ശുശ്രൂഷകൾ, പിതൃദിനസന്ദേശ പോസ്റ്റർ - ബാനർ പ്രദർശനങ്ങൾ എന്നിവയും ഉൾപ്പെടുന്നു.

പിതൃദിനാചരണത്തിന്റെ ഭാഗമായി പിതൃവേദിയും റേഡിയോ മീഡിയാ വില്ലേജും ചേർന്ന് **അച്ഛനനുഭവങ്ങൾ** എന്ന പേരിൽ റേഡിയോ പരിപാടി സംപ്രേഷണം ചെയ്തു. പ്രേക്ഷകർ തങ്ങളുടെ പിതാക്കളെക്കുറിച്ചുള്ള സ്നേഹാനുഭവങ്ങൾ റേഡിയോയിലൂടെ പങ്കുവച്ചു.

### 5. നേതൃസമ്മേളനം (ജൂൺ 30)

അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ, ഫൊറോനാ പ്രസിഡന്റുമാർ, സെക്രട്ടറിമാർ എന്നിവരുടെ സംയുക്ത സമ്മേളനം ജൂൺ 30 വ്യാഴാഴ്ച പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു.

## അറിയിപ്പുകൾ

1. **അതിരൂപതാ കലോത്സവം :** 2022 സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിൽ ഫൊറോനാ കലോത്സവങ്ങൾ നടത്തി വിജയികളുടെ ലിസ്റ്റ് 31-ന് മുൻപായി അതിരൂപതാ ഓഫീസിൽ നൽകുക.
2. **ഗ്രാന്റ് പേരന്റ്സ് ഡേ (ജൂലൈ 24) :** ഈശോയുടെ 'ഗ്രാന്റ് പേരന്റ്സായ' യോവാക്കിം-അന്ന ദമ്പതികളുടെ തിരുനാൾദിനം 'ഗ്രാന്റ് പേരന്റ്സ് ഡേ'

ആയി ആഘോഷിക്കുന്നു. 'വാർദ്ധക്യം ക്രിയാത്മകമാക്കാൻ' എന്ന വിഷയത്തിൽ സെമിനാർ, ഗ്രാന്റ്പേരന്റ്സിന്റെ ഒത്തുചേരൽ എന്നിങ്ങനെയുള്ള പരിപാടികളോടെ ഈ ദിനം ആഘോഷിക്കുക സമുചിതമാണ്.

3. **യുവദമ്പതീസംഗമവും കിഡ്സ് ഫെസ്റ്റും :** നമ്മുടെ അതിരൂപതയിലെ 18 ഫൊറോനകളെയും 5 സോണുകളായി തിരിച്ചുകൊണ്ട് യുവദമ്പതീ കൺവൻഷനും കിഡ്സ് ഫെസ്റ്റും നടത്തപ്പെടുന്നു. വിവാഹിതരായിട്ട് 10 വർഷത്തിൽ താഴെയുള്ള ദമ്പതികളും അവരുടെ കുട്ടികളുമാണ് ഈ സംഗമത്തിൽ പങ്കെടുക്കുക.

ജൂലൈ 24 ഞായർ 2:00 pm - 6:00 pm : കോട്ടയം, കുടമാളൂർ, അതിരമ്പുഴ

ജൂലൈ 31 ഞായർ 2:00 pm - 6:00 pm : കുറുമ്പനാടം, നെടുങ്കുന്നം, മണിമല

ആഗസ്റ്റ് 7 ഞായർ 2:00 pm - 6:00 pm : ചങ്ങനാശേരി, തുരുത്തി, തൃക്കൊടിത്താനം, ചെങ്ങന്നൂർ

ആഗസ്റ്റ് 14 ഞായർ 2:00 pm - 6:00 pm : തിരുവനന്തപുരം, കൊല്ലം, അമ്പൂരി

ആഗസ്റ്റ് 21 ഞായർ 2:00 pm - 6:00 pm : ആലപ്പുഴ, എടത്വാ, ചമ്പക്കുളം, പുളിങ്കുന്ന്, മുഹമ്മ

ചങ്ങനാശേരി അതിരൂപതാ ഫാമിലി അപ്പോസ്തലേറ്റ് അസിസ്റ്റന്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന **ബഹു. ബിജോ ഇരുപ്പക്കാട്ടച്ചന്** പ്രാർത്ഥനാശംസകൾ.


## വിവാഹ ഒരുക്ക ധ്യാനം

| JULY | | AUGUST | |
|---|---|---|---|
| 08, 09, 10 | Chry | 01, 02, 03 | Zion |
| 25, 26, 27 | Chry | 08, 09, 10 | Chry |
| | | 15, 16, 17 | Zion |
| | | 22, 23, 24 | Chry |

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക**
0481 2424476, 9447016240
വിളിക്കേണ്ട സമയം : 10 a.m. - 5 p.m.


## നിത്യതയിലേക്ക്



**സി. ഡെന്നിസ് എനിയാക്കാട്ട് SD**



**സി. പിയർ കളത്തിൽ CMC**



**സി. അക്വീന തത്തകാട്ട് പുതുപ്പള്ളിമറ്റം CMC**

# ഇടവകകളുടെ സഹകരണം അഭ്യർത്ഥിക്കുന്നു

**ചങ്ങനാശേരി അതിരൂപത ഇന്നലെ, ഇന്ന് Vol III യുടെ
മൂന്നാംഭാഗം ഭാഗികമായി സചിത്രഡയറക്ടറിയുടെ രൂപത്തിൽ പ്രസിദ്ധീകരിക്കുന്നു**

## പ്രസിദ്ധീകരണദിവസം - 2022 ഡിസംബർ 25

**താഴെപ്പറയുന്നവരെ സംബന്ധിച്ച് ലഭിക്കേണ്ട വിവരം :**
പേര്, അഡ്രസ്, ഫോട്ടോ, ഇടവക, അവർ വഹിക്കുന്ന സ്ഥാനം.

***അയയ്ക്കേണ്ട വിലാസം :***
joekizhakkemury@gmail.com / frjpanakkezham@gmail.com

## ലഭിക്കേണ്ട വിവരങ്ങൾ

**A. അതിരൂപതയ്ക്കുപുറത്തും വിദേശങ്ങളിലും സേവനം ചെയ്യുന്ന ഇടവകക്കാർ**

1. രൂപതകളിലും മറ്റു കേന്ദ്രങ്ങളിലും സേവനം ചെയ്യുന്ന വൈദികർ (ചങ്ങനാശേരി അതിരൂപതാ വൈദികർ ഒഴികെ)
2. ഇടവകയിൽനിന്നുള്ള സന്ന്യസ്തവൈദികർ (സമൂഹമേതെന്ന് വ്യക്തമാക്കണം)
3. സന്ന്യസ്തസഹോദരന്മാർ
4. സന്ന്യാസസമൂഹങ്ങളിലെ പ്രൊവിൻഷ്യൽ തുടങ്ങിയുള്ള മേജർ സുപ്പീരിയേഴ്സ് (MEN)
5. സന്ന്യാസിനീസമൂഹങ്ങളിലെ മേജർ സുപ്പീരിയേഴ്സ് (WOMEN)

**B. ഇടവകക്കാരായ അല്മായർ**

1. കോളജ് പ്രിൻസിപ്പൽമാർ
2. യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ, ഗവണ്മെന്റ് സെക്രട്ടറി , IAS, IFS, IPS ഓഫീസർ, ഉന്നത സൈനിക ഓഫീസർ, അംബാസിഡർ, ജഡ്ജി എന്നീ നിലകളിൽ ഇപ്പോൾ പ്രവൃത്തിക്കുന്നവരും വിരമിച്ചവരും.
3. MP, MLA, കോർപ്പറേഷൻ / മുനിസിപ്പൽ ചെയർപേഴ്സൻ, ജില്ലാ- ബ്ലോക്ക്- ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എന്നീ നിലകളിൽ ഇപ്പോൾ പ്രവൃത്തിക്കുന്നവരും വിരമിച്ചവരും.
4. സംസ്ഥാന, ദേശീയതലങ്ങളിൽ വിജയികളായ കലാകാരന്മാർ, കായികതാരങ്ങൾ.
5. സംസ്ഥാന, ദേശീയ, അന്തർദേശീയതലങ്ങളിൽ അവാർഡുകൾ നേടിയിട്ടുള്ളവർ.
6. മറ്റേതെങ്കിലും രംഗത്ത് ശ്രദ്ധേയമായ നേട്ടം കൈവരിച്ചിട്ടുള്ളവർ.

**C. ശ്രദ്ധേയമായ സേവനം സഭാരംഗത്തോ പൊതുരംഗത്തോ കാഴ്ചവെച്ച് മരണമടഞ്ഞ സ്മരണീയരായ വൈദികർ, സന്ന്യസ്തർ, അല്മായർ**

ഓരോ ഇടവകയിൽനിന്നും ലഭിക്കേണ്ട വിവരങ്ങൾ **ജൂലൈ 20നു മുമ്പായി** നൽകി സഹകരിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**ഫാ. ജോസഫ് പനക്കേഴം**
കോ- ഓർഡിനേറ്റർ, ചരിത്രകമ്മീഷൻ

**ഫാ. തോമസ് പാടിയത്ത്**
വികാരി ജനറാൾ

## അമ്പൂരി ഫൊറോന ക്യാമ്പ്

2022 മെയ് 27 28, 29 തീയതികളിലായി സെന്റ് ജോർജ് ഫൊറോന പള്ളിയിൽ നടത്തപ്പെട്ട അമ്പൂരി ഫൊറോന ക്യാമ്പ് അതിരൂപതാ ഡയറക്ടർ ഫാ. ജോബിൻ ആനക്കല്ലുങ്കൽ ഉദ്ഘാടനം ചെയ്തു. ബ്ര. ക്രിസ്റ്റി ഐക്കുളം നേതൃത്വം നൽകിയ ക്യാമ്പിൽ ഫാ. ജോബിൻ ആനക്കല്ലുങ്കൽ, ഫാ. നിതിൻ ഇലഞ്ഞിമറ്റം, ഫാ. ജോളി കരിമ്പിൽ, ജോർജ് ജോസഫ്, റ്റോം തോമസ്, ജയ്നറ്റ് മാത്യു, നേഹ ലെസ്ലി എന്നിവർ വിവിധ ക്ലാസുകൾ നയിച്ചു.

## തിരുവനന്തപുരം ഫൊറോന ക്യാംപ്

2022 മെയ് 27,28,29 തീയതികളിലായി വെഞ്ഞാറമ്മൂട് അമല പാസ്റ്ററൽ സെന്റിൽ നടത്തപ്പെട്ട തിരുവനന്തപുരം ഫൊറോന ക്യാമ്പ് തിരുവനന്തപുരം ഫൊറോന വികാരി ഫാ. മോർളി കൈതപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ഡീക്കൻ ജോജോ പള്ളിച്ചിറ നേതൃത്വം നൽകിയ ക്യാമ്പിൽ ഫാ. ജോളി കരിമ്പിൽ, ഡോ. ജോജു ജോൺ, ഫാ. ജോബിൻ ആനക്കല്ലുങ്കൽ, ജോർജ് ജോസഫ്, റ്റോം തോമസ്, അലക്സ് സെബാസ്റ്റ്യൻ, റെസ്സ് ട്രീസാ ജോസഫ്, പ്രീതി ജയിംസ് എന്നിവർ വിവിധ ക്ലാസുകൾ നയിച്ചു.

## കൈത്തിരി: പഠനോപകരണ വിതരണം

2022 ജൂൺ 1 ബുധനാഴ്ച രാവിലെ 10.00 ന് മാമ്പുഴക്കരി ഫാ. ഫിലിപ്പോസ് മെമ്മോറിയൽ എൽപി സ്കൂളിലെ പ്രവേശനോത്സവത്തോട് അനുബന്ധിച്ച് കെ ജി മുതൽ നാലാം ക്ലാസ് വരെയുള്ള എല്ലാ വിദ്യാർഥികൾക്കും പഠനോപകരണങ്ങളും മധുരപലഹാരങ്ങളും വിതരണം ചെയ്തു. ഫൊറോനകളുടെ നേതൃത്വത്തിൽ യൂണിറ്റുകളിൽനിന്നും ശേഖരിച്ച പഠനോപകരണങ്ങളുടെ വിതരണോദ്ഘാടനം അതിരൂപത പ്രസിഡന്റ് ജോർജ്ജ് ജോസഫ് നിർവഹിച്ചു. രാമങ്കരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രാജേന്ദ്രകുമാർ ഉദ്ഘാടനം ചെയ്ത യോഗത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോബിൻ ആനക്കല്ലുങ്കൽ, ജനറൽ സെക്രട്ടറി റ്റോം തോമസ്, ജോസഫ് കെ നെല്ലുവേലി, പഞ്ചായത്ത് അംഗം റോഷ്ന കെ, പ്രധാനാധ്യാപിക സി. അനീറ്റ എസ്.എച്ച്, ത്രേസ്യാമ്മ ആന്റണി തുടങ്ങിയവർ സംസാരിച്ചു. ഭാരവാഹികളായ ജൈനറ്റ് മാത്യു, രേഷ്മ ദേവസ്യ, ജെറിൻ ജോസ്, റോണി ജോൺ, ബ്ര. ക്രിസ്റ്റി ഐക്കുളം, റിയമോൾ, ജൂലിയ ട്രീസ ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകി.

## ജൂബിലി തണൽ

2022 ജൂൺ 5 ന് ലോക പരിസ്ഥിതിദിനത്തിൽ അതിരൂപതാസമിതി അംഗങ്ങൾ പരിസ്ഥിതിസംരക്ഷണ സന്ദേശംനൽകി വൃക്ഷ തൈകൾ നട്ടു. ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ നടന്ന ചടങ്ങിന് ജോർജ്ജ് ജോസഫ് അധ്യക്ഷത വഹിച്ചു. വിവിധ അതിരൂപത ഫൊറോന ഭാരവാഹികൾ സന്നിഹി

തരായിരുന്നു. സുവർണജൂബിലിവർഷത്തിൽ ജൂബിലി സ്മാരകമായി അതിരൂപതയിലെ വിവിധ ഫൊറോന - യൂണിറ്റ് സമിതികളും വൃക്ഷ തൈകൾ നട്ടു.

## അതിരമ്പുഴ ഫൊറോന ക്യാമ്പ്

2022 ജൂൺ 10, 11,12 തീയതികളിലായി സെന്റ് ചാവറ തീർത്ഥാടന കേന്ദ്രത്തിൽ നടത്തപ്പെട്ട അതിരമ്പുഴ ഫൊറോന ക്യാമ്പ് വെരി റവ. ഫാ. ജോസഫ് മുണ്ടകത്തിൽ ഉദ്ഘാടനം ചെയ്തു. ബ്ര. ക്രിസ്റ്റി റ്റോം ഐക്കുളം നേതൃത്വം നൽകിയ ക്യാമ്പിൽ ഫാ. നിതിൻ ഇലഞ്ഞിമറ്റം, ഫാ. ജിസൺ പോൾ വേങ്ങാശ്ശേരി, ഫാ. ജോസ് ഈറ്റോലിൽ, ഫാ. ജോബിൻ ആനക്കല്ലുങ്കൽ, ജോർജ്ജ് ജോസഫ്, റ്റോം തോമസ്, ജിയോ ജോൺസൺ, സ്നേഹ സിബിച്ചൻ, റിയാമോൾ റ്റോജി എന്നിവർ വിവിധ ക്ലാസുകൾ നയിച്ചു.

## ആന്റപ്പൻ അമ്പിയായം പ്രസംഗമത്സരം

മുൻകാല യുവദീപതി എസ്.എം.വൈ.എം. പ്രവർത്തകനും പരിസ്ഥിതി സ്നേഹിയുമായിരുന്ന ശ്രീ. ആന്റപ്പൻ അമ്പിയായത്തിന്റെ സ്മരണാർത്ഥം നടത്തിവരുന്ന പ്രസംഗമത്സരം 2022 ജൂൺ 11 ശനിയാഴ്ച രാവിലെ 10.00 ന് അതിരൂപത പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. അതിരൂപത ഡയറക്റ്റർ ഫാ. ജോബിൻ ആനക്കല്ലുങ്കൽ ഉദ്ഘാടനം ചെയ്തു. ലാലിച്ചൻ മറ്റത്തിൽ ആന്റപ്പൻ അമ്പിയായം അനുസ്മരണം നടത്തി. റ്റോം തോമസ്, ആൽബിൻ ലാജി, നേഹ ലെസ്ലി, അമല റേച്ചൽ ഷാജി എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. 20 യുവാക്കൾ പങ്കെടുത്ത മത്സരത്തിൽ പയസ്സ് ജോസഫ് (കുറുമ്പനാടം), ഗോഡ്‌വിൻ തോമസ് (ചമ്പക്കുളം), ജിജിൻ വർഗ്ഗീസ് (അമ്പൂരി) എന്നിവർ എ വിഭാഗത്തിലും മിസ്റ്റി എൽസാ മാത്യൂ (തുരുത്തി) ട്രീസ തോമസ് (ചങ്ങനാശേരി), ബ്ലെസ്സി റോസ് ബെന്നി (കുടമാളൂർ) എന്നിവർ ബി വിഭാഗത്തിലും യഥാക്രമം ആദ്യ മൂന്നുസ്ഥാനങ്ങൾ കരസ്ഥമാക്കി.

## ദലം : പരിസ്ഥിതി ദിനാചരണം

ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി എടത്വ ഫൊറോനായുടെ ആതിഥേയത്വത്തിൽ 2022 ജൂൺ 11 ശനിയാഴ്ച ഉച്ചയ്ക്കുശേഷം 02.30ന് എടത്വാ പോലീസ് സ്റ്റേഷൻ പരിസരം യുവജനങ്ങൾ ശുചീകരിക്കുകയും എടത്വായിലെ ആരോഗ്യകേന്ദ്രത്തിൽ വേസ്റ്റ് ബിൻ സ്ഥാപിക്കുകയും ചെയ്തു. മുൻകാല യുവദീപ്തി-എസ്.എം.വൈ.എം. പ്രവർത്തകനും പരിസ്ഥിതി സ്നേഹിയുമായിരുന്ന ശ്രീ. ആന്റപ്പൻ അമ്പിയായത്തിന്റെ കല്ലറയിൽ ഒപ്പീസ് പ്രാർത്ഥന നടത്തപ്പെട്ടു. എടത്വാ ഫൊറോന വികാരി ഫാ. മാത്യു ചൂരവടി ഉദ്ഘാടനം ചെയ്ത യോഗത്തിൽ അതിരൂപത പ്രസിഡന്റ് ജോർജ്ജ് ജോസഫ് അധ്യക്ഷത വഹിച്ചു. ഫാ. സോണി പള്ളിച്ചിറയിൽ, അമ്മു ബാബു, ജയ്നെറ്റ് മാത്യു, റ്റോം തോമസ്, ജയൻ ജോസഫ് തുടങ്ങിയവർ സംസാരിച്ചു.

## വി. തോമസ് മൂർ ദിനാചരണവും സുവർണ്ണജൂബിലിസന്ദേശ പേടകവിതരണവും

വി. തോമസ് മൂർ ദിനാചരണം കുടമാളൂർ ഫൊറോനയുടെ ആതിഥേയത്വത്തിൽ 2022 ജൂൺ 19, ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:00 ന് വില്ലൂന്നി സെന്റ് സേവ്യേഴ്സ് യൂണിറ്റിൽ നടത്തപ്പെട്ടു. സീറോമലബാർസഭ കൂരിയ ബിഷപ്

അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം നിർവ്വഹിച്ച യോഗത്തിൽ അതിരൂപത പ്രസിഡന്റ് അഡ്വ. ജോർജ് ജോസഫ് അധ്യക്ഷത വഹിച്ചു. സുവർണജൂബിലിസന്ദേശപേടകങ്ങൾ അഭിവന്ദ്യ പിതാവ് ഫൊറോന സമിതി അംഗങ്ങൾക്ക് കൈമാറി. വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ, ആർച്ച് പ്രീസ്റ്റ് വെരി റവ. ഡോ. മാണി പുതിയിടം, റവ. ഫാ. സോണി പള്ളിച്ചിറയിൽ, റവ. ഫാ. ആന്റണി കാട്ടൂപ്പാറ, റവ. ഫാ. ജേക്കബ് അഞ്ചുപങ്കിൽ, റ്റോം തോമസ്, ജോർജ് സെബാസ്റ്റ്യൻ തയ്യിൽ, രേഷ്മ ദേവസ്യ എന്നിവർ സംസാരിച്ചു. റവ. ഫാ. റ്റിൻസൺ നരിത്തുരുത്തേലിന്റെ കാർമികത്വത്തിൽ അർപ്പിക്കപ്പെട്ട ആഘോഷമായ വിശുദ്ധ കുർബാനയ്ക്കുശേഷം പ്രദക്ഷിണവും നേർച്ച ഭക്ഷണ വിതരണവും കരിമരുന്ന് കലാപ്രകടനവും നടത്തപ്പെട്ടു.

സുവർണജൂബിലിസന്ദേശപേടകങ്ങളുടെ ആശീർവാദകർമ്മം യുവദീപ്തി എസ്.എം.വൈ.എം. സ്ഥാപകപിതാവ് അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവും അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവും 2022 ജൂൺ 18 ശനിയാഴ്ച അതിരൂപതാകേന്ദ്രത്തിൽ നിർവഹിച്ചു.

**UPCOMING EVENTS**

ജൂലൈ 3: നിരണം തീർത്ഥാടനം
ജൂലൈ 10: യുവജന ദിനാചരണം
ജൂലൈ 28: അർദ്ധ വാർഷിക സെനറ്റ്


# അഭിനന്ദനങ്ങൾ



പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പൗരസ്ത്യ കാനൻനിയമത്തിൽ THE EPARCHIAL BISHOP AS CUSTODIAN OF LITURGICAL LIFE: A JURIDICAL-HISTORICAL-THEOLOGICAL INQUIRY BASED ON CCEO c. 199, WITH PARTICULAR REFERENCE TO THE SYRO MALABAR CHURCH എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ

**മറ്റത്തിൽ ബഹു. ജോസഫ് അച്ചന്**

**അതിരൂപതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ**

പ്രിയ കെ.സി.എസ്.എൽ. കൂട്ടുകാരേ,

കെ.സി.എസ്.എൽ - ന്റെ സ്കൂൾതല പ്രവർത്തനങ്ങൾ ആരംഭിച്ചതിന്റെ സന്തോഷത്തിലാണ് എല്ലാവരും. നമ്മുടെ എല്ലാ പ്രവർത്തനങ്ങളും സർവശക്തനായ ഈശോ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കാം.

ഈ കഴിഞ്ഞ അധ്യായന വർഷത്തിൽ വിജയം കൈവരിച്ച എല്ലാ കൂട്ടുകാർക്കും ഹൃദയംനിറഞ്ഞ അഭിനന്ദനങ്ങൾ. അതോടൊപ്പം ഈ പുതിയ വർഷം ഏവർക്കും അനുഗ്രഹപ്രദമാകട്ടെ എന്നാശംസിക്കുന്നു.

ഈ വർഷത്തെ സ്റ്റേറ്റ് ലെവൽ ആനിമേറ്റേഴ്സ് കോൺഫറൻസ് ജൂൺ 11 –ന് പാലാരിവട്ടം POC ൽ നടത്തപ്പെട്ടു. നമ്മുടെ അതിരൂപതയിൽനിന്നും KCSLന്റെ സ്റ്റേറ്റ് ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട അശ്വിൻ യോഗത്തിന്റെ അധ്യക്ഷപദം അലങ്കരിക്കുകയും അതേ യോഗത്തിൽ നമ്മുടെ അതിരൂപതയിൽനിന്നും ആറ് അധ്യാപകരും പങ്കെടുത്തു.

ഈ വർഷത്തെ നേതൃത്വ പരിശീലന ക്യാമ്പ് ഫാത്തിമാപുരം എസ്.എച്ച്. സ്കൂളിൽ 24, 25 (വെള്ളി, ശനി) ദിവസങ്ങളിൽ നടത്തപ്പെട്ടു. വിവിധ സ്കൂളുകളിൽനിന്നുമായി നൂറിലേറെ കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. അതിരൂപതാ KCSL ഡയറക്ടർ ഫാ. സിനു വേളങ്ങാട്ടുശ്ശേരി ഏവർക്കും സ്വാഗതം ചെയ്യുകയും സ്കൂൾ മാനേജർ റവ. ഫാ. ജോസഫ് നെടുംപറമ്പിൽ ക്യാമ്പിന് തിരിതെളിച്ച് ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. കുട്ടികളെ ഏറെ പ്രചോദിപ്പിച്ചുകൊണ്ട് അദ്ധ്യാപകരായ ശ്രീ. ലിബിൻ, ശ്രീ. ജെറിൻ എന്നിവർ ക്യാമ്പ് മുന്നോട്ടുകൊണ്ടുപോയി. ക്യാമ്പിൽ സഹായിച്ച എല്ലാവർക്കും ഹൃദ്യമായ നന്ദി.

**UPCOMING EVENTS**

1. 2022–23ലെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ആനിമേറ്റേഴ്സ് മീറ്റും ജൂലൈ ഒന്നാം തീയതി വെള്ളിയാഴ്ച ചങ്ങനാശേരി സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂളിൽ നടത്തപ്പെടുന്നു. അഭിവന്ദ്യ മാർ തോമസ് തറയിൽ യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നതായിരിക്കും. തുടർന്ന് KCSLന്റെ ഈ വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചും അംഗങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന മാർഗ്ഗരേഖയുടെ പ്രകാശനവും നടത്തപ്പെടുന്നു. രാവിലെ 9:30 ന് രജിസ്ട്രേഷൻ ആരംഭിക്കുകയും അതേത്തുടർന്ന് പതാക ഉയർത്തുകയും ചെയ്യുന്നു. എല്ലാ ആനിമേറ്റേഴ്സിന്റെയും സ്തുത്യർഹമായ സാന്നിധ്യം പ്രതീക്ഷിക്കുന്നു.
2. ജൂലൈ മാസത്തിന്റെ അവസാനത്തോടുകൂടി അഖിലകേരള അൽഫോൻസാ ക്വിസ് നടത്തപ്പെടുന്നു. എല്ലാ സ്കൂളുകളും ക്വിസിനായി തങ്ങളുടെ കുട്ടികളെ പരിശീലിപ്പിക്കണം എന്നോർമ്മിപ്പിക്കുന്നു. ക്വിസിനെ സംബന്ധിച്ച വിവരങ്ങൾ ഉടൻതന്നെ ഏവരെയും അറിയിക്കുന്നതാണ്.
3. ജൂലൈ മാസത്തിൽ യൂണിറ്റുതല സന്ദർശനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

## ജൂലൈ മാസത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ഈ വർഷത്തെ എസ്എസ്എൽസി പരീക്ഷാഫലവും ഹയർസെക്കന്ററി പരീക്ഷാഫലവും പുറത്തുവന്നു. ബിരുദതലങ്ങളിലെ ഫലങ്ങളും ഉടൻ പുറത്തുവരും. നമ്മുടെ കുട്ടികൾ ഉപരിപഠനത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുന്ന സമയവും അടുത്തുവന്നുകൊണ്ടിരിക്കുന്നു. സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സർക്കാർജോലികളിലും സർക്കാർസ്ഥാപനങ്ങളിൽ പ്ലസ് വൺ മുതലുള്ള അഡ്മിഷനുകളിലുമുള്ള 10% EWS സംവരണം നമ്മുടെ സമുദായാംഗങ്ങൾക്കും ലഭ്യമാണ് .

സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ സംസ്ഥാന മാനദണ്ഡപ്രകാരമുള്ള EWS സർട്ടിഫിക്കറ്റ് ആണ് ഹാജരാക്കേണ്ടത്. ഇതിനായി കുടുംബത്തിന്റെ വാർഷിക വരുമാനം നാലുലക്ഷം വരെയുള്ളവർക്കും പഞ്ചായത്തുകളിൽ 2.5 ഏക്കർ വരെ സ്ഥലമുള്ളവർക്കും അപേക്ഷിക്കാം. ഈ സ്ഥലപരിധി പ്രായോഗികമായി മുനിസിപ്പാലിറ്റികളിൽ 20 സെന്റും കോർപ്പറേഷനുകളിൽ 15 സെന്റുമാണ്. EWS സംവരണം സർക്കാർ സ്കൂളുകളിൽ മാത്രമാണ് ബാധകമായിട്ടുള്ളത്. ന്യൂനപക്ഷപദവിയുള്ളതോ അല്ലാത്തതോ ആയ എയ്ഡഡ് സ്ഥാപനങ്ങളിൽ EWS സംവരണമില്ല. നമ്മുടെ അതിരൂപതയ്ക്ക് സ്കൂളുകളും വിദ്യാഭ്യസസ്ഥാപനങ്ങളും കുറവുള്ള പ്രദേശങ്ങളിൽ ഉയർന്ന മാർക്ക് ലഭിച്ച കുട്ടികൾ ഉൾപ്പെടെ മുകളിൽ പറഞ്ഞ മാനദണ്ഡങ്ങൾപ്രകാരം അർഹരായ എല്ലാവരും EWS സർട്ടിഫിക്കറ്റ് വാങ്ങി ഉപരിപഠനത്തിനുള്ള അപേക്ഷകൾ സമർപ്പിക്കണം. പ്ലസ് വൺ അഡ്മിഷനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ നല്ല സർക്കാർ സ്കൂളുകൾകൂടി ഓപ്ഷൻ വയ്ക്കുക. അതേ സമയം കോളേജ് തലത്തിലുള്ള UG, PG ഏകജാലക പ്രവേശനത്തിൽ നമ്മുടേത് ഉൾപ്പെടെയുള്ള സെൽഫ് ഫൈനാൻസിങ് കോളേജുകളിൽ EWS സംവരണസീറ്റുകൾ ഉണ്ടെന്നാണ് അറിയുന്നത്.

2. SSLC, +2, VHSE എന്നിവയിൽ എല്ലാവിഷയങ്ങൾക്കും A+ നേടിയ വിദ്യാർത്ഥികളും ഡിഗ്രി 80% പിജി 75% മാർക്ക് നേടിയ വിദ്യാർത്ഥികളും സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രൊഫ. ജോസഫ് മുണ്ടശേരി അവാർഡിന് അപേക്ഷകൾ സമർപ്പിക്കണം. ഇതിന്റെ അപേക്ഷകൾ ജൂലൈ മാസം ക്ഷണിച്ചു തുടങ്ങും. ഇപ്പോൾ 40% സ്കോളർഷിപ്പുകൾ ക്രൈസ്തവർക്കാണ് ലഭിക്കുന്നത്. അപേക്ഷകരില്ലാതെ അത് നഷ്ടപ്പെടാൻ ഇടയാകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

3. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത 50 വയസ്സിന് മുകളിലുള്ളവർക്ക് 50000 രൂപ ലോൺ ലഭിക്കും. ഇതിൽ 12 ശതമാനം സബ്സിഡിയാണ്. അതായത് 6,000 രൂപ തിരികെ കൊടുക്കേണ്ടതില്ല.

4. സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നവർ അടുത്തമാസം മുതൽ മസ്റ്ററിംഗ് ചെയ്യണം.

**ബേബി വട്ടക്കര**
(കോർഡിനേറ്റർ)
9142121717

**ഫാ. ജയിംസ് കൊക്കാവയലിൽ**
(ഡയറക്ടർ)
6238214912

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !!!**

ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് ജൂൺ 1 മുതൽ 6 വരെ ചാസ് സംഘടിപ്പിച്ച പരിസ്ഥിതി വാരാചരണത്തിൽ സഹകരിച്ച എല്ലാ സ്വാശ്രയസംഘാംഗങ്ങൾക്കും കർഷകസംഘങ്ങൾക്കും പ്രാദേശിക-മേഖല യൂണിറ്റ് ഭാരവാഹികൾക്കും മറ്റുപ്രവർത്തകർക്കും നന്ദിപറയുവാൻ ഈ അവസരം ഉപയോഗിക്കുന്നു. നമ്മുടെ സാമൂഹികപ്രതിബദ്ധത വിളിച്ചോതിയ പ്രസ്തുത പ്രവർത്തനപരിപാടികൾ ഒരാഴ്ചകൊണ്ട് അവസാനിക്കുന്നതല്ല. ദീർഘവീക്ഷണത്തോടുകൂടിയുള്ള നമ്മുടെ ഈ മേഖലയിലെ ഇടപെടലുകൾ ഒരു പരിസ്ഥിതി സൗഹാർദ്ദ മുന്നേറ്റമായി മാറണം. ജനങ്ങളുടെ മനോഭാവങ്ങളിൽ മാറ്റം വരുത്തുവാനുതകുന്ന കർമ്മപരിപാടികൾ പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായി നടപ്പിലാക്കുവാൻ നമുക്ക് പരിശ്രമിക്കാം.

ജൂൺ 26-ാം തീയതി ആഗോള ലഹരിവിരുദ്ധദിനമായി ആചരിക്കുകയാണല്ലോ. മദ്യപാനവും മയക്കുമരുന്ന് ഉപയോഗവും ഒരു സാമൂഹിക തിന്മയായി കാണുവാൻ നമുക്ക് സാധിക്കണം, അല്ലാതെ അതിനടിമകളായവരെ ദുർബല വ്യക്തിയായി ചിത്രീകരിച്ച് ഒറ്റപ്പെടുത്തുകയല്ല വേണ്ടത്. മദ്യ-മയക്കുമരുന്ന് ആസക്തിയുടെ വിനാശകരമായ പ്രത്യാഘാതങ്ങളെ ചെറുക്കുവാനും ജീവിതത്തിന്റെ പൂർണ്ണ നിയന്ത്രണം ഏറ്റെടുക്കുവാനും ആളുകളെ സഹായിക്കുന്ന പ്രവർത്തനങ്ങളും, ചികിത്സകളും ചാസിന്റെ ഡി-അഡിക്ഷൻ മേഖലയിലൂടെ നടപ്പിലാക്കിവരുന്നു. നമ്മുടെ പ്രവർത്തനമേഖലയിൽ മദ്യത്തിനും മയക്കുമരുന്നിനും അടിമകളായവരെ കണ്ടെത്തി യഥാസമയം ചികിത്സ ലഭ്യമാക്കുവാൻ ഏവരും ശ്രദ്ധിക്കണമെന്ന് ഓർമിപ്പിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോർജ്ജ് പനക്കേഴം**
**ഫാ. ജോർജ്ജ് തൈച്ചേരിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. തോമസ് കുളത്തുങ്കൽ**
(ഡയറക്ടർ)

## അറിയിപ്പ്

### യാത്രയയപ്പ് നൽകി

കഴിഞ്ഞ അഞ്ച് വർഷക്കാലം ചാസ്-ഖാദി വിഭാഗത്തിന്റെ ഡയറക്ടറായി സേവനം അനുഷ്ഠിച്ചതിനുശേഷം കുടുംബക്കൂട്ടായ്മ - ബൈബിൾ അപ്പോസ്തലേറ്റ്, DFC എന്നിവയുടെ ഡയറക്ടറായി സ്ഥലം മാറിപ്പോയ ബഹു. ജോർജ്ജ് മാന്തുരുത്തിലച്ചന് ചാസ് കുടുംബം സ്നേഹോഷ്മളമായ യാത്രയയപ്പ് നൽകി. ജൂൺ 7-ാം തീയതി ചാസ് കുടുംബാംഗങ്ങൾ ഒന്നുചേർന്ന് കൃതജ്ഞതാ ബലി അർപ്പിക്കുകയും യാത്രാമംഗളങ്ങൾ നേരുകയും ചെയ്തു.

### സ്വാഗതം

ചാസ്-ഖാദി വിഭാഗം ഡയറക്ടറായി നിയമിതനായ ബഹു. ജോർജ്ജ് പനക്കേഴത്തച്ചനും ചാസ് അസി. ഡയറക്ടറായി നിയമിതനായ ബഹു. ജോർജ്ജ് തൈച്ചേരിൽ അച്ചനും ചാസ് കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

ഉപരിപഠനത്തിനായി ചാസിൽനിന്നും താല്ക്കാലിക അവധിയിൽ പ്രവേശി

ച്ചിരിക്കുന്ന ബഹു. ആൻസിലോ ഇലഞ്ഞിപ്പറമ്പിലച്ചന് പ്രാർത്ഥനാശംസകൾ നേരുന്നു.

## കേന്ദ്ര വാർത്തകൾ

### പൊതിച്ചോറ് വിതരണം

2022 മെയ് 28-ാം തീയതി ശനിയാഴ്ച ലോക വിശപ്പ് ദിനത്തോടനുബന്ധിച്ച് നമ്മുടെ സമൂഹത്തിൽ ഒരുനേരത്തെ ആഹാരത്തിനുവേണ്ടി ക്ലേശിക്കുന്ന ജന വിഭാഗത്തിന് ചാസ് മേഖലാസമിതികളുടെയും പ്രാദേശികയൂണിറ്റുകളുടെയും നേതൃത്വത്തിൽ 2,625 പൊതിച്ചോറുകൾ വിതരണം ചെയ്തു.

### 'പ്രകൃതി-2022' പരിസ്ഥിതി വാരാചരണ പരിപാടി

ചാസും, റേഡിയോ മീഡിയാ വില്ലേജും സംയുക്തമായി സംഘടിപ്പിച്ച 'പ്രകൃതി-2022' പരിസ്ഥിതി വാരാചാരണ പരിപാടികളുടെ ഉദ്ഘാടനം ജൂൺ 1 ന് അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ. നിർവഹിച്ചു. സഹായമെത്രാൻ മാർ തോമസ് തറയിൽ അദ്ധ്യക്ഷതവഹിച്ചു. വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർമ്മാരായ ഫാ. ജോർജ്ജ് മാന്തുരുത്തിൽ, ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, ഫാ. ജോർജ്ജ് പനക്കേഴം എന്നിവർ പ്രസംഗിച്ചു. തുടർന്ന് ബൈപാസ് റോഡരികിലുള്ള ചാസ് കാർഷിക നേഴ്സറിയിൽ 100 ഫലവൃക്ഷ തൈകൾ നട്ടു.

### 'കുട്ടിത്തോട്ടം-2022'

പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് സ്കൂൾ കുട്ടികൾക്കായി 'കുട്ടി ത്തോട്ടം-2022' എന്ന പേരിൽ ജൈവ പച്ചക്കറികൃഷിത്തോട്ടം നിർമ്മാണത്തിന് തുടക്കംകുറിച്ചു. ജൂൺ 2 വ്യാഴാഴ്ച ചങ്ങനാശേരി ഗവൺമെന്റ് ഹൈസ്കൂളിൽ സംഘടിപ്പിച്ച മീറ്റിംഗിൽ ഹെഡ്മാസ്റ്റർ ശ്രീ. എൻ. രഘുവിന് ഗ്രോബാഗിൽ നിറച്ച പച്ചക്കറിതൈ നൽകി ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം ചെയ്തു. പ്രകൃതിയെയും, പ്രകൃതിവിഭവങ്ങളെയും കാത്തുപരിപാ ലിക്കുകയും കുട്ടികളിൽ കൃഷിയോടുള്ള താത്പര്യം വളർത്തിയെടുക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ചാസ് ലക്ഷ്യം വയ്ക്കുന്നത്. ചാസ് അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, ശ്രീ. ബിനോ പൗലോസ് എന്നിവർ പ്രസംഗിച്ചു.

### 'ധ്വനി-2022' വിളംബരറാലി

പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ജൂൺ 3 ന് വിളംബരറാലി 'ധ്വനി 2022' സംഘടിപ്പിച്ചു. സെന്റ് ബർക്കുമാൻസ് കോളേജ് പ്രധാന കവാടത്തിൽ നിന്നും ആരംഭിച്ച റാലി ചങ്ങനാശേരി DYSP ശ്രീ. ആർ. ശ്രീകുമാർ ഫ്ളാഗ് ഓഫ് ചെയ്തു. പ്രിൻസിപ്പൽ ഫാ. റെജി പ്ലാത്തോട്ടം മുഖ്യസന്ദേശം നൽകി. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ആൻ സിലോ ഇലഞ്ഞിപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു. എസ്.ബി., അസംപ്ഷൻ കോളേജ് വിദ്യാർത്ഥികൾ, ചാസ് സ്വാശ്രയസംഘാംഗങ്ങൾ എന്നിവർ റാലി യിൽ പങ്കെടുത്തു.

### ഒരു രൂപയ്ക്ക് ഒരു പച്ചക്കറി തൈ

ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ചാസ് അങ്കണത്തിൽ ജൂൺ 4 ന് ഒരു രൂപയ്ക്ക് ഒരു പച്ചക്കറി തൈ വിതരണം ചെയ്തു. ചാസ്

അസി. ഡയറക്ടർ ഫാ. ജോർജ്ജ് പനക്കേഴം ഉദ്ഘാടനം നിർവഹിച്ചു. ഡോ. ജോസഫ് എബ്രഹാം, ശ്രീ. ഷാജിമോൻ ജോർജ്ജ്, ശ്രീ. ബാബു മേലന്നൂർ, ശ്രീ. ജോബി മാത്യു എന്നിവർ പ്രസംഗിച്ചു.

## മേഖലാ – യൂണിറ്റുതല പരിസ്ഥിതി ദിനാചരണം

ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് ജൂൺ 5 ന് ചാസിന്റെ വിവിധ യൂണിറ്റുകളിൽ 536 ഫലവൃക്ഷതൈകൾ നട്ടും 3,856 തൈകൾ വിതരണം ചെയ്തും ശുചീകരണപ്രവർത്തനങ്ങൾ നടത്തിയും പരിസ്ഥിതിദിനം സമുചിതമായി ആചരിച്ചു. പതിമൂന്ന് മേഖലകളിലെ 68 പ്രാദേശിക യൂണിറ്റുകളും 192 സ്വാശ്രയസംഘങ്ങളും 22 ഫാർമേഴ്സ് ക്ലബുകളും പരിസ്ഥിതി ദിനാചരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## ചാസ് നേഴ്സറി ഉദ്ഘാടനം

ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് ചാസ് അങ്കണത്തിൽ ജൂൺ 6 ന് ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം സിസ്റ്റർ ട്രീസാ CMC ക്ക് ഫലവൃക്ഷതൈ നൽകി ചാസ് നഴ്സറിയുടെ ഉദ്ഘാടനം നിർവഹിച്ചു. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, ശ്രീ. ജോബി മാത്യു എന്നിവർ പ്രസംഗിച്ചു.

## ഒരു വീട്ടിൽ ഒരു ഫലവൃക്ഷം

പരിസ്ഥിതി വാരാചരണത്തിന്റെ ഭാഗമായി ഗുണമേന്മയേറിയതും ചുരുങ്ങിയ കാലത്തിനുള്ളിൽ ഫലം തരുന്നതുമായ ഫലവൃക്ഷതൈകൾ ചാസിന്റെ പ്രാദേശിക യൂണിറ്റുകളുടെ സഹകരണത്തോടുകൂടി വിതരണംചെയ്തു. 12500 ഫലവൃക്ഷതൈകളാണ് ജൂൺ ആദ്യവാരം ചാസ് നേഴ്സറിവഴി വിതരണം ചെയ്തത്.

## ജൽ ജീവൻ മിഷൻ

കേന്ദ്ര-കേരള സർക്കാരുകളുടെ സഹായത്തോടുകൂടി നെടുമുടി, ചമ്പക്കുളം ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി, അംഗൻവാടിതലത്തിലും സ്കൂൾതലത്തിലും ജൂൺ 16, 17, 21 തീയതികളിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു. ജലത്തിന്റെ പ്രാധാന്യം, ദുരുപയോഗം, ജലജന്യരോഗങ്ങൾ എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ് നയിച്ചു. കോ-ഓഡിനേറ്റർമാരായ ശ്രീ. ബിനു ജോസഫ്, ശ്രീ. ബൈജു സേവ്യർ, ശ്രീ. അരുൺ റ്റി. എന്നിവർ ക്ലാസിന് നേതൃത്വം നൽകി.

## ജലശ്രീ ക്ലബ്

നെടുമുടി-ചമ്പക്കുളം ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതികളുടെ ഭാഗമായി സ്കൂൾ തലത്തിൽ 'ജലശ്രീ ക്ലബ്' രൂപീകരിച്ചു. ജലത്തിന്റെ പ്രാധാന്യം മനസിലാക്കി ജലസ്രോതസുകളെ സംരക്ഷിക്കുന്നതിനും ജലം കരുതലോടെ ഉപയോഗിക്കുന്നതിനും പുതിയ തലമുറയ്ക്ക് ബോധ്യം നൽകുന്നതിന്റെ ഭാഗമായി വൈശ്യംഭാഗം Govt. LPS, കണ്ടംകരി ദേവി വിലാസം HS എന്നീ സ്കൂളുകളിൽ ജലശ്രീ ക്ലബ് രൂപീകരിച്ചു.

## KSSF വാർഷിക പൊതുയോഗം

ജൂൺ 15-ാം തീയതി ആമോസ് സെന്ററിൽ നടന്ന കേരളാ സോഷ്യൽ സർവീസ് ഫോറത്തിന്റെ വാർഷിക പൊതുയോഗത്തിൽ ചാസ് ഡയറക്ടർ ഫാ.

തോമസ് കുളത്തുങ്കൽ, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ പങ്കെടുത്തു. KSSF ന്റെ ഭരണസമിതിയിലേയ്ക്ക് ചാസ് ഡയറക്ടർ തെരഞ്ഞെടുക്കപ്പെട്ടു.

### രൂപതാ ഡയറക്ടേഴ്സ് മീറ്റിംഗ്

പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ ജൂൺ 23-ാം തീയതി നടന്ന രൂപതാ ഡയറക്ടർമാരുടെ സമ്മേളനത്തിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ പങ്കെടുത്തു.

### FPC

നബാർഡിന്റെ സഹായസഹകരണത്തോടുകൂടി ചാസ് ആരംഭിച്ചിരിക്കുന്ന പൊങ്ങന്താനം ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ പ്രവർത്തകർ ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലിനോടും അസി. ഡയറക്ടർ ഫാ. ജോർജ്ജ് പനക്കേഴത്തിനോടുമൊപ്പം തൊടുപുഴ, കാഞ്ഞിരമറ്റം, പൈക എന്നീ പ്രദേശങ്ങളിലെ കാർഷിക മൂല്യവർദ്ധിക ഉല്പ്പന്ന വിപണകേന്ദ്രങ്ങൾ സന്ദർശിച്ച് FPC പ്രവർത്തനരീതികൾ മനസിലാക്കി.

## ചാസ് സാമൂഹ്യ സുരക്ഷാ സഹായ പദ്ധതി

ചാസിന്റെ സാമൂഹിക സുരക്ഷാസഹായ പദ്ധതികൾ വഴി 2022 ജൂൺ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**(1) SHG മരണാനന്തര സഹായം 10,000/- രൂപ 25 കുടുംബങ്ങൾക്ക് Rs. 80,000/- നൽകി (2022 മെയ്)**

| | പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|---|
| 578. | മറിയാമ്മ ചാക്കോ | മറിയം ത്രേസ്യാ | ആറാട്ടുവഴി | ആലപ്പുഴ |
| 579. | മേരിക്കുട്ടി അപ്പച്ചൻ | ദൃശ്യ | പൂന്തോപ്പ് | ആലപ്പുഴ |
| 580. | മറിയക്കുട്ടി ചാക്കോ | സെന്റ് തോമസ് | മീൻകുളം | കൊല്ലം |
| 581. | റോസമ്മ ജോസഫ് | പ്രതിഭ | മാന്നില | കുറുമ്പനാടം |
| 582. | സാലിക്കുട്ടി ജോയിച്ചൻ | അൽഫോൻസാ | നെടുംകുന്നം | നെടുംകുന്നം |
| 583. | ജോൺസൺ ജെ. | കാരുണ്യ | കൈനടി | ആലപ്പുഴ |
| 582. | ലില്ലിക്കുട്ടി സേവ്യർ | അനുഗ്രഹ | കൈനടി | ആലപ്പുഴ |
| 583. | അന്നമ്മ മാത്യു | ഐശ്വര്യ | കിടങ്ങറ | ചങ്ങനാശേരി |

**(2) മ്യൂച്വൽ ബെനഫിറ്റ് സ്കീം (2022 ജൂൺ)**

- മരണാനന്തരസഹായം (10000/- രൂപ വീതം 17 കുടുംബങ്ങൾക്ക് Rs. 2,50,000/- നൽകി)

| | പേര് | യൂണിറ്റ് | മേഖല |
|---|---|---|---|
| 711. | കമലം റോഡരികത്ത് | രാജഗിരി | അമ്പൂരി |
| 712. | കെ.ജി. ഗ്രിഗറി മാളിയേക്കൽ | പുന്നമട | ആലപ്പുഴ |
| 713. | മറിയാമ്മ ചാക്കോ മഠത്തിപ്പറമ്പിൽ | ആറാട്ടുവഴി | ആലപ്പുഴ |
| 714. | അന്നമ്മ വർഗീസ് തെക്കുംതറ | വൈശ്യംഭാഗം | ചമ്പക്കുളം |
| 715. | കെ.സി. തോമസ് കാഞ്ഞിരംകാലായിൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 716. | ത്രേസ്യാമ്മ ജോസഫ് മാക്കനാൽ | കുളത്തൂർ | മണിമല |
| 717. | അന്നമ്മ സ്കറിയ പുറത്തേമഠത്തിൽ | നെടുമണ്ണി | നെടുംകുന്നം |
| 718. | രാജു വി.വി. വടക്കേടം | തായങ്കരി | എടത്വ |
| 719. | ഫസീല ബീവി വാഴവിള വീട് | ഫിൽഗിരി | കൊല്ലം |
| 720. | പൈലോ വർഗീസ് മത്തിക്കുന്നേൽ | ഫിൽഗിരി | കൊല്ലം |

| | | |
|---|---|---|
| 721. സൂസമ്മ കുര്യൻ ആമ്പള്ളിയിൽ | മീൻകുളം | കൊല്ലം |
| 722. മറിയക്കുട്ടി ചാക്കോ പള്ളിപ്പുറത്ത് | മീൻകുളം | കൊല്ലം |
| 723. സിസിലിയാമ്മ ആന്റണി പ്ലാംമൂട്ടിൽ | മാടപ്പള്ളി | കുറുമ്പനാടം |
| 724. പി.എൽ. ജോസഫ് താന്നിച്ചുവട്ടിൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 725. ആലീസ് തോട്ടുപാറയിൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 726. അന്നമ്മ ദേവസ്യ മൂലയിൽ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 727. കെ.സി. ദേവസ്യ കഴുതാടിയിൽ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 728. ത്രേസ്യാമ്മ കിഴക്കേനെല്ലിക്കുന്നം | പുതുക്കരി | എടത്വാ |
| 729. കുഞ്ഞമ്മ ചെറിയാൻ കൊച്ചുപറമ്പ് | ചങ്ങംകരി | എടത്വാ |
| 730. വിജയമ്മ പി.കെ. നായത്തുംപറമ്പിൽ | വില്ലൂന്നി | കുടമാളൂർ |
| 731. തങ്കമ്മ മാത്യു ആലഞ്ചേരിയിൽ | അതിരമ്പുഴ | അതിരമ്പുഴ |
| 732. സേവ്യർ തോമസ് പാണ്ടിച്ചേരിയിൽ | പായിപ്പാട് | തൃക്കൊടിത്താനം |
| 733. റോസമ്മ ജോസഫ് ചിറത്തലയ്ക്കൽ | മാന്നില | കുറുമ്പനാടം |
| 734. രാജമ്മ ബാബു പുത്തൻപറമ്പ് | ളായിക്കാട് | ചങ്ങനാശേരി |
| 735. മറിയമ്മ തോമസ് പെരുംമ്പ്രായിൽ | ഫിൽഗിരി | കൊല്ലം |

## മേഖലാ വാർത്തകൾ

### യൂണിറ്റ് നവീകരണം

കുമരകം നവനസ്രത്ത് യൂണിറ്റിൽ മെയ് 22 ന് പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റോ മുട്ടത്തിൽ അദ്ധ്യക്ഷത വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ലിസി സി.വി. നേതൃത്വം നൽകി. സംസ്ഥാന മൈനോരിറ്റി കമ്മീഷൻ അംഗം ശ്രീമതി ബിന്ദു തോമസ് 'ന്യൂനപക്ഷ അവകാശങ്ങളും സർക്കാർ ആനുകൂല്യങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു.

### ചാസ് മാതൃകാഗ്രാമം

ചാഞ്ഞോടി യൂണിറ്റിൽ നടപ്പിലാക്കുന്ന മാതൃകാഗ്രാമം പദ്ധതിക്കായി ആശാരിമുക്ക് പ്രദേശം തെരഞ്ഞെടുത്തു. മെയ് 29-ാം തീയതി തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ 50 അംഗങ്ങളെ ഉൾപ്പെടുത്തി മാതൃകാഗ്രാമം പ്രവർത്തനം ആരംഭിച്ചു. പരിസരശുചിത്വം, മാലിന്യസംസ്ക്കരണം, പ്ലാസ്റ്റിക് മാനേജ്മെന്റ്, ജൈവകൃഷി എന്നിവയെക്കുറിച്ച് ബോധവത്ക്കരണം നൽകി. പഞ്ചായത്ത് മെമ്പർമാർ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ശ്രീമതി മേഴ്സി റോയി, ശ്രീ. ബിനു പി. എന്നിവർ പങ്കെടുത്തു. എല്ലാ അംഗങ്ങൾക്കും പച്ചക്കറി വിത്ത് വിതരണം ചെയ്തു.

### യൂണിറ്റ് വാർഷികം

ചങ്ങംകരി ചാസ് യൂണിറ്റിന്റെ 35-ാമത് വാർഷികം മെയ് 29 ന് സെന്റ് ജോസഫ് പള്ളി പാരീഷ്ഹാളിൽ സംഘടിപ്പിച്ചു. എടത്വാ ഫൊറോനാ ഡയറക്ടർ വെരി. റവ. ഫാ. മാത്യു ചൂരവടി അദ്ധ്യക്ഷത വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കാരക്കാട് നേതൃത്വം നൽകി. വാർഡ് മെമ്പർ ശ്രീമതി ആൻസി ആശംസയർപ്പിച്ചു.

## CBR സംഗമം

പൊടിപ്പാറ യൂണിറ്റിൽ പ്രവൃത്തിക്കുന്ന CBR അംഗങ്ങളുടെ സംഗമം മെയ് 29 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കട്ടപ്പുറം അദ്ധ്യക്ഷതവഹിച്ചു. നെടുംകുന്നം, മണിമല മേഖല കോ-ഓർഡിനേറ്റർ ശ്രീമതി അൽഫോൻസ് വർഗീസ് മോട്ടിവേഷൻ ക്ലാസ് നയിച്ചു.

## സൺഡേ മാർക്കറ്റ്

വെട്ടിമുകൾ യൂണിറ്റിൽ ജൂൺ 5 ന് സൺഡേ മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. കർഷകസംഘങ്ങളും സ്വാശ്രയസംഘങ്ങളും ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളാണ് മാർക്കറ്റിൽനിന്നും ലഭിക്കുന്നത്.

## മേഖലാ ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം

എടത്വാ മേഖലയിലെ യൂണിറ്റ് ഭാരവാഹികൾക്കായുള്ള നേതൃത്വപരിശീലനം ജൂൺ 10 ന് മരിയാപുരം മേരിമാതാ പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. മേഖലാ കോ-ഓർഡിനേറ്റർമാരായ ശ്രീ. ബിനു ജോസഫ്, ശ്രീമതി ആൻസി ലോനിച്ചൻ എന്നിവർ ക്ലാസ് നയിച്ചു.

## സ്വാശ്രയസംഘസംഗമം

നെടുംകുന്നം യൂണിറ്റിൽ ജൂൺ 21 ന് സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി പ്രകൃതിസംരക്ഷണം, മാലിന്യസംസ്ക്കരണം, കാൻസർ സുരക്ഷ എന്നിവയെക്കുറിച്ച് മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി അൽഫോൻസ് വർഗീസ് ക്ലാസ് നയിച്ചു. 32 അംഗങ്ങൾ പങ്കെടുത്തു.

## സ്വാശ്രയസംഘ വാർഷികം

ഏറ്റുമാനൂർ യൂണിറ്റിൽ പ്രവൃത്തിക്കുന്ന 'സൂര്യ' സ്വാശ്രയസംഘത്തിന്റെ 20-ാമത് വാർഷികം ജൂൺ 21 ന് നടത്തി. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് മുകളേൽ അദ്ധ്യക്ഷതവഹിച്ചു. സഹവികാരി റവ. ഫാ. ജേക്കബ് ചക്കാത്ര, യൂണിറ്റ് ഭാരവാഹികൾ, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി സജി ഷാജി എന്നിവർ പ്രസംഗിച്ചു. സംഘം ഭാരവാഹികൾ വാർഷികറിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

## ദൗത്യം-2022

ചാസ് മുട്ടാർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്രവൃത്തിക്കുന്ന മാതൃകാഗ്രാമത്തിന്റെ മൂന്നാംഘട്ട പ്രവർത്തനങ്ങൾ 'ദൗത്യം-2022' ജൂൺ 24 ന് സംഘടിപ്പിച്ചു. പ്ലാസ്റ്റിക് സംസ്ക്കരണ ഉപാധികൾ, നടീൽ വസ്തുക്കൾ ഉൾപ്പെടെയുള്ള ഗ്രോബാഗുകളും വിതരണം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സിറിൽ ചേപ്പിലയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ ഉദ്ഘാടനം ചെയ്തു.

## സൗജന്യ കാൻസർ രോഗനിർണ്ണയ ക്യാമ്പ്

തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയുടെ സഹകരണത്തോടെ ചാസിന്റെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളിൽ സൗജന്യ കാൻസർ രോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. തൈറോയ്ഡ് എക്സാമിനേഷൻ, ബ്രസ്റ്റ് സ്കാനിംഗ്, ബ്രസ്റ്റ് വെൽസ്കോപ്പ് എക്സാമിനേഷൻ എന്നീ പരിശോധനകൾ നടത്തി. രോഗസംശയമുള്ളവർക്ക് Mammogram, Papsmear, Thyroid Ultrasound, Oral

punch biopsy എന്നീ വിദഗ്ധ പരിശോധനകൾ പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ സൗജന്യമായി ലഭ്യമാക്കും.

| തീയതി | യൂണിറ്റ് | പങ്കെടുത്തവർ |
|---|---|---|
| മെയ് 27 | നർബോനപുരം | 52 |
| മെയ് 28 | പുഴവാത് | 38 |
| ജൂൺ 17 | വായ്പൂർ ഓൾഡ് | 30 |
| ജൂൺ 24 | വെട്ടിമുകൾ | 60 |
| ജൂൺ 25 | വടക്കേഅമിച്ചകരി | 35 |

## സ്വാശ്രയ സംഘരൂപീകരണം

| തീയതി | യൂണിറ്റ് | സംഘം | അംഗങ്ങൾ |
|---|---|---|---|
| 01.4.2022 | മല്ലപ്പള്ളി, KVG | അമ്മ | 10 |
| ,, | ,, | ഹരിത | 13 |
| ,, | ,, | ഐശ്വര്യ | 10 |
| ,, | ,, | ദീപം | 11 |
| ,, | ,, | ഫ്രണ്ട്സ് | 10 |
| 20.4.2022 | മാന്നില | സ്നേഹദീപം | 21 |
| 27.4.2022 | പുത്തനങ്ങാടി | എഫാത്താ | 18 |
| ,, | ,, | ഫാത്തിമാമാത | 18 |
| 25.5.2022 | അസംപ്ഷൻ | ഐശ്വര്യ | 11 |
| ,, | ,, | മരിയ | 16 |

### പരിശീലന പരിപാടികൾ

*** തയ്യൽ പരിശീലനം സമാപിച്ചു**

കുടമാളൂർ ചാസ് യൂണിറ്റിൽ നടത്തിവന്ന തയ്യൽ പരിശീലനം മെയ് 26ന് സമാപിച്ചു. അസി. വികാരി റവ. ഫാ. ആന്റണി തറക്കുന്നേൽ 22 പരിശീലനാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ഫാ. ജോയൽ പുന്നശ്ശേരി, സെക്രട്ടറി സിറിൽ ജോസഫ് തോട്ടപ്പള്ളി, ശ്രീ. പ്രകാശ് പകലോമറ്റം എന്നിവർ ആശംസകൾ അർപ്പിച്ചു. മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ലിസി സി.വി. നേതൃത്വം നൽകി.

**തയ്യൽ പരിശീലനം ആരംഭിച്ചു**

ചാസ് മുണ്ടുപാലം യൂണിറ്റിൽ ജൂൺ 9-ാം തീയതി മുതൽ ഒരുമാസക്കാലം നീണ്ടുനിൽക്കുന്ന തയ്യൽ പരിശീലനം ആരംഭിച്ചു.

ചാസ് അതിരമ്പുഴ യൂണിറ്റിൽ ജൂൺ 15-ാം തീയതി തയ്യൽ പരിശീലനത്തിന് തുടക്കം കുറിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. ഫൊറോന വികാരി വെരി റവ. ഫാ. ജോസഫ് മുണ്ടകത്തിൽ അദ്ധ്യക്ഷതവഹിച്ചു. പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി സജി ഷാജി എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. 25 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

**തേനീച്ച വളർത്തൽ പരിശീലനം**

വള്ളംചിറ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജൂൺ 14 ന് സെന്റ് മേരീസ് പാരീഷ് ഹാളിൽ തേനീച്ചവളർത്തൽ പരിശീലനം സംഘടിപ്പിച്ചു. ഖാദി വിദ്യാലയം വൈസ് പ്രിൻസിപ്പൽ ശ്രീ. ജയിംസ് ഡൊമിനിക്ക് ക്ലാസ് നയിച്ചു. 15 അംഗങ്ങൾ പങ്കെടുത്തു.

## കളർ എ ഹോം ഭവന നിർമ്മാണ പദ്ധതി

കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2021 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും 2022 ജൂൺ 23 വരെ അതിരൂപതാകേന്ദ്രത്തിൽ ലഭിച്ച തുകയും (40%) തുടർച്ച

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 187. | കിളിരൂർ | 46050 | 18420 |
| 188. | തെക്കേക്കര - സെന്റ് സെബാസ്റ്റ്യൻ | 20150 | 8060 |
| 189. | തകഴി | 90000 | 36000 |
| 190. | ചീരഞ്ചിറ | 318320 | 127328 |
| 191. | വടവാതൂർ | 176300 | 70000 |
| 192. | കുടമാളൂർ | 423976 | 169590 |
| 193. | തുരുത്തി | 441775 | 176710 |
| 194. | വെളിയനാട്-കേസറിയ | 20400 | 8160 |
| 195. | ചീപ്പുങ്കൽ | 25500 | 10200 |
| 196. | കിള്ളി | 13350 | 5340 |
| 197. | കോട്ടയം - ലൂർദ് | 366750 | 146701 |
| 198. | കാവാലം - നോർത്ത് | 17925 | 7170 |
| 199. | ഡാൽമുഖം | 17050 | 6820 |
| 200. | പച്ചക്കാട് | 5850 | 2340 |
| 201. | വാഴപ്പള്ളി - വെസ്റ്റ് | 6650 | 6650 |
| 202. | മാടപ്പള്ളി | 195753 | 78300 |

(തുടരും........)

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസ പദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്ക് 2022 ജൂൺ മുതൽ വിവിധ ഇടവകകളിൽ നിന്നും ലഭിച്ച സംഭാവനകൾ

| നം. | ഇടവക | തുക |
|---|---|---|
| 1. | ചമ്പക്കര - സെന്റ് ജോസഫ്സ് ചർച്ച് | 64000 |
| 2. | കൂത്രപ്പള്ളി - സെന്റ് മേരീസ് ചർച്ച് | 35000 |
| 3. | നസ്രത്ത് - സെന്റ് ജെറോംസ് ചർച്ച് | 30000 |
| 4. | ചമ്പക്കുളം - സെന്റ് മേരീസ് ബസിലിക്ക | 9500 |

ഈശോയിൽ പ്രിയ അച്ചന്മാരേ, സിസ്റ്റേഴ്സ്, ഡി.എഫ്.സി. പ്രവർത്തകരേ,

മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികത്തിന്റെയും കേരള സഭാ നവീകരണകാലത്തിന്റെയും (2022-2025) അതിരൂപത-ഇടവകതല ഉദ്ഘാടനങ്ങൾ ജൂലൈ 3 ഞായറാഴ്ച ദുക്റാന തിരുനാളിൽ നടത്തപ്പെടുകയാണല്ലോ. ഈ വർഷത്തെ ദുക്റാന തിരുനാളിന് അപ്രകാരം വലിയ പ്രാധാന്യമുണ്ട്. സഭാ-സമുദായ നവീകരണത്തിനും ഉയിർത്തെഴുന്നേൽപ്പിനും പരിശുദ്ധാത്മാവ് ഈ കാലഘട്ടത്തെ ഉപയോഗിക്കുവാൻ നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

## 1. സമുദായ ശാക്തീകരണം: ദീപിക ശാക്തീകരണത്തിലൂടെ

മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950 വർഷാചരണം സമുദായസ്നേഹവും മാർത്തോമ്മാ ക്രിസ്ത്യാനികളെന്ന അഭിമാനബോധവും തീവ്രമാക്കുന്ന നിമിഷങ്ങളാണ്. ഇതിനോടനുബന്ധിച്ച് ഡിപ്പാർട്ടുമെന്റുതലങ്ങളിൽ നടന്ന മീറ്റിംഗിൽ അഭിവന്ദ്യ പെരുന്തോട്ടം പിതാവ് പങ്കുവച്ചത് **'സമുദായ ശാക്തീകരണം സാധ്യമാകുന്ന ഒരു പ്രധാന മാർഗ്ഗം ദീപിക ശാക്തീകരണമാണ്'** എന്നാണ്. കഴിഞ്ഞവർഷം ബഹു. വൈദികരുടെയും അല്മായ ലീഡേഴ്സിന്റെയും കൂട്ടായപരിശ്രമത്താൽ വലിയ മുന്നേറ്റം നടത്തി. കേരളത്തിൽ ഏറ്റവും കൂടുതൽ ദീപിക വരിക്കാരുള്ള രൂപതയായി മാറിയതും അഭിമാനകരമാണ്. ഈ വർഷത്തെ നമ്മുടെ ലക്ഷ്യം എല്ലാ ഭവനങ്ങളിലും ദീപിക എത്തിക്കുക എന്നതായിരിക്കണമെന്ന് അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തിട്ടുണ്ട്. അതിനുള്ള കർമ്മപദ്ധതികൾ കഴിഞ്ഞ ദിവസം കൂടിയ DFC അതിരൂപതാസമിതി തയ്യാറാക്കുകയുണ്ടായി. അതിന്റെ വിജയത്തിന് എല്ലാവരുടേയും പിന്തുണ അഭ്യർത്ഥിക്കുന്നു.

## 2. ഒക്ടോബർ – നവംബർ മാസങ്ങൾ ദീപിക പ്രചാരണ കാലഘട്ടം: മുന്നൊരുക്കങ്ങൾ ആരംഭിക്കാം.

ഒക്ടോബർ-നവംബർ മാസങ്ങൾ ദീപിക ദിനപത്രത്തിന്റെ വരിസംഖ്യ പുതുക്കലിനും പ്രചാരണത്തിനുമായി മാറ്റിവയ്ക്കണമെന്നാണ് അതിരൂപതാതലത്തിൽ നിശ്ചയിച്ചിരിക്കുന്നത്. അതിന് താഴെപ്പറയുന്ന മുന്നൊരുക്കങ്ങൾ അടിയന്തിരമായി ക്രമീകരിക്കേണ്ടതുണ്ട്.

1. ഫൊറോന ഡയറക്ടറുടെ നേതൃത്വത്തിൽ ഫൊറോനാസമിതി ജൂലൈ മാസം തന്നെ യൂണിറ്റ് സന്ദർശനങ്ങൾ നടത്തേണ്ടതാണ്.
2. DFCയുടെ പ്രവർത്തനങ്ങൾ നടക്കാത്ത യൂണിറ്റുകളിൽ എത്രയും പെട്ടെന്ന് തന്നെ DFC യുടെ പുരുഷ-വനിത ഭാരവാഹികളെ കണ്ടെത്തുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതാണ്.
3. നിലവിൽ ഭാരവാഹികളായി ഉള്ളവർ ഏതെങ്കിലും കാരണത്താൽ സഹകരിക്കാതെ വരികയാണെങ്കിൽ അവർക്കു പകരം പുതിയ ഭാരവാഹികളെ

ഉടൻ കണ്ടെത്തേണ്ടതാണ്. ഫൊറോനാസമിതി യൂണിറ്റ് സന്ദർശനങ്ങൾ നടത്തുമ്പോൾ യൂണിറ്റിലെ പുരുഷ-വനിതാ ഭാരവാഹികളുടെ ലിസ്റ്റ് ശേഖരിക്കേണ്ടതാണ്.

5. ജൂലൈ 31നു മുൻപായി ഫൊറോനാസമിതി യൂണിറ്റുകൾ സന്ദർശിച്ച് യൂണിറ്റ് ഭാരവാഹികളുടെയും ഫൊറോനാഭാരവാഹികളുടെയും ലിസ്റ്റ് നിശ്ചിത ഫോറത്തിൽ അതിരൂപതാകേന്ദ്രത്തിലെ കുടുംബകൂട്ടായ്മ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

6. ഇടവകതലങ്ങളിൽ ദീപികയുടെതായി സ്വന്തം ഏജന്റുമാരെ കണ്ടെത്താൻ സാധിക്കുന്നിടത്ത് അപ്രകാരം ചെയ്യുകയും ഇല്ലാത്തിടത്ത് നിലവിലുള്ള ഏജന്റുമാരുമായി നല്ല സൗഹൃദം സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.

### 3. ദീപിക നമ്മുടെ ഭാഷാപദ്ധതി

ദീപിക നമ്മുടെ ഭാഷാപദ്ധതിക്ക് സ്കൂളുകളിൽ ആവേശകരമായ സ്വീകരണമാണ് ലഭിക്കുന്നത്. ഇതിന് നേതൃത്വവും പ്രോത്സാഹനവും നൽകുന്ന കോർപ്പറേറ്റ് മാനേജർ ബഹു. മനോജ് കറുകയിലച്ചനും സ്കൂൾ മാനേജർമാർക്കും ഹെഡ്മാസ്റ്റർമാർക്കും അദ്ധ്യാപകർക്കും പത്രം സ്പോൺസർ ചെയ്യുന്ന അഭ്യുദയകാംഷികൾക്കും പ്രത്യേകം നന്ദി. ജൂലൈ 15ന് മുൻപ് എല്ലാ സ്കൂളുകളിലും കോളേജുകളിലും ദീപിക നമ്മുടെ ഭാഷാപദ്ധതി പൂർത്തീകരിക്കാൻ ഫൊറോന ഡയറക്ടറച്ചന്മാരുടെയും ഭാരവാഹികളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

### ഉപസംഹാരം

'ദീപികദിനപ്പത്രം' കെട്ടിലും മട്ടിലും ഓരോ ദിവസവും മെച്ചപ്പെടുന്നു എന്നത് നമുക്ക് അഭിമാനകരവും സന്തോഷകരവുമാണ്. തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികാഘോഷവും കേരളസഭാനവീകരണകാലം (2022-2025) ആരംഭിക്കുന്നതും സഭയുടെയും സമുദായത്തിന്റെയും വലിയ വളർച്ചയ്ക്ക് കാരണമാകുവാൻ ദൈവകരുണയ്ക്കായി നമുക്കുപ്രാർത്ഥിക്കാം. **ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ ഇടവകതലങ്ങളിൽ ദീപിക പ്രചാരണത്തിനായുള്ള മുന്നൊരുക്കങ്ങൾ നടത്താം.**

**ആന്റണി തോമസ് മലയിൽ**
9446342561
**ആൻസി മാത്യു ചേന്നോത്ത്**
9447390669
(പ്രസിഡന്റുമാർ)

**സണ്ണി പുളിങ്കാലായിൽ**
9539125164
**പരിമൾ ആന്റണി അറയ്ക്കത്തറ**
9495393890
(ജന: സെക്രട്ടറിമാർ)

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
(ഡയറക്ടർ)
9447432531

ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക. **വർഗീസ് ഡൊമിനിക് - 9400390539**
**കോര സി. - 9495445827, വർക്കി ഇ.വി. - 9349599028**

## സെന്റ് തോമസ് ഹോസ്പിറ്റൽ

### ഫാ. ജയിംസ് പി. കുന്നത്ത് ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ എക്സിക്യൂട്ടീവ് ഡയറക്ടർ, ഫാ. ജോഷി മുപ്പതിൽച്ചിറ, ഫാ. ജേക്കബ് അത്തിക്കളം അസോസിയേറ്റ് ഡയറക്ടറുമാർ

ചെത്തിപ്പുഴ സെന്റ് തോമസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് കെയർ ആന്റ് മെഡിക്കൽ എജ്യുക്കേഷൻസ് എക്സിക്യൂട്ടീവ് ഡയറക്ടറായി ഫാ. ജയിംസ് പി. കുന്നത്ത് ചുമതലയേറ്റു. അസി. ഡയറക്ടറായി എട്ട് വർഷത്തിലധികമായി പ്രവൃത്തിച്ചു വരികയായിരുന്നു. തോട്ടക്കാട് സെന്റ് ജോർജ്ജ് ഇടവകാംഗമാണ്. ഹൈദ്രാബാദിലെ അംബേദ്ക്കേർ യൂണിവേഴ്സിറ്റിയിൽനിന്ന് മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനും റോമിലെ പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽനിന്ന് മാസ്റ്റർ ഓഫ് തിയോളജിയും പൂർത്തിയാക്കിയിട്ടുണ്ട്. ഫാ. തോമസ് മംഗലത്ത് ആലപ്പുഴ ആറാട്ടുവഴി ഇടവക വികാരിയായി സ്ഥലം മാറിപ്പോകുന്ന ഒഴിവിലേക്കാണ് നിയമനം.

വൈശ്യംഭാഗം സെന്റ് ആന്റണീസ് ഇടവകാംഗവും എം.ബി.എ. (ഫിനാൻസ്) ബിരുദാനന്തര ബിരുദധാരിയുമായ ഫാ. ജോഷി മുപ്പതിൽച്ചിറയെ ഫിനാൻസ് ആന്റ് പർച്ചേയ്സ് അസോസിയേറ്റ് ഡയറക്ടറായും ഇത്തിത്താനം സെന്റ് മേരീസ് ഇടവകാംഗവും മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് പൂർത്തിയാക്കിയ ഫാ. ജേക്കബ് അത്തിക്കളത്തെ അക്കാദമിക് ആന്റ് ക്ലിനിക്കൽ സർവ്വീസസ് അസോ. ഡയറക്ടറായും ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം നിയമിച്ചു.

### STIHAME

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയും ആശുപത്രിയോട് ബന്ധപ്പെട്ട സ്ഥാപനങ്ങളും ഇനി മുതൽ സെന്റ് തോമസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് കെയർ ആന്റ് മെഡിക്കൽ എജ്യുക്കേഷൻ (STIHAME) എന്നറിയപ്പെടും.

### ലോക പുകയില വിരുദ്ധദിന ബോധവൽക്കരണ പരിപാടി ചെത്തിപ്പുഴയിൽ

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിലെ എക്സൈസ് വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന ലോക പുകയില വിരുദ്ധദിന ബോധവൽക്കരണ പരിപാടി ഹോസ്പിറ്റൽ കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. ഡയറക്ടർ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ എക്സൈസ് ഇൻസ്പെക്ടർ അൽഫോൻസ് ജേക്കബ് ഉദ്ഘാടനം നിർവഹിച്ചു. ബോധവൽക്കരണ പരിപാടിയെ തുടർന്ന് വിദ്യാർത്ഥികൾ കലാപരിപാടികൾ അവതരിപ്പിച്ചു. പരിപാടികളിൽ ഫാ. ജയിംസ് പി. കുന്നത്ത്, ഫാ. ജോഷി മുപ്പതിൽചിറ, മെഡിക്കൽ സൂപ്രണ്ട് ഡോ. തോമസ് സഖറിയ, ജനറൽ മാനേജർ എം.ജെ. അപ്രേം, സി. മെറീന എസ്.ഡി., സി. ലിൻസി റോസ്, പോൾ മാത്യു, അസി. എക്സൈസ് ഇൻസ്പെക്ടർ സജീവ് എം. ജോൺ എന്നിവർ പ്രസംഗിച്ചു.

### ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിൽ സ്റ്റാഫ് നഴ്സിന് പുരസ്ക്കാരം

പാലാരിവട്ടം: കാത്തലിക് നഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ കേരള റീജണൽ ലിഡേഴ്സ് മീറ്റ് പി.ഒ.സി.യിൽ സംഘടിപ്പിച്ചു. ബെസ്റ്റ് സി.എൻ.ജി.ഐ. പ്രവർത്ത

കനായി ചങ്ങനാശേരി ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ജോസി കെ. ജോർജ്ജ് തിരഞ്ഞെടുക്കപ്പെട്ടു. സി.എൻ.ജി.ഐ. കേരളാ റീജണൽ എക്ലേസിയാസ്റ്റിക്കൽ അഡ്വൈസർ ഫാ. ജയിംസ് പി. കുന്നത്ത് അധ്യക്ഷതവഹിച്ചു. മുപ്പത് കത്തോലിക്കാരൂപതകളിൽനിന്നുള്ള ഭാരവാഹികളും വിവിധ ആശുപത്രികളിലെ സംഘടനാനേതാക്കളും പങ്കെടുത്ത യോഗത്തിൽ കെ.സി.ബി.സി. ഹെൽത്ത് കമ്മീഷൻ സെക്രട്ടറി സി. ലില്ലിസാ മുഖ്യപ്രഭാഷണം നടത്തി. ഹെൽത്ത് കമ്മീഷൻ മുൻ സെക്രട്ടറി ഫാ. സൈമൺ പള്ളുപേട്ട, പ്രസിഡന്റ് സി. സോണിയാ സെബാസ്റ്റ്യൻ, സെക്രട്ടറി ജോസി കെ. ജോർജ് എന്നിവർ പ്രസംഗിച്ചു. കണ്ണൂർ രൂപതയെ ബൈസ്റ്റ് സി.എൻ.ജി.ഐ. രൂപതയായും ബെസ്റ്റ് യൂണിറ്റായി ആലപ്പുഴ സഹൃദയ ഹോസ്പിറ്റലും തിരഞ്ഞെടുക്കപ്പെട്ടു.

### പരിസ്ഥിതി വാരാചരണം

കാത്തലിക് നഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ പരിസ്ഥിതി വാരാചരണം സംഘടിപ്പിച്ചു. ആശുപത്രിമുറ്റത്ത് വൃക്ഷതൈ നട്ട് അസോസിയേറ്റ് ഡയറക്ടർ ഫാ. ജേക്കബ് അത്തിക്കളം ഉദ്ഘാടനം ചെയ്തു.

### അന്തർദ്ദേശീയ രക്തദാന ദിനാചരണം

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത്, അസോസിയേറ്റ് ഡയറക്ടറുമാരായ ഫാ. ജോഷി മുപ്പതിൽച്ചിറ, ഫാ. ജേക്കബ് അത്തിക്കളം എന്നിവർ രക്തദാനം ചെയ്ത് ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിച്ചു.

### മെഡിക്കൽ ക്യാമ്പ്

ചങ്ങനാശേരി സെന്റ് ബെർക്കുമാൻസ് കോളേജിലെ അധ്യാപക - അനധ്യാപകർക്കായി സൗജന്യ മെഡിക്കൽക്യാമ്പ് സംഘടിപ്പിച്ചു. ഡോ. റോയി ക്യാമ്പിന് നേതൃത്വം നൽകി.

**ഫാ. ജോഷി മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. തോമസ് പുതിയിടം**
(അസോ. ഡയറക്ടേഴ്സ്)

**ഫാ. ജയിംസ് പി. കുന്നത്ത്**
(ഡയറക്ടർ)

## സഹൃദയ ഹോസ്പിറ്റൽ

### ഡോ. അസ്മിൻ നാസർ, ഡോ. ശിവസുബ്രഹ്മണ്യൻ എന്നിവരുടെ സേവനം ലഭ്യമാണ്

ഡോ. അസ്മിൻ നാസർ പീഡിയാട്രിക്സ് വിഭാഗത്തിലും ഡോ. ശിവസുബ്രഹ്മണ്യൻ ഓർത്തോപീഡിക്സ് വിഭാഗത്തിലും സേവനം ആരംഭിച്ചു. ഞായർ മുതൽ ശനി വരെ പ്രസ്തുത ഡോക്ടേഴ്സിന്റെ സേവനം ഓ.പി. യിൽ ലഭ്യമാക്കിയിരിക്കും.

### തിരുഹൃദയത്തിരുന്നാൾ

തിരുഹൃദയ തിരുനാളും സഹൃദയ ആശുപത്രിദിനവും 24/06/2022 ൽ ആഘോഷിച്ചു.

*ശേഷം പേജ് 82 ൽ.....»*

ഈശോയിൽ ഏറ്റം സ്നേഹം നിറഞ്ഞ പ്രവാസി സഹോദരങ്ങളെ,

ഭാരതത്തിന്റെ അപ്പസ്തോലനും നമ്മുടെ പിതാവുമായ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാമാണ്ട് ആഘോഷിക്കുന്ന ഈ വേളയിൽ പ്രവാസി അപ്പോസ്തലേറ്റിൽനിന്നും എല്ലാ പ്രവാസികൾക്കും 'ദുക്റാന'തിരുനാളിന്റെ പ്രാർത്ഥനകളും ആശംസകളും ഏറെ സ്നേഹത്തോടെ നേരുന്നു. അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂൺ 6 തിങ്കളാഴ്ച രാവിലെ 10 മുതൽ ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. വികാരി ജനറാൾ പെരി. ബഹു. ജോസഫ് വാണിയപുരയ്ക്കൽ, ഡയറക്ടേഴ്സ്, പ്രവാസി പ്രതിനിധികൾ എന്നിവർ മീറ്റിംഗിൽ സംബന്ധിച്ചു. വിശ്രമജീവിതത്തിലായിരിക്കുന്ന വന്ദ്യ വൈദികരോടൊപ്പമുള്ള സ്നേഹവിരുന്നിനുശേഷം മൂന്നരയോടെ മീറ്റിംഗ് സമാപിച്ചു. 'ക്രൈസ്തവരുടെ വിദേശ കുടിയേറ്റവും സഭ നേരിടുന്ന വെല്ലുവിളികളും' എന്ന വിഷയത്തിൽ ഷെക്കെയ്ന ടി.വി യിൽ ഡയറക്ടർ സംസാരിക്കുകയുണ്ടായി.

മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ്മയാചരണത്തോടനുബന്ധിച്ച് ജൂലൈ 9-ാം തീയതി ദുക്റാന തിരുനാൾ ആഘോഷിക്കാൻ തീരുമാനിച്ചു. വിവിധ കലാമത്സരങ്ങൾ പ്രവാസികൾക്കുവേണ്ടി ഒരുക്കിയിരിക്കുന്നു. പ്രവാസി അപ്പോസ്തലേറ്റും പ്രവാസികളുടെ സംരംഭമായ ആവേമരിയ ഹോളി ഡെയ്സും ചേർന്ന് മൈലാപ്പൂരിലേക്ക് ജൂലൈ 11, 12, 13; 21, 22, 23; ആഗസ്റ്റ് 5, 6, 7 തീയതികളിൽ തീർത്ഥാടനം ക്രമീകരിച്ചിരിക്കുന്നു. അഭിവന്ദ്യ പിതാക്കന്മാർ ഈ തീർത്ഥാടനത്തിന് നേതൃത്വം വഹിക്കുന്നു. പ്രവാസി മൈഗ്രന്റ് കെയർ ആൻഡ് ടൂറിസം മിനിസ്ട്രിയും പ്രവാസി എക്സിക്യൂട്ടീവ് അംഗങ്ങളും തമ്മിലുള്ള മീറ്റിംഗ് 23-ാം തീയതി വ്യാഴാഴ്ച ഡയറക്ടറുടെ അധ്യക്ഷതയിൽ സന്ദേശനിലയത്തിൽ കൂടുകയുണ്ടായി.

## വീഡിയോ കോൺഫറൻസ്

സൗദി അറേബ്യ, ഒമാൻ, കുവൈറ്റ്, ഓസ്ട്രേലിയ, യു.എ.ഇ., ഖത്തർ, ജെ.സി.സി, നാഷണൽ കോർഡിനേറ്റേഴ്സ് എന്നിവരുമായിട്ടുള്ള പ്രതിനിധിയോഗവും ഫാമിലി മീറ്റിംഗും നടത്തി.

**ഫാ. ജിജോ മാറാട്ടുകളം**
(അസി. ഡയറക്ടർ)

**ഫാ. റ്റെജി പുതുവീട്ടിൽക്കളം**
(ഡയറക്ടർ)

NB: **ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ. വിളിക്കേണ്ട നമ്പർ 9207470117, 8089920614 (നോർക്ക ഹെൽപ്പ് ഡസ്ക്)**

ഈശോയിൽ പ്രിയപ്പെട്ടവരെ,

എല്ലാവർക്കും ദുക്റാനതിരുനാൾ ആശംസകൾ നേരുന്നു.

കേന്ദ്രസർക്കാരിന്റെ പുതിയ തൊഴിൽ നയം രാജ്യത്താകമാനം പ്രതിഷേധം സൃഷ്ടിച്ചിരിക്കുകയാണല്ലോ. പുതിയ തൊഴിൽനയത്തിന്റെ നേട്ടങ്ങളെ വിശദീകരിക്കാനും ഇപ്രകാരമുള്ള ചെറുപ്പക്കാരുടെ ഭാവി തൊഴിൽ അവസരത്തെപ്പറ്റി ബോധവത്ക്കരിക്കാനും സർക്കാരിന് ഈ സന്ദർഭത്തിൽ കഴിയേണ്ടതാണ്. ഒരു ലക്ഷത്തിലധികം തൊഴിൽ സംരംഭങ്ങൾ ഈ സാമ്പത്തികവർഷത്തിൽ ഉണ്ടാകുമെന്ന് സംസ്ഥാനസർക്കാരിന്റെ പ്രഖ്യാപനത്തിന്റെ പുരോഗതിയും പൊതുജനം ഉറ്റുനോക്കുകയാണ്. പിറന്ന മണ്ണിൽ തൊഴിലെടുത്ത് ജീവിക്കുവാൻ ഈ മണ്ണിന്റെ മക്കൾ നിലവിളിക്കുകയാണ്. ഈ ആർത്തനാദത്തിന് ചെവികൊടുക്കുവാൻ ഈ നാട്ടിലെ ഭരണകൂടം തയ്യറായില്ലെങ്കിൽ പ്രതിഷേധം തുടർക്കഥയാകും.

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

## അതിരൂപതാസമിതി തിരഞ്ഞെടുപ്പ്

ജൂൺ 26ന് വിവിധ ഫൊറോനാകേന്ദ്രങ്ങളിൽ അതിരൂപതാസമിതിയിലേക്ക് തിരഞ്ഞെടുപ്പ് നടന്നു. ഓരോ ഫൊറോനായിൽനിന്നും മൂന്നുപേർ വീതമാണ് അതിരൂപതാസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്.

## യൂണിറ്റ് സന്ദർശനം

ഇത്തിത്താനം, കുറുമ്പനാടം അസംപ്ഷൻ. പൊടിപ്പാറ, കുന്നന്താനം, കൈനടി, കാവാലം നോർത്ത്, മാമ്മൂട്, ചാഞ്ഞോടി, മാന്നില, ഇരവുചിറ, രാജമറ്റം എന്നീ യൂണിറ്റുകളിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം സന്ദർശനം നടത്തി.

## വാർഷികം

തോട്ടയ്ക്കാട് ജോർജ്ജിയൻ സംഘം, കൊടിനാട്ടുകുന്ന് സഹദാ സംഘം, തെള്ളകം സെന്റ് മേരീസ് സംഘം എന്നിവർ വാർഷികാഘോഷം മനോഹരമായി സംഘടിപ്പിച്ചു.

## ശാരീരിക ദൗർബല്യം നേരിടുന്ന കുട്ടികൾക്കും സ്ത്രീകൾക്കും കരുത്ത് പകരുന്ന പദ്ധതി

ശാരീരികമായി ഭിന്നശേഷി പ്രകടിപ്പിക്കുന്ന കുട്ടികളെ സഹായിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നതിനായി രണ്ട് ഏകദിന പരിശീലനങ്ങളും ഒരു വിനോദയാത്രയുമാണ് ഈ പദ്ധതിയിൽ ക്രമീകരിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് വീൽചെയർ പോലുള്ള സഹായഉപകരണങ്ങളും നല്കും. ഇപ്രകാരമുള്ള 25 കുട്ടികളെ ആണ് തെരഞ്ഞെടുക്കന്നത്.

ശാരീരിക ദൗർബല്യങ്ങളോടെ ജീവിക്കുന്ന സ്ത്രീകളെ സഹായിക്കുന്നതിനായി സോപ്പ് നിർമ്മാണം, സാരി പെയ്ന്റിംഗ്, ഡ്രൈ ഫ്ളവർ നിർമ്മാണം

എന്നീ മൂന്നുമേഖലകളിൽ തെരഞ്ഞെടുക്കപ്പെടുന്ന 60 പേർക്ക് തൊഴിൽപരിശീലനം നല്കും.

അർഹതപ്പെട്ട എട്ടുപേർക്ക് ഉപജീവനസഹായമായി പാൽ ലഭ്യമാകുന്ന പശുക്കളെ വാങ്ങുന്നതിന് സാമ്പത്തികസഹായം നല്കും. ഒരാൾക്ക് 25000/- രൂപ സഹായമായും 15,000/- രൂപ പലിശരഹിത വായ്പയായും നല്കും. ശാരീരികമായി ദൗർബല്യമുള്ള കുട്ടികളുടെ അമ്മമാരെയും ഇതിൽ ഉൾപ്പെടുത്താം.

## മരണാനന്തര സഹായനിധി

96-മത് മരണാനന്തര സഹായനിധിയായ 1,15,000/- ജൂൺ 20-ാം തീയതി പനയമ്പാല സെന്റ് സെബാസ്റ്റ്യൻ സംഘാംഗം പരേതനായ എം.എം. ആന്റണി മൂഴിയിലിന്റെ നോമിനിയ്ക്ക് കൈമാറി.

❍

---

» *ആതുരശുശ്രൂഷാ മേഖല തുടർച്ച...*

## സഹൃദയ ആശുപത്രിയും മാതൃഭൂമിയും സംയുക്തമായി വായനാമത്സരം

വായനാവാരാചരണത്തിന്റെ ഭാഗമായി ആലപ്പുഴ എസ്.ഡി.വി സ്കൂൾ സെന്റിനറി ഓഡിറ്റോറിയത്തിൽ നടക്കുന്ന മാതൃഭൂമി പുസ്തകോത്സവത്തോടനുബന്ധിച്ച് വായനയെ പ്രോത്സാഹിപ്പിക്കുവാൻ മാതൃഭൂമിയും ആലപ്പുഴയിൽ അഞ്ചരപതിറ്റാണ്ടായി ആതുരസേവനരംഗത്ത് പ്രവൃത്തിക്കുന്ന സഹൃദയ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുംചേർന്ന് വായനാമത്സരം 2022 ജൂൺ 23ന് സംഘടിപ്പിച്ചു.

**ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ**
(അസി. ഡയറക്ടർ)

**ഫാ. തോമസ് മാളിയേക്കൽ**
(ഡയറക്ടർ)

❍

---


# മാർത്തോമ്മാ വിദ്യാനികേതൻ

**Higher Institute for Religious Sciences for Laity**

## ബൈബിൾ ദൈവശാസ്ത്ര കോഴ്സ്

ഏകവർഷ ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമ കോഴ്സിലേയ്ക്കുള്ള പുതിയ ബാച്ച് 2022 ജൂലൈ 24 ന് ചങ്ങനാശേരി മാർത്തോമ്മാ വിദ്യാനികേതനിൽ ആരംഭിക്കുന്നു. ബൈബിൾ, ആരാധനക്രമം, സഭാചരിത്രം, സഭാവിജ്ഞാനീയം, ക്രിസ്തീയ ധാർമ്മികത എന്നീ വിഷയങ്ങളിലായിരിക്കും ക്ലാസുകൾ നടക്കുന്നത്. ക്ലാസുകൾ എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.00 pm വരെയും എല്ലാ രണ്ടാം ശനിയാഴ്ചകളിൽ 10.00 മുതൽ 1.00 മണി വരെയും മാർത്തോമ്മാ വിദ്യാനികേതനിൽ നടത്തപ്പെടുന്നു. ഓൺലൈൻ ക്ലാസുണ്ടായിരിക്കുകയില്ല. വിശദവിവരങ്ങൾക്ക് മാർത്തോമ്മാ വിദ്യാനികേതൻ ഓഫീസുമായി ജൂലൈ 20 ന് മുമ്പ് ബന്ധപ്പെടുക. ഫോൺ: 0481 - 2421891, 6238819017, 8281876993.

ഫാ. തോമസ് കറുകക്കളം
(ഡയറക്ടർ)

ഈശോയിൽ പ്രിയപ്പെട്ടവരെ,

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ മംഗളങ്ങൾ നേരുന്നു.

രണ്ടുവർഷത്തെ ഇടവേളയ്ക്കുശേഷം വിദ്യാലയങ്ങൾ തുറക്കപ്പെട്ടു. ഈ സമയം സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ചുള്ള ലഹരി മാഫിയകൾ കുത്സിതപ്രവർത്തനങ്ങൾക്ക് രംഗത്തിറങ്ങിയതായി മാധ്യമറിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ട്. ഈ രംഗത്ത് കുട്ടികൾക്ക് ശരിയായ ബോധവത്ക്കരണം നല്കാൻ നാം തയ്യാറാകേണ്ടതുണ്ട്. ഈ മേഖലയിൽ നാം നല്കുന്ന ശുശ്രൂഷ ഒരു തലമുറയെത്തന്നെ വീണ്ടെടുക്കുവാൻ തക്കവിധം ഫലദായകമാണ്. നമ്മുടെ ഈ ശുശ്രൂഷ മാതാപിതാക്കന്മാരോടും അധ്യാപകരോടും ചേർന്നുനിന്ന് നിർവഹിക്കാം. എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേക്കളം**

(ഡയറക്ടർ)

## ഹോമിയോചികിത്സാ പദ്ധതി

ഓരോ ആഴ്ചയിലും വിവിധ ദിവസങ്ങളിലായി ലഹരിവസ്തു ഉപയോഗത്തിനെതിരായ ഹോമിയോചികിത്സ നിർവഹിച്ചുവരുന്നു. ഈ ചികിത്സാ പദ്ധതിയിൽ കൗൺസിലിംഗ് സൗകര്യവും വിദഗ്ധരായ ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ പരിശോധനാസൗകര്യം ലഭ്യമാണ്. ചൊവ്വാഴ്ച തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയിലും ബുധനാഴ്ച ഇരവുചിറ ഇമ്മാനുവേൽ പ്രാർത്ഥനാശുശ്രൂഷാകേന്ദ്രത്തിലും വ്യാഴാഴ്ച അതിരമ്പുഴ സെന്റ് മേരീസ് പള്ളിയിലും വെള്ളിയാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിലുമാണ് ചികിത്സ നല്കിവരുന്നത്. മിതമായ നിരക്കിൽ നടത്തുന്ന ഈ ലഹരി ചികിത്സാപദ്ധതിയുടെ പ്രയോജനം എടുക്കുവാൻ ഏവർക്കുമുള്ള അവസരമാണിത്.

## കെ.സി.ബി.സി സംസ്ഥാനസമ്മേളനം

കെസി.ബി.സി സംസ്ഥാനസമ്മേളനം എറണാകുളം പി.ഒ.സി യിൽ നടന്നു. ശ്രീ. തോമസുകുട്ടി മണക്കുന്നേൽ, ബേബിച്ചൻ പുത്തൻപറമ്പിൽ, കെ.പി. മാത്യു കടന്തോട്, ജോയിച്ചൻ തിനപ്പറമ്പിൽ എന്നിവർ പങ്കെടുത്തു.

## സപ്പോർട്ട് എ ചൈൽഡ് 18-ാമത് വാർഷിക സമ്മേളനവും പഠനോപകരണ വിതരണവും

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ 18-ാമത് വാർഷികസമ്മേളനം ഉദ്ഘാടനംചെയ്ത മാർ തോമസ് തറയിൽ മെത്രാൻ 'സാമൂഹ്യപ്രവർത്തനവും ജീവകാരുണ്യപ്രവർ

ത്തനവും സഭയുടെ മുഖമുദ്രയാണെന്ന്' പ്രസ്താവിച്ചു. യോഗത്തിൽ വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. ആത്മതാകേന്ദ്രം ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം ആമുഖസന്ദേശം നല്കി. കോട്ടയം, പത്തനംതിട്ട ആലപ്പുഴ ജില്ലകളിലെ കുട്ടികളുടെ പഠനോപ കരണവിതരണം ജെ.സി.എ. പ്രസിഡന്റ് ശ്രീ. സിനോ മാത്യു, വൈസ് മെൻസ് ക്ലബ്ബ് ചങ്ങനാശേരി സെന്റർ സെക്രട്ടറി ശ്രീ. തോമസ്കുട്ടി പാലാത്ര, ശ്രീ. എൻ.പി. തോമസ് നടയക്കൽ എന്നിവരും ശ്രീമതി റോസമ്മ വി.എ. തേവരു പറമ്പിൽ, മറിയാമ്മ ജോസഫ് അറുപറയിൽ, ഡോ. രാജു തോമസ് ചെത്തി പ്പുഴ, ശ്രീ. ജോണി പാലമുറിയിൽ എന്നിവർ സാമ്പത്തികസഹായ വിതരണവും നടത്തി. യോഗത്തിൽ ആശംസകൾ നേർന്നുകൊണ്ട് ഡോ. എസ്. ജി. ബിജു (മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ഹോസ്പിറ്റൽ ഡയറക്ടർ), ശ്രീ. ജോബ് എ.റ്റി അറുപറയിൽ, സൂസൻ ഫ്രാൻസിസ് (പത്തനംതിട്ട കോർഡിനേറ്റർ) എന്നിവർ സംസാരിച്ചു. റ്റി.എം. മാത്യു തച്ചിലേട്ട് സ്വാഗതവും ജിൻസി രാജൻ നന്ദിയും പറഞ്ഞു. ട്രീസാ മാത്യു റിപ്പോർട്ട് അവതരിപ്പിച്ചു.

## ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലൂടെയും ധ്യാനത്തി ലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ എല്ലാ മാസവും ലഹരിവിമുക്ത കുടുംബവിശുദ്ധീകരണ ധ്യാനം തുടങ്ങി. സൗജന്യമായി നടത്തുന്ന ഈ ധ്യാനത്തിൽ ശാസ്ത്രവേദി ചെയർമാൻ ഡോ. എൻ. പരമേശ്വരക്കുറുപ്പ് ലഹരിക്കടിമപ്പെട്ടവരായവർക്ക് ഹോമിയോ മരുന്ന് നല്കിവരുന്നു. ഈ മാസത്തെ ലഹരി വിമുക്ത വിശുദ്ധീ കരണ ധ്യാനം 2022 ജൂലൈ 8,9,10 ദിവസങ്ങളിൽ കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ നടത്തപ്പെടുന്നു. മേൽവിലാസവും ഫോൺ നമ്പരും താഴെ ചേർക്കുന്നു.

പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല
ഫോൺ നമ്പർ : 0469 2693413, 2690414, 9495193406

## കേരളസർക്കാരിന്റെ മദ്യനയത്തിൽ പ്രതിഷേധിച്ച് പ്രമേയം മുഖ്യമന്ത്രിക്കും എക്സൈസ് മന്ത്രിക്കും സമർപ്പിച്ചു

കേരള സർക്കാരിന്റെ മദ്യനയം തിരുത്തണം എന്ന ആവശ്യത്തിൽ ചങ്ങ നാശേരിയിൽ രൂപീകരിച്ച മദ്യവിരുദ്ധസമിതിയുടെ ആഭിമുഖ്യത്തിൽ തയ്യാറാ ക്കിയ പ്രതിഷേധപ്രമേയം കേരളാ മുഖ്യമന്ത്രിക്കും എക്സൈസ് മന്ത്രിക്കും സമർപ്പിച്ചു.

ചങ്ങനാശേരി അതിരൂപതാ DCMS ഡയറക്ടറായി കഴിഞ്ഞ 3 വർഷം സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട ജോൺസൺ ചാലക്കൽ അച്ചൻ ഉപരി പഠനത്തിനായി പോയതിനാൽ പുതിയ ഡയറക്ടറായി ബഹുമാനപ്പെട്ട ജോൺ വടക്കേക്കളം അച്ചനെ അഭിവന്ദ്യ പിതാവ് നിയമിച്ചു. നിയുക്ത ഡയറക്ടർ ജൂൺ 17നു ഓഫീസിലെത്തി ചാർജ് എടുത്തു. DCMS, DCYL അതിരൂപതാ ഭാരവാഹികൾ, ഓഫീസ് സെക്രട്ടറി തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു.

## ലക്ഷ്യ – കരിയർ ഗൈഡൻസ് സെമിനാർ

ഉന്നത വിദ്യാഭ്യാസം നേടുന്നതിനോടൊപ്പം തൊഴിൽരംഗത്ത് വന്ന കാലികമായ മാറ്റങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ട് അഭിരുചികൾക്കനുസരിച്ചുള്ള കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിന് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ DCMS അതിരൂപതാസമിതി പ്രവർത്തന രൂപരേഖയിൽ അവതരിപ്പിച്ച കരിയർ ഗൈഡൻസ് പ്രോഗ്രാമിന്റെ ആദ്യഘട്ടം 'ലക്ഷ്യ' എന്ന പേരിൽ ജൂൺ 25 ശനിയാഴ്ച രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ മാർത്തോമ്മാ വിദ്യാനികേതൻ ഹാളിൽ സംഘടിപ്പിക്കുന്നു. സെമിനാറിന്റെ ഉദ്ഘാടനം ചങ്ങനാശേരി എസ്.ബി. കോളേജ് പ്രിൻസിപ്പൽ റവ. ഫാ. റെജി പ്ലാത്തോട്ടത്തിൽ നിർവഹിക്കുന്നതും ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം മുഖ്യപ്രഭാഷണം നടത്തുന്നതുമാണ്. കരിയർ ഗുരു ശ്രീ. ലോറൻസ് മാത്യു ക്ലാസ്സ് നയിക്കും.

## ലൂമെൻ 2022

DCYL ത്രിദിന യുവജന ക്യാമ്പും അതിരൂപതാസമിതി തിരഞ്ഞെടുപ്പും Lumen 2022 എന്ന പേരിൽ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ മെയ് 27,28,29 തീയതികളിൽ നടത്തപ്പെട്ടു. ക്യാമ്പ് അഭിവന്ദ്യ മാർ തോമസ് തറയിൽ മെത്രാൻ ഉദ്ഘാടനം ചെയ്തു. യുവജനങ്ങളുടെ അദ്ധ്യാത്മികവും ഭൗതികവുമായ വളർച്ച മുന്നിൽക്കണ്ടു നടത്തപ്പെട്ട ക്യാമ്പ് നയിച്ചത് ബ്ര. ജിതിൻ കൊടിയന്തറ, ബ്ര. വിപിൻ കാട്ടാത്തറ എന്നിവരായിരുന്നു. അനുഭവങ്ങളും വിജ്ഞാനവും നിറഞ്ഞ നിരവധി ക്ലാസുകൾ ക്യാമ്പിന് മാറ്റ് കൂട്ടി. ക്യാമ്പിൽ 2022–2025 വർഷത്തേക്കുള്ള DCYL അതിരൂപത സമിതിയുടെ തിരഞ്ഞെടുപ്പ് നടത്തപ്പെട്ടു. DCMS അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് റിട്ടേണിംഗ് ഓഫീസറായും DCMS അതിരൂപതാ ഓർഗനൈസർ മാത്യു ജോസഫ് തിരഞ്ഞെടുപ്പ് നിരീക്ഷകനായും തിരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾക്ക് നേതൃത്വം നല്കി. ചേപ്പുംപാറ യൂണിറ്റിൽ നിന്നുള്ള ശ്യാം കെ. ജോസഫ് DCYL പ്രസിഡന്റായും കൈപ്പുഴ യൂണിറ്റ് അംഗം ജിബിൻ സാബു DCYL സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു.

**DCYL 2022-2025 അതിരൂപത സമിതി**

| | |
|---|---|
| പ്രസിഡന്റ് | - ശ്യാം കെ. ജോസഫ് (ചേപ്പുംപാറ) |
| വൈസ് പ്രസിഡന്റ് | - ആഷ്‌ലി വർഗീസ് (അതിരമ്പുഴ) |
| സെക്രട്ടറി | - ജിബിൻ സാബു (കൈപ്പുഴ) |
| ജോയിന്റ് സെക്രട്ടറി | - അമല ബി. (അരുവിക്കുഴി) |
| ട്രഷറർ | - ആൻസൻ ദേവസ്യ (അയർക്കുന്നം) |

എക്സിക്യൂട്ടീവ് അംഗങ്ങൾ

അമൽ മാത്യു (കായൽപുറം)
മനു മൈക്കിൾ (മാന്നാനം)
ആർച്ചമോൾ സാറാ (പുളിങ്കുന്ന്)
നയന തോമസ് (കുറുമ്പനാടം)
സ്റ്റെനി ജോർജ് (മുട്ടാർ)
അജിൻ ജയിംസ് (ചെത്തിപ്പുഴ)
സോണിറ്റ് സോജൻ (കുറുമ്പനാടം)
ആരോൺ തോമസ് (നെടുമണ്ണി)
നിതിൻ ജോസഫ് (കായൽപുറം)

**പരിസ്ഥിതിദിനാചരണം**

'തൈ വെക്കാം, തണലേകാം, താപമകറ്റാം' എന്ന മുദ്രവാക്യമുയർത്തിക്കൊണ്ട് ചങ്ങനാശേരി അതിരൂപതാ DCYL സമിതിയുടെ നേതൃത്വത്തിൽ ജൂൺ 5 ലോക പരിസ്ഥിതി ദിനമാചരിച്ചു. പരിപാടിയുടെ അതിരൂപതാതല ഉദ്ഘാടനം അതിരൂപതാ സെക്രട്ടറി ജിബിൻ സാബു, ട്രഷറർ ആൻസൺ ദേവസ്യ എന്നിവർ ചേർന്ന് സംയുക്തമായി വൃക്ഷത്തൈ നട്ടുകൊണ്ട് ഉദ്ഘാടനം ചെയ്തു. അന്നേദിനംതന്നെ അതിരൂപതയിലെ വിവിധ യൂണിറ്റുകളിൽ നടന്ന ദിനാചരണത്തിന് അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ നേതൃത്വം നല്കി.

**ഷൈജു ജോസഫ്**
(സെക്രട്ടറി)

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

## മാർ തോമാശ്ലീഹാ വർഷാചരണം - ഫ്ളാഗ്, ഐക്കൺ

മാർ തോമാ വർഷാചരണം, കേരള സഭാ നവീകരണകാലം എന്നിവയുമായി ബന്ധപ്പെട്ട് എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കാൻ തുണിയിൽ ഡിസൈൻ ചെയ്ത ഫ്ളാഗ് സെന്റ് ജോസഫ് ബുക്സ്റ്റാളിൽ തയ്യാറാണ്. 250/ രൂപ.

മാർ തോമാശ്ലീഹായുടെ ഐക്കൺ മനോഹരമായി ഫ്രെയിം ചെയ്തത് ആവശ്യമുള്ളവർ സെന്റ് ജോസഫ് ബുക്ക്സ്റ്റാളുമായോ കുടുംബകൂട്ടായ്മ ഓഫീസുമായോ ബന്ധപ്പെടുക. മുൻകൂട്ടി ഓർഡർ നൽകുക.

**ബുക്സ്റ്റാൾ: 0481 2410101, 8606010191, കുടുംബക്കൂട്ടായ്മ: 7306208356**

# ഫ്രാൻസിസ്കൻ അല്മായസഭ

*(Secular Franciscan Order - SFO)*
"സമാധാനം - സൗഭാഗ്യം"

ചങ്ങനാശേരി അതിരൂപതയിലെ എല്ലാ ഭ്രാതൃത്വാംഗങ്ങളുടെ പഠനത്തിനും ധ്യാനത്തിനും സഭാംഗങ്ങൾക്കായി നല്കപ്പെട്ടിരിക്കുന്ന ഔദ്യോഗിക 'നിയമാവലിയും ജീവിതക്രമവും' തുടർച്ച കർത്താവിന്റെ നാമത്തിൽ തപശ്ചര്യയുടെ സഹോദരീസഹോദരന്മാർക്ക് വി. ഫ്രാൻസിസ് കൊടുക്കുന്ന ഉദ്ബോധനം.

## നിയമാവലി

### ഫ്രാൻസിസ്ക്കൻ അൽമായ സഭ

പരിശുദ്ധാത്മാവ് തിരുസഭയിൽ ആവിഷ്കരിച്ചു വളർത്തിക്കൊണ്ടുവന്ന അനേകം ആദ്ധ്യാത്മിക കുടുംബങ്ങളിൽ ഒന്നായ ഫ്രാൻസിസ്ക്കൻ കുടുംബം അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ കാലടികളെ പിൻചൊല്ലുവാൻ വിളിക്കപ്പെട്ടിരിക്കുന്നവർ എന്ന് സ്വയം അംഗീകരിക്കുന്നു. അത്മായരും സന്യാസികളും വൈദികരുമായ ദൈവജനത്തിന്റെ എല്ലാ അംഗങ്ങളേയും അത് പരസ്പരം ഐക്യപ്പെടുത്തുന്നു. അവർ പലവിധ മാർഗ്ഗങ്ങളിലും രൂപങ്ങളിലും കൂടി, എന്നാൽ പരസ്പരം ജീവദാനം ചെയ്യുന്ന ഐക്യത്തിൽകൂടി തിരുസഭയുടെ ജീവിതത്തിലും ദൗത്യപ്രചരണത്തിലും അവരുടെ സെറാഫിക് പിതാവിന്റെ പ്രത്യേകസിദ്ധിയെ പ്രതിഫലിപ്പിക്കുവാൻ ഉത്സുകരാണ്.

ഈ മഹാകുടുംബത്തിൽ ഫ്രാൻസിസ്ക്കൻ അല്മായ സഭയ്ക്ക് ഒരു പ്രത്യേക സ്ഥാനമുണ്ട്. ഇതുലോകം മുഴുവൻ ചിതറിക്കിടക്കുന്ന എല്ലാ കത്തോലിക്കാ ഭ്രാതൃത്വങ്ങളും ചേർന്നുള്ള ഒരു സജീവഘടനയാകുന്നു. ഇത് സമസ്ത വിശ്വാസികൾക്കുമായി തുറന്നിടപ്പെട്ടിരിക്കുന്നു. ഈ ഭ്രാതൃത്വങ്ങളിൽ സഹോദരീസഹോദരന്മാർ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് അവരുടെ അൽമായ ജീവിതാവസ്ഥയിൽ സ്നേഹത്തിന്റെ പൂർണ്ണത പ്രാപിക്കുവാൻ പരിശ്രമിക്കുന്നു. വി. ഫ്രാൻസിസ് അസ്സീസി സുവിശേഷാത്മകമായി ജീവിച്ചിരുന്നതുപോലെ, തിരുസഭ അംഗീകരിച്ച ഈ നിയമാവലിവഴി സുവിശേഷാത്മകമായി ജീവിക്കുവാൻ അവരുടെ വ്രതാനുഷ്ഠാനത്തിലൂടെ ദൃഢനിശ്ചയം ചെയ്യുന്നു. 'മെമ്മോറിയാലെ പ്രൊപ്പോസിത്തി' എന്ന അപ്പസ്തോലിക ലേഖനംവഴി ഗ്രിഗറി നവമൻ മാർപാപ്പാ പരസ്യപ്പെടുത്തിയ വി. ഫ്രാൻസിസിന്റെ നിയമാവലിയുടേയും നിക്കോളാസ് നാലാമൻ, ലിയോ പതിമൂന്നാമൻ എന്നീ മാർപാപ്പാമാർ പരിഷ്കരിച്ച് അംഗീകരിച്ച നിയമാവലിയുടേയും പിൻതുടർച്ചയായി ഇപ്പോൾ വീണ്ടും പരിഷ്കരിച്ച് അംഗീകരിക്കപ്പെട്ടിരിക്കുന്ന ഈ നിയമാവലി, മാറി മാറി കാലഘട്ടങ്ങൾക്കും സാഹചര്യങ്ങൾക്കും യോജിച്ചവിധം, തിരുസഭയുടെ ആവശ്യങ്ങളേയും പ്രതീക്ഷകളേയും ഉൾക്കൊള്ളുവാൻ പോരുന്നവിധത്തിൽ ഫ്രാൻസിസ്ക്കൻ അൽമായ സഭയെ രൂപപ്പെടുത്തിയിട്ടുള്ളതാണ്. ഇതിന്റെ വ്യാഖ്യാനത്തിനുള്ള അവകാശം പരിശുദ്ധ പിതാവിൽ സ്ഥിതിചെയ്യുന്നു. പൊതുവായ വ്യവസ്ഥകളും പ്രത്യേക ഭരണഘടനയുംവഴി ഈ നിയമാവലിയുടെ പ്രയോഗം നിയന്ത്രിക്കപ്പെടുകയും വിശദമാക്കപ്പെടുകയും ചെയ്യുന്നതാണ്.

*കടപ്പാട് :* 'നിയമാവലിയും ജീവിതക്രമവും'

***ശേഷം പേജ് 89 ൽ.....»***

***''ദൈവത്തിന്റെ നിയോഗവും വിളിയും അനുസരിച്ച് ഓരോരുത്തരും ജീവിതം നയിക്കട്ടെ''*** (1 കോറി. 7:17)

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളെ,

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ഓർമ്മത്തിരുനാൾ നാം ആചരിക്കുകയാണല്ലോ. ഭാരതം സുവിശേഷം ആദ്യം ശ്രവിച്ചത് തോമാശ്ലീഹായിൽ നിന്നാണല്ലോ. ''നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മർക്കോസ് 16:15 എന്ന നാഥന്റെ നിർദ്ദേശം ശിരസ്സാവഹിച്ച് അദ്ദേഹം നമ്മുടെ നാട്ടിലേക്കു കടന്നുവരികയും തനിക്ക് ലഭിച്ച ക്രിസ്താനുഭവം നമുക്കായി പകർന്നുതരികയും ചെയ്തു. അങ്ങനെ ആദിമനൂറ്റാണ്ടിൽത്തന്നെ വിശ്വാസത്തിന്റെ വെളിച്ചം സ്വീകരിക്കാനുള്ള ഭാഗ്യം നമുക്ക് ലഭിക്കുകയും, മഹത്തായ ഒരു പാരമ്പര്യത്തിന്റെ അവകാശികളാകുവാൻ നമുക്ക് സാധിക്കുകയും ചെയ്തു. പരിശുദ്ധാത്മാവിന്റെ ശക്തിയാലും പ്രേരണയാലും ശിഷ്യന്മാർ പല നാടുകളിലും ചെന്ന് അവിടുത്തെ സംസ്കാരത്തെ ഉൾക്കൊണ്ട് സുവിശേഷം പങ്കുവക്കുകയും സഭാസമൂഹങ്ങൾക്ക് രൂപംനൽകുകയും ചെയ്തു. അങ്ങനെ വൈവിധ്യമാർന്ന ശ്ലൈഹികപാരമ്പര്യം പുലർത്തുന്ന 23 പൗരസ്ത്യസഭകളും ഒരു പാശ്ചാത്യസഭയും ഉൾപ്പെടുന്ന 24 സഭകളുടെ കൂട്ടായ്മയാണല്ലൊ നാം അംഗങ്ങളായിരിക്കുന്ന പരിശുദ്ധ കത്തോലിക്കാസഭ. വിശ്വാസം, കൂദാശകൾ, ഹയരാർക്കി എന്നിവ സഭകളുടെ ഐക്യത്തിന്റെ ഘടകങ്ങളാണ്. ആരാധനക്രമം, ആധ്യാത്മികത, ദൈവശാസ്ത്രം, ഭരണക്രമം തുടങ്ങിയ കാര്യങ്ങളിൽ സഭകൾ വൈവിധ്യം പുലർത്തുന്നു. ഓരോ സഭയ്ക്കും അവരുടെ ആധ്യാത്മികപൈതൃകം വളരെ വിലപ്പെട്ടതാണ്. ഈ പൈതൃകം ആഴത്തിൽ പഠിക്കുവാനും, വരുംതലമുറയ്ക്ക് പകർന്നു കൊടുക്കുവാനും നമുക്ക് സാധിക്കണം. പൗരസ്ത്യസഭകളെക്കുറിച്ചുള്ള പ്രമാണരേഖയിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പറയുന്നുണ്ട്. 'വിവിധത്വവും വ്യത്യസ്തതയും സഭയുടെ ഐക്യത്തെ തകർക്കുകയല്ല, പ്രത്യുത പ്രത്യക്ഷമാക്കുകയാണ് ചെയ്യുന്നത്.' സുവിശേഷം അവരുടേതായ രീതിയിൽ പങ്കുവക്കുക എന്ന ശ്രേഷ്ഠമായ ദൗത്യമാണ് നമുക്കുള്ളത്. 'വൈദികരോടും മെത്രാന്മാരോടുമുള്ള കൂട്ടായ്മയിൽ സ്വന്തം സഭാചരിത്രം മനസ്സിലാക്കി അതിന്റെ ആത്മീയവും ആരാധനക്രമപരവുമായ സമ്പന്നതയിൽ അടിയുറച്ചു പ്രേഷിതദൗത്യം നിർവ്വഹിക്കുക' എന്നാണ് കഴിഞ്ഞദിവസം തന്നെ സന്ദർശിച്ച സീറോമലബാർസഭ യുവജനപ്രതിനിധികൾക്കു ഫ്രാൻസിസ് പാപ്പാ നൽകിയ നിർദ്ദേശം. സഭയെ അറിയുവാനും അവളോടൊത്തു ചിന്തിക്കുവാനും സഭയുടെ പ്രവർത്തനങ്ങളിൽ കഴിവിനൊത്തു പങ്കാളികളാകുവാനും സഭാദിനം നമ്മോട് ആഹ്വാനം ചെയ്യുന്നു. മാർ തോമാശ്ലീഹായുടെ പ്രേഷിതചൈതന്യം ഉൾക്കൊണ്ട നമ്മുടെ സഭാംഗങ്ങളായ ധാരാളം മിഷനറിമാർ ലോകമെങ്ങും സേവനം ചെയ്യുന്നുണ്ട്. അവരെ പ്രത്യേകമായി ഓർക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യാം.

നമ്മുടെ ടിന്നേജ് സംബന്ധിച്ചു ചില കാര്യങ്ങൾ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. സർക്കാരിന്റെ വിദേശനാണ്യ വിനിമയ ചട്ടങ്ങൾ അനുസരിച്ച് വി

ദേശസഹായമായി ലഭിക്കുന്ന ടിന്നേജ്, സ്കോളർഷിപ്പ്, കോവിഡ് സഹായം തുടങ്ങിയവ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നാഷണൽ കൗൺസിൽ നേരിട്ടാവും നൽകുക. ഈ തുകകൾ സെൻട്രൽ കൗൺസിലിന്റെയോ ഏരിയാ കൗൺസിലുകളുടെയോ കോൺഫറൻസുകളുടെയോ അക്കൗണ്ടുകളിൽ വരവുവ ക്കാൻ പാടുള്ളതല്ല. ഓരോ ഗഡുവും വിതരണം ചെയ്യുമ്പോൾ അതിന്റെ നിർ ദ്ദിഷ്ട ഫാറത്തിലുള്ള രസീതുകൾ കോൺഫറൻസുകൾ ശേഖരിച്ച് സെൻട്രൽ കൗൺസിൽ വഴി നാഷണൽ കൗൺസിലിൽ എത്തിച്ചാൽ മാത്രമേ അടുത്ത ഗഡു ലഭിക്കുകയുള്ളൂ. ഇക്കാര്യത്തിൽ കോൺഫറൻസുകളുടെ സഹകരണം സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. ഓരോ പ്രദേശത്തും വിതരണം ചെയ്യപ്പെ ടുന്ന സഹായങ്ങൾ കോൺഫറൻസുകൾക്ക് വാർഷികറിപ്പോർട്ടിൽ ഉൾപ്പെ ടുത്താവുന്നതാണ്. ചില സാങ്കേതിക പ്രശ്നങ്ങൾമൂലം കഴിഞ്ഞവർഷത്തെ ടിന്നേജ് വിതരണം പൂർണ്ണമായിട്ടില്ല. ബുദ്ധിമുട്ടുകൾ ഉടനെ പരിഹരിക്കപ്പെടു മെന്ന് പ്രതീക്ഷിക്കുന്നു. ഈ മാസം നമ്മിൽനിന്നു വേർപിരിഞ്ഞുപോയ ബ്ര. എബ്രഹാം മുണ്ടിയാനിക്കൽ (കോട്ടയം ഏരിയ കൗൺസിൽ മുൻപ്രസിഡന്റ്) ബ്ര. ജോർജ് മാത്യു തുപ്പലഞ്ഞി (കൂരോപ്പട), ബ്ര. ജോസഫ് കാട്ടാശ്ശേരി (പഴവങ്ങാടി), സി. പൊന്നമ്മ തോമസ് ശ്രാമ്പിക്കൽ കരിമ്പുംപറമ്പിൽ (മുട്ടാർ) എന്നിവരുടെ സേവനങ്ങളെ നന്ദിയോടെ ഓർക്കുകയും അവരുടെ ആത്മശാ ന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എല്ലാവർക്കും ദുക്റാന തിരുനാളിന്റെയും തോമസ് നാമധാരികൾക്ക് നാമ ഹേതുക തിരുനാളിന്റെയും മംഗളങ്ങൾ നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവം,

**ബ്ര. തോമസ് ടി. മൂലയിൽ**
(സി.സി. പ്രസിഡന്റ്)

» *ഫ്രാൻസിസ്കൻ അല്മായ സഭ തുടർച്ച...*

നമുക്ക് നമ്മുടെ കർത്താവിനെ കാണിച്ചുതന്ന വി. തോമാശ്ലീഹായുടെ ദുക്റാനതിരുനാളിന്റെ മംഗളങ്ങളും നേരുന്നു. എല്ലാവർക്കും സമാധാനവും സൗഭാഗ്യവും ഉണ്ടാകട്ടെ.

**സ്വർഗ്ഗപ്രവേശം**

കുട്ടനാട് റീജൺ കാവാലം സെന്റ് തെരേസാസ് ഭ്രാതൃത്വാംഗം സഹോദരി പതിനഞ്ചിൽ അന്നമ്മ കുര്യൻ.

എടത്വാ സെന്റ് ക്ലയർ റീജൺ സെന്റ് ജോർജ് ഭ്രാതൃത്വാംഗം സഹോദരി പട്ടത്താനത്ത് ത്രേസ്യാമ്മ വർക്കി. ഈ സഹോദരിമാരുടെ ആത്മാക്കൾക്ക് സ്വർഗ്ഗരാജ്യം ലഭിക്കാൻ നമുക്കു പ്രാർത്ഥിക്കാം!

**ബ്ര. വി.സി. അലക്സ് വലിയപറമ്പിൽ**
(പ്രസിഡന്റ്)

**ഫാ. മൈക്കിൾ പറൂശ്ശേരിൽ** OFM Cap.
(SFO സ്പിരിച്ചൽ അസിസ്റ്റന്റ്)

***"എന്റെ ശക്തി നിനക്കു കാണിച്ചുതരാനും അങ്ങനെ എന്റെ നാമം ലോകം മുഴുവൻ പ്രഘോഷിക്കപ്പെടാനും വേണ്ടിയാണ് ഞാൻ നിന്നെ ജീവിക്കാൻ അനുവദിച്ചത്"*** (പുറ. 9:16).

ദൈവകൃപയാൽ ലൈഫ് ഇൻ ദി സ്പിരിറ്റ് (പരിശുദ്ധാത്മാവിലുള്ള നവജീവിതം) പ്രോഗ്രാം നാലാം ബാച്ച് വളരെ മനോഹരമായി നടന്നുകൊണ്ടിരിക്കുന്നു. പങ്കെടുക്കുന്നവർക്ക് വലിയ ആത്മീയ ഉണർവ് അനുഭവിക്കാൻ സാധിക്കുന്നു. ഇടവകകളിൽ പ്രാർത്ഥനാഗ്രൂപ്പുകൾ കൂടുതൽ സജീവമാകാൻ എല്ലാവരും ഒരുമയോടെ പ്രവർത്തിക്കുന്നു. L.S.S ന്റെ പ്രവർത്തനം വിലയിരുത്തുവാനും കൂടുതൽ ശക്തമാക്കാൻവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനുമായി സെൻട്രൽ ടീം ചെയർമാൻ ബഹു. ജോസഫ് താമരവേലി അച്ചന്റെ നേതൃത്വത്തിൽ ചെത്തിപ്പുഴ എസ്.എച്ച്. ഹാളിൽ ഒരു ഏകദിന കൺവൻഷൻ നടത്തപ്പെട്ടു. നൂറ്റിയൻപതിലധികംപേർ പങ്കെടുത്തു. കൂടാതെ പന്തക്കുസ്തയോടനുബന്ധിച്ച് ബഹു. ബൈജു സി.എം.ഐ. അച്ചന്റെയും ബഹു. ജനി അച്ചന്റെയും നേതൃത്വത്തിൽ നടന്ന വി. കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന എന്നിവയിൽ ധാരാളംപേർ പങ്കെടുത്ത് ആത്മീയ അഭിഷേകം പ്രാപിച്ചു. എല്ലാ ശുശ്രൂഷകൾക്കും ആനിമേറ്റർ ബഹു. മാത്യു താന്നിയത്ത് അച്ചനും സോണൽ കോർഡിനേറ്റർ മോൻ ചെത്തിമറ്റവും നേതൃത്വം നൽകി.

സ്നേഹപൂർവം,

**മോൻ ചെത്തിമറ്റം**
(കോർഡിനേറ്റർ)

**ഫാ. മാത്യു താന്നിയത്ത്**
(ആനിമേറ്റർ)

## പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

178



# വിശുദ്ധീകരണത്തിന്റെ ഫലങ്ങൾ

(തിരുവചനഭാഗം: റോമാ 5, 1-21)

വിശുദ്ധീകരണം വിശ്വാസംവഴിയാണ് എന്ന തന്റെ അടിസ്ഥാന നിലപാട് പ്രഖ്യാപിച്ചതിനുശേഷം പൗലോസ്ശ്ലീഹാ അതിന്റെ വ്യത്യസ്ത ഫലങ്ങൾ വിവരിക്കുകയാണ് ഈ അദ്ധ്യായത്തിൽ. ഈ വചനഭാഗം താഴെക്കാണുംവിധം വിഭജിക്കാം.

1. കൃപയും സമാധാനവും (5,1-2)
2. ആത്മധൈര്യവും പ്രത്യാശയും (5,3-5)
3. കൃപയുടെ കവിഞ്ഞൊഴുകൽ (5,6-11)
4. ആദവും മിശിഹായും (5,12-17)
5. ശിക്ഷാവിധിയും ജീവനും (5,18-21)

വിശ്വാസത്തിന്റെയും വിശുദ്ധീകരണത്തിന്റെയും ഫലങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന ഈ വചനഭാഗം അജപാലകർക്ക് നല്കുന്ന ആത്മീയസന്ദേശങ്ങൾ നമുക്ക് ധ്യാനവിഷയമാക്കാം.

### 1. കൃപയും സമാധാനവും

*''വിശ്വാസത്താൽ നീതീകരിക്കപ്പെട്ട നമുക്ക് നമ്മുടെ കർത്താവായ ഈശോ മിശിഹാവഴി ദൈവവുമായി സമാധാനത്തിൽ ആയിരിക്കാം. നമുക്ക് കൈവന്നിരിക്കുന്ന ഈ കൃപയിലേക്ക് അവൻമൂലം വിശ്വാസത്താൽ നമുക്ക് പ്രവേശനം ലഭിച്ചിരിക്കുന്നു. ദൈവമഹത്ത്വത്തിൽ പങ്കുചേരാമെന്ന പ്രത്യാശയിൽ നമുക്ക് അഭിമാനിക്കാം''* (5,1-2).

നീതീകരണം അഥവാ വിശുദ്ധീകരണം വിശ്വാസംവഴിയാണ് എന്ന നിലപാടിൽ ഊന്നിനിന്നുകൊണ്ട്, വിശ്വാസജീവിതത്തിന്റെ വ്യത്യസ്തഫലങ്ങളാണ് പൗലോസ്ശ്ലീഹാ ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. 'നമ്മൾ' എന്നു വിശേഷിപ്പിച്ചുകൊണ്ടാണ് ഇവിടെ ശ്ലീഹാ സംസാരിക്കുന്നത്. ഒരേ വിശ്വാസത്തിൽ പങ്കുകാരാകുന്നവരാണ് ക്രിസ്തീയസമൂഹം. ആ ഒരു കൂട്ടായ്മാബോധം സമൂഹത്തിലെല്ലാവർക്കും - അജപാലകർക്കും വിശ്വാസികൾക്കും ഉണ്ടാവണം. മാമ്മോദീസായിലൂടെ ദൈവികകൂട്ടായ്മയിലേയ്ക്കാണ് നാം പ്രവേശിപ്പിക്കപ്പെടുന്നത്. വി. മത്തായിയുടെ സുവിശേഷത്തിൽ സുവിശേഷപ്രഘോഷണത്തിനായി തന്റെ ശിഷ്യരെ അയയ്ക്കുമ്പോൾ, ''പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ'' മാമ്മോദീസാ നൽകണമെന്നുപറയുന്നത് (മത്താ 28,19) ഇത് സൂചിപ്പിക്കുന്നുണ്ട്. മാമ്മോദീസായിലൂടെ നാം പ്രവേശിക്കുന്നത് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ത്രിത്വകൂട്ടായ്മയിലേയ്ക്കാണ്. അതുകൊണ്ട് ഈ കൂട്ടായ്മാബോധം സഭാംഗങ്ങൾക്കെല്ലാം ഉണ്ടാകണം.

ഒരേ വിശ്വാസത്തിലും കൂട്ടായ്മയിലും പങ്കുചേരുന്ന നമുക്ക് ലഭിക്കുന്ന ഏറ്റവും വലിയ ഫലങ്ങൾ കൃപയും സമാധാനവുമാണ്. പൗലോസിന്റെ മിക്ക ലേഖനങ്ങളും തുടങ്ങുന്നത് 'കൃപയും സമാധാനവും' ആശംസിച്ചു കൊണ്ടാണ്. വിശ്വാസംവഴി വിശുദ്ധീകരിക്കപ്പെട്ട നമുക്ക് ദൈവവുമായി അനുരഞ്ജനപ്പെടാൻ കഴിഞ്ഞതുകൊണ്ട് സമാധാനമുണ്ട്. ഈ സമാധാനത്തിന്റെ ഫലമെന്താണെന്നുപറയുകയാണ് അടുത്ത വാക്യത്തിൽ. വിശ്വാസിക്ക് കൃപ ലഭിച്ചിരിക്കുന്നു. ഈ കൃപയിലേക്കുള്ള പ്രവേശനത്തെ പഴയനിയമത്തിൽ വിവരിക്കുന്ന അതിവിശുദ്ധസ്ഥലത്തേയ്ക്കുള്ള പ്രവേശനവുമായി താരതമ്യപ്പെടുത്താവുന്നതാണ്. വ്യക്തിപരമായ വിശുദ്ധി ആ പ്രവേശനത്തിന് ആവശ്യമാണ് (സങ്കീ 15; 24,3-5). ദൈവസന്നിധിയിലേക്കുള്ള പ്രവേശനത്തിന് സമാന്തരമാണ് വിശുദ്ധീകരണംവഴി കൃപയിലേക്കുള്ള പ്രവേശനം. ദൈവവുമായി സമാരംഭിച്ചിരിക്കുന്ന കൂട്ടായ്മതന്നെയാണ് കൃപ. അത് ദൈവസ്നേഹകൂട്ടായ്മയാണ്. ഈ കൂട്ടായ്മയിൽ വിശ്വാസികളെ ഉറപ്പിക്കുക എന്നതാണ് അജപാലകരുടെ കടമ.

## 2. ആത്മധൈര്യവും പ്രത്യാശയും

*''മാത്രമല്ല, നമ്മുടെ കഷ്ടതകളിലും നാം അഭിമാനിക്കുന്നു. എന്തെന്നാൽ, കഷ്ടത സഹനശീലവും, സഹനശീലം ആത്മധൈര്യവും, ആത്മധൈര്യം പ്രത്യാശയും ഉളവാക്കുന്നുവെന്നു നാം അറിയുന്നു. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം, നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു''* (5,3-5).

കൃപയിലുള്ള ജീവിതം പുതിയൊരു ജീവിതാവസ്ഥയാണ്. ദൈവകൃപയാൽ വലയം ചെയ്യപ്പെട്ടതും പുതുജീവിതത്തിന്റെ വാഗ്ദാനത്താൽ മനോഹരമായിത്തീർന്നതുമായ പുതിയ അവസ്ഥ. ഈ പുതുജീവിതത്തിൽ ദൈവമഹത്ത്വത്തിൽ പങ്കുചേരാമെന്ന പ്രത്യാശ അഭിമാനം ജനിപ്പിക്കുന്നു. ക്രിസ്തീയജീവിതത്തിൽ സഹനങ്ങളുണ്ടെങ്കിലും ഈ അഭിമാനം നമ്മുടെ അവകാശമാണ്. വിശ്വാസജീവിതം നിരവധി സഹനങ്ങൾ നിറഞ്ഞതാണ് (2 കോറി 6,3-5; 11,23-25). ദൈവവിശ്വാസികളുടെ ജീവിതത്തിൽ കഷ്ടതകൾ ധാരാളമുണ്ടാകുമെന്നതിന് വിശുദ്ധഗ്രന്ഥംതന്നെ സാക്ഷ്യം നൽകുന്നുണ്ട്. കഷ്ടതകൾ സ്ഥിതപ്രജ്ഞതയും അഥവാ സഹനശീലവും സഹനശീലം ആത്മധൈര്യവും ആത്മധൈര്യം പ്രത്യാശയും ഉളവാക്കുന്നു. ഈ പ്രത്യാശ ഒരിക്കലും നമ്മെ വഞ്ചിക്കുകയില്ല. കാരണം, അത് നിറവേറുകതന്നെ ചെയ്യും. അതിന്റെ തെളിവാണ് നമുക്ക് നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവുവഴി നമ്മുടെ ഹൃദയങ്ങളിൽ അവിടുന്ന് വർഷിച്ചിരിക്കുന്ന ദൈവത്തിന്റെ സ്നേഹം.

ഇതിലൂടെ എസക്കിയേൽ പ്രവാചകന്റെ വാക്കുകൾ (എസ 36,26-28) നിറവേറുകയാണ്: ''ഒരു പുതുഹൃദയം നിങ്ങൾക്ക് ഞാൻ നൽകും; ഒരു പുതുചൈതന്യം നിങ്ങളിൽ ഞാൻ നിക്ഷേപിക്കും. നിങ്ങളുടെ ശരീരത്തിൽനിന്ന് ശിലാഹൃദയം എടുത്തുമാറ്റി മാംസളഹൃദയം നൽകും. എന്റെ ആത്മാവിനെ ഞാൻ നിങ്ങളിൽ നിവേശിപ്പിക്കും. നിങ്ങളെ എന്റെ കല്പനകൾ കാക്കുന്നവരും നിയമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധയുള്ളവരുമാക്കും''. അരൂപി ശക്തിയാണ്. ദൈവത്തിന്റെ ശക്തി. അതുകൊണ്ട് മാനുഷികമായി അസാദ്ധ്യമാണെങ്കിലും അതിനെ അതിജീവിച്ച് ദൈവസ്നേഹത്തിൽ നിലനിൽക്കാനും ദൈവം സ്നേഹിക്കുന്നതുപോലെ ഏതു സാഹചര്യങ്ങളിലും എല്ലാവർക്കും സ്നേഹം

കൊടുക്കാനും വിശ്വാസികൾ പ്രാപ്തരാകും. ''നമ്മുടെ ഹൃദയങ്ങളിൽ'' എന്നതുകൊണ്ട് ദൈവത്തിന്റെ സ്നേഹം ജീവിതത്തിന്റെ അഗാധതലങ്ങളെ സ്പർശിക്കുന്ന ദൃഢബോധ്യമായി പൗലോസ്ശ്ലീഹാ കാണുന്നുവെന്ന് മനസ്സിലാക്കാം. വിശ്വാസത്തിന്റെ ആന്തരികബോധ്യമാണ് ദൈവം നമ്മെ സ്വീകരിച്ചുകൊള്ളുമെന്ന പ്രത്യാശ. ഈ ബോദ്ധ്യത്തിലും പ്രത്യാശയിലും ജീവിക്കുവാൻ അജപാലകർ വിശ്വാസികളെ ബോധവൽക്കരിക്കണം.

## 3. കൃപയുടെ കവിഞ്ഞൊഴുകൽ

*''നാം ബലഹീനരായിരിക്കേ, നിർണയിക്കപ്പെട്ട സമയത്ത് മിശിഹാ പാപികൾക്കുവേണ്ടി മരിച്ചു. നീതിമാനുവേണ്ടിപ്പോലും ആരെങ്കിലും മരിക്കുക പ്രയാസമാണ്. ഒരുപക്ഷേ ഒരു നല്ല മനുഷ്യനുവേണ്ടി മരിക്കാൻ വല്ലവരും തുനിഞ്ഞെന്നുവരാം. എന്നാൽ, നാം പാപികളായിരിക്കേ, മിശിഹാ നമുക്കുവേണ്ടി മരിച്ചു. അങ്ങനെ നമ്മോടുള്ള തന്റെ സ്നേഹം ദൈവം പ്രകടമാക്കിയിരിക്കുന്നു''* (5,6-8).

പൗലോസ്ശ്ലീഹായുടെ വിശ്വാസിസമൂഹത്തിൽ യഹൂദക്രൈസ്തവരും വിജാതീയ ക്രൈസ്തവരുമുണ്ട്. നമ്മൾ -അതായത് റോമായിലെ സഭയും പൗലോസും- ബലഹീനരും പാപികളുമായിരിക്കേ, നമുക്കുവേണ്ടി ദൈവനിശ്ചയപ്രകാരം മിശിഹാ മരിച്ചു. ഇതാണ് ദൈവസ്നേഹത്തിന്റെ അത്യുദാത്തമായ പ്രകാശനം. പാപികളായ നമ്മൾ മാനസാന്തരപ്പെട്ട് ദൈവത്തിലേക്കു തിരിഞ്ഞ്, ദൈവത്തെ സ്വീകരിക്കുന്നതിനുമുമ്പാണ് ദൈവത്തിന്റെ രക്ഷാകരപ്രവൃത്തി എന്നത് പ്രത്യേകം ശ്രദ്ധിക്കണം. നമ്മൾ വിശ്വാസികളായിത്തീരുന്നതിനുമുമ്പേ തന്നെ ദൈവം മുൻകൈയെടുക്കുന്നു. ദൈവത്തിന്റെ അചഞ്ചലമായ സ്നേഹത്തിന്റെയും കരുതലിന്റെയും അടയാളമാണത്. കൃപയുടെ കവിഞ്ഞൊഴുകൽ; ദൈവത്തെ മനസ്സിലാക്കുകയോ സ്നേഹിക്കുകയോ ചെയ്യാത്തവർക്കുവേണ്ടിയുള്ള വലിയ സ്നേഹപ്രകടനം. നന്മനിറഞ്ഞ ആളുകൾക്കുവേണ്ടി ആരെങ്കിലും മരിക്കാൻ തയ്യാറായേക്കാം. എന്നാൽ പാപികളായ മനുഷ്യർക്കുവേണ്ടിയാണ് മിശിഹാ മരിക്കുവാൻ തയ്യാറായത്.

പാപികൾക്കുവേണ്ടി മിശിഹാ മരണംവരിച്ചതുകൊണ്ട് പാപികൾ ദൈവകോപത്തിൽനിന്നു രക്ഷപ്പെടും എന്നത് തീർച്ചയാണ്. വരാനിരിക്കുന്ന വിധിദിവസം അവർക്ക് പ്രത്യാശാഭരിതമായിരിക്കും. ഈശോമിശിഹായാണ് നാം രക്ഷിക്കപ്പെടുമെന്നതിന്റെ ഉറപ്പ്. ഉത്ഥാനംചെയ്ത മിശിഹാ ഇന്നും ജീവിച്ചിരിക്കുന്നു. അവിടുന്ന് പിതാവിന്റെ പക്കൽ നമ്മുടെ മദ്ധ്യസ്ഥനാണ് (റോമാ 8,34). അനുരഞ്ജനം ശത്രുത പുലർത്തുന്ന രണ്ടുവ്യക്തികളുടെ പരസ്പരസ്വീകരണമാണല്ലോ. ഇവിടെ ദൈവമാണ് മുൻകൈയെടുക്കുന്നതും തന്നെ 'ആബാ' എന്നുവിളിക്കുവാൻ മനുഷ്യരെ പ്രാപ്തരാക്കുന്നതും. പരിശുദ്ധാത്മവർഷത്തിലൂടെ ഈ ബന്ധം ദൃഢമാകുന്നു (റോമാ 8,15). ഇപ്പോൾ അവർ ശത്രുക്കളല്ല; വാത്സല്യനിധിയായ പിതാവും സ്നേഹസമ്പന്നരായ മക്കളുമാണ്. നമ്മുടെ പ്രത്യാശയുടെ ഭാവിമഹത്ത്വത്തിന്റെ ഉറപ്പ് ഈ അനുരഞ്ജനമാണ്. അനുരഞ്ജനത്തിന്റെ ആവശ്യകതയെക്കുറിച്ച് അജപാലകർ ജനങ്ങളെ നിരന്തരം ഓർമ്മിപ്പിച്ചുകൊണ്ടിരിക്കണം.

## 4. ആദവും മിശിഹായും

*''ഒരു മനുഷ്യൻമൂലം പാപവും പാപംമൂലം മരണവും ലോകത്തിൽ പ്രവേശിച്ചു. അപ്രകാരം എല്ലാവരും പാപം ചെയ്തതുകൊണ്ട് മരണം വ്യാപിച്ചു.*

*നിയമം നല്കപ്പെടുന്നതിനുമുമ്പുതന്നെ പാപം ലോകത്തിലുണ്ടായിരുന്നു. എന്നാൽ, നിയമമില്ലാത്തപ്പോൾ പാപം കണക്കിലെടുക്കപ്പെടുന്നില്ല. ആദത്തിന്റെ പാപത്തിനു സദൃശമായ പാപം ചെയ്യാതിരുന്നവരുടെമേൽപ്പോലും, ആദത്തിന്റെ കാലംമുതൽ മോശയുടെ കാലംവരെ മരണം ആധിപത്യം പുലർത്തി. ആദം വരാനിരുന്നവന്റെ പ്രതിരൂപമാണ്. എന്നാൽ, പാപംപോലെയല്ല കൃപാദാനം. ഒരു മനുഷ്യന്റെ പാപംമൂലം വളരെപ്പേർ മരിച്ചുവെങ്കിൽ, ദൈവകൃപയും ഈശോമിശിഹായെന്ന ഒരു മനുഷ്യന്റെ കൃപാദാനവും അനേകർക്ക് എത്രയധികം സമൃദ്ധമായി ലഭിച്ചിരിക്കുന്നു!''* (5,12-15).

ഈശോയെയും ആദത്തെയും താരതമ്യം ചെയ്തുകൊണ്ടാണ് ഈ ഭാഗം പൗലോസ്ശ്ലീഹാ ആരംഭിക്കുന്നത്. ഇവിടെ ആദത്തിന്റെ പതനവും അതിന്റെ ഫലങ്ങളും, കൃപാദാനംവഴി ലഭിക്കുന്ന വിശുദ്ധീകരണവുമാണ് ശ്ലീഹാ ചർച്ചാവിഷയമാക്കുന്നത്. പാപവിധേയമായിത്തീർന്ന മനുഷ്യകുലത്തിനു നിയമമല്ല മോചനമാർഗ്ഗം തെളിക്കുന്നത്, ദൈവത്തിന്റെ കൃപയാണ്. കൃപയുടെ കാലഘട്ടമാണ് ഈശോമിശിഹായുടെ ഉത്ഥാനാനന്തരമുള്ള വിശ്വാസികളുടെ കാലഘട്ടം. കാരണം, മിശിഹായുടെ പീഡാസഹനവും മരണവും ഉത്ഥാനവും വഴിയായി സകലർക്കും രക്ഷ കരഗതമായിരിക്കുന്നു (റോമാ 3,24-25; 5, 6-11). ആദംമൂലം മരണവും മിശിഹാമൂലം ജീവനും വിശുദ്ധീകരണവും എന്ന തന്റെ നിലപാട് പൗലോസ്ശ്ലീഹാ അടിവരയിട്ടുറപ്പിക്കുന്നു.

സകലമനുഷ്യരെയും ബാധിക്കുന്ന തരത്തിൽ ആദാമിന്റെ പാപം ഗുരുതരമായിരുന്നു. അബ്രാഹം നമ്മുടെ പിതാവാണെന്ന് പറഞ്ഞതുപോലെ (റോമാ 4) ഇവിടെ ആദത്തിന്റെ പിതൃത്വം പൗലോസ്ശ്ലീഹാ എടുത്തുപറയുന്നു. എല്ലാ മനുഷ്യരും പാപാവസ്ഥയിൽ ഉൾപ്പെട്ടതെങ്ങനെയെന്ന് ശ്ലീഹാ ചൂണ്ടിക്കാണിക്കുന്നു. ആദം ആദ്യമനുഷ്യനായതിനാൽ അദ്ദേഹത്തിനു ബാധകമായതെല്ലാം മനുഷ്യകുലത്തിന് മുഴുവൻ ബാധകമാകും. അങ്ങനെ ഉൽപത്തി മൂന്നിലെ ആദത്തിന്റെ പതനം ഉദാഹരിച്ചുകൊണ്ട് പാപവും തൽഫലമായി മരണവും ലോകത്തിൽ പ്രവേശിച്ചുവെന്ന് പൗലോസ് വ്യാഖ്യാനിക്കുന്നു. മനുഷ്യകുലത്തിന് വന്നുഭവിച്ച മഹാദുരന്തമായിരുന്നു അത് (ഉൽപ 3,14-16). പാപത്തിന്റെ അവകാശം കിട്ടി എന്നതു മാത്രമല്ല, സകലരും പാപം ചെയ്യാൻ സന്നദ്ധരായി എന്നതുകൂടെ ഇതിന്റെ ഫലമായുണ്ടായി. എന്നാൽ മിശിഹായിലൂടെ ദൈവത്തിന്റെ കൃപ മനുഷ്യന്റെ പാപത്തെ കടന്നുനില്ക്കുന്നു (5,17). ആദം പാപത്തിലേക്കും മിശിഹാ വിശുദ്ധീകരണത്തിലേക്കും നയിക്കുന്ന പ്രവൃത്തികളാണ് ചെയ്തത്. പാപത്തിന്റെ ദുഷ്ഫലത്തെക്കാൾ വലുതാണ് മിശിഹായുടെ രക്ഷാകരപ്രവൃത്തിയുടെ സത്ഫലങ്ങൾ. മിശിഹായിൽ വിശ്വസിക്കുന്നവർക്ക് സമൃദ്ധമായ ജീവൻ ലഭിക്കും. പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ഒരു ജീവിതത്തിലൂടെയാണ് ഇത് യാഥാർത്ഥ്യമാകുന്നതെന്ന് അജപാലകർ അജഗണങ്ങളെ ബോധവൽക്കരിക്കണം.

### 5. വിശ്വസിക്കുന്നവർക്ക് വിശുദ്ധീകരണം

*''അങ്ങനെ, ഒരു മനുഷ്യന്റെ പാപം എല്ലാവർക്കും ശിക്ഷാവിധിക്കു കാരണമായതുപോലെ, ഒരു മനുഷ്യന്റെ നീതിപൂർവകമായ പ്രവൃത്തി എല്ലാവർക്കും ജീവദായകമായ നീതീകരണത്തിനു കാരണമായി. ഒരു മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ, ഒരു മനുഷ്യന്റെ അനുസരണത്താൽ അനേകർ നീതിയുള്ളവരാകും. പാപം വർദ്ധിപ്പിക്കാൻ നിയമം രംഗപ്രവേശനം ചെയ്തു; എന്നാൽ, പാപം വർദ്ധിച്ചിടത്ത് കൃപ അതിലേറെ വർദ്ധിച്ചു''* (5,18-20)

ആദത്തിന്റെ പാപംമൂലം സകല മനുഷ്യർക്കും മരണം അഥവാ ശിക്ഷാവിധി അവകാശമായി കിട്ടിയതുപോലെ, ഈശോമിശിഹായുടെ (രണ്ടാമത്തെ ആദം –''ഒരു മനുഷ്യൻ'') നീതിപൂർവ്വകമായ പ്രവൃത്തി എല്ലാവർക്കും വിശുദ്ധീകരണത്തിന് നിമിത്തമായി. അനുസരണക്കേട് മരണത്തിനും അനുസരണം ജീവനും കാരണമാകുന്നു. ഈശോയുടെ അനുസരണത്തെപ്പറ്റി പൗലോസ്ശ്ലീഹാ ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിൽ പറയുന്നുണ്ടല്ലോ. ''ഈശോമിശിഹായ്ക്കുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ. ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ടു ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണംവരെ –അതേ കുരിശുമരണംവരെ– അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി'' (ഫിലി 2,5–8). ആദത്തിന്റെ അനുസരണക്കേട് എല്ലാ മനുഷ്യർക്കും മരണത്തിനും ശിക്ഷാവിധിക്കും കാരണമായെങ്കിൽ, ഈശോയുടെ അനുസരണം എല്ലാ മനുഷ്യർക്കും ജീവനും വിശുദ്ധീകരണത്തിനും നിമിത്തമായി.

നിയമത്തിനു രക്ഷാകരമായ മാനങ്ങളൊന്നുമില്ല. പാപത്തെ ഉന്മൂലനം ചെയ്യാൻ നിയമത്തിന് കഴിവില്ലല്ലോ. പാപത്തിന്റെ വർദ്ധനവിന് മാത്രമേ നിയമം സഹായകമായുള്ളൂ. പാപം വർദ്ധിച്ചിടത്ത് കൃപയും വർദ്ധിക്കാൻ ദൈവം തിരുമനസ്സായി. അങ്ങനെയാണ് പാപം പരാജയപ്പെടുന്നത്. മരണംവഴിയാണ് പാപം ലോകത്തിൽ ഭരണം നടത്തുന്നത്. എന്നാൽ അതിനെ അതിജീവിക്കാൻ ശക്തിയുള്ളതാണ് ദൈവത്തിന്റെ കൃപ. വിശുദ്ധീകരണംവഴി വിശ്വാസികൾക്ക് നിത്യജീവനിലേയ്ക്കു പ്രവേശിക്കാൻ കൃപ ഇടയാക്കുന്നു. ഈശോയിൽ വിശ്വസിക്കുന്നവർ ഈശോമിശിഹായെ കർത്താവായി ഏറ്റുപറയുന്നവരാണ്. അവർ ദൈവകൃപയുടെ കീഴിലാണ്. അവർക്ക് ഇനി പാപത്തെയോ മരണത്തെയോ ഭയപ്പെടേണ്ടതില്ല. അവർ മിശിഹായുടെ ഭരണത്തിൻകീഴിലാണ്. നിത്യജീവനിലുള്ള പ്രത്യാശ അവരുടെ അവകാശവുമാണ്. ഈ ഒരു ബോദ്ധ്യം വിശ്വാസികൾക്കു നല്കുവാനാണ് അജപാലകർ പ്രത്യേകം ശ്രദ്ധിക്കേണ്ടത്.

## ജീവിതസൂചിക

1. വിശ്വാസികളുടെ സമൂഹത്തെ ദൈവികകൂട്ടായ്മയിൽ ഊട്ടിയുറപ്പിക്കത്തക്കവിധമാണോ ഞാൻ അജപാലനശുശ്രൂഷ നിർവഹിക്കുന്നത്?
2. ഈ ലോകജീവിതത്തിലെ കഷ്ടതകളെ അതിജീവിച്ച്, അരൂപിയിൽ ശക്തിപ്രാപിച്ച് സ്നേഹജീവിതം നയിക്കാൻ വിശ്വാസികളെ ഞാൻ എങ്ങനെ പരിശീലിപ്പിക്കുന്നു?
3. അനുരഞ്ജനത്തിലൂടെ എപ്പോഴും സ്നേഹത്തിൽ വ്യാപരിക്കാൻ ശ്രമിക്കുകയും അപ്രകാരം ജനങ്ങളെ പരിശീലിപ്പിക്കുകയും ചെയ്യുന്നുണ്ടോ?
4. പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ജീവിതത്തിലൂടെ രക്ഷയും ജീവനും ആസ്വദിക്കുന്ന ഒരു സമൂഹമായി ഇടവകയെ കെട്ടിപ്പടുക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
5. അനുസരണാജീവിതത്തിലൂടെ നിത്യജീവനിൽ പ്രത്യാശയുള്ള സമൂഹമായി സഭാസമൂഹത്തെ രൂപപ്പെടുത്തുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?

## മാർ ജോസഫ് പെരുന്തോട്ടം

**മേയ് 2022**

25 രാവിലെ അതിരമ്പുഴ SABS മഠത്തിൽ മദർ ഷന്താളമ്മയുടെ ചരമവാർഷിക ദിനത്തിൽ കബറിടത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അതിനുശേഷം സെന്റ് മേരീസ് ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. വൈകുന്നേരം മീഡിയാവില്ലേജ് ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. SD പ്രൊവിൻഷ്യൽ ഹൗസിൽ ബഹു. സിസ്റ്റർ ഡെന്നിസ് എനിയാക്കാട്ടിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

26 ഉച്ചകഴിഞ്ഞു SD പ്രൊവിൻഷ്യൽ ഹൗസിൽ പരേതയായ സിസ്റ്റർ ഡെന്നിസ് എനിയാക്കാട്ടിന്റെ മൃതസംസ്ക്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്കും സമാപനകർമ്മത്തിനും മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് പാറേൽ മരിയൻതീർത്ഥാടനകേന്ദ്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ കണ്ടുവിലയിരുത്തി.

27 രാവിലെ ളായിക്കാട് സെന്റ് ജോസഫ് ദൈവാലയത്തിൽ മരിച്ചവർക്കുള്ള അനുസ്മരണകുർബാന അർപ്പിച്ചു. അതിനുശേഷം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ദീപിക അപെക്സ് ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

28 രാവിലെ പുന്നത്തുറ സെന്റ് തോമസ് ഇടവകാംഗമായ നടുത്തുണ്ടത്തിൽ തോമസ് ജോസഫിന്റെ മൃതസംസ്ക്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്കു കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോന ദൈവാലയത്തിലെ ഓഡിറ്റോറിയത്തിൽ സിനഡാത്മകസഭ എന്ന വിഷയത്തെക്കുറിച്ചുള്ള സെമിനാറിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. വൈകുന്നേരം ചിങ്ങവനം മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസന മെത്രാപ്പോലീത്ത കുര്യക്കോസ് മാർ സേവേറിയോസ് പിതാവിന്റെ മാതാവ് ഇടവഴിക്കൽ മറിയാമ്മ എബ്രാഹത്തിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി അനുശോചനം അറിയിച്ചു.

29 രാവിലെ മഹേന്ദ്രപുരം സെന്റ് സെബ്യാസ്റ്റ്യൻസ് ദൈവാലയത്തിൽ നാലു കുട്ടികളുടെ ആഘോഷമായ കുർബാനസ്വീകരണത്തിനു മുഖ്യകാർമ്മികത്വം വഹിച്ചു. അതിനുശേഷം കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തിയ അൽമായവചനപ്രഘോഷകരുടെ സംഗമത്തിൽ പങ്കെടുത്തു അവരുമായി സംവദിച്ചു. ഉച്ചകഴിഞ്ഞ് ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക ഫൊറോന ദൈവാലയത്തിൽ തിരുക്കുടുംബ പേടകപ്രയാണത്തിന്റെ സമാപനദിനത്തിൽ സന്ദേശം നൽകി. തുടർന്ന് ദൈവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ ചമ്പക്കുളം ഫൊറോനാ യുവദീപ്തിയുടെ നേതൃത്വത്തിൽ നടന്ന സുവർണ്ണജൂബിലി ആഘോഷചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിച്ചു. അതിനുശേഷം പൊങ്ങ മാർ സ്ലീവാ ഇടവക പൊര്യൻവേലിൽ ചാക്കോച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

30 രാവിലെ അതിരൂപതാകേന്ദ്രത്തിൽ ലൂർദ്ദുമാതാ കോളേജ് ഓഫ് എജ്യുക്കേഷൻ സൊസൈറ്റിയുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് അസംപ്ഷൻ കോളേജിൽ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ടീച്ചേഴ്സുമായി സംവദിച്ചു. അതിനുശേഷം സെന്റ് വിൻസെന്റ് പുവർ ഹോം സന്ദർശിച്ചു സന്ദേശം നൽകി. അവിടുത്തെ അന്തേവാസികളോടൊപ്പം ഭക്ഷണത്തിൽ പങ്കുചേർന്നു.

31 രാവിലെ പെരുങ്കാവ് ഹാൻഡ്മേയ്ഡ്സ് ഓഫ് മേരി മഠത്തിൽ കുർബാന അർപ്പിച്ചതിനെത്തുടർന്ന് പുതിയതായി നിർമ്മിച്ച സെന്റ് മേരീസ് സ്കൂളിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. മാങ്ങാനം MOC സന്ദർശിക്കുകയും തുടർന്ന് പൂമറ്റം സെന്റ് ആന്റണീസ് ദൈവാലയത്തിൽ ലിറ്റിൽ സിസ്റ്റേഴ്സിന്റെ സ്ഥാപകമധ്യസ്ഥനായ ചാൾസ് ഡി ഫുക്കോയെ വിശുദ്ധരുടെ പദവിലേക്കു ഉയർത്തിയതിനോടനുബന്ധിച്ചുള്ള കൃതജ്ഞതാബലി അർപ്പിക്കുകയും തുടർന്നുനടന്ന സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു. വൈകുന്നേരം പാറേൽ പള്ളിയിൽനിന്നും ചങ്ങനാശേരി SB സ്കൂളിലേയ്ക്കു മാറ്റിസ്ഥാപിച്ച എൽ.പി. ക്ലാസ്സിന്റെ നവീകരിച്ച ക്ലാസ്മുറികളുടെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ പുതിയതായി നിയമിക്കപ്പെട്ട ഹെഡ്മാസ്റ്റേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

**ജൂൺ 2022**

01 രാവിലെ വായ്പൂർ സെന്റ് ജോസഫ്സ് ദൈവാലയത്തിൽ പരേതനായ എരുതനാട്ട് ബഹു. ജോസഫച്ചന്റെ മൃതസംസ്കാരശുശ്രൂയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വംവഹിച്ച് പരി. കുർബാനയർപ്പിച്ചു.

02 രാവിലെ ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 97-മത് ചരമവാർഷികത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. അതിനുശേഷം പാറേൽ SVD സെമിനാരിയുടെ 60-ാമത് വാർഷികചടങ്ങിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് തത്തംപള്ളി സെന്റ് മൈക്കിൾസ് ദൈവാലയത്തിൽ കറുകയിൽ ബഹു. തോമസച്ചന്റെ മാതാവ് ഫിലോമിന മാത്യുവിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ച് അനുശോചനം അറിയിച്ചു. വൈകുന്നേരം സന്ദേശനിലയത്തിന്റെ ആഭിമുഖ്യത്തിൽ പുതുതായി ആരംഭിച്ച സുറിയാനി പഠനകളരിയുടെ ഉദ്ഘാടനം ഓൺലൈനായി നിർവഹിച്ചു.

03 രാവിലെ ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ പരേതയായ വെട്ടിത്തുരുത്ത് പുത്തൻപുരയിൽ ലീലാമ്മ കുരുവിളയുടെ മൃതസംസ്ക്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്കു മുഖ്യകാർമ്മികത്വംവഹിച്ച് അനുശോചനമറിയിച്ചു. ഉച്ചകഴിഞ്ഞു ഓൺലൈനായി നടന്ന ലിറ്റർജി സിനഡൽകമ്മറ്റിയുടെ യാമപ്രാർത്ഥനാ പരിശോധനാ മീറ്റിംഗിൽ പങ്കെടുത്തു.

04 രാവിലെ ചീരഞ്ചിറ സെന്റ് ജോർജ് ദൈവാലയത്തിൽ ഒലിപ്രകാട്ട് അന്നമ്മ ദേവസ്യായുടെ ഒന്നാം ചരമവാർഷികദിനത്തിൽ പരേതയുടെ കല്ലറയിങ്കൽ ഒപ്പീസുചൊല്ലി അനുശോചനം അറിയിച്ചു. തുടർന്ന് തോട്ടയ്ക്കാട് സെന്റ് ജോർജ് ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. അതിനുശേഷം ചങ്ങനാശേരി ഫാത്തിമാപുരത്ത് പുതിയതായി നിർമ്മിക്കുന്ന അൽഫോൻസാ

സ്നേഹനിവാസിന്റെ നിർമ്മാണപ്രവർത്തനങ്ങൾ കണ്ടുവിലയിരുത്തി. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി സന്ദേശനിലയം ഹാളിൽ അതിരൂപതാ മതബോധന കമ്മിറ്റി 2022-2025ന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. വൈകുന്നേരം ഇത്തിത്താനം പ്രീസ്റ്റ് ഹോം സന്ദർശിച്ചു. വൈകിട്ട് അരമനയിൽ പന്തക്കുസ്താതിരുനാളിനോടനുബന്ധിച്ചുനടന്ന ധ്യാനത്തിന് സമാപന സന്ദേശം നൽകി.

05 രാവിലെ കോട്ടയം ലൂർദ്ദ് ഫൊറോനാ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും പന്തക്കുസ്താ തിരുനാളിന്റെ സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് അതിരൂപതാ മതബോധന അധ്യായനവർഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. അതിനുശേഷം മാങ്ങാനം MOC യുടെ സുവർണ്ണ ജൂബിലിയാഘോഷങ്ങൾക്ക് അദ്ധ്യക്ഷപദവിയലങ്കരിച്ചു. ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് അരമനവളപ്പിൽ മറ്റു വൈദികരോടും ബ്രദേഴ്സിനോടുമൊപ്പം വൃക്ഷതൈകൾ നട്ടു.

06 രാവിലെ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പരിശുദ്ധ കുർബാനയർപ്പിക്കുകയും അവിടെ പരിശീലനത്തിലായിരിക്കുന്ന ബ്രദേഴ്സുമായി സംവദിക്കുകയും ചെയ്തു. തുടർന്ന് ചാസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട പരിസ്ഥിതിവാരാചരണത്തിന് സമാപനസന്ദേശം നൽകി. പിന്നീട് ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ നടന്ന പ്രവാസി അപ്പോസ്തലേറ്റിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുക്കുകയും അവരോടൊപ്പം ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തു.

07-09 പാലാരിവട്ടം POC -ൽ നടന്ന KCBC യിൽ പങ്കെടുത്തു.

09 വൈകുന്നേരം ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ രോഗിയായി കിടക്കുന്ന കല്ലുപുര ബഹു. സക്കറിയാസച്ചനെ സന്ദർശിച്ചു. അതിനുശേഷം പുതിയതായി നിർമ്മിക്കുന്ന പാറേൽ മരിയൻ തീർത്ഥാടനദൈവാലയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ കണ്ടുവിലയിരുത്തി.

10 രാവിലെ ചങ്ങനാശേരി SB കോളേജിൽ IQAC യുടെ ആഭിമുഖ്യത്തിൽ അദ്ധ്യാപകർക്കായി നടത്തിയ ഓറിയന്റേഷൻ പ്രോഗ്രാം 'Enliven SB' ഉദ്ഘാടനം ചെയ്തു സംസാരിച്ചു. അതിനുശേഷം ഇന്റർഡിപ്പാർട്ടുമെന്റ് മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് സന്ദേശനിലയത്തിൽ പുതിയതായി സജ്ജീകരിച്ച ഡോക്യുമെന്റഷൻ ആൻഡ് ഓഡിറ്റിംങ്ങ് ഓഫീസിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. വൈകുന്നേരം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമോന്നതാദ്ധ്യക്ഷനായ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് മൂന്നാമൻ തിരുമേനിയുടെ ആതിഥേയത്വത്തിൽ കോട്ടയം-ദേവലോകം കാതോലിക്കേറ്റ് പാലസ് ഓഡിറ്റോറിയത്തിൽ നടത്തിയ മെത്രാന്മാരുടെ എക്യുമെനിക്കൽ സംഗമത്തിൽ പങ്കെടുത്തു.

11 രാവിലെ ചങ്ങനാശേരി അസംപ്ഷൻകോളേജിൽ ചെറുപുഷ്പമിഷൻ ലീഗിന്റെ പ്രവർത്തനവർഷ ഉദ്ഘാടനം നിർവഹിച്ചു. അതിനുശേഷം അതിരൂപതാകേന്ദ്രത്തിൽ ഈ വർഷം സിവിൽ സർവീസ് പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ അതിരൂപതാംഗങ്ങളായ പായിപ്പാട് ലൂർദ്ദ് മാതാ ഇടവകാംഗം ദിലീപ് കൈനിക്കരയെയും രാജമറ്റം തിരുഹൃദയ ഇടവകാംഗം സാം വർഗീസിനെയും ആദരിച്ചു.

12 നിശ്ചയിക്കപ്പെട്ട മീറ്റിംഗുകൾക്കും മറ്റു സന്ദർശനങ്ങൾക്കുമായി റോമിലേക്കു യാത്രതിരിച്ചു.

13–15 പൗരസ്ത്യ സഭകൾക്കായുള്ള കോൺഗ്രിഗേഷന്റെ നിർദ്ദേശാനുസരണം വിവിധ സമ്മേളനങ്ങളിൽ പങ്കെടുത്തു.

15 വൈകുന്നേരം റോമിൽ സീറോ മലബാർ സഭയുടെ പ്രൊക്യുറയിൽ അഭി. പിതാക്കന്മാർക്കൊപ്പം അത്താഴത്തിൽ പങ്കെടുത്തു.

16 രാവിലെ റോമിലെ ഫുമിച്ചീനോ എയർപോർട്ടിൽനിന്ന് മാൾട്ടയിലേക്ക് യാത്രതിരിച്ചു. മാൾട്ടയിലുള്ള സീറോ മലബാർ വിശ്വാസികൾക്ക് ആത്മീയ നേതൃത്വം നിർവഹിക്കുന്ന ചങ്ങനാശേരി അതിരൂപത വൈദികനായ വാരുവേലിൽ ബഹു. മാത്യു അച്ചൻ എയർപോർട്ടിൽ ഊഷ്മളമായ സ്വീകരണം നൽകി. തുടർന്ന് റബാത്ത് എന്ന സ്ഥലത്തുള്ള ഫ്രാൻസിസ്കൻ കൺവെൻചാൽസ് കോൾബെ സന്യാസസമൂഹത്തിന്റെ ആശ്രമം സന്ദർശിച്ചു. കോതമംഗലം രൂപതാംഗമായ പാലാക്കാരൻ ബഹു. ജേക്കബ് അച്ചൻ ഊഷ്മളമായ സ്വീകരണം നൽകി.

തുടർന്ന് മാൾട്ടയിലെ പ്രധാനപ്പെട്ട തീർത്ഥാടനകേന്ദ്രമായ മ്ദീന എന്ന സ്ഥലത്ത് വി. പൗലോസ് ശ്ലീഹായെ തടവിൽ പാർപ്പിച്ച ഗ്രോട്ടോ, മ്യൂസിയം, സെന്റ് പോൾസ് കത്തീഡ്രൽ ദൈവാലയം എന്നിവ സന്ദർശിച്ചു. ഇവിടെയുള്ള ഈ ഗ്രോട്ടോയിലാണ് ഫ്രാൻസിസ് മാർപാപ്പാ മാൾട്ടയിലെ അപ്പസ്തോലിക സന്ദർശനത്തിൽ തന്റെ തൊപ്പിയൂരി അതിൽ കൈയ്യൊപ്പ് പതിപ്പിച്ച് സമർപ്പിച്ചത്.

ഉച്ചയോടുകൂടി മാൾട്ടയിലെ നുൺഷ്യേച്ചർ സന്ദർശിക്കുകയും ഉച്ചഭക്ഷണം കഴിക്കുകയുംചെയ്തു. മാൾട്ടയിലെ അപ്പസ്തോലിക് നുൺഷ്യോ ആയിരുന്ന ആർച്ചുബിഷപ് അലക്സാണ്ടർ ഡെറികോ വിരമിച്ച പശ്ചാത്തലത്തിൽ സെക്രട്ടറിയായ കോട്ടപ്പുറം രൂപതാ വൈദികൻ ബഹു കുറുപ്പശ്ശേരി ബഹു. ഡെന്നിസ് അച്ചനാണ് സ്വീകരണം നൽകിയത്.

തുടർന്ന് മെലിഹ എന്ന സ്ഥലത്ത് പരിശുദ്ധ കന്യകാമറിയം പ്രത്യക്ഷപ്പെട്ട സ്ഥലത്ത് സ്ഥിതിചെയ്യുന്ന ദൈവാലയവും ഗ്രോട്ടോയും സന്ദർശിച്ചു. വി. ലൂക്കാ വരച്ചുവെന്ന് കരുതപ്പെടുന്ന പരിശുദ്ധ മറിയത്തിന്റെ ഛായചിത്രം ഈ ദൈവാലയത്തിലാണ് സ്ഥിതിചെയ്യുന്നത്. ഈ ദൈവാലയത്തിന്റെയും മാതാവ് പ്രത്യക്ഷപ്പെട്ട സ്ഥലത്തുള്ള ഗ്രോട്ടോയുടെയുമൊക്കെ സംരക്ഷണചുമതല നിർവഹിക്കുന്ന DSH കോൺഗ്രിഗേഷന്റെ ഭവനവും അവിടെയുള്ള സന്യാസിനികളെയും സന്ദർശിച്ചു.

പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയത്തിൽ ദീർഘനാൾ ശുശ്രൂഷ ചെയ്യുകയും സീറോ മലബാർ സഭയുമായി ഗാഢബന്ധം പുലർത്തുകയും ചെയ്ത ഗ്രീക്ക് കത്തോലിക്കാ സഭാംഗമായ മോൺ. ജോർജ് മിപ്സുദിനെ സന്ദർശിക്കുവാനായി വല്ലേറ്റയിലുള്ള 'Greek Catholic Church of Our Lady of Damascus' എന്ന ഗ്രീക്ക് കത്തോലിക്കാ ദൈവാലയത്തിലെത്തി. അദ്ദേഹവുമായുള്ള കൂടിക്കാഴ്ച്ചയ്ക്കും ഗ്രീക്ക് കത്തോലിക്കാ സഭയുടെ തനതുപാരമ്പര്യത്തിൽ നിർമ്മിച്ച ദൈവാലയ സന്ദർശനത്തിനും ശേഷം വല്ലേറ്റയിലെ ഏറ്റവും മനോഹര പ്രദേശമായ റിപ്പബ്ലിക് സ്ട്രീറ്റിലൂടെ യാത്ര ചെയ്ത് സ്ട്രീറ്റിന്റെ ഏറ്റവും ഉയർന്ന പ്രദേശത്ത് നിന്നുള്ള മാൾട്ട തുറമുഖത്തിന്റെ മനോഹരമായ സമതലകാഴ്ചകൾ വീക്ഷിച്ചു.

തുടർന്ന് വാരുവേലിൽ ബഹു. മാത്യു അച്ചൻ താമസിക്കുന്ന എംസീത എന്ന സ്ഥലത്ത് എത്തിച്ചേർന്നു. അവിടെനിന്നും വൈകുന്നേരം പരിശുദ്ധ കുർബാന അർപ്പിക്കുവാനായി ഹാമറൂണിലുള്ള മാൾട്ട അതിരൂപതയുടെ

കീഴിലുള്ള സെന്റ് അറ്റോഷ്യ ദൈവാലയത്തിൽ എത്തിച്ചേർന്നു. മാൾട്ടയിലെ സീറോ മലബാർ വിശ്വാസികൾക്ക് പിന്തുണയും പ്രോത്സാഹനവും നൽകുന്ന ഈ ദൈവാലയത്തിന്റെ വികാരികൂടിയായ ആൻഡ്രൂസ് ബോർഗ് അച്ചനും സന്നിഹിതനായിരുന്നു. ഏകദേശം അറുപതോളം സീറോ മലബാർ വിശ്വാസികൾ പരിശുദ്ധ കുർബാനയിൽ പങ്കെടുത്തു. ആൻഡ്രൂസ് ബോർഗ് അച്ചൻ സീറോ മലബാർ വിശ്വാസികളോട് കാണിക്കുന്ന സഹകരണത്തിന് പ്രത്യേകം നന്ദിപറയുകയും വിശ്വാസികളുടെ വിശേഷങ്ങൾ ആരായുകയും ചെയ്തു. വി. പൗലോസ് ശ്ലീഹായുടെ മാൾട്ടയിലേക്കുള്ള യാത്രയിൽ കപ്പൽ തകർന്ന സ്ഥലമായ സെന്റ് പോൾസ് ബേയിൽ സ്ഥിതിചെയ്യുന്ന ഫ്രാൻസിസ്കൻ കൺവെൻചൽസ് കോൾബെ സന്യാസസമൂഹത്തിന്റെ ആശ്രമം സന്ദർശിച്ചപ്പോൾ ചങ്ങനാശേരി അതിരൂപതാംഗമായ ഫാ. ഡാമിയന്റെ നേതൃത്വത്തിൽ സ്വീകരണം നൽകി. തുടർന്ന് എംസീതയിൽ തിരിച്ചെത്തി.

17 രാവിലെ എംസീതായിൽ പരിശുദ്ധ കുർബാന അർപ്പിച്ചതിനുശേഷം റോമിലേക്കുള്ള യാത്രാമധ്യേ മാൾട്ട ആർച്ചുബിഷപ് ഹൗസിലെത്തി ആർച്ചുബിഷപ് ചാൾസ് ജൂഡ് സിക്ലൂണയുമായി കൂടിക്കാഴ്ച നടത്തി. വൈകുന്നേരം ജർമ്മനിയിലെ കൊളോണിലെത്തി. തുടർന്ന് ട്രിയറിലെ Brothers of Charity (BKT) സന്യാസസമൂഹം നടത്തുന്ന ആശുപത്രിയിൽ താമസിച്ചു.

18 രാവിലെ അതേ ആശുപത്രിയിൽ ശുശ്രൂഷചെയ്യുന്ന തിരുഹൃദയ സന്യാസിനീസമൂഹത്തിലെ (Chry Province) സിസ്റ്റേഴ്സിനായി പരി. കുർബാനയർപ്പിച്ചു. തുടർന്ന് ട്രിയറിലെ കത്തീഡ്രൽ ദൈവാലയം ഉൾപ്പെടെയുള്ള സ്ഥലങ്ങളും വൈകുന്നേരം കേവലാറിലെ ക്ലാരമഠവും (Chry Province) സന്ദർശിച്ചു.

19 വൈകുന്നേരം മരിയൻ ബൗ- ലെ FCC സന്യാസിനീസമൂഹത്തിലെ സിസ്റ്റേഴ്സിനായി പരി. കുർബാനയർപ്പിച്ച് സന്ദേശംനൽകി. തുടർന്ന് മ്യൂൺസ്റ്റർ രൂപതയിൽ ശുശ്രൂഷചെയ്യുന്ന നമ്മുടെ അതിരൂപതാംഗങ്ങളായ ബഹു. വൈദികരെ കണ്ടുസംസാരിച്ചു.

20 രാവിലെ ബാംബർഗിലേക്കുള്ള യാത്രാമദ്ധ്യേ കൊളോണിലെത്തി. അവിടെ നമ്മുടെ അതിരൂപതയിൽ പായിപ്പാട്, കരവാളൂർ എന്നീ ഇടവകകളിലുള്ള അഗസ്റ്റീനിയൻ സിസ്റ്റേഴ്സിന്റെ ജനറലേറ്റ് സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് ന്യൂറംബർഗിലെത്തി. അവിടെ CMC സന്യാസിനീസമൂഹത്തിന്റെ ഭവനം സന്ദർശിച്ചു. തുടർന്ന് ബാംബർഗ് അതിരൂപതയിലെ ബയോർസ്ഡോർഫിലെ ദൈവാലയത്തിലെത്തി. അവിടെ ബാംബർഗ് അതിരൂപതയിലും റേഗൻസ്ബുർഗ് രൂപതയിലും ശുശ്രൂഷചെയ്യുന്ന നമ്മുടെ അതിരൂപതാംഗങ്ങളായ വൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്തു.

21 രാവിലെ ഔസ്ബുർഗ് രൂപതാകേന്ദ്രം സന്ദർശിച്ച് രൂപതാ കൂരിയാംഗങ്ങളായ വാൾട്ടർ ഷ്മീഡിൽ, ആർമിൻ സ്യൂൺ എന്നീ വൈദികരുമായി സംസാരിച്ചു. ഉച്ചകഴിഞ്ഞ് ഫ്യൂർത്തിലെ CMC (Chry Province) സന്യാസഭവനം സന്ദർശിച്ചു. അവിടെവച്ച് മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950 വാർഷികാചരണത്തിന്റെ ആലോചനായോഗത്തിൽ Zoom Platform-ലൂടെ പങ്കെടുത്തു. തുടർന്ന് അത്താഴത്തിനുശേഷം ന്യൂറെംബർഗിലെ SABS (Chry Province) സന്യാസഭവനം സന്ദർശിച്ചു.

22 രാവിലെ ബാംബർഗ് അതിരൂപതാകേന്ദ്രം സന്ദർശിച്ച് അതിരൂപതാ മെത്രാപ്പോലീത്ത ലുഡ്‌വിഗ് ഷിക്, വികാരി ജനറൽ ജോർജ് കെസ്റ്റൽ എന്നിവരുമായി സംസാരിച്ചു. തുടർന്ന് ബാംബർഗിലുള്ള SABS (Chry Province) സന്യാസഭവനം സന്ദർശിച്ചു പരി. കുർബാനയർപ്പിച്ചു. ഉച്ചയ്ക്കുശേഷം LSC (Chry Province) സന്യാസഭവനം സന്ദർശിച്ചു.

23 രാവിലെ ഇറ്റലിയിലെ മിലാനിൽ ഉപരിപഠനം നടത്തുന്ന നമ്മുടെ അതിരൂപതാംഗങ്ങളായ വൈദികരുമൊത്ത് (ഫാ. ജോജിൻ ഇലഞ്ഞിക്കൽ, ഫാ. ജസ്റ്റിൻ വഞ്ചിക്കൽ) Switzerlandന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ വി. നിക്കോളാസിന്റെ ഭവനവും താപസജീവിതം നയിച്ച സ്ഥലവും സന്ദർശിച്ചു. വൈകുന്നേരം റോമിലെത്തി അഭി. ജോസഫ് സ്രാമ്പിക്കൽ പിതാവുമൊത്ത് അത്താഴത്തിൽ പങ്കുചേർന്നു.

24 റോമിൽ ഉപരിപഠനം നടത്തുന്ന നമ്മുടെ അതിരൂപതാംഗങ്ങളായ വൈദികരും ഡീക്കന്മാരുമൊത്ത് മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുകൾ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ലാൻചാനോ ഓർത്തോണാ അതിരൂപതയിലെ ഓർത്തോണാ സെന്റ് തോമസ് ഇടവക പള്ളിയിലെത്തി പരി. കുർബാനയർപ്പിച്ചു. തുടർന്ന് പെസ്കാരയിലെ SABS (Chry Province) സന്യാസഭവനം സന്ദർശിച്ചു.

25 രാവിലെ സഭൈക്യത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ കാര്യാലയം സന്ദർശിച്ച് സെക്രട്ടറി ബ്രിയാൻ ഫാരലുമായി കൂടികാഴ്ച്ച നടത്തി. തുടർന്ന് വത്തിക്കാനിലുള്ള SABS (Chry Province) സന്യാസഭവനം സന്ദർശിച്ച് പരി. കുർബാനയർപ്പിച്ചു. ഉച്ചകഴിഞ്ഞ് റോമിൽ ഉപരിപഠനം നടത്തുന്ന നമ്മുടെ അതിരൂപതാംഗങ്ങളായ വൈദികർ താമസിക്കുന്ന ജോൺ ഡമഷീൻ കോളേജ്, സെന്റ് കാസ്മീർ ലിത്വാനിയൻ കോളേജ്, റോമിലെ സീറോ മലബാർ സഭാംഗങ്ങൾക്കായി നൽകപ്പെട്ടിരിക്കുന്ന സെന്റ് അനസ്താസിയ ബസിലിക്കാ എന്നീ സ്ഥലങ്ങൾ സന്ദർശിക്കുകയും ബഹു. റെക്ടറച്ചന്മാരുമായി സംസാരിക്കുകയും ചെയ്തു. വൈകുന്നേരം നമ്മുടെ അതിരൂപതാംഗങ്ങളായ ബഹു. വൈദികർ (വികാരി ഫാ. റോബി ആലഞ്ചേരി) ശുശ്രൂഷചെയ്യുന്ന റോമിലെ സെന്റ് ലിബോറിയോ ഇടവക പള്ളിയിലെത്തി വിശ്രമിച്ചു.

26 രാവിലെ ബഹു. വൈദികരും ഇടവകജനവുമൊത്ത് പരി. കുർബാനയർപ്പിച്ചു. ഉച്ചകഴിഞ്ഞ് റോമിലെ ഫ്യുമിച്ചിനോ വിമാനത്താവളത്തിൽനിന്നും ചങ്ങനാശേരിയിലേക്കു യാത്രപുറപ്പെട്ടു.

28 വടവാതൂർ സെമിനാരിയുടെ ഡയമണ്ട് ജൂബിലിയും പൗരസ്ത്യവിദ്യാപീഠത്തിന്റെ റൂബി ജൂബിലിയും പ്രമാണിച്ചുള്ള പൊതുസമ്മേളനത്തിൽ അധ്യക്ഷംവഹിച്ച് സംസാരിച്ചു.

## മാർ തോമസ് തറയിൽ

**മെയ് 2022**

26 കുറ്റിച്ചൽ ലൂർദ്ദ് മാതാ കോളേജ് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ നടന്ന ഗവേണിങ്ങ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു. സീറോ-മലബാർ സഭ പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

27 കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ചങ്ങനാശേരി അതിരൂപത ഡി.സി.എം.എസ്. ന്റെ ആഭിമുഖ്യത്തിൽ നടന്ന ദളിത് കാത്തലിക് യൂത്ത് ലീഗ് വാർഷിക യുവജന സമ്മേളനം 'ലൂമെൻ 2k22' ഉദ്ഘാടനംചെയ്ത് സംസാരിച്ചു.

28 കൈനടി വ്യാകുലമാതാ ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. ചങ്ങനാശേരി ആത്മതാകേന്ദ്രത്തിന്റെ 'സപ്പോർട്ട് എ ചൈൽഡ്' പദ്ധതിയുടെ 18-ാം വാർഷികത്തോടും പഠനോപകരണ വിതരണത്തോടുമനുബന്ധിച്ച് അതിരൂപതാ പാസ്റ്ററൽ സെന്ററിൽ നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. കുറുമ്പനാടം അസംപ്ഷൻ ദൈവാലയത്തിൽ കലയംകണ്ടം മറ്റം ബഹു. ജയിംസ് അച്ചന്റെ മാതാപിതാക്കളുടെ അമ്പതാം വിവാഹവാർഷികത്തോടനുബന്ധിച്ച് പ്രാർത്ഥനാശംസകൾ അറിയിച്ചു. അതിരമ്പുഴ സെന്റ് അലോഷ്യസ് ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ യുവദീപ്തി - എസ്.എം.വൈ.എം. അതിരമ്പുഴ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ യുവജന ക്യാമ്പ് 'കൈയിറെറ്റെ'യിൽ യുവജനങ്ങളുമായി സംവദിച്ചു.

29 മാന്നാനം പന്ത്രണ്ട് ശ്ലീഹന്മാരുടെ ദൈവാലയത്തിൽ ഇടവക ദിനത്തോടനുബന്ധിച്ച് ആഘോഷമായ പരിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് പാരിഷ് ഹാളിൽ നടന്ന ഇടവകദിന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും ചെയ്തു. മണർകാട് സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രൽ ഓഡിറ്റോറിയത്തിൽനടന്ന മലങ്കര യാക്കോബായ സുറിയാനി സൺഡേസ്കൂൾ അസോസിയേഷന്റെ തെക്കൻ മേഖല ശതാബ്ദി സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി. അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ യുവദീപ്തി - എസ്.എം.വൈ. എം. അയർക്കുന്നം യൂണിറ്റ് നടത്തിയ യുവജന സമ്മേളനം 'നുൻഷ്യസ് അമോരിസ്' ൽ യുവജനങ്ങളുമായി സംവദിച്ചു.

30 അതിരൂപതാകേന്ദ്രത്തിൽ നടത്തിയ കുറ്റിച്ചൽ ലൂർദ്ദ് മാതാ കോളേജ് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ ഗവേണിങ് ബോഡി മീറ്റിംഗിൽ പങ്കെടുക്കുകയും കോളേജിൽനിന്നും സ്ഥലംമാറുന്ന ബഹു. വൈദികർക്ക് ആശംസകൾ അറിയിക്കുകയും ചെയ്തു. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വിവാഹവാഗ്ദാന കർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

31 രാജമറ്റം ഡി.എസ്.ജെ. സിസ്റ്റേഴ്സ് നടത്തുന്ന ഇൻഫെന്റ് ജീസസ് ബാലഭവന്റെ കപ്പേളയുടെ കൂദാശാകർമ്മം നിർവഹിച്ച് പുതുതായി നിർമ്മിച്ച കെട്ടിടം വെഞ്ചരിക്കുകയും ആഘോഷമായ പരിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. കുരിശുംമൂട് സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷനിൽ പുതിയ അദ്ധ്യയനവർഷാരംഭത്തോടനുബന്ധിച്ച് അദ്ധ്യാപകർക്കായി ഓറിയന്റേഷൻ ക്ലാസ്സെടുത്തു.

**ജൂൺ 2022**

01 വായ്പൂർ സെന്റ് ജോസഫ് ദൈവാലയത്തിൽ എരുതനാട്ട് ബഹു. ജോസഫ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ രണ്ടാം ഭാഗത്തിലെ തിരുക്കർമ്മങ്ങൾക്കു മുഖ്യകാർമ്മികത്വം വഹിക്കുകയും തുടർന്നുള്ള തിരുക്കർമ്മങ്ങളിൽ സഹകാർമ്മികത്വം വഹിക്കുകയും ചെയ്തു. ലോക

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ചങ്ങനാശേരി സോഷ്യൽ സർവീസ് സൊസൈറ്റി സംഘടിപ്പിച്ച പരിസ്ഥിതി വാരാചരണം 'പ്രകൃതി-2022' ഉദ്ഘാടനസമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും വൃക്ഷത്തൈ നടുകയും ചെയ്തു. രാമങ്കരി സെന്റ് ജോസഫ് ദൈവാലയത്തിൽ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ മെയ് മാസം ആചരിച്ച 'അമ്മ മാസ'ത്തിന്റെ സമാപനത്തോടനുബന്ധിച്ച് മാതാക്കളുമായി സംസാരിച്ചു. ഫാത്തിമാപുരം ഫാത്തിമാമാതാ ഇടവകാംഗം പൂത്തറ ജോസ്ന ജോസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

02 ചങ്ങനാശേരി മർത്ത് മറിയം കബറിട ദൈവാലയത്തിൽ ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപ്പിതാവിന്റെ 97-ാം ചരമവാർഷികദിനത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. നെടുംകുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോന ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. തത്തംപള്ളി സെന്റ് മൈക്കിൾസ് ഇടവകാംഗം കറുകയിൽ ബഹു. തോമസ് അച്ചന്റെ മാതാവ് ഫിലോമിന മാത്യുവിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിരണം ഭദ്രാസനാധ്യക്ഷൻ അഭി. യൂഹന്നോൻ മാർ ക്രിസോസ്‌ത്തോമോസ് തിരുമേനിയെ സ്വീകരിച്ചു.

03 വെട്ടിത്തുരുത്ത് പുത്തൻപുരയിൽ ലീലാമ്മ കുരുവിളയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. സീറോ മലങ്കരസഭ പത്തനംതിട്ട രൂപതയിലെ നവവൈദികർക്ക് ഓൺഗോയിങ് ഫോർമേഷന്റെ ഭാഗമായി ക്ലാസ്സെടുത്തു. വെളിയനാട് സെന്റ് സേവ്യേഴ്സ് ഇടവകാംഗം പള്ളിച്ചിറ ഏലിക്കുട്ടി ഔസേപ്പിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. സീറോ മലബാർ സഭ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി കമ്മിറ്റിയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തുസംസാരിച്ചു.

04 പുറക്കാട് മാർസ്ലീവാ ദൈവാലയത്തിൽ ആഘോഷമായ പരിശുദ്ധ കുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. പുറക്കാട് എഫ്.സി.സി. കോൺവെന്റിൽ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനെ സന്ദർശിച്ചു. കൊല്ലം തങ്കശ്ശേരി ബിഷപ്സ് ഹൗസിൽ കൊല്ലം ലാറ്റിൻ രൂപതയുടെ അദ്ധ്യക്ഷൻ അഭിവന്ദ്യ പോൾ മുല്ലശ്ശേരി പിതാവിനെയും രൂപതയുടെ മുൻ അദ്ധ്യക്ഷൻ അഭിവന്ദ്യ സ്റ്റാൻലി റോമൻ പിതാവിനെയും സന്ദർശിച്ചു. കൊല്ലം ഉമയനല്ലൂർ ചെറുപുഷ്പ നിവാസിൽ കൊല്ലം ലാറ്റിൻ രൂപതയുടെ മുൻ അധ്യക്ഷൻ അഭിവന്ദ്യ ജോസഫ് ഗബ്രിയേൽ ഫെർണാണ്ടസ് പിതാവിനെ സന്ദർശിച്ചു. ചങ്ങനാശേരി അതിരൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ ഗർഭിണികളായവർക്കും അവരുടെ ഭർത്താക്കന്മാർക്കുംവേണ്ടി നടത്തിയ പ്രോലൈഫ് ഓൺലൈൻ സെമിനാർ 'സൂബാറാ 2022' ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

05 തിരുവനന്തപുരം ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ പന്തക്കുസ്താത്തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിക്കുകയും കുട്ടികളെ ആദ്യാക്ഷരം കുറിപ്പിക്കുകയും ചെയ്തു. തുടർന്ന് ഇടവക സൺഡേ സ്കൂളിന്റെ 2022-23 അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്തുസംസാരിച്ചു. ദേവസഹായംപിള്ള വിശുദ്ധരുടെ ഗണത്തിലേക്കുയർത്തപ്പെട്ടതിനോടനുബന്ധിച്ച് കോട്ടാർ ലാറ്റിൻ രൂപതയുടെ ആഭിമുഖ്യത്തിൽ അരൽവാ

യ്മൊഴിയിൽ നടന്ന ദേശീയ കൃതജ്ഞതാപ്രകാശന സമ്മേളനത്തിൽ പങ്കെടുക്കുകയും തുടർന്നുനടന്ന കൃതജ്ഞതാബലിയിൽ സഹകാർമ്മികത്വം വഹിക്കുകയും ചെയ്തു.

7-9 പാലാരിവട്ടം P.O.C യിൽ നടന്ന K.C.B.C യിൽ പങ്കെടുത്തു.

09 കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന സീറോ മലബാർ സഭ പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ മീറ്റിംഗിൽ പങ്കെടുത്തു.

10 അതിരൂപതാകേന്ദ്രത്തിൽ നടത്തിയ ഇന്റർഡിപ്പാർട്ടുമെന്റ് മീറ്റിംഗിൽ പങ്കെടുത്തു. ചങ്ങനാശേരി എസ്.ബി. കോളേജിൽ അദ്ധ്യാപകർക്കായി നടത്തിയ ഓറിയന്റേഷൻ പ്രോഗ്രാമിൽ ക്ലാസ്സെടുത്തു. കോട്ടയം-ദേവലോകം കാതോലിക്കേറ്റ് ഓഡിറ്റോറിയത്തിൽ നടത്തിയ മെത്രാന്മാരുടെ എക്യുമെനിക്കൽ സംഗമത്തിൽ സംസാരിച്ചു.

14 പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോന ഇടവകാംഗം കല്ലുപുര ബഹു. സക്കറിയാസ് അച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

18 അതിരൂപതാകേന്ദ്രത്തിൽ യുവദീപ്തി-എസ്.എം.വൈ.എം. ന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ചു നടത്തുന്ന സുവർണ്ണ ജൂബിലി സന്ദേശപേടകപ്രയാണത്തിന് ആശംസകൾ അർപ്പിക്കുകയും തുടർന്ന് സന്ദേശപേടകങ്ങളുടെ വെഞ്ചരിപ്പുകർമ്മത്തിൽ സഹകാർമ്മികത്വം വഹിക്കുകയും ചെയ്തു.

19 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരി ചാപ്പലിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും വൈദികവിദ്യാർത്ഥികളുമായി സംസാരിക്കുകയും ചെയ്തു. ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗം നെടിയകാലാപറമ്പിൽ കുഞ്ഞമ്മ വർഗീസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

22 കുറിച്ചി പുത്തൻപള്ളി സെന്റ് മേരീസ് യാക്കോബായ സുറിയാനി സൂനോറോ ദൈവാലയത്തിൽ മലങ്കര യാക്കോബായ സുറിയാനി സഭ മലബാർ ഭദ്രാസന മുൻ മെത്രാപ്പോലീത്ത സഖറിയാസ് മാർ പോളികാർപ്പോസ് തിരുമേനിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

23 ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ പുഴവാത് സെന്റ് തോമസ് ഇടവകാംഗം അലൻ ആന്റണിയുടെ മൃതസംസ്ക്കാരശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.

24 ഈശോയുടെ തിരുഹൃദയത്തിരുനാളിനോടനുബന്ധിച്ച് ചങ്ങനാശ്ശേരി പാറേൽ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. പുതുക്കരി സെന്റ് സേവ്യേഴ്സ് ഇടവകാംഗം ഒ.എം. ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. സീറോ മലബാർ സഭ ക്ലെർജി കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

25 ഈശോയുടെ തിരുഹൃദയത്തിരുനാളിനോടനുബന്ധിച്ച് വാഴപ്പള്ളി എസ്.എ.ബി.എസ്. തിരുഹൃദയ ആരാധനാമഠത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ആരക്കുഴ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന ദൈവാലയത്തിൽ കോതമംഗലം രൂപതാദിനത്തോടനുബന്ധിച്ച് നടത്തിയ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തുസംസാരിച്ചു.





# ENGAGEMENTS

## 2022 JULY

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

| | | |
|---|---|---|
| 01 | 11:00 am | കരുതൽ Concluding Meeting |
| | 03:00 pm | Blessing @ SH Fathimapuram |
| | 06:30 pm | Home Day Celebration @ STH |
| 02 | 10:00 am | Teachers Guild |
| | 11:30 am | CML Changanacherry Forane Inauguration |
| | 05:30 pm | St Thomas Day Gathering @ TVM Lourdes |
| 03 | | നിരണം തീർത്ഥാടനം |
| | 03:00 pm | Mar Thoma Vidyanikethan |
| 04 | 06:30 am | Holy *Qurbana* @ Minor Seminary, Kurichy |
| 05 | 02:30 pm | Blessing of Mother Teresa Care Home, Vadanam, Alappuzha |
| 07 | 04:30 pm | Holy *Qurbana* @ Mar Thoma Sleeha Church, Kollam |
| | 08:30 pm | Online Meeting on Liturgy of the Hours |
| 09 | 06:30 am | Holy *Qurbana* and Blessing of the Presbytery @ Kumaramkary |
| | 10:00 am | Vestition of ASMI Congregation @ Cheeranchira |
| | 03:00 pm | Teachers Guild |
| | 08:00 pm | Online Dukrana Celebration of Pravasi Apostolate |
| 10 | 10:00 am | ഇടവക ദിനം - Kurichy Parish |
| 11-13 | | Mylapore Pilgrimage |
| 14 | 03:00 pm | Monthly Evaluation Meeting @ STH |
| 15 | 03:00 pm | Online meeting on Liturgy of the Hours |
| 16 | 03:30 pm | ദൈവാലയ പുനർകൂദാശ @ Vazhappaly West |
| 23 | 03:00 pm | Teachers Guild |
| | 05:00 pm | Holy *Qurbana* @ 12 Apostles Church, Mannanam |
| 24 | 10:00 am | Holy *Qurbana* @ St Alphonsa Church, Pongummoodu |
| 25 | | Engaged |
| 26 | 04:00 pm | Alphonsa Abhayabhavan Board Meeting, Kudamaloor |
| 27 | 11:00 am | Holy *Qurbana* Alphonsa Pilgrim centre @ Bharanaganam |
| 28 | | Engaged |
| 29 | 03:00 pm | Online Meeting on Liturgy of the Hours |
| 30 | 09:15 am | Priestly Ordination @ Champakara |
| | 03:00 pm | Teachers Guild |



# ENGAGEMENTS

## 2022 JULY

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

| | | |
|---|---|---|
| 01 | 10:00 am | KCSL – Inauguration @ St. Ann's GHS |
| | 05:00 pm | Holy *Qurbana* @ Pazhayeroor |
| | 09:00 pm | SMCA-Riyadh – Online Talk |
| 02 | 10:30 am | Academic Year Inauguration @ Pangodu |
| | 04:00 pm | Holy *Qurbana* @ Pachakkadu |
| | 07:00 pm | St Thomas Day Celebration @ TVM Lourdes |
| 03 | 07:00 am | Holy *Qurbana* @ Niranam |
| | 10:30 am | Homily & Laying of Foundation Stone @ Eara |
| | 11:30 am | Sunday School Anniversary @ Cathedral |
| | 02:00 pm | St Thomas Day Celebration, Mar Thoma Vidyanikethan |
| 04- 08 | | Retreat @ Thamarasserry |
| 09 | | TVM |
| | 08:30 pm | Pravasi Apostolate Global Online Meet |
| 10 | 06:30 am | Parish Day @ Kurichy |
| 10-14 | | Retreat @ Thamarasserry |
| 15 | 08:30 am | Episcopal Ordination, TVM |
| | 04:30 pm | Holy *Qurbana* @ Pangodu |
| 16 | 12:00 pm | Golden Jubilee @ Thekkekara |
| | 05:00 pm | Baptism @ Cathedral |
| 17 | 04:00 pm | Alumni Meet @ LMCST, TVM Lourdes |
| 19 | 10:30 am | Inauguration @ Mar Gregorios, Punnapra |
| | 03:00 pm | Visitors |
| 21 | 06:15 am | Holy *Qurbana* @ Priest Home |
| 22-23 | | Mylapore Pilgrimage |
| 24 | 06:00 am | Holy *Qurbana* @ Parampuzha |
| | 03:00 pm | Talk @ Podimattam |
| 28 | 09:30 am | Medical Camp Inauguration @ Chethipuzha Hospital |
| 29 | 07:00 am | Holy *Qurbana* @ Cathedral |
| | 03:00 pm | Visitors |
| 30 | 09:00 am | Youth Meet @ TVM Lourdes |
| | 03:00 pm | Marriage @ TVM Lourdes |
| | 05:00 pm | Holy *Qurbana* @ Pongummoodu |
| 31 | 09:00 am | Holy *Qurbana* @ Chathanadu |
| | 03:00 pm | Young Couples' Meet |

# നാമഹേതുകത്തിരുനാൾ
## ആശംസകൾ






ജൂലൈ 3 ന്
നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന
അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിനും
പാടിയത്ത് പെരിയ ബഹു. തോമസച്ചനും
മറ്റെല്ലാ തോമസ് നാമധാരികൾക്കും
അതിരൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ

**VEDAPRACHARA MADHYASTAN VOL.95 No.01 July 2022**
Date of Publication : 30-06-2022
Registered No. RN-3149/1957
Postal Regn No. KL/CHC/74/2021-23
Licence No. KL/CR/CHC/WPP-2/2021-23
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month

# ദുക്റാന തിരുനാൾ
## ആശംസകൾ




"സൂര്യരശ്മിപോലെ വലിയ ഗോളത്തിൽനിന്നു പുറപ്പെടുന്നവനേ,
നീ ഭാഗ്യവാൻ. നിന്റെ അനുഗൃഹീതമാകുന്ന പ്രഭാതം
ഇന്ത്യയുടെ അന്ധകാരം മാറ്റുന്നു.
പന്ത്രണ്ടിലൊരുവനായ വലിയ ദീപമേ, കുരിശിൽനിന്നുള്ള തൈലത്താൽ
നിറഞ്ഞവനായി ഇന്ത്യയുടെ ഇരുട്ടുനിറഞ്ഞ നിശയെ
ദീപംകൊണ്ടു നീ നിറയ്ക്കുന്നു."
(മാർ അപ്രേം)

Estd. 1928

Phone 2410101

Printed & Published by Fr Mathew Padinjarekuttu on behalf of Archbishop's House Changanacherry and Printed at St Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. Kerala - 686 101 from Archbishop's House, P.B. No. 20, Changanacherry, Kottayam Dist. Kerala - 686 101
Editor: Fr Isaac Alencherry, Exe. Editor: Fr Matthew Malyeckal

E-mail: sjopresschry@gmail.com | Website: www.archdiocesechanganacherry.org